

ഡോ. മൈക്കിൾ കാരിമറ്റം



# ഭയപ്പെടേണ്ടാ

# ഭയപ്പെടേണ്ടാ

മനുഷ്യജീവിതത്തിന്റെ സകലമേഖലകളെയും
സ്വാധീനിക്കുകയും ശക്തി
ചോർത്തിക്കളയുകയും ചെയ്യുന്ന
ഒരു അടിസ്ഥാന വികാരമാണ് ഭയം. പാപമാണ്
ഭയത്തിന്റെ ആദികാരണം എന്ന് ബൈബിൾ.
അതേസമയം രക്ഷാകരമായ ഭയവും ഉണ്ട്.
ഹാനികരമായ സാഹചര്യങ്ങളിൽനിന്ന്
അകന്നുനിൽക്കാനും അതീവ ജാഗ്രതയോടെ
ജീവിക്കാനും ഭയം സഹായകമാകുന്നു.
അതിനാൽ പരിശുദ്ധാത്മാവിന്റെ ഒരു ദാനമാണ്
ഭയം എന്നും ബൈബിൾ പഠിപ്പിക്കുന്നു.
ഈ പശ്ചാത്തലത്തിൽ ആരെ അല്ലെങ്കിൽ
എന്തിനെ ഭയപ്പെടണം, ഭയപ്പെടേണ്ടാ
എന്ന് വ്യവച്ഛേദിച്ച് അറിയേണ്ടതുണ്ട്.
ഭയപ്പെടേണ്ടാ എന്ന് ദൈവം ഉറപ്പുനല്കുന്ന
അനേകം വചനങ്ങൾ ബൈബിളിലുണ്ട്.
ആകെ 365 എന്ന് പറയാറുണ്ടെങ്കിലും
അത് അക്ഷരാർത്ഥത്തിൽ എടുക്കേണ്ടതില്ല.
ഓരോ ദിവസത്തിനും ഓരോ വചനം
എന്നു കരുതിയാൽ മതിയാവും.
പഴയ നിയമത്തിലും പുതിയനിയമത്തിലും
അനേകം തവണ പ്രത്യക്ഷപ്പെടുന്ന 'ഭയപ്പെടേണ്ടാ'
എന്ന ആഹ്വാനങ്ങളിൽനിന്ന് 32 സാഹചര്യങ്ങൾ
തിരഞ്ഞെടുത്ത് ഇവിടെ അപഗ്രഥിക്കുന്നു.
ശാസ്ത്രീയ വിശകലനത്തേക്കാൾ
ജീവിതബന്ധിയായ വിചിന്തനങ്ങൾക്കാണ്
പ്രാധാന്യം നല്കുന്നത്.
നിരാശയിൽപ്പെടുന്നവർക്ക് പ്രത്യാശയും
ഭയന്ന് നഷ്ടധൈര്യരാകുന്നവർക്ക്
ആത്മധൈര്യവും പകരാൻ
ഈ വാഗ്ദാനങ്ങളും വിചിന്തനങ്ങളും
അനുഭവവിവരണങ്ങളും സഹായകമാകും.



ഡോ. മൈക്കിൾ കാരിമറ്റം

വചനോത്സവം പബ്ലിക്കേഷൻസ്
പോട്ട - 680 722, ചാലക്കുടി, തൃശൂർ

# ഭയപ്പെടേണ്ടാ

ഡോ. മൈക്കിൾ കാരിമറ്റം

വചനോത്സവം പബ്ലിക്കേഷൻസ്
പോട്ട - 680 722, ചാലക്കുടി, തൃശൂർ

***BHAYAPPEDENDA***

***(Malayalam)***

---

***Dr. Michael Karimattam***


| | | |
|---|---|---|
| *Published by* | : | *Vachanolsavam Publications* |
| | | *Potta - 680722, Chalakudy* |
| © | : | *Author* |
| *Printing* | : | *Divine Press, Muringoor* |
| *Date* | : | *2017 നവംബർ* |
| *DTP & Layout* | : | *Joy Pynadath* |
| *Copies* | : | *2000* |
| *Price* | : | *₹ 120/-* |



***Vachanolsavam Publications***

*Potta 680 722, Chalakudy, Thrissur*

*Ph: 0480 - 2708314, 9447696622*

*e-mail : vachanolsavampublications@gmail.com*

*editorvachanolsavam@gmail.com*

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| | പ്രസാധക കുറിപ്പ് | 4 |
| 1. | ഭയപ്പെടേണ്ടാ | 6 |
| 2. | ഭയപ്പെടുത്തുന്ന നഗ്നത ഉത്പ 3:10 | 12 |
| 3. | സംരക്ഷണമുദ്ര ഉത്പ. 4:15 | 18 |
| 4. | കർത്താവ് -പരിച ഉത്പ. 15:1 | 26 |
| 5. | ദൈവം നിലവിളി കേൾക്കുന്നു ഉത്പ. 21:17 | 31 |
| 6. | കർത്താവ് അഭയം ഉത്പ. 26:24 | 35 |
| 7. | സ്വർഗ്ഗകവാടം: ബെഥേൽ ഉത്പ. 28:17 | 38 |
| 8. | ദൈവത്തിന്റെ മുഖം - പെനുവേൽ ഉത്പ.32:30–31 | 44 |
| 9. | യാത്രയിൽ സംരക്ഷണം ഉത്പ. 46:3 | 51 |
| 10. | ശത്രുസൈന്യത്തിനും കടലിനുമിടയിൽ പുറ. 14:13 | 55 |
| 11. | കോട്ടകൾ തകരും! ജോഷ്വാ 1:9 | 60 |
| 12. | വഴിച്ചോറ് 1 രാജാ 19:7 | 66 |
| 13. | നിർഭയശബ്ദം 1 രാജാ 21:19–23 | 73 |
| 14. | നീ എന്റേതാണ് ഏശ 43:1–5 | 81 |
| 15. | ഞാനുണ്ട് കൂടെ ! ജറെ 1:8 | 87 |
| 16. | ജാഗ്രതാവൃക്ഷം ജറെ 1:11–12 | 94 |
| 17. | കർത്താവ് കാണുന്നുണ്ട് ദാനി 13:42–46 | 99 |
| 18. | മരണത്തിന്റെ താഴ്‌വരയിൽ... സങ്കീ 23:4 | 104 |
| 19. | രാത്രിയിലെ ഭീകരത സങ്കീ 91:5 | 108 |
| 20. | താങ്ങുന്ന കരങ്ങൾ സങ്കീ 91:11–12 | 113 |
| 21. | മുങ്ങുന്ന തോണിയിൽ മത്താ 8:26 | 117 |
| 22. | രക്ഷിക്കുന്ന വിശ്വാസം മത്താ 9:22 | 122 |
| 23. | ഭയമകറ്റുന്ന കൃപ ലൂക്കാ 1:30 | 128 |
| 24. | എമ്മാവൂസ് ലൂക്കാ 24:29–31 | 133 |
| 25. | ഉന്നതത്തിൽനിന്ന് ശക്തി ലൂക്കാ 24:49 | 139 |
| 26. | ഹൃദയം അസ്വസ്ഥമാകേണ്ടാ യോഹ 14:1 | 146 |
| 27. | സഹായകൻ യോഹ 14:16 | 153 |
| 28. | മരണം നേട്ടം അപ്പ.പ്ര. 18:9–10 | 160 |
| 29. | സ്നേഹമാണ് പ്രതിവിധി 1 യോഹ 4:18 | 167 |
| 30. | ആരെ ഭയപ്പെടണം? ലൂക്കാ 12:4–5 | 175 |
| 31. | ടോം-ടോം ഏശ. 30:21 | 182 |
| 32. | പുതിയ ആകാശം പുതിയ ഭൂമി വെളി 21:1–4 | 187 |

## പ്രസാധക കുറിപ്പ്

മനുഷ്യജീവിതത്തിന്റെ സകല മേഖലകളെയും സ്വാധീനിക്കുന്ന വികാരമാണ് ഭയം. ദൈവകല്പന ലംഘിച്ച ആദിമനുഷ്യന്റെ ആദ്യ അനുഭവം ഭയമായിരുന്നു. അതിനാൽത്തന്നെ മാനവരക്ഷകനായി അവതരിച്ച യേശു നമുക്ക് നല്കുന്ന ഏറ്റം ശക്തമായ സന്ദേശം ഭയപ്പെടേണ്ടാ എന്നതത്രേ.

പാപത്തിന്റെ ഉള്ളിൽ ഭയത്തിന്റെ വിത്ത് ഒളിഞ്ഞിരിക്കുന്നുണ്ട്. ഭയമകറ്റി, സമഗ്രമായ ജീവിതനവീകരണത്തിലേക്ക് കടന്നുവരാൻ ഉതകുംവിധം ബൈബിളിലെ പ്രത്യാശയുടെ സന്ദേശത്തെ ഹൃദ്യമാംവിധം ബഹു. മൈക്കിൾ കാരിമറ്റം അച്ചൻ ഈ ഗ്രന്ഥത്തിലൂടെ അവതരിപ്പിക്കുന്നു.

ഈ കാലഘട്ടത്തിന്റെ ഏറ്റം വലിയ ദൈവവചനശുശ്രൂഷകളിൽ ഒന്നായ വചനോത്സവം മാസികയിൽ 'ഭയപ്പെടേണ്ടാ' എന്ന പേരിൽ 30 ലക്കങ്ങളിലായി പ്രസിദ്ധീകരിച്ച ലേഖനങ്ങളുടെ സമാഹാരമാണ് ഈ ഗ്രന്ഥം. വർത്തമാനകാല സംഭവങ്ങളെ തിരുവചനവെളിച്ചത്തിൽ, ജീവിതാനുഭവങ്ങളോട് ചേർത്തുവച്ച് വിശകലനം ചെയ്യുന്ന ആഖ്യാനശൈലി സവിശേഷമാണ്. വിവിധ തുറകളിലുള്ള അനേകം വായനക്കാരുടെ ആസ്വാദനവും അഭ്യർത്ഥനയും ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നതിന് പ്രേരകമായി.

വചനോത്സവം മാസികയിലെ വചനസന്ദേശങ്ങളുടെ സവിശേഷത അവ വായനക്കാരിൽ ആത്മീയ ഫലങ്ങൾ ഉളവാക്കുന്നു എന്നതത്രേ. തിരുവചനസന്ദേശങ്ങൾ വായിച്ച് ധ്യാനിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ അവ ജീവിതത്തിൽ ഫലദായ


കമാകുന്നു. രോഗസൗഖ്യങ്ങളുടെയും പ്രാർത്ഥനയ്ക്കുണ്ടായ ഫലസിദ്ധികളുടെയും അനുഭവ സാക്ഷ്യങ്ങൾ അവയിൽ ചിലത് മാത്രമാണ്. ഭയപ്പെടേണ്ടാ എന്ന ഈ ലേഖന സമാഹാരത്തിലെ തിരുവചനവിചിന്തനങ്ങൾ അനുവാചകർക്ക് ആത്മീയ ഉൽക്കർഷത്തിനുതകുന്ന ശക്തി നല്കും എന്നതിൽ സംശയമില്ല. ജീവിതത്തിൽ പ്രത്യാശയറ്റ് നഷ്ടധൈര്യരായി തീർന്ന സാഹചര്യങ്ങളിൽ ഈ ലേഖനങ്ങൾ വഴി ആത്മധൈര്യവും പ്രത്യാശയും ലഭിച്ചതായി അനേകം ആളുകൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

'വചനോത്സവം പബ്ലിക്കേഷൻസ്' ഒരു പുതിയ സംരംഭമാണ്. അതിന്റെ ആദ്യപുസ്തകങ്ങളിൽ ഒന്നായി ബഹു. മൈക്കിൾ കാരിമറ്റം അച്ചന്റെ '**ഭയപ്പെടേണ്ടാ**' എന്ന ഈ അനുഗൃഹീത ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിൽ ഏറെ സന്തോഷമുണ്ട്. ജീവിതയാത്രയിൽ അനേകർക്ക് പ്രത്യാശയും ധൈര്യവും പകരാൻ സഹായകമാകും എന്ന പ്രതീക്ഷയോടെ ഈ സദ്ഗ്രന്ഥം അനുവാചകസമക്ഷം സ്നേഹപൂർവ്വം സമർപ്പിക്കുന്നു.

**ഫാ. സഖറിയാസ് എടാട്ട് വി.സി.**

**ചീഫ് എഡിറ്റർ, വചനോത്സവം, പോട്ട**





***കർത്താവ് എന്റെമേൽ ചൊരിഞ്ഞ അനുഗ്രഹത്തിന് ഞാൻ എന്ത് പകരം കൊടുക്കും?*** *(സങ്കീ 116:12).*

# 1

# ഭയപ്പെടേണ്ടാ

നാല്പത്തിയെട്ട് വർഷങ്ങൾക്കുമുമ്പായിരുന്നു അത്. കൃത്യമായി പറഞ്ഞാൽ 1969 ജൂലായ് മാസം 16-ാം തിയ്യതി ഉച്ച കഴിഞ്ഞ് ഏകദേശം നാലുമണിക്ക്. അതിനുമുമ്പോ അതിനുശേഷമോ അതുപോലെ ഞാൻ ഭയന്നുവിറച്ച ഒരനുഭവം ഉണ്ടായിട്ടില്ല.

റോമിൽവച്ച് വൈദികപട്ടം സ്വീകരിച്ചതിനുശേഷം ബൈബിൾ പഠിക്കുന്ന കാലം. ജൂലൈ- സെപ്റ്റംബർ മാസങ്ങൾ റോമിൽ അവധിയാണ്. അന്ന് ജർമ്മനിയിലെ ഏതെങ്കിലും ഇടവകകളിൽ, ഒരു മാസത്തെ അവധിക്കുപോകുന്ന വികാരിമാരുടെ പകരക്കാരനായി ജോലി ചെയ്യും. റോമിലെ പഠനത്തിന് ആവശ്യമായ പണം കിട്ടും; ജർമ്മൻ ഭാഷ പരിശീലിക്കാൻ ഒരവസരവുമാകും. ഇങ്ങനെയാണ് അന്ന് റോമിലെ പഠനകാലത്ത് അവധിക്കാലം ചിലവഴിച്ചിരുന്നത്.

തെക്കെ ജർമ്മനിയിലെ ബവേറിയാ എന്ന സംസ്ഥാനത്ത്

ഫ്രാങ്കന്മാരുടെ സ്വിറ്റ്സർലണ്ട് എന്നറിയപ്പെടുന്ന ഒരു പ്രദേശമുണ്ട്. പ്രകൃതിഭംഗിയിൽ സ്വിറ്റ്സർലണ്ടിനോട് സാമ്യമുള്ളതുകൊണ്ടാ യിരിക്കും ഈ പേര് കിട്ടിയത്. ബാംബർഗ് രൂപതയിൽപെട്ടതാണ് ഈ പ്രദേശം. അവിടെ വൈഷൻഫെൽഡ് എന്ന ഒരു ചെറിയ പട്ട ണത്തിലെ ഇടവക വികാരിയായിരുന്ന ഹാൻസ് ഫോൾക്കർ അച്ചനു പകരക്കാരനായി ഞാൻ അവിടെ ആദ്യമായി ചെന്നതാണ്. ജൂലൈ ആരംഭത്തിൽത്തന്നെ വികാരിയച്ചൻ അവധിക്കുപോയിരുന്നു. നല്ല സ്നേഹമുള്ള കുറെ ചെറുപ്പക്കാരെ കൂട്ടിനു കിട്ടി. ചുറ്റുപാടുമുള്ള മനോഹരമായ സ്ഥലങ്ങൾ എനിക്ക് കാണിച്ചു തരാൻ അവർക്ക് പ്രത്യേക താല്പര്യമുണ്ടായിരുന്നു. അവിടെ അടുത്താണ്, പോട്ടൻ സ്റ്റൈൻ എന്ന പട്ടണത്തിന് സമീപത്തുള്ള 'ചെകുത്താന്റെ ഗുഹ" (Teufelshoehle). ഭൂമിക്കടിയിലുള്ള പ്രകൃതി നിർമ്മിതമായ തുരങ്ക ങ്ങളും വിസ്താരമുള്ള വലിയ ഗുഹകളും ഏറെ മനോഹരമാണ്. ഗുഹയുടെ മുകൾത്തട്ടിൽനിന്ന് തുള്ളികളായി വീഴുന്ന വെള്ള ത്തിൽ ഉൾച്ചേർന്നിരിക്കുന്ന രാസപദാർത്ഥങ്ങൾ, പ്രത്യേകിച്ചും ചുണ്ണാമ്പ് (Calcium Carbonite) സാവകാശം മേൽത്തട്ടിൽ ഒരു നൂലുപോലെ തൂങ്ങി നിൽക്കും; താഴെ വീഴുന്നവ ചെറിയ മെഴുകു തിരിപോലെ ഉയർന്നുവരും. ഇങ്ങനെ ഒരു സെന്റിമീറ്റർ വളരാൻ ആയിരം വർഷം എടുക്കുമത്രേ. നാല്പതു ലക്ഷം വർഷത്തിലധികം പഴക്കമുണ്ട് ഈ ഗുഹാ സമുച്ചയത്തിന്. മുകളിൽ നിന്ന് താഴേക്ക് തൂങ്ങി നില്ക്കുന്നവയെ സ്റ്റാലാഗ്ടൈറ്റ് (Stalegtite) എന്നും താഴെനിന്ന് ഉയർന്നു വരുന്നവയെ സ്റ്റാലാഗ് മൈറ്റ് (Stalagmite) എന്നും വിളിക്കുന്നു. കാലപ്പഴക്കത്തിൽ ഇവ വലിയ തൂണുകൾ പോലെ വളരുന്നു. മനോഹരമായി അലങ്കരിച്ച ഒരു കത്തീഡ്രൽ ദേവാലയത്തിന്റെ പ്രതീതിയാണ് ഈ ഗുഹയിൽ കയറുമ്പോൾ ഉണ്ടാവുക. പല നിറങ്ങളിലുള്ള ഇലക്ട്രിക് ബൾബുകൾ ഗുഹയെ കൂടുതൽ മനോഹരമാക്കുന്നു. അനേകം സന്ദർശകർ ഈ മനോ ഹരദൃശ്യം കാണാൻ വരാറുണ്ട്.

ഗുഹ കണ്ടിറങ്ങിയപ്പോൾ കൂട്ടുകാർ പറഞ്ഞു, ഇതിനേക്കാൾ മനോഹരമായ മറ്റൊരു ഗുഹ നമ്മുടെ പള്ളിയുടെ അടുത്തുതന്നെ യുണ്ട്. അധികമാരും അത് കണ്ടിട്ടില്ല. അതിന് കാവല്ക്കാരില്ല; ഉള്ളിൽ ഒരു പണിയും ചെയ്തിട്ടുമില്ല. താൽപര്യമുണ്ടെങ്കിൽ

കാണിക്കാം. സ്ഥലത്തെ കാർ വർക്ക്ഷോപ്പിന്റെ ഉടമ സേഗർഹാൻസാണ് (Seger Hans) ആശയം അവതരിപ്പിച്ചത്. കെനിയായിൽ കുറെക്കാലം സാമൂഹ്യപ്രവർത്തനം നടത്തി തിരിച്ചുവന്ന അലോയ്സ് ബെർണാർഡും (Alois Bernard) കൂടെ പോരാമെന്ന് പറഞ്ഞു. ആറടിയിലേറെ ഉയരവും നൂറു കിലോയിൽ കൂടുതൽ തൂക്കവുമുള്ള രണ്ട് ആജാനുബാഹുക്കൾ സംരക്ഷകരും വഴികാട്ടികളുമായുള്ളപ്പോൾ എന്തിന് ഭയപ്പെടണം! അല്ലെങ്കിൽത്തന്നെ ഭയം എന്തെന്ന് എനിക്കറിയില്ലായിരുന്നു. ആശയം എനിക്ക് വളരെ ഇഷ്ടമായി. കർമ്മല മാതാവിന്റെ തിരുനാൾ ദിവസം, ജൂലൈ 16 ന് ഉച്ചകഴിഞ്ഞ് ഗുഹാസന്ദർശനം നിശ്ചയിച്ചു.

ഗുഹയ്ക്കുള്ളിൽ ഇരുട്ടാണ്. അതിനാൽ കൂട്ടുകാരിൽ ഒരാൾ തലയിൽ കെട്ടിവയ്ക്കുന്ന ഒരു ഹെഡ്‌ലൈറ്റും മറ്റെയാൾ ഒരു ടോർച്ച് ലൈറ്റും കരുതിയിരുന്നു. നടുക്ക് നില്ക്കുന്ന എനിക്ക് അവർ പ്രകാശം തരുന്നതിനാൽ സ്വന്തമായൊന്നും കരുതിയില്ല. കയ്യും തലയും സ്വതന്ത്രമായിരിക്കും എന്ന ഗുണവുമുണ്ട്.

ഗുഹാമുഖത്തു ചെന്നപ്പോൾ എനിക്ക് സംശയം. ഇതിനകത്തേക്ക് കടക്കാൻ കഴിയുമോ? കൂടിയാൽ രണ്ടടിവ്യാസമുള്ള ഒരു പൊത്ത്. അതിനകത്തെന്തെന്നറിയില്ല; ടോർച്ചടിച്ചിട്ട് ഒന്നും കാണാനുമില്ല. ഞാൻ സംശയിച്ചു നിൽക്കുന്നതു കണ്ട ഹാൻസ് ചോദിച്ചു: എന്താ പേടി തോന്നുന്നുണ്ടോ? ഏയ് പേടിയൊന്നുമില്ല. പക്ഷേ ഇതിനകത്തേക്ക് കടക്കാനാകുമോ? അവർ രണ്ടുപേരും ചിരിച്ചു. അവരുടെ ഒരു കാലിന്റെ വലുപ്പമേ ഉള്ളൂ എന്റെ ഉടലിന്. ഹാൻസ് ഹെഡ് ലൈറ്റുമായി പൊത്തിനുള്ളിലേക്ക് ഇഴഞ്ഞു കയറി. പിറകേ ഞാനും, തുടർന്ന് അലോയ്സും. അങ്ങനെ ഇരുട്ടിൽ ഏകദേശം ഇരുപതടി ഇഴഞ്ഞു കഴിഞ്ഞപ്പോൾ കഷ്ടിച്ച് കുനിഞ്ഞു നില്ക്കാമെന്നായി. പിന്നെ ഒരു ഹരമായിരുന്നു. മുമ്പിലും പിമ്പിലും ലൈറ്റും സഹായഹസ്തങ്ങളുമായി നീങ്ങുന്ന കൂട്ടുകാരുടെ നടുവിൽ ഏകദേശം അരമണിക്കൂർ നടന്ന് തുരങ്കവും ഗുഹയിലെ മനോഹര ദൃശ്യങ്ങളും എല്ലാം കണ്ടു. ഇനി മടക്കയാത്രയായി.

മുന്നോട്ടുപോയപ്പോൾ ശ്രദ്ധിക്കാതിരുന്ന ഒരു ഗർത്തം മുന്നിൽ. എന്തുകൊണ്ടെന്നറിയില്ല, മടക്കയാത്രയിൽ വഴികാട്ടികൾ രണ്ടു

പേരും മുമ്പിലും ഞാൻ ഏറ്റംപിന്നിലുമായിരുന്നു. ഇരുവരും ഗർത്തം നിഷ്പ്രയാസം കടന്നു. പിന്നെ എന്റെ ഊഴമായി. മറുകരെനിന്ന് അവർ ലൈറ്റു തെളിച്ചുകാണിച്ചപ്പോഴാണ് മറികടക്കേണ്ട ഗർത്തത്തിന്റെ യഥാർത്ഥരൂപം വ്യക്തമായത്. ഏകദേശം മുപ്പതടി നീളമുള്ള ഒരു വലിയ കിണർപോലെയാണ് ഗർത്തം. അതിന് ആഴം എത്രയുണ്ടെന്നറിയില്ല. ലൈറ്റ് അടിത്തട്ടിൽ എത്തുന്നില്ല. കല്ലിട്ടു നോക്കിയിട്ട് ശബ്ദം തിരിച്ചുവന്നില്ല. തുരങ്കത്തിനു നടുവിലുള്ള ഈ ഗർത്തം കടക്കുന്നവിധവും ശ്രദ്ധേയമായിരുന്നു. ഏകദേശം ഒരടിയിൽ താഴെ വീതിയുള്ള ഒരു വക്കിൽ പാദങ്ങൾ ഒന്നിനു പിറകെ ഒന്നായി നിരക്കണം. ഗർത്തത്തിനു മുകളിൽ ചരിഞ്ഞു നിൽക്കുന്ന ഭിത്തിയിൽ കൈകൾ രണ്ടും ബലമായി ഊന്നിനിൽക്കണം. ഈ നിലയിൽ നേരെ മുമ്പിൽ, കാൽക്കീഴിൽ ആഴമളക്കാനാവാത്ത പാതാളമാണ്. കയ്യോ കാലോ അല്പമൊന്ന് സ്ഥാനം തെറ്റിയാൽ പിന്നെ എന്റെ പൊടിപോലും കാണാനുണ്ടാവില്ല.

ഒന്നും ചിന്തിക്കാതെ, ഒരു ഭയവുംകൂടാതെ കൂട്ടുകാരുടെ നടുവിൽ കടന്ന ഞാൻ ഇപ്പോൾ ഒറ്റയ്ക്കായി. കൂട്ടുകാർ ലൈറ്റുമായി മുപ്പതടി അകലെ നില്ക്കുന്നുണ്ടെങ്കിലും എന്റെ കാൽ വഴുതിയാൽ അവർക്ക് ഒന്നും ചെയ്യാൻ കഴിയില്ല എന്ന അവബോധം എന്റെ ഉള്ളിൽ ഇടിവെട്ടി. ഏകദേശം പത്തുചുവടു മുമ്പോട്ടുവച്ചു കഴിഞ്ഞപ്പോഴാണ് എന്നെ അടിമുടി പിടിച്ചുകുലുക്കിയ ഈ വെള്ളിടി വെട്ടിയത്. കണ്ണിൽ ഇരുട്ടുകയറി. കൂട്ടുകാർ പറയുന്നതൊന്നും കേൾക്കാനാവുന്നില്ല. ശരീരമാകെ കാറ്റിൽ ആലിലയെന്നപോലെ വിറയ്ക്കാൻ തുടങ്ങി. ഏതു നിമിഷവും കാൽ വഴുതാം; അഗാധ ഗർത്തത്തിലേക്ക് വീഴാം. മുന്നോട്ടോ പിന്നോട്ടോ പോകാനാവുന്നില്ല. ശരീരമാകെ മരവിച്ചതുപോലെ.

എന്തിനീ സാഹസത്തിനുമുതിർന്നു? നീ തന്നെ വരുത്തി വച്ചതല്ലേ ഈ ദുരന്തം? മനുഷ്യനായാൽ വിവേകം വേണം. ഈ പാതാളഗർത്തത്തിൽ അടിയാൻവേണ്ടിയാണോ നിന്നെ റോമിനു പഠിക്കാൻ വിട്ടത്? മനസ്സിന്റെ പല കോണുകളിൽനിന്ന് ആരോപണ ശരങ്ങൾ ഉയർന്നു. അത് എന്നെ കൂടുതൽ ബലഹീനനാക്കി. ഇനി എന്തു ചെയ്യും? എങ്ങനെ മാരകമായ ഈ വിപത്തിൽനിന്ന് രക്ഷപ്പെടും? ആർക്കാണ് എന്നെ സഹായിക്കാൻ കഴിയുക? ഇതിനകം

കൂട്ടുകാരും ശരിക്കു ഭയന്നു. എന്റെ കഥ കഴിഞ്ഞു എന്ന് അവരും കരുതി. ശവം എങ്ങനെ അഗാധത്തിൽനിന്ന് പൊക്കിയെടുക്കാം എന്നായിരിക്കും അവരുടെ ചിന്ത. രക്ഷയ്ക്ക് വഴിയൊന്നും അവശേഷിച്ചിട്ടില്ല. ഒരേ ഒരു വഴി തുറന്നിരിക്കുന്നത് താഴേക്കാണ്– നേരെ പാതാളത്തിലേക്ക്!

അനിവാര്യമെന്ന് തോന്നിയ അന്ത്യത്തിന് മനസ്സ് കീഴടങ്ങാൻ തുടങ്ങിയ നിമിഷത്തിൽ, അതുവരെ അജ്ഞാതമായിരുന്ന ഉള്ളിന്റെ ഏതോ ഉള്ളറയിൽനിന്ന്, തീർത്തും അപരിചിതമായ ഒരു സ്വരം മുഴങ്ങുന്നത് ഞാൻ കേട്ടു. "ഭയപ്പെടേണ്ടാ, ഞാൻ നിന്നോട് കൂടെയുണ്ട്!" ശരീരത്തിന്റെ വിറയൽ പിടിച്ചുകെട്ടിയതുപോലെ നിന്നു; കൈകാലുകൾക്ക് ബലമുണ്ടായി. കണ്ണിലെ ഇരുട്ടകന്നു. അപ്പോൾ കേൾക്കാം ഹാൻസിന്റെ ഉച്ചത്തിലുള്ള നിർദ്ദേശം: കൈപ്പത്തി നിവർത്തി ഭിത്തിയിൽ അമർത്തിപ്പിടിക്കുക; കാലുകൾ സാവകാശം നിരക്കി നീക്കുക.


**'ഭയപ്പെടേണ്ട', എന്ന ഉറപ്പു നല്കുന്ന ദൈവത്തിന്റെ വചനം എത്രയോ തവണ ബൈബിളിൽ ആവർത്തിക്കുന്നു! 365 എന്ന് സുവിശേഷ പ്രഘോഷകർ പറയാറുണ്ട്. ആണ്ടുവട്ടത്തിലെ ഓരോ ദിവസത്തിനും ഓരോ വചനം എന്ന കണക്കായി കരുതിയാൽ മതി.**

എത്ര എളുപ്പമാണ് എല്ലാം കഴിഞ്ഞത്! വൈഷൻ ഫെൽഡിന്റെ പ്രാന്ത പ്രദേശത്ത്, അജ്ഞാതമായ ഒരു കിണറ്റിൽ അവസാനിക്കാനുള്ളതായിരുന്നില്ല ഈ ജീവിതം– ദൈവത്തിന് എന്നെ സംബന്ധിച്ച ഒരു പദ്ധതിയുണ്ടായിരുന്നു, അത് നാശത്തിനല്ല, ക്ഷേമത്തിന്, ജീവനുവേണ്ടിയുള്ള പദ്ധതിയായിരുന്നു എന്ന് ഞാൻ തിരിച്ചറിയുന്നു, നന്ദിയോടെ, സന്തോഷത്തോടെ. കർത്താവ് എന്റെമേൽ ചൊരിഞ്ഞ അനുഗ്രഹത്തിന് ഞാൻ എന്ത് പകരം കൊടുക്കും? (സങ്കീ 116:12). ജീവിതം കൈവിട്ടുപോയി, അതും സ്വന്തം അശ്രദ്ധയും നിരുത്തരവാദിത്വപരമായ അതിസാഹസികതയുംമൂലം എന്ന തിരിച്ചറിവ് ഏല്പിച്ച സംഭ്രമവും കുറ്റബോധവും താങ്ങാവുന്നതിനപ്പുറമായിരുന്നു. എന്നാൽ ദൈവം തന്റെ കരുത്തുറ്റ കരം നീട്ടി, അഗാധഗർത്തത്തിൽനിന്ന് പൊക്കി

യെടുത്തു; ശാസനയില്ല; കുറ്റപ്പെടുത്തലില്ല; ഒരു പരിഭവംപോലുമില്ല. “ഭയപ്പെടേണ്ടാ, ഞാൻ നിന്നോടുകൂടെയുണ്ട്”. അന്തരാത്മാവിൽ നിമന്ത്രിച്ച ഈ സ്വരം എന്നെ സ്നേഹിച്ചു കൈപിടിച്ചുനടത്തുന്ന എന്റെ അപ്പനും അമ്മയും സഹോദരനും സ്നേഹിതനുമായ ദൈവത്തിന്റേതാണെന്ന് ഞാൻ തിരിച്ചറിയുന്നു.

ഇപ്രകാരം ഒരു തിരിച്ചറിവിലേക്ക് വായനക്കാരെ ക്ഷണിക്കുകയാണ് ഈ പുസ്തകത്തിന്റെ ലക്ഷ്യം. ‘ഭയപ്പെടേണ്ട’, എന്ന ഉറപ്പു നല്കുന്ന ദൈവത്തിന്റെ വചനം എത്രയോ തവണ ബൈബിളിൽ ആവർത്തിക്കുന്നു! 365 എന്ന് സുവിശേഷപ്രഘോഷകർ പറയാറുണ്ട്. അത് കണിശമായ ഒരു കണക്കായി കരുതേണ്ടതില്ല. ആണ്ടുവട്ടത്തിലെ ഓരോ ദിവസത്തിനും ഓരോ വചനം എന്ന കണക്കായി കരുതിയാൽ മതി. പഴയനിയമത്തിലും പുതിയ നിയമത്തിലും അനേകം തവണ ആവർത്തിക്കുന്ന ഈ വചനം പ്രത്യക്ഷപ്പെടുന്ന വ്യത്യസ്ത സാഹചര്യങ്ങൾ അപഗ്രഥിച്ച് അതിലൂടെ ദൈവം നല്കിയതും ഇന്നും നല്കിക്കൊണ്ടിരിക്കുന്നതുമായ ആശ്വാസപ്രദവും സന്തോഷകരവുമായ രക്ഷാസന്ദേശം വ്യക്തമാക്കാനുള്ള ശ്രമമാണ് ഈ പുസ്തകത്തിൽ നടത്തുന്നത്.





***തോട്ടത്തിൽ അവിടുത്തെ ശബ്ദം ഞാൻ കേട്ടു. ഞാൻ നഗ്നനായതുകൊണ്ട് ഭയന്ന് ഒളിച്ചതാണ്*** *(ഉത്പ. 3:10).*

# 2

# ഭയപ്പെടുത്തുന്ന നഗ്നത

ഭയത്തെക്കുറിച്ചുള്ള ബൈബിളിലെ ആദ്യത്തെ പരാമർശം പറുദീസായിലാണെന്നത് കൗതുകമുണർത്തുന്നു. മനുഷ്യൻ എല്ലാ സുഖസൗകര്യങ്ങളും സന്തോഷവും ആസ്വദിച്ചിരുന്ന കാലം. സകല ജീവജാലങ്ങളുമായി സൗഹൃദം; ഇണയും തുണയുമായി, സ്വന്തം അസ്ഥിയുടെയും മാംസത്തിന്റെയും ഭാഗമായ സ്ത്രീ. ഇരുവരും ദൈവികസാന്നിധ്യത്തിൽ സന്തോഷവും സംതൃപ്തിയും നുകർന്നു കഴിയുന്ന അവസ്ഥ. ദൈവത്തിന്റെ തോട്ടത്തിൽ കൃഷിക്കാരും കാവൽക്കാരുമായി കഴിയുന്ന മനുഷ്യർ ദൈവത്തോടൊന്നിച്ച് ഉലാത്തുമായിരുന്നു. അത്ര ഗാഢമായ, ആഴമേറിയ ബന്ധമായിരുന്നു മനുഷ്യർക്ക് ദൈവത്തോടുണ്ടായിരുന്നത്. എന്നിട്ടിപ്പോൾ എന്തേ ദൈവത്തിന്റെ കാലൊച്ച കേൾക്കുമ്പോൾ ഭയക്കുന്നു?

**പുരുഷനും അവന്റെ ഭാര്യയും നഗ്നരായിരുന്നു, എങ്കിലും അവർക്കു ലജ്ജ തോന്നിയിരുന്നില്ല** (ഉത്പ. 2:25) എന്ന വി. ഗ്രന്ഥ

കാരന്റെ നിരീക്ഷണത്തിന്റെ വെളിച്ചത്തിൽ വേണം ഇവിടെ പരാമർശവിഷയമാകുന്ന ഭയത്തെ അപഗ്രഥിക്കാൻ. ഇതുവരെ ഇല്ലാതിരുന്ന ഒരവബോധം, ഇതുവരെ ഇല്ലാതിരുന്നൊരറിവ് അവർക്ക് ലഭിച്ചു, ഞങ്ങൾ നഗ്നരാണെന്ന അറിവ്. നഗ്നരായിരിക്കുന്നതും തങ്ങൾ നഗ്നരാണെന്ന് അറിയുന്നതും തമ്മിൽ വി. ഗ്രന്ഥകാരൻ വ്യത്യാസം കല്പിക്കുന്നുണ്ട്. നഗ്നരായിരിക്കുക എന്ന അവസ്ഥ അതിൽത്തന്നെ ലജ്ജാകരമാകുന്നില്ല. എല്ലാം നന്മയായി സൃഷ്ടിച്ച ദൈവമാണല്ലോ പുരുഷന്റെയും സ്ത്രീയുടെയും ശരീരങ്ങൾക്ക് രൂപം കൊടുത്തതും, ശരീരത്തിന് പൊതുവായും ഓരോ അവയവത്തിനും പ്രത്യേകമായും ആകൃതിയും ദൗത്യവും ഉപയോഗവും നിശ്ചയിച്ചതും. അതിനാൽ ത്തന്നെ ശരീരത്തിൽ ലജ്ജാകരമായി ഒന്നും ഉണ്ടാകേണ്ടതല്ല. പിന്നെ എന്തേ ഈ ലജ്ജയും ഭയവും, നഗ്നത മറയ്ക്കാൻ ശ്രമവും?

അവസ്ഥയിൽനിന്ന് അവബോധത്തിലേക്ക് മാറുന്നിടത്താണ് ലജ്ജ പ്രത്യക്ഷപ്പെടുന്നത്. അവബോധമാകട്ടെ പുതിയ ഒരറിവിൽ നിന്നുണ്ടാകുന്നു. ആ അറിവിന്റെ ഉറവിടമോ ദൈവകല്പനയുടെ ലംഘനവും. ഇവിടെയാണ് നഗ്നതയും ലജ്ജയും ഭയവും തമ്മിൽ ബന്ധപ്പെടുന്നത്. ഭയന്ന് ഒളിച്ചിരിക്കുന്ന മനുഷ്യനോട് ദൈവം ചോദിക്കുന്ന രണ്ടാമത്തെ ചോദ്യം ഇതിലേക്ക് വെളിച്ചം വീശുന്നുണ്ട്; **നീ നഗ്നനാണെന്നു നിന്നോടാരു പറഞ്ഞു? തിന്നരുതെന്ന് ഞാൻ കൽപിച്ച വൃക്ഷത്തിൻെറ പഴം നീ തിന്നോ?** (ഉത്പ. 3:11). ഇവിടെ ശാരീരികമായ നഗ്നതയല്ല പ്രശ്നം. മറിച്ച് ദൈവവുമായുള്ള ബന്ധത്തിൽ ഏറ്റ മുറിവാണ്. അതിനാൽ കല്പനയെയും കല്പന ലംഘിച്ച സാഹചര്യത്തെയുംകുറിച്ച് വി. ഗ്രന്ഥകാരൻ പറയുന്ന കാര്യങ്ങൾ കണിശമായി അപഗ്രഥിച്ചുമനസ്സിലാക്കണം.

നന്മതിന്മയുടെ അറിവിന്റെ വൃക്ഷവുമായി ബന്ധപ്പെട്ടതാണ് പ്രശ്നം. **നന്മതിന്മകളെക്കുറിച്ചുള്ള അറിവിൻെറ വൃക്ഷത്തിലെ ഫലം നീ തിന്നരുത്; തിന്നുന്ന ദിവസം നീ മരിക്കും** (ഉത്പ 2:17). ഇതായിരുന്നു കല്പന. തോട്ടം, വൃക്ഷം, ഫലം, ഭക്ഷിക്കൽ, സർപ്പം, സ്ത്രീ എന്നിവയെല്ലാം ആഴമേറിയ ചില സത്യങ്ങൾ വെളിപ്പെടുത്താൻവേണ്ടി ഉപയോഗിക്കുന്ന പ്രതീകങ്ങളായി പരിഗണിച്ചാലേ അർത്ഥം ഗ്രഹിക്കാൻ കഴിയൂ. ദൈവിക സത്യങ്ങൾ കഥാരൂപത്തിൽ

അവതരിപ്പിക്കുന്ന ഒരു സാഹിത്യശൈലിയാണ് 'യാഹ്‌വിസ്റ്റ്' എന്ന പേരിൽ അറിയപ്പെടുന്ന വി. ഗ്രന്ഥകാരൻ ഉപയോഗിച്ചിരിക്കുന്നത്. ഉത്പത്തി 2-4 അദ്ധ്യായങ്ങളിൽ മുഴുവൻ ഈ ശൈലി കാണാം. വി. ഗ്രന്ഥം വ്യാഖ്യാനിക്കുന്നവർ സാഹിത്യ രൂപങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം എന്ന് രണ്ടാം വത്തിക്കാൻ സൂനഹദോസ് പുറപ്പെടുവിച്ച 'ദൈവവചനം' (Dei Verbum No. 12) എന്ന ഔദ്യോഗികരേഖ ഉദ്ബോധിപ്പിക്കുന്നുണ്ട്. ഏതെങ്കിലും ഒരു പ്രത്യേക മരമോ പഴമോ അല്ല ഇവിടെ ശ്രദ്ധാകേന്ദ്രം. മറിച്ച് മനുഷ്യൻ ദൈവകല്പനയെ തന്റെ ജീവിതത്തിന് മാനദണ്ഡമായി സ്വീകരിച്ച് അനുസരിക്കുമോ അതോ തന്നിഷ്ടം പ്രവർത്തിക്കുമോ എന്നതാണ്. നന്മതിന്മയുടെ അറിവിന്റെ വൃക്ഷത്തിൽനിന്ന് ഭക്ഷിക്കുകയെന്നാൽ നന്മയുടെയും തിന്മയുടെയും മാനദണ്ഡമായി സ്വന്തം ഇഷ്ടത്തെ പ്രതിഷ്ഠിക്കുക എന്നാണർത്ഥം. എനിക്ക് ഇഷ്ടമുള്ളത് നന്മ; എനിക്ക് ഇഷ്ടമില്ലാത്തത് തിന്മ. ചുരുക്കത്തിൽ, നന്മതിന്മയുടെ മാനദണ്ഡം എന്റെ ഇഷ്ടം. അപ്പോൾ ധാർമ്മികതയുടെ അടിസ്ഥാനം ദൈവവും അവിടുത്തെ തിരുഹിതം വെളിപ്പെടുത്തുന്ന പ്രമാണങ്ങളുമല്ല, മറിച്ച് മനുഷ്യന്റെ ഇഷ്ടാനിഷ്ടങ്ങളാണെന്ന് വരുന്നു. ഇവിടെയാണ് പാപത്തിന്റെ തായ്‌വേര് പ്രത്യക്ഷമാകുന്നത്.

ദൈവഹിതത്തിന് പൂർണ്ണമായി കീഴ്‌വഴങ്ങി ജീവിച്ചപ്പോൾ എല്ലാം ശുഭമായിരുന്നു; പരിപൂർണ്ണമായ ഐക്യമുണ്ടായിരുന്നു. ദൈവവും മനുഷ്യനും തമ്മിലും, മനുഷ്യർ തമ്മിൽത്തമ്മിലും, മനുഷ്യനും ഇതര സൃഷ്ടവസ്തുക്കളും തമ്മിലും, മനുഷ്യന് തന്നോടു തന്നെയും ഉണ്ടായിരുന്ന ഈ ഐക്യമാണ് പറുദീസായുടെ കാതൽ. അവിടെ സ്വാതന്ത്ര്യമുണ്ട്; സന്തോഷമുണ്ട്. ഭയത്തിന് സ്ഥാനമില്ല. എന്നാൽ ദൈവഹിതമനുസരിച്ച് ജീവിക്കുന്നത് മനുഷ്യന്റെ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന അടിമത്തമാണെന്ന ചിന്ത മനുഷ്യമനസ്സിലേക്ക് കുത്തിവച്ച തിന്മയുടെ ശക്തിയാണ് പ്രലോഭകനായ സർപ്പം. വിലക്കപ്പെട്ട കനിയുടെ മാഹാത്മ്യത്തെക്കുറിച്ച് നുണപറഞ്ഞും ദൈവത്തെ സ്വാർത്ഥമതിയും നുണയനുമായ സ്വേച്ഛാധിപതിയായി ചിത്രീകരിച്ചും മനുഷ്യമനസ്സിൽ സംശയവും സംഘർഷവും സൃഷ്ടിക്കുന്നതിൽ തിന്മയുടെ ശക്തി വിജയിച്ചു.

ആ പഴം തിന്നാൽ മരിക്കുമെന്ന് ദൈവം പറഞ്ഞത് നുണ

യാണ്; മരിക്കുകയില്ല എന്നുമാത്രമല്ല, നന്മയും തിന്മയും അറിയാൻ തക്കവിധം നിങ്ങളുടെ കണ്ണുകൾ തുറക്കും എന്ന സർപ്പത്തിന്റെ വെളിപ്പെടുത്തൽ ദൈവവചനത്തേക്കാൾ കൂടുതൽ സ്വീകാര്യമായി കണ്ട മനുഷ്യൻ ഒരു പരീക്ഷണം നടത്തി. പഴം പറിച്ചുതിന്നു. സ്ത്രീ ആദ്യം ഭക്ഷിച്ചു; പുരുഷനും കൊടുത്തു എന്നത് സന്ദേശത്തിന്റെ കാതലിനെ സ്പർശിക്കുന്നില്ല. മതകാര്യങ്ങളിൽ പൊതുവേ താൽപര്യം കൂടുതലുള്ളത് സ്ത്രീകൾക്കാണ് എന്ന യാഥാർത്ഥ്യവും കാനാൻകാരുടെ ഇടയിൽ നിലവിലിരുന്ന സർപ്പാരാധനയും ബാൽ ആരാധനയും അതുമായി ബന്ധപ്പെട്ട വേശ്യാവൃത്തിയും അതിനായി നിയുക്തരായിരുന്ന പുരോഹിതമാരും എല്ലാം ഈ വിവരണത്തിന്റെ പശ്ചാത്തലത്തിലുണ്ട്.

സർപ്പം പറഞ്ഞത് സത്യമായിരുന്നു എന്ന് അവർ ഉടനെ തിരിച്ചറിഞ്ഞു. പഴം തിന്നപ്പോൾ അവരുടെ കണ്ണു തുറന്നു. എന്നാൽ അടുത്ത നിമിഷം അവർ മനസ്സിലാക്കി, അത് പകുതി സത്യം മാത്രമായിരുന്നുവെന്ന്. അർദ്ധസത്യം നുണയേക്കാൾ അപകടകാരിയാകാം. അവരുടെ കണ്ണ് തുറന്നു, അഥവാ അവർക്ക് പുതിയൊരറിവും അതിലൂടെ പുതിയൊരവബോധവും ലഭിച്ചു. തങ്ങൾ നഗ്നരാണെന്നതാണ് ലഭിച്ച പുതിയ അറിവ്. നഗ്നരായിരിക്കുക എന്ന അവസ്ഥയിൽനിന്ന് തങ്ങൾ നഗ്നരാണെന്ന അറിവിലേക്ക് അവരുടെ കണ്ണ് തുറന്നപ്പോൾ അവർക്കുണ്ടായത് സന്തോഷമല്ല, ലജ്ജയാണ്. ഇതുവരെ യാതൊരു ബുദ്ധിമുട്ടുമില്ലാതെ സ്വതന്ത്രരായി ഇടപെട്ടിരുന്നവർക്ക് ഇപ്പോൾ പരസ്പരം നോക്കാൻ മടി; കാണാൻ പേടി. അത്തിയിലകൾ കൂട്ടിത്തുന്നി അരക്കച്ചയുണ്ടാക്കി നാണം മറയ്ക്കാൻ നടത്തുന്ന വൃഥാശ്രമം ഭയത്തിന്റെ ഉറവിടത്തിലേക്ക് ശ്രദ്ധക്ഷണിക്കുന്നു.

മനുഷ്യന്റെ ശാരീരികാവസ്ഥയല്ല ലജ്ജയുടെയും ഭയത്തിന്റെയും കാരണം; മറിച്ച് മാനസികാവസ്ഥയാണ്. പറുദീസാ എന്ന ഐക്യം നഷ്ടപ്പെട്ടു; സന്തുലിതാവസ്ഥയ്ക്ക് കോട്ടം സംഭവിച്ചു. ദൈവം പുറത്താക്കുന്നതിനുമുമ്പുതന്നെ അവർ പറുദീസായ്ക്കു പുറത്തായി. ദൈവം നടത്തുന്ന വിചാരണയും വിധിയുമെല്ലാം ഈ അവസ്ഥയുടെ വിശദീകരണമാണ്. ദൈവം പുറത്തിറക്കിയതുകൊണ്ടല്ല അവർക്ക് പറുദീസാ നഷ്ടപ്പെട്ടത്. തങ്ങളെ സംബന്ധിച്ച്

വ്യക്തമായി നല്കപ്പെട്ടിരുന്ന ദൈവകല്പന ലംഘിച്ച നിമിഷം അവർ പറുദീസായ്ക്ക് പുറത്തായി.

സ്വാതന്ത്ര്യവും സന്തോഷവും നിറഞ്ഞുനിന്ന ഹൃദയങ്ങളിൽ ഭയം ചേക്കേറി. 'നമ്മൾ ഒന്ന്' എന്ന മനോഭാവത്തിന്റെ സ്ഥാനത്ത് സംശയവും വിദ്വേഷവും പരസ്പരം കുറ്റാരോപണവും കടന്നു കൂടി. പിടിച്ചുനിർത്തി ചോദ്യം ചെയ്യുന്ന ദൈവത്തിന് ആദം കൊടുക്കുന്ന മറുപടിയിൽ ഇത് വ്യക്തമാക്കുന്നു: **അവൻ പറഞ്ഞു: അങ്ങ് എനിക്കു കൂട്ടിനുതന്ന സ്ത്രീ ആ മരത്തിൻെറ പഴം എനിക്കു തന്നു; ഞാൻ അതു തിന്നു** (ഉത്പ.3:12). ചെയ്ത തെറ്റിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നില്ല എന്നുമാത്രമല്ല, അത് തന്റെ സഖിയുടെയും ആത്യന്തികമായി ദൈവത്തിന്റെയും മേൽ ചുമത്താനാണ് മനുഷ്യൻ ശ്രമിക്കുന്നത്. സ്വന്തം നഗ്നത മറയ്ക്കാൻ ശ്രമിച്ച് പരാജയപ്പെട്ട്, അത്തിയില കൊണ്ടുമറച്ച്, ലജ്ജിച്ച് ഭയന്ന്, ഒളിച്ചിരിക്കുന്ന മനുഷ്യന്റെ ചിത്രം വരച്ചുകാട്ടുമ്പോൾ വി. ഗ്രന്ഥകാരൻ ഭയത്തിന്റെ മൂലകാരണം അനാവരണം ചെയ്യുന്നു. ദൈവകല്പന ലംഘിച്ചതാണ് ഭയത്തിന്റെ കാരണം. നഗ്നത ലജ്ജാകരമാകുന്നതും പാപത്തിന്റെ ഫലം തന്നെ. ഇനി അങ്ങോട്ടുള്ള മനുഷ്യജീവിതത്തിൽ ഈ രണ്ട് ഘടകങ്ങളുമുണ്ടാകും, ലജ്ജയും ഭയവും. എന്നാൽ രണ്ടിനും ദൈവം തന്നെ പരിഹാരവും നിർദ്ദേശിക്കുന്നുണ്ട്. നഗ്നത മറയ്ക്കാൻ അപര്യാപ്തമായ അത്തിയിലകളുടെ സ്ഥാനത്ത് ദൈവംതന്നെ അവർക്ക് തോലുകൊണ്ട് ഉടയാട ഉണ്ടാക്കിക്കൊടുക്കുന്നു. അതും ഒരു പ്രതീകമാണ്. ദൈവം അവരുടെ പാപാവസ്ഥയെ അംഗീകരിക്കുന്നു; പാപിയായതിനാൽ അവരെ തള്ളിക്കളയുന്നില്ല. അവർക്ക് നഷ്ടപ്പെട്ട കൃപയുടെയും ആത്മാഭിമാനത്തിന്റെയും അഭാവം ദൈവം തന്നെ പരിഹരിക്കും എന്നതിന്റെ ഒരു സൂചനയും ഈ തോലുകൊണ്ടുള്ള ഉടയാടയിൽ കാണാം.

ഭയന്നൊളിക്കുന്ന പാപിയെ അവന്റെ ലജ്ജയിലും ഭയത്തിലും ദൈവം കൈവെടിയുന്നില്ല. പിന്നാലെ വന്ന്, വീണ്ടും കൈപിടിച്ച് നടത്തും. നഷ്ടപ്പെട്ട പറുദീസായിലേക്ക് വീണ്ടും നയിക്കും. 'ഭയപ്പെടേണ്ടാ' എന്ന് അനേകം തവണ ആവർത്തിക്കുന്ന ആശ്വാസവചനത്തിലൂടെ ദൈവം ഉറപ്പുതരുന്നതാണ് ഈ സത്യം. **നീ ഇന്ന് എന്നോടുകൂടെ പറുദീസായിൽ ആയിരിക്കും** (ലൂക്കാ 23:43) എന്ന

ഗുരു വാഗ്ദാനത്തിൽ ഭയമകറ്റുന്ന ദൈവവചനം കേൾക്കാം.

പാപിയായ മനുഷ്യൻ വിശുദ്ധിതന്നെ ആയ ദൈവത്തിന്റെ മുമ്പിൽ നില്ക്കുമ്പോൾ ഉണ്ടാകുന്ന ആന്തരികാനുഭവമാണ് ഭയം എന്ന് ബൈബിൾ അനേകം തവണ വ്യക്തമാക്കുന്നുണ്ട്. ദൈവ കല്പന ലംഘിക്കുന്നതിലൂടെ മനുഷ്യന് ദൈവകൃപ നഷ്ടപ്പെടുന്നു. അതോടെ ദൈവത്തോടുള്ള ബന്ധത്തിൽ ഉലച്ചിൽ സംഭവിക്കുന്നു. തന്നെ പൊതിഞ്ഞുസംരക്ഷിച്ചിരുന്ന കൃപയുടെ കവചം നഷ്ടപ്പെ ടുമ്പോൾ അവശേഷിക്കുന്നത് നഗ്നതാബോധവും ലജ്ജയും അതിൽനിന്നുണ്ടാകുന്ന ഭയവുമാണ്. ഇപ്രകാരം ഭയപ്പെടുത്തുന്ന നഗ്നത മറയ്ക്കാൻ ദൈവം നല്കുന്ന കൃപയുടെ തുടക്കമാണ് പറു ദീസായിൽവച്ച് ഉടുപ്പിച്ച തോലുകൊണ്ടുള്ള ഉടയാട.

അത്യന്തികമായി യേശുക്രിസ്തുവിലൂടെയാണ് ഭയമകറ്റുന്ന കൃപ മനുഷ്യന് ലഭിക്കുന്നത്. അതിനെ വെള്ളയങ്കി എന്നും ശുഭ്ര വസ്ത്രം എന്നുമൊക്കെ ബൈബിൾ വിശേഷിപ്പിക്കും. **കുഞ്ഞാ ടിൻെറ രക്തത്തിൽ തങ്ങളുടെ വസ്ത്രങ്ങൾ കഴുകി വെളുപ്പിച്ചവർ** (വെളി 7:14) ഇപ്രകാരം കൃപ ലഭിച്ചവരാണ്, പാപത്തിൽനിന്നും തജ്ജ ന്യമായ ലജ്ജയിലും ഭയത്തിലും നിന്നും മോചനം ലഭിച്ചവരാണ്. നഗ്നതാബോധത്തിൽനിന്ന് ഉളവാകുന്ന ഭയം അകറ്റാൻ ഒന്നേ ചെയ്യേണ്ടതുള്ളൂ. ലാവോദിക്യായിലെ സഭയ്ക്ക് അയയ്ക്കുന്ന ലേഖനത്തിൽ അത് വ്യക്തമാക്കുന്നുണ്ട്: **നിൻെറ നഗ്നത മറ്റുള്ള വർ കണ്ട് നീ ലജ്ജിക്കാതിരിക്കുവാൻ ശുഭ്രവസ്ത്രങ്ങൾ എന്നോട് വാങ്ങുക. കാഴ്ച ലഭിക്കുന്നതിനു കണ്ണിലെഴുതാനുള്ള അഞ്ജന വും എന്നോടു വാങ്ങുക** (വെളി. 3:18). വിശ്വാസവും മാമ്മോ ദീസായും വഴി ലഭിക്കുന്ന ദൈവകൃപയാണ് ശുഭ്രവസ്ത്രം. യേശു വിന്റെ മരണവും ഉത്ഥാനവും വഴിയാണ് അത് നമുക്ക് ലഭ്യമായത്. മാമ്മോദീസായുടെ അവസരത്തിൽ നല്കുന്ന വെള്ളവസ്ത്രം ഈ കൃപയെ സൂചിപ്പിക്കുന്നു. അത് ധരിക്കുന്നിടത്തോളം കാലം നമുക്ക് ലജ്ജിക്കേണ്ടതില്ല; ഭയപ്പെടുകയുംവേണ്ടാ. എന്നാൽ ഏതെങ്കിലും സാഹചര്യത്തിൽ ദൈവകല്പന ലംഘിച്ച് വിശുദ്ധിയുടെ വെള്ള വസ്ത്രം നഷ്ടപ്പെടാൻ ഇടയായാൽ പൂർവാധികം ഭയത്തോടും വിറയലോടുംകൂടെ സ്വന്തം നിത്യരക്ഷയ്ക്കുവേണ്ടി അധ്വാനി ക്കണം (**ഫിലി.2:12**).



***ആരും കായേനെ കൊല്ലാതിരിക്കാൻ കർത്താവ് അവന്റെമേൽ ഒരടയാളം പതിച്ചു*** *(ഉത്പ. 4:15).*

# 3

# സംരക്ഷണമുദ്ര

കാണുന്നവരെല്ലാം എന്നെ കൊല്ലാൻ നോക്കും എന്ന് ഭയന്നു നിലവിളിക്കുന്ന കായേന്റെമേലാണ് ദൈവം സംരക്ഷണമുദ്ര പതിച്ചത്. കായേന്റെ ഭയം അകാരണമായിരുന്നില്ല. ദൈവകല്പന ലംഘിച്ച് ദൈവതുല്യനാകാൻ ശ്രമിച്ചതാണ്, ആദിപിതാവായ ആദാമിന്റെ ഭയകാരണമായ നഗ്നതാബോധത്തിനും ലജ്ജയ്ക്കും അടിസ്ഥാനമെങ്കിൽ, ആദാമിന്റെ ആദ്യജാതനായ കായേന്റെ ഭയത്തിനു കാരണം സ്വന്തം കയ്യിൽ പുരണ്ടിരിക്കുന്ന സഹോദരന്റെ രക്തക്കറയാണ്. കായേൻ ആബേലിനെ വധിക്കാൻ കാരണം എന്തെന്ന് ബൈബിൾ വ്യക്തമാക്കുന്നില്ല. എന്നാൽ പാപത്തിന്റെ ഇരുവശങ്ങളാണ് ആദാമിന്റെയും കായേന്റെയും പ്രവൃത്തികളിലൂടെ വെളിവാകുന്നത് എന്നതിൽ സംശയമില്ല. ദൈവനിഷേധമായിരുന്നു ആദാമിന്റെ പാപം. അത് അവനെ നഗ്നതാബോധത്തിലേക്കും ഭയത്തിലേക്കും

ഒളിച്ചോട്ടത്തിലേക്കും നയിച്ചു. കായേന്റെ പാപമാകട്ടെ സഹോദര നിഷേധമാണ്. രണ്ടു പാപങ്ങളുടെയും ഫലവും ദൈവത്തിന്റെ പ്രതികരണവും വിവരിക്കുന്നതിൽ വി. ഗ്രന്ഥകാരൻ കാതലായ ഒരു വ്യത്യാസം എടുത്തുകാട്ടുന്നുണ്ട്.

വിലക്കപ്പെട്ട കനി ഭക്ഷിച്ച ഉടനെ ആദിമാതാപിതാക്കൾക്ക് പാപബോധമുണ്ടായി. തങ്ങളുടെ തെറ്റ് അവർ തിരിച്ചറിഞ്ഞു. അരമറയ്ക്കാനുള്ള വൃഥാശ്രമവും ഒളിച്ചിരിക്കലും എല്ലാം അതാണ് വ്യക്തമാക്കുന്നത്. എന്നാൽ കായേന്റെ പ്രവൃത്തി അതിൽത്തന്നെ എന്തെങ്കിലും പ്രത്യാഘാതമുണ്ടാക്കിയതായി വി. ഗ്രന്ഥകാരൻ പറയുന്നില്ല. സഹോദരനെ വധിച്ചവൻ ഒന്നും സംഭവിക്കാത്തതു പോലെയാണ് പ്രതികരിക്കുക. ദൈവം പിടിച്ചു നിർത്തി ചോദ്യം ചെയ്യുമ്പോഴും കുറ്റബോധമോ ഭയമോ അല്പം പോലുമില്ല. മറിച്ച് ഒരു തർക്കുത്തരത്തിലൂടെയാണ് അയാൾ പ്രതികരിക്കുന്നത്. 'നിന്റെ സഹോദരൻ ആബേൽ എവിടെ?' എന്ന ചോദ്യത്തിന് നല്കുന്ന 'എനിക്കറിയില്ല, എന്റെ സഹോദരന്റെ കാവല്ക്കാരനാണോ ഞാൻ?' എന്ന മറുചോദ്യത്തിൽ നുണ മാത്രമല്ല, ഔദ്ധത്യവും ധിക്കാരവും പ്രതിധ്വനിക്കുന്നുണ്ട്. ശിക്ഷാവിധി കേട്ടു നടുങ്ങുമ്പോൾ മാത്രമാണ് തന്റെ കുറ്റത്തിന്റെ കാഠിന്യം അയാൾ തിരിച്ചറിയുന്നത്. ഈ തിരിച്ചറിവ് മോചനമില്ലാത്ത ഒരു ഭീകരാവസ്ഥയിലേക്ക് അയാളെ കൊണ്ടെത്തിക്കുന്നു.

**നിന്റെ സഹോദരന്റെ രക്തം മണ്ണിൽനിന്ന് എന്നെ വിളിച്ചു കരയുന്നു. നിന്റെ കയ്യിൽനിന്ന് നിന്റെ സഹോദരന്റെ രക്തം കുടിക്കാൻ വായ് പിളർന്ന ഭൂമിയിൽ നീ ശപിക്കപ്പെട്ടവനായിരിക്കും... നീ ഭൂമിയിൽ അലഞ്ഞു നടക്കുന്നവനാകും** (ഉത്പ.4:10-12). ദൈവത്തിന്റെ ഈ ശിക്ഷാവിധിയാണ് കായേനെ തന്റെ പാപത്തിന്റെ കാഠിന്യത്തെക്കുറിച്ച് ബോധവാനാക്കിയത്. അവനിൽ നിറഞ്ഞ കുറ്റബോധം അവനെ ഭയത്തിന്റെ ആഴക്കയത്തിലാഴ്ത്തി. അവിടെ നിന്നാണ് "കാണുന്നവരെല്ലാം എന്നെ കൊല്ലാൻ നോക്കും" എന്ന നിലവിളി ഉയരുന്നത്. എന്നാൽ ആദാമിനെയെന്നതുപോലെ കായേനെയും ദൈവം കൈവിടുന്നില്ല. നഗ്നതമൂലം ഭയന്ന് ഒളിച്ചവന് തോൽക്കുപ്പായം തുന്നിക്കൊടുത്ത ദൈവം ഇവിടെ **കായേന്റെമേൽ**

**ഒരടയാളം പതിച്ചു** (ഉത്പ. 4:15). കൊലപാതകിക്ക് ദൈവം നല്കുന്ന സംരക്ഷണത്തിന്റെ മുദ്രയാണ് അവന്റെമേൽ പതിച്ച അടയാളം.

എന്താണ് ഈ അടയാളം, എന്താണിതിന്റെ ഉറവിടം, അർത്ഥം എന്നൊക്കെ ചോദിക്കാറുണ്ട്. വ്യാഖ്യാതാക്കൾ പല വിശദീകരണങ്ങളും നല്കാറുമുണ്ട്. ഏവർക്കും എളുപ്പത്തിൽ കാണാൻ പാകത്തിൽ നെറ്റിയിൽ പതിച്ച ഒരടയാളമായി ഇതിനെ കാണാം. അടയാളപ്പെടുത്തുക, മുദ്ര പതിക്കുക എന്ന പ്രക്രിയയുടെ മുഖ്യമായ അർത്ഥം ഉടമസ്ഥാവകാശം സ്ഥാപിക്കുക എന്നതത്രെ. രാജാവിന്റെ മുദ്ര പതിച്ച കല്പനയ്ക്ക് ആധികാരികതയുണ്ട്. വീടിന്റെ പടിവാതിലിൽ പേരെഴുതി വയ്ക്കുമ്പോൾ വീടിന്റെ ഉടമസ്ഥൻ ആരെന്ന് വ്യക്തമാകുന്നു. അതുപോലെ നെറ്റിയിൽ മുദ്ര വഹിക്കുന്നവൻ ആ മുദ്ര പതിച്ച ആളിന്റെ സ്വന്തമാണെന്ന് വിളിച്ചു പറയുന്നു- കായേന്റെ മേൽ ദൈവം മുദ്ര പതിച്ചെങ്കിൽ കായേൻ ദൈവത്തിന്റെ സ്വന്തമാണ്. ദൈവത്തിന്റെ സംരക്ഷണത്തിലാണവൻ അവനെ ഉപദ്രവിക്കുന്നവൻ ദൈവത്തെയാണ് ഉപദ്രവിക്കുക. അത് കഠിനമായ ശിക്ഷ വിളിച്ചുവരുത്തും. **കായേനെ കൊല്ലുന്നവന്റെമേൽ ഏഴിരട്ടിയായി ഞാൻ പ്രതികാരം ചെയ്യും** (ഉത്പ.4:15) എന്ന ദൈവവചനം ശിക്ഷയുടെ മുന്നറിയിപ്പും താക്കീതുമാണ്. ആരും കായേനെ ഉപദ്രവിക്കാതിരിക്കാൻ വേണ്ടിയാണ് ദൈവം അവന്റെമേൽ അടയാളം പതിച്ചത് എന്ന് എടുത്തുപറയുകയും ചെയ്യുന്നു.

ഈ അടയാളത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ പല പുരാതന ഗോത്രവർഗ്ഗക്കാരുടെയും ഇടയിൽ പ്രചാരത്തിലിരുന്ന, ഇന്നും പ്രചാരത്തിലിരിക്കുന്ന ഒരാചാരം ശ്രദ്ധേയമാകുന്നു. ജനിച്ച് ഏതാനും ദിവസം കഴിയുമ്പോൾ ശിശുവിന്റെ നെറ്റിയിലോ കവിളിലോ മൂർച്ചയുള്ള കത്തികൊണ്ട് മുറിവുണ്ടാക്കി. ഒരു പ്രത്യേക അടയാളം പതിക്കുന്നു. ഓരോ ഗോത്രത്തിനും അതതിന്റേതായ അടയാളമുണ്ട്. ഈ അടയാളം ഒരു തിരിച്ചറിയൽകാർഡുപോലെയാണ്. അടയാളം പേറുന്ന വ്യക്തിക്ക് ഗോത്രത്തിന്റെ മുഴുവൻ സംരക്ഷണമുണ്ടാകും. ആരെങ്കിലും അയാളെ ഉപദ്രവിക്കാൻ തുനിഞ്ഞാൽ ഗോത്രം ഒന്നടങ്കം സംരക്ഷണത്തിനും പ്രതികാരത്തിനുമായി എത്തും. ഈ ആചാരത്തിൽനിന്നാവണം ദൈവം കായേന്റെമേൽ സംരക്ഷണമുദ്ര പതി

ച്ചുവെന്ന് വി. ഗ്രന്ഥകാരൻ പറയുന്നത്.

മുദ്ര പതിക്കുന്നതിലൂടെ ഉടമസ്ഥാവകാശം സ്ഥാപിക്കുന്നു; സംരക്ഷണം വിളിച്ചറിയിക്കുന്നു. ഇപ്രകാരം ഒരു ലക്ഷ്യം വച്ചു കൊണ്ട് മനുഷ്യരുടെ നെറ്റിയിൽ മുദ്ര പതിക്കാൻ, അഥവാ അടയാള മിടാൻ, ദൈവം തന്നെ ആജ്ഞാപിക്കുന്ന ചില ബൈബിൾ ഭാഗങ്ങ ളുണ്ട്. അവയും കായേന്റെമേൽ ദൈവം പതിച്ച അടയാളത്തിലേക്ക് വെളിച്ചം വീശും. എസെക്കിയേലിന്റെ പുസ്തകത്തിലാണ് ഇപ്ര കാരം ഒരടയാളപ്പെടുത്തൽ നാം വീണ്ടും കാണുന്നത്. ജനത്തി ന്റെമേൽ ശിക്ഷാവിധി നടപ്പിലാക്കാൻ പോകുന്നതിന്റെ മുന്നോടി യായി ദൈവം ഒരു ദൂതനെ അയയ്ക്കുന്നു: **അവിടുന്ന് ചണ വസ്ത്രം ധരിച്ച്, പാർശ്വത്തിൽ എഴുത്ത് സാമഗ്രികളുമായി നിന്നവനെ വിളിച്ചു. കർത്താവ് അവനോടരുളിച്ചെയ്തു: ജറുസ ലേം പട്ടണത്തിലൂടെ കടന്നു പോവുക. ആ നഗരത്തിൽ നടമാടുന്ന മ്ലേഛതകളെ യോർത്ത് കരയുകയും നെടുവീർപ്പിടുകയും ചെയ്യു ന്നവരുടെ നെറ്റിയിൽ അടയാളമിടുക** (എസെ.9:3–4). അടയാളം ഇട്ടുകഴിയുമ്പോൾ മാരകായുധങ്ങളേന്തിയ മറ്റു ദൂതർ പിന്നാലെ വന്ന് നെറ്റിയിൽ അടയാളമില്ലാത്തവരെയെല്ലാം വധിക്കുന്നു. പ്രവാ ചകനുണ്ടായ ഈ ദർശനത്തിൽ നെറ്റിയിലെ അടയാളം ദൈവം നല്കുന്ന സംരക്ഷണത്തെ സൂചിപ്പിക്കുന്നു എന്ന് വ്യക്തം.

ഇതുപോലൊന്ന് വെളിപാട് പുസ്തകത്തിലും കാണാം. ഇസ്രാ യേലിലെ പന്ത്രണ്ടുഗോത്രങ്ങളിൽനിന്നും പന്തീരായിരം പേരുടെ വീതം നെറ്റിയിൽ ദൈവത്തിന്റെ ദൂതൻ മുദ്രകുത്തിയത് ആസന്ന മായിരിക്കുന്ന കൊടിയ പീഡനത്തിൽ ദൈവം തന്റെ ജനത്തിന് നല്കുന്ന സംരക്ഷണത്തെ സൂചിപ്പിക്കുന്നു. പന്ത്രണ്ട് ഗോത്രങ്ങളും ഓരോ ഗോത്രത്തിൽനിന്നും പന്തീരായിരം പേരും മുദ്രിതരാകുന്നു എന്നത് ദൈവം തന്റെ ജനത്തെ എന്നും കാത്തു സൂക്ഷിക്കും, സംര ക്ഷിക്കും എന്നാണ് പഠിപ്പിക്കുന്നത്. പന്ത്രണ്ട് ഗോത്രങ്ങൾ ദൈവ ജനംമുഴുവന്റെയും പ്രതീകമാണ്. ഏതുകാലത്തും ഈ ഭൂമിയിൽ, മതപീഡനങ്ങൾക്കു മദ്ധ്യേ, സംരക്ഷിക്കപ്പെടുന്ന ദൈവജനത്തെ യാണത് സൂചിപ്പിക്കുന്നത്.

വെളിപാട് പുസ്തകത്തിൽത്തന്നെ പ്രതിപാദിക്കപ്പെടുന്ന മൃഗ

ത്തിന്റെ മുദ്ര ഇതിനുവിപരീതമായി നില്ക്കുന്നു. ദൈവ ജനത്തെ പീഡിപ്പിക്കുന്ന പൈശാചിക ശക്തിയുടെ പ്രതീകമാണ് കയ്യിലോ നെറ്റിയിലോ മുദ്ര കുത്താൻ നിർബന്ധിക്കുന്ന മൃഗം (**വെളി.13:16–18**). മൃഗത്തിന്റെ മുദ്ര സ്വീകരിക്കുന്നവർ മൃഗത്തോട് വിധേയത്വം പ്രഖ്യാപിക്കുന്നു; മൃഗത്തിന്റെ സംരക്ഷണത്തിൽ നില്ക്കുന്നു. അവർക്ക് ഈ ഭൂമിയിൽ പീഡനമേല്ക്കേണ്ടി വരുന്നില്ല. എന്നാൽ അവർ ആത്യന്തികമായി, മൃഗത്തോടൊപ്പം നിത്യശിക്ഷയ്ക്ക് ഇരയായിത്തീരും (വെളി 14:9–11; 16:2,19:20;20:4). മുദ്ര കുത്തുക എന്നാൽ സ്വന്തമാക്കുക എന്നുതന്നെയാണർത്ഥം എന്ന് ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നു.

നെറ്റിയിൽ പതിക്കുന്ന മുദ്രയ്ക്കുപുറമേ, ദൈവം മനുഷ്യഹൃദയത്തിൽ, അഥവാ ആത്മാവിൽ പതിക്കുന്ന ഒരു ആത്മീയ മുദ്രയെക്കുറിച്ചും ബൈബിളിൽ, പ്രത്യേകിച്ചും പുതിയനിയമത്തിൽ പരാമർശമുണ്ട്. ഉത്ഥിതനായ ക്രിസ്തുവഴി നമുക്ക് നല്കിയിരിക്കുന്ന പരിശുദ്ധാത്മദാനത്തെയാണ് ഇപ്രകാരം മുദ്രയായി ചിത്രീകരിക്കുന്നത്: **അവിടുന്ന് നമ്മിൽ തന്റെ മുദ്ര പതിക്കുകയും അച്ചാരമായിട്ട് തന്റെ ആത്മാവിനെ നമ്മുടെ ഹൃദയങ്ങളിലേക്ക് പകരുകയും ചെയ്തിരിക്കുന്നു** (2 കോറി 1:22). കച്ചവടം ഉറപ്പിക്കുമ്പോൾ ആദ്യം കൊടുക്കുന്ന തുകയാണ് 'അച്ചാരം' എന്ന പേരിൽ അറിയപ്പെടുന്നത്. അച്ചാരം കൊടുത്തയാൾ ബാക്കി തുകയും കൊടുക്കാൻ ബാധ്യസ്ഥനാകുന്നു. പരിശുദ്ധാത്മാവിനെ നമുക്ക് ദൈവം അച്ചാരമായി തന്നിരിക്കുന്നു. അതുതന്നെയാണ് നമ്മുടെ ആത്മാവിൽ ദൈവം മുദ്ര പതിച്ചിരിക്കുന്നു എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. മുദ്രിതരായവരെല്ലാം ദൈവത്തിന്റെ സ്വന്തമാണ്; അവർക്ക് ദൈവം സംരക്ഷണം നല്കും.

ഇതേ ആശയം തന്നെ എഫേസിയർക്കുള്ള ലേഖനത്തിൽ കൂടുതൽ വ്യക്തമായി അവതരിപ്പിക്കുന്നുണ്ട്: **രക്ഷയുടെ സദ്വാർത്തയായ സത്യത്തിന്റെ വചനം ശ്രവിക്കുകയും അവനിൽ വിശ്വസിക്കുകയും ചെയ്ത നിങ്ങളും വാഗ്ദാനം ചെയ്യപ്പെട്ട പരിശുദ്ധാത്മാവിനാൽ അവനിൽ മുദ്രിതരായിരിക്കുന്നു. അവിടുത്തെ മഹത്വം പ്രകീർത്തിക്കുന്നതിനുള്ള അവകാശം നാം വീണ്ടെടുത്ത് സ്വന്തമാക്കുന്നതുവരെ ആ അവകാശത്തിന്റെ അച്ചാരമാണ് ഈ**

**പരിശുദ്ധാത്മാവ്** (എഫേ. 1:13-14). ദൈവം നമ്മെ സ്വന്തമായി പരിഗണിക്കുന്നു; നാം എല്ലാവരും അവിടുത്തെ സംരക്ഷണവലയത്തിലാണ്. ഈ ആശയം വ്യക്തമാക്കുന്നതാണ് ആത്മാവിൽ മുദ്ര പതിക്കുന്ന കൂദാശകളെക്കുറിച്ചുള്ള കത്തോലിക്കാ സഭയുടെ പ്രബോധനം. ജ്ഞാനസ്നാനം, സ്ഥൈര്യലേപനം, തിരുപ്പട്ടം എന്നീ മൂന്ന് കൂദാശകളെ ആത്മാവിൽ മുദ്ര പതിക്കുന്ന കൂദാശകൾ എന്ന് വിശേഷിപ്പിക്കുന്നു. ഒരിക്കൽ മാത്രം സ്വീകരിക്കാവുന്നതും ഒരിക്കലും ആവർത്തിക്കാൻ പാടില്ലാത്തതുമാണ് ഈ കൂദാശകൾ. മാമ്മോദീസായിലൂടെ ഒരാൾക്ക് യേശുക്രിസ്തു നല്കുന്ന രക്ഷയിലും ദൈവിക ജീവനിലും പങ്ക് ലഭിക്കുന്നു. സ്ഥൈര്യലേപനം പരിശുദ്ധാത്മാവിനെ നല്കുന്നു. തിരുപ്പട്ടമാകട്ടെ ശുശ്രൂഷാപൗരോഹിത്യത്തിൽ ഭാഗഭാക്കാക്കുന്നു. ഇവ മൂന്നും ദൈവവുമായുള്ള ഗാഢബന്ധത്തെ ഉറപ്പിക്കുന്ന അടയാളങ്ങളാണ്.

ഈ പശ്ചാത്തലത്തിൽ കായേന്റെമേൽ ദൈവം പതിച്ച മുദ്രയുടെ അർത്ഥം എന്തായിരിക്കും? കൂദാശകൾ പതിക്കുന്നതുപോലുള്ള ഒരു മുദ്രയല്ല അതെന്ന് വ്യക്തം. അതേസമയം ദൈവം നല്കുന്ന സംരക്ഷണത്തെയാണ് അത് സൂചിപ്പിക്കുന്നത് എന്ന് വി. ഗ്രന്ഥകാരൻ തന്നെ പറയുന്നു. കൊലപാതകിക്കും ദൈവം സംരക്ഷണം നല്കുന്നു എന്നതാണ് തികച്ചും വിപ്ലവാത്മകമായ പ്രബോധനം. ആരും കായേനെ കൊല്ലാതിരിക്കാൻവേണ്ടിയാണ് മുദ്ര. മാത്രവുമല്ല, ആരെങ്കിലും അവനെ ഉപദ്രവിച്ചാൽ അവനെതിരേ ഏഴിരട്ടി പ്രതികാരം ദൈവം തന്നെ നടപ്പിലാക്കും എന്ന ഭീഷണിയുമുണ്ട്. കായേൻ നിരുപാധികം, നിർഭയം തന്റെ കൊലപാതകം തുടർന്നുകൊള്ളട്ടെ എന്നാണോ ദൈവഹിതം? അങ്ങനെയെങ്കിൽ സമൂഹത്തിൽ എങ്ങനെ സുരക്ഷിതത്വം ലഭിക്കും? ആർക്ക് ജീവിക്കാനാകും?

പരിമിതമായ പ്രതികാരത്തിന്റെ നിയമം അവതരിപ്പിച്ചുകൊണ്ട് ബൈബിളിൽ ഈ ചോദ്യത്തിന് ഉത്തരം നല്കുന്നുണ്ട്. **മനുഷ്യരക്തം ചൊരിയുന്നവന്റെ രക്തം മനുഷ്യൻ തന്നെ ചൊരിയും; കാരണം എന്റെ ഛായയിലാണ് ഞാൻ മനുഷ്യനെ സൃഷ്ടിച്ചത്** (ഉത്പ. 9:6). പ്രളയാനന്തരം സംജാതമായ പുതിയ ജീവിത - നിയമക്രമത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നതാണ് പ്രതികാരത്തിന്റെ ഈ

നിയമം. ശിക്ഷാഭയം കൂടാതെ ആരും അയല് ക്കാരനെ ദ്രോഹി ക്കരുത് എന്ന് ഈ കല്പന അനുസ്മരിപ്പിക്കുന്നു. ഇതിനും ഒരു പരിധി നിർണ്ണയിക്കുന്നതാണ് പ്രതികാരത്തെ സംബന്ധിച്ച അടുത്ത നിയമം. ജീവനുപകരം ജീവൻ കൊടുക്കണം. **കണ്ണിനുപകരം കണ്ണ്; പല്ലിനു പകരം പല്ല്...** (പുറ. 21:24-27). എന്തെല്ലാം തിന്മ ചെയ്താലും, ആരെയൊക്കെ ദ്രോഹിച്ചാലും, ദൈവം സംരക്ഷിക്കും എന്ന ഔദ്ധ ത്യത്തിലേക്കും നിരങ്കുശമായ ധാർഷ്ഠ്യത്തിലേക്കും നയിക്കാനല്ല ദൈവം കായേന്റേമേൽ അടയാളം പതിച്ചത് എന്ന് ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നു.

ഈ നിയമവും യേശു തിരുത്തിക്കുറിക്കുന്നതായി സുവിശേ ഷങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്: **കണ്ണിനുപകരം കണ്ണ്, പല്ലിനു പകരം പല്ല് എന്നു പൂർവ്വികരോട് പറയപ്പെട്ടതായി നിങ്ങൾ കേട്ടിട്ടു ണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോട് പറയുന്നു. ദുഷ്ടനെ എതിർക്ക രുത്. വലതു കരണത്തടിക്കുന്നവന് മറ്റേ കരണം കൂടെ കാണിച്ചു കൊടുക്കുക...** (മത്താ 5: 38-42; ലൂക്കാ 6:29-30). ശത്രുവിനെ സ്നേ ഹിക്കുന്നതും പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതും അവർ തങ്ങളുടെ ക്രൂരത നിർബ്ബാധം തുടരാൻ വേണ്ടിയല്ല, മറിച്ച് അവരെ യഥാർത്ഥ ദൈവസ്നേഹത്തെക്കുറിച്ച് ബോധ്യപ്പെടുത്തു ന്നതിനും അതുവഴി പശ്ചാത്താപത്തിലേക്കും മാനസാന്തരത്തിലേ ക്കും നയിക്കുന്നതിനുവേണ്ടിയത്രെ.

**നിന്റെ ശത്രുവിന് വിശക്കുന്നെങ്കിൽ ഭക്ഷിക്കാനും ദാഹി ക്കുന്നെങ്കിൽ കുടിക്കാനും കൊടുക്കുക. ഇതുവഴി നീ അവന്റെ ശിരസ്സിൽ തീക്കനലുകൾ കൂനകൂട്ടും** (റോമാ 12:20) എന്ന ഉപദേശ ത്തിൽ ശത്രുസ്നേഹത്തിന്റെയും ക്ഷമയുടെയും ലക്ഷ്യം വ്യക്ത മായി കാണാം. 'തീക്കനലുകൾ' അനുതാപത്തിന്റെയും മാനസാ ന്തരത്തിന്റെയും അടയാളമാണ്. **നീ അവന്റെ തലയിൽ പശ്ചാ ത്താപത്തിന്റെ തീക്കനൽ കൂട്ടും** (സുഭാ 25:22) എന്ന സുഭാഷിത ത്തിൽ ഈ ലക്ഷ്യം സംശയലേശമെന്യേ വ്യക്തമാകുന്നു. ഇപ്ര കാരം ഒരു മാനസാന്തരത്തിലേക്ക് നയിക്കുക എന്നതാണ്. ദൈവം കായേന്റേമേൽ പതിക്കുന്ന സംരക്ഷണമുദ്രയുടെ ലക്ഷ്യം. ഉള്ളിൽ നിറയുന്ന കുറ്റബോധം കായേന്റെ സ്വസ്ഥത കെടുത്തും. ദൈവ ത്തിൽനിന്നും സഹോദരങ്ങളിൽനിന്നും അകന്ന്, മോചനം കിട്ടാത്ത

കുറ്റബോധത്താൽ തളർന്ന്, അലയുന്നവന് ഒരു പക്ഷേ മരണം അഭികാമ്യവും കൂടുതൽ സ്വീകാര്യവുമായി തോന്നാം. എന്നാൽ അതല്ല ദൈവത്തിന്റെ ഹിതം. ആരും നഷ്ടപ്പെടരുത് എന്നാഗ്ര ഹിക്കുന്ന സ്വർഗ്ഗീയപിതാവ് പാപിയുടെ മരണത്തിലല്ല, മാനസാന്തര ത്തിലാണ് സന്തോഷം കണ്ടെത്തുന്നത് എന്ന വെളിപാട് ബൈ ബിളിന്റെ താളുകളിൽ നിറഞ്ഞുനില്ക്കുന്നു. **ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു: ആരുടെയും മരണത്തിൽ ഞാൻ സന്തോഷി ക്കുന്നില്ല. നിങ്ങൾ പശ്ചാത്തപിക്കുകയും ജീവിക്കുകയും ചെയ്യു വിൻ** (എസെ. 18:32). **ദുഷ്ടൻ മരിക്കുന്നതിലല്ല, അവൻ ദുഷ്ടമാർഗ്ഗ ത്തിൽനിന്ന് പിന്തിരിഞ്ഞ് ജീവിക്കുന്നതിലാണ് എനിക്ക് സന്തോ ഷം** (എസെ. 33:11). ഇപ്രകാരമുള്ള പ്രവാചകവചനങ്ങൾ ദൈവം നല്കുന്ന സംരക്ഷണത്തിന്റെ ലക്ഷ്യവും അർത്ഥവും വിശദീകരിച്ചു തരുന്നു.

അതിനാൽ ആരും ഭയപ്പെടേണ്ടാ; എത്രതന്നെ വലിയ പാപ ത്തിന് ഇരയായിപ്പോയെങ്കിലും എത്ര വലിയ കുറ്റബോധമാണ് പേറുന്നതെങ്കിലും ഭയവും നിരാശയും വേണ്ടാ. കർത്താവിന്റെ സംര ക്ഷണം ലഭിക്കും. ഒന്നു മാത്രമേ ചെയ്യേണ്ടതുള്ളൂ; വഴി മാറുക. തെറ്റ് ഏറ്റുപറഞ്ഞ് തിരിച്ചുവരിക. നീ വെറുത്തതും വധിച്ചതും നിന്റെ സഹോദരനെയാണെന്ന് തിരിച്ചറിയുക. അപ്പോൾ യഥാർത്ഥമായ അനുതാപവും മാനസാന്തരവും ഉണ്ടാകും. അങ്ങനെ ദൈവത്തെ പിതാവും സകല മനുഷ്യരെയും സഹോദരങ്ങളുമായി തിരിച്ചറി ഞ്ഞ്, ഏറ്റുപറയുമ്പോൾ ഭയമകലും; ഹൃദയത്തിൽ സമാധാനവും സന്തോഷവും നിറയും. കായേൻ ഒരു പുതിയ വ്യക്തിയാകും. കൊല യാളികളുടെ പര്യായമെന്നതിനുപകരം ദൈവകൃപയുടെ ജീവി ക്കുന്ന സാക്ഷ്യമാകും കായേൻ. അതാണ് അവന്റെമേൽ ദൈവം പതിച്ചിരിക്കുന്ന സംരക്ഷണമുദ്രയുടെ ലക്ഷ്യം. കായേൻ ആരു മാകാം, ഞാനും നീയും ഉൾപ്പെടെ.





***അബ്രാമിനു ദർശനത്തിൽ കർത്താവിൻെറ അരുളപ്പാടുണ്ടായി: അബ്രാം, ഭയപ്പെടേണ്ടാ. ഞാൻ നിനക്കു പരിചയാണ്*** *(ഉത്പ.15:1).*

# 4

# കർത്താവ് : പരിച

പറുദീസായിൽ തുടങ്ങിയതാണ് മനുഷ്യന്റെ ഭയം. സർപ്പത്തിന്റെ വാക്കുകേട്ട് വിലക്കപ്പെട്ട കനി ഭക്ഷിച്ച ആദിമാതാപിതാക്കൾ, അത്തിയിലകൾ കൂട്ടിത്തുന്നി അരക്കച്ചയുണ്ടാക്കി ഉടുത്തിട്ടും നാണം മറയ്ക്കാൻ കഴിയാതെ, മരങ്ങൾക്കിടയിൽ ഒളിച്ചു. അതുവരെ അവർ സന്തോഷത്തോടെ, ആകാംഷയോടെ, കർത്താവിന്റെ കാലൊച്ച കേൾക്കാൻ കാത് കൂർപ്പിച്ചിരിക്കുമായിരുന്നു. എന്നാൽ ഇപ്പോൾ അവിടുത്തെ സാമിപ്യം അവരെ പരിഭ്രാന്തരാക്കി. 'ആദാം, നീ എവിടെയാണ്' എന്ന കർത്താവിന്റെ വിളിക്ക് നല്കുന്ന മറുപടിയിലാണ് 'ഭയം' എന്ന പ്രമേയം ആദ്യമായി പ്രത്യക്ഷപ്പെടുന്നത്. **തോട്ടത്തിൽ അവിടുത്തെ ശബ്ദം ഞാൻ കേട്ടു. ഞാൻ നഗ്നനായതുകൊണ്ടു ഭയന്ന് ഒളിച്ചതാണ്** (ഉത്പ.3:10). നിർവൃതിദായ

കമായിരുന്ന ദൈവിക സാന്നിദ്ധ്യം ഇപ്പോൾ അവർക്ക് ഭയത്തിന്റെ ഉറവിടമായി.

ആദ്യപാപത്തിലൂടെ കണ്ണുതുറന്നു കിട്ടിയപ്പോൾ അവർ കണ്ടത് തങ്ങളുടെ നഗ്നതയാണ്. അതുവരെ നഗ്നരായിരുന്നെങ്കിലും അവർക്ക് ലജ്ജ തോന്നിയിരുന്നില്ല. ദൈവകല്പന ലംഘിച്ചവർക്ക് തങ്ങളുടെ നഗ്നത ലജ്ജയ്ക്ക് കാരണമായി. ലജ്ജാബോധത്തോ ടൊപ്പം ഭയം അവരെ കീഴ്പ്പെടുത്തി. തങ്ങളുടെ അസ്തിത്വത്തിന്റെ നിദാനവും ജീവന്റെ ഉറവിടവും ആനന്ദത്തിന്റെ കേന്ദ്രവുമായ ദൈവത്തിന്റെ സാന്നിദ്ധ്യം അവരെ ഭയവിഹ്വലരാക്കി. ഇനിയങ്ങോട്ട് അവരുടെ പിൻതലമുറക്കാരായ മനുഷ്യരെല്ലാം ഈ ഭയത്തിനടിമകളായിരിക്കും. ഭയം ആയിരിക്കും അവരെ നയിക്കുകയും ഭരിക്കുകയും ചെയ്യുന്ന അടിസ്ഥാന വികാരം. ദൈവത്തെ സ്നേഹനിധിയായ പിതാവ് എന്നതിനെക്കാൾ ശിക്ഷിക്കുന്ന വിധിയാളനായി കാണാൻ പാപം മനുഷ്യനെ പ്രേരിപ്പിച്ചു. ഒരിക്കലും വിട്ടു മാറാത്ത ഭയം അവന്റെമേൽ പിടിമുറുക്കി. ദൈവികസാന്നിദ്ധ്യം: അവനെ മാരക ഭീതിയിലാഴ്ത്തി.

ഈ സാഹചര്യത്തിലാണ് 'ഭയപ്പെടേണ്ടാ' എന്ന ധൈര്യം പകരുന്ന സാന്ത്വനവുമായി – മാനവചരിത്രത്തിലേക്ക് ദൈവം കടന്നുവരുന്നത്. രക്ഷാചരിത്രത്തിന്റെ തുടക്കത്തിൽ നില്ക്കുന്ന അബ്രാഹത്തിനാണ് ആദ്യമായി ഈ വാക്കുകേൾക്കാൻ ഭാഗ്യം ലഭിച്ചത്. ഈ സാന്ത്വനവും ഉറപ്പും അബ്രാഹത്തിന് ഏറെ ആവശ്യമായിരുന്നു. കാരണം അത്രമാത്രം പ്രതികൂല സാഹചര്യങ്ങളിലൂടെ ആയിരുന്നു അയാൾക്കു കടന്നുപോകാനുണ്ടായിരുന്നത്.

തികച്ചും അപ്രതീക്ഷിതമായിരുന്നു ദൈവത്തിന്റെ വിളി: **നിൻെറ ദേശത്തെയും ബന്ധുക്കളെയും പിതൃഭവനത്തെയും വിട്ട്, ഞാൻ കാണിച്ചുതരുന്ന നാട്ടിലേക്കു പോവുക** (ഉത്പ. 12:1). ഹാരാനിൽ അയാൾ സംതൃപ്തനും സാമാന്യം സമ്പന്നനുമായ ഒരു നാട്ടു പ്രമാണിയായിരുന്നു. തനിക്ക് സംരക്ഷണവും സുരക്ഷിതത്വവും ആത്മാഭിമാനവും നല്കിയിരുന്നതെല്ലാം ഒറ്റയടിക്കുപേക്ഷിച്ച്, അദൃശ്യമായൊരു ലക്ഷ്യത്തിലേക്ക്, അപരിചിതവും അജ്ഞാതവുമായ വഴികളിലൂടെ ഇറങ്ങിത്തിരിക്കാൻ ആവശ്യപ്പെടുന്ന ദൈവം

അയാൾക്ക് അപരിചിതനായിരുന്നു. എന്നാലും അദൃശ്യനും അജ്ഞാതനുമായ ദൈവത്തിന്റെ വാക്കിൽ വിശ്വസിച്ച് അബ്രാഹം പുറപ്പെട്ടു. ആ നിമിഷം 'വിശ്വാസികളുടെ പിതാവ്' ആയി അയാൾ പുനർജനിക്കുകയായിരുന്നു. പിന്നീട് അങ്ങോട്ട് എത്രയെത്ര പ്രതി സന്ധികൾ, അപകട ങ്ങൾ, മാരകമായ ചതിക്കുഴികൾ!

ദൈവം നല്കിയ വാഗ്ദാനങ്ങളിൽ ഒന്നുപോലും ഇനിയും നിറവേറിയിട്ടില്ല. ദിവസങ്ങൾ മാസങ്ങളും വർഷങ്ങളുമായി കട ന്നുപോയി. സ്വന്തമായൊരു ഭൂമി, രാജ്യം, കടൽത്തീരത്തെ മണൽ ത്തരികളും ആകാശത്തിലെ നക്ഷത്രങ്ങളും പോലെ അസംഖ്യം സന്തതികൾ – എന്നിട്ടോ? ഇതുവരെ എല്ലാം ശൂന്യം. നഷ്ടങ്ങളുടെ പട്ടികമാത്രം ബാക്കി. എന്നാലും അബ്രാഹം സംശയിച്ചില്ല; ചോദ്യം ചെയ്തില്ല. വിശ്വസിച്ചു; അനുസരിച്ചു. ആഹാരംതേടി ഈജി പ്തിലേക്ക് പോയത് ഇത്ര വലിയൊരു വിനയാകുമെന്ന് കരുതിയില്ല. ഭാര്യ നഷ്ടപ്പെട്ടു; ജീവനും നഷ്ടപ്പെടുമെന്ന് ഭയന്നു. എന്നാൽ അദൃ ശ്യകരങ്ങൾ അവനെ താങ്ങി; ഫറവോയുടെ പിടിയിൽനിന്ന് ഇരു വരെയും മോചിപ്പിച്ചു; മാത്രമല്ല, ഏറെ സമ്മാനങ്ങളും ലഭിച്ചു.

മെച്ചപ്പെട്ട പങ്ക് തിരഞ്ഞെടുത്ത്, കൂട്ടംവിട്ടുപോയ കൂട്ടക്കാരൻ ലോത്തിനെ പിന്നീട് അതിസാഹസികമായ ഒരു പോരാട്ടത്തിലൂടെ നാലുരാജാക്കന്മാരെ തോല്പിച്ച് അടിമത്തത്തിൽ നിന്ന് രക്ഷപ്പെടു ത്താൻ പ്രേരിപ്പിച്ചതും സഹായിച്ചതും പേരില്ലാത്ത, രൂപമില്ലാത്ത, ആ അജ്ഞാത ശക്തിയായിരുന്നു. സഹോദരനെ രക്ഷിക്കാൻ വേണ്ടി ജീവൻ പണയപ്പെടുത്തി നടത്തിയ ആ പോരാട്ടത്തിനു പിന്നാലെയാണ് അബ്രാഹത്തിന് വീണ്ടും ദൈവത്തിന്റെ അരുളപ്പാ ടുണ്ടായത്: ഭയപ്പെടേണ്ടാ, ഞാൻ നിനക്ക് പരിചയാണ്.' ലഭിച്ച വാഗ്ദാനങ്ങളിൽ ഒന്നു പോലും ഇനിയും പൂർത്തിയായില്ലെങ്കിലും ഒരു കാര്യം അബ്രാഹം അനുഭവിച്ചറിഞ്ഞു. സുരക്ഷിതമേഖലയിൽ നിന്ന് വിളിച്ചിറക്കിയവൻതന്നെ ഒരിക്കലും കൈവിട്ടില്ല. താൻ ചെന്നുപെട്ട സകല വിപത്തുകളിലും അവൻ കൂടെ ഉണ്ടായിരുന്നു. ഈ അനുഭവമാണ് പരിചയെന്ന പ്രതീകത്തിലൂടെ ദൈവവചനം ഉറപ്പിക്കുന്നത്.

അത്യന്തം ആപത്ക്കരവും സാഹസികവുമായ ഒരു യുദ്ധം

കഴിഞ്ഞ ഉടനെ ദൈവം പരിചയെപ്പറ്റി പറയുന്നത് അബ്രാഹത്തിന് എളുപ്പം മനസ്സിലാകും. യുദ്ധത്തിന് പോകുന്ന പടയാളിക്ക് അവശ്യം വേണ്ട ഉപകരണമാണ് പരിച. വാളും കുന്തവും കല്ലും കവിണയും ചാട്ടുളിയും എല്ലാം ആക്രമണത്തിനുള്ള ആയുധങ്ങളാണ്. പരിച യാകട്ടെ ശത്രുക്കളുടെ ആക്രമണത്തിൽനിന്ന് സംരക്ഷണം നല്കുന്നു.

പല തരത്തിലുള്ള പരിചകൾ അബ്രാഹത്തിന്റെ കാലത്ത് നിലവിലുണ്ടായിരുന്നു. ചെറുതും വൃത്താകൃതിയിലുള്ളതുമായ പരിചയാണ് ഏറ്റവും അധികം ഉപയോഗിച്ചിരുന്നത്, പ്രത്യേകിച്ചും വാൾകൊണ്ട് യുദ്ധം ചെയ്യുന്നവർ. കുന്തധാരികൾ പ്രായേണ വലു തും ദീർഘചതുരാകൃതിയിലുള്ള തുമായ പരിചകൾ ഉപയോഗി ച്ചിരുന്നു. നഗരങ്ങൾ ഉപരോധിക്കുന്നവരും ഇപ്രകാരമുള്ള വലിയ പരിചകളാണ് ഉപയോഗിച്ചിരുന്നത്. പരിചകൾ മരം കൊണ്ടാണ് നിർമ്മിച്ചിരുന്നത്. തുകൽ പൊതിഞ്ഞിരിക്കും. ഉൾഭാഗത്ത് കൈപ്പിടി ഘടിപ്പിച്ചിരിക്കും. സൈന്യം നിരനിരയായി യുദ്ധത്തിന് മുന്നേറു മ്പോൾ പടയാളികൾ ഈ വലിയ പരിചകൾ ചേർത്തുപിടിക്കും. അപ്പോൾ അതൊരു മതിലുപോലെയാകും. പടയാളിക്കു കൊള്ളേണ്ട വെട്ടും കുത്തും കല്ലേറും എല്ലാം പരിച ഏറ്റു വാങ്ങും. പരിചയ്ക്ക് പിന്നിൽ നില്ക്കുന്ന പടയാളി സുരക്ഷിതനായിരിക്കും. ശരീരം മുഴുവൻ മറയ്ക്കുന്ന പടച്ചട്ടയും കവചവും ഇതേ ധർമ്മമാണ് അനു ഷ്ഠിക്കുക. ഈ ചിത്രത്തിൽനിന്ന് ദൈവം അബ്രാഹത്തിന് നല്കുന്ന ഉറപ്പിന്റെ അർത്ഥം വ്യക്തമാകും.

ദൈവത്തെ പരിചയായി ചിത്രീകരിക്കുന്ന അനേകം ബൈ ബിൾ വാക്യങ്ങളുണ്ട്. സങ്കീർത്തനങ്ങളിലാണ് ഈ പ്രതീകം ഏറ്റം അധികം കാണുന്നത്. **കർത്താവേ, നീതിമാൻമാരെ അവിടുന്ന് അനു ഗ്രഹിക്കുന്നു; പരിചകൊണ്ടെന്നപോലെ കാരുണ്യംകൊണ്ട് അവി ടുന്ന് അവരെ മറയ്ക്കുന്നു** (സങ്കീ. 5:12). **തൻെറ തൂവലുകൾ കൊണ്ട് അവിടുന്ന് നിന്നെ മറച്ചുകൊള്ളും; അവിടുത്തെ ചിറകു കളുടെകീഴിൽ നിനക്ക് അഭയം ലഭിക്കും; അവിടുത്തെ വിശ്വ സ്തത നിനക്കു കവചവും പരിചയും ആയിരിക്കും** (സങ്കീ.91:4). ശത്രുക്കളുടെ ആക്രമണങ്ങളിൽനിന്ന് സംരക്ഷണം നല്കുന്ന ദൈവത്തിന്റെ ചിത്രമാണ് പരിചയുടെയും കവചത്തിന്റെയും പ്രതീ

കങ്ങളിലൂടെ വരച്ചുകാട്ടുന്നത്.

പരിചയായി ദൈവമുണ്ടെങ്കിൽ പിന്നെ ഞാൻ എന്തിന് ഭയപ്പെടണം? ആരെ ഭയപ്പെടണം? എനിക്ക് ജീവൻ നല്കുകയും പേര് ചൊല്ലി വിളിച്ച് സ്വന്തമായി സ്വീകരിക്കുകയും ചെയ്ത ദൈവമാണ് പറയുന്നത്; ഭയപ്പെടേണ്ടാ, ഞാൻ നിനക്ക് പരിചയായിരിക്കും. അബ്രാഹത്തിന് നല്കിയ ഈ വാഗ്ദാനം എല്ലാ ദൈവമക്കൾക്കും സ്വന്തമാണ്. ദൈവം ആഗ്രഹിക്കാതെ ആരും ഉണ്ടാകുന്നില്ല; ജനിക്കുന്ന ആരും ദൈവത്തിന് അന്യനല്ല. സകലരും ദൈവത്തിന്റെ പ്രതിഛായ വഹിക്കുന്ന സ്വന്തം മക്കൾ- ഞാനും നീയും ഒരുപോലെ. അതിനാൽ നമ്മെ നയിക്കുന്ന ചൈതന്യം ഭയത്തിന്റേതല്ല സ്നേഹത്തിന്റേതായിരിക്കണം. **സ്നേഹത്തിൽ ഭയത്തിന് ഇടമില്ല; പൂർണമായ സ്നേഹം ഭയത്തെ ബഹിഷ്കരിക്കുന്നു** (1 യോഹ 4:18). ആദ്യം നമ്മെ സ്നേഹിച്ച, തന്റെ ഏകജാതനെപ്പോലും നല്കാൻ മാത്രം അത്രയേറെ നമ്മെ സ്നേഹിച്ച, സ്നേഹിക്കുന്ന ദൈവത്തിന്റെ സ്നേഹത്തിൽ വിശ്വസിക്കാം. അപ്പോൾ എല്ലാ ഭയവും ഓടിയകലും. നിർഭയരായി, സന്തോഷത്തോടെ, ദൈവ മക്കളുടെ സ്വാതന്ത്ര്യത്തോടെ നമുക്ക് ജീവിക്കാൻ കഴിയും; ദൈവമാണ് പറയുന്നത്; ഭയപ്പെടേണ്ട, ഞാൻ നിനക്ക് പരിചയാണ്.






***ഹാഗാർ നീ വിഷമിക്കേണ്ടാ;***
***ഭയപ്പെടുകയും വേണ്ടാ, കുട്ടിയുടെ കരച്ചിൽ***
***ദൈവം കേട്ടിരിക്കുന്നു*** *(ഉത്പ 21:17).*

# 5

# ദൈവം നിലവിളി കേൾക്കുന്നു

ചുട്ടുപൊള്ളുന്ന മണലാരണ്യം. നിഴലിനായി ഒരു മേഘക്കീറു പോലുമില്ല. കണ്ണെത്തുന്ന ദൂരത്തെങ്ങും ജീവന്റെ അടയാളമായി ഒരു പുൽനാമ്പുപോലും കാണാനില്ല. പോകാൻ ഒരിടമോ നടക്കാൻ ഒരു വഴിയോ ഇല്ല. എങ്ങും ശ്മശാന മൂകത. ഈ മൂകതയിൽ താമസിയാതെ തന്റെ കുഞ്ഞും പിന്നാലെതാനും ലയിച്ചുതീരും എന്ന് ഭയന്നു ഹാഗാർ.

അവൾ തിരഞ്ഞെടുത്തതല്ല ഈ യാത്ര. മുമ്പൊരിക്കൽ സ്വാമിനിയായ സാറായെ വേണ്ടത്ര ആദരിച്ചില്ല എന്നതിന്റെ പേരിലുണ്ടായ കഠിനമായ പീഡനം സഹിക്കാനാവാതെ അവൾ മരുഭൂമിയിലേക്ക് ഓടിപ്പോയിരുന്നു. അന്ന് ദൈവദൂതൻ പ്രത്യക്ഷപ്പെട്ട് അവൾക്ക് വഴികാട്ടി, സംരക്ഷണം വാഗ്ദാനം ചെയ്തു. വിട്ടുപോന്ന യജമാനഗൃഹത്തിലേക്ക് മടങ്ങിപ്പോകാൻ കർത്താവുതന്നെയാണ് അവ

ളോടാജ്ഞാപിച്ചത്. അവൾ അനുസരിച്ചു. എന്നിട്ടിപ്പോൾ എന്തേ ഇങ്ങനെ നിഷ്കരുണം അടിച്ചിറക്കപ്പെടുന്നു?

യജമാനത്തിയായ സാറാ തന്റെ വന്ധ്യത്വത്തിന് ഒരു പരിഹാരമായാണ് അവളെ ഭർത്താവായ അബ്രാഹത്തിന് കാഴ്ചവച്ചത്. ഭാര്യയായി കൊടുത്തു എന്ന് ബൈബിൾ പറയുന്നെങ്കിലും ഭാര്യയുടേതായ അവകാശമോ മാന്യതയോ അവൾക്ക് നല്കിയില്ല. ഗർഭധാരണശേഷിയില്ലാത്ത തനിക്കുവേണ്ടി ഒരു പുത്രനെ ഗർഭം ധരിച്ച് പ്രസവിക്കണം. ആ കുഞ്ഞിനെ തന്റെ മകനായി പരിഗണിക്കണം. ഇത് മാത്രമായിരുന്നു സാറായുടെ ലക്ഷ്യം. അന്നത്തെ നാട്ടുനടപ്പനുസരിച്ച് അതിൽ അപാകതയൊന്നും കാണാൻ കഴിയില്ല.

പക്ഷേ, സാറായ്ക്ക് സ്വന്തമായി ഒരു പുത്രൻ ജനിച്ചപ്പോൾ ആശയം മാറി; നിലപാട് മാറ്റി, ഇപ്പോൾ യജമാനത്തി കാല്  മാറ്റിച്ചവിട്ടുകയായി. ഹാഗാറിന്റെ മകൻ ഇസ്മായേലും സാറായുടെ മകൻ ഇസഹാക്കും ഒരുമിച്ച് കളിക്കുന്നത് കണ്ടപ്പോൾ സാറായുടെ ഉള്ളിൽ ഭീതി ഉണർന്നു; അവകാശബോധം തല ഉയർത്തി. പിന്നെ ഒട്ടും വൈകിയില്ല. ഭർത്താവിന്റെ അടുക്കൽ നടത്തുന്നത് യാചനയോ അഭ്യർത്ഥനയോ അല്ല. ആജ്ഞയാണ്. **ആ അടിമപ്പെണ്ണിനെയും അവളുടെ മകനെയും ഇറക്കിവിടുക. അവളുടെ മകൻ എന്റെ മകൻ ഇസഹാക്കിനോടൊപ്പം അവകാശിയാകാൻ പാടില്ല** (ഉത്പ.21:10).

തന്റെ ഭർത്താവിൽനിന്നും ഗർഭം ധരിക്കാൻ സാറാ തന്റെ ദാസിയായ ഹാഗാറിനെ നിർബന്ധിച്ചപ്പോൾ ഇങ്ങനെ ഒരു ചിന്ത ഉണ്ടായിരുന്നില്ല. അവൾ പ്രസവിക്കുന്ന ശിശു തന്റേതായിരി ക്കണം എന്ന് സാറാ ആഗ്രഹിച്ചു, തീരുമാനിച്ചു. ഇപ്രകാരം വാടകഗർഭത്തിന് താൽപര്യമുണ്ടോ, സമ്മതമാണോ എന്നൊന്നും ഹാഗാറിനോട് ആരും ചോദിച്ചില്ല. സ്വന്തമായി അവകാശമൊന്നും ഇല്ലാത്ത അടിമയല്ലേ അവൾ! ആരാണവളെ അടിമയാക്കിയത്? അവളും സ്വന്തമായ ഇഷ്ടാനിഷ്ടങ്ങളും സ്വപ്നങ്ങളും ഉള്ള ഒരു മനുഷ്യവ്യക്തിയല്ലേ? സ്വാമിനി സാറാ  ഇതിനെക്കുറിച്ചൊന്നും വ്യഗ്രചിത്തയല്ല. ഇറക്കിവിടൂ, അവളെ! എന്തേ ഇത്ര ക്രൂരത?

അബ്രാഹം അനുസരിച്ചതേയുള്ളൂ. ആദ്യതവണയും അതു

തന്നെയാണ് സംഭവിച്ചത്. അന്ന് ഹാഗാർ ഓടിപ്പോവുകയായിരുന്നു. ഇന്നാകട്ടെ അബ്രാഹം തന്നെയാണ് അവരെ ഇറക്കിവിടുന്നത്. **അബ്രാഹം അതിരാവിലെ എഴുന്നേറ്റ് കുറെ അപ്പവും ഒരു തുകൽ സഞ്ചിയിൽ വെള്ളവുമെടുത്ത് ഹാഗാറിന്റെ തോളിൽ വച്ചുകൊടുത്തു. മകനെയും ഏല്പിച്ചിട്ട് അവളെ പറഞ്ഞയച്ചു** (ഉത്പ 21:14). മകനെ ഓർത്ത് ആകുലനായ അബ്രാഹത്തിന് ദൈവം സാന്ത്വനവും വാഗ്ദാനവും നല്കിയിരുന്നു. അവനെയും ഒരു വലിയ ജനതയാക്കും. ഇപ്പോൾ സാറാ പറയുന്നതുപോലെ ചെയ്യുക. കാരണം സാറാ പ്രസവിച്ച ഇസ ഹാക്കിലൂടെ ആയിരിക്കും വാഗ്ദാനങ്ങൾ നിറവേറ്റപ്പെടുക. ഈ ദൈവദൂത ദർശനവും വാഗ്ദാനവും അബ്രാഹത്തിനേ അറിയൂ. ഹാഗാറിന്റെ മുമ്പിൽ വഴിയും നിഴലുമില്ലാത്ത ചുട്ടുപൊള്ളുന്ന മരുഭൂമി മാത്രം. മരണം മാത്രമേ ഇനി പ്രതീക്ഷിക്കാനുള്ളൂ. ഒന്നു നിലവിളിക്കാൻ പോലും കഴിയാതെ ശിലാതുല്യം മരവിച്ച അവസ്ഥ. **കുഞ്ഞ് മരിക്കുന്നത് എനിക്ക് കാണാൻ വയ്യ**! (ഉത്പ. 21:16). ഹൃദയം പിളർന്ന് ഇറ്റുവീഴുന്ന അമ്മയുടെ ദീനരോദനം.


ദാഹിച്ച് തൊണ്ട വരണ്ട കുഞ്ഞ് കരഞ്ഞു. കുഞ്ഞിന്റെ കരച്ചിൽ കേൾക്കാൻ പിതാവായ അബ്രാഹം അടുത്തില്ലായിരുന്നു; ഇറക്കിവിട്ട സാറായുമില്ല. അമ്മ ഹാഗാർ കുഞ്ഞിന്റെ മരണം കാണാനാവാതെ അകലെ മാറി, മറുവശത്തേക്ക് നോക്കിയിരിക്കുകയാണ്. എല്ലാം അസ്തമിച്ചു എന്നു തോന്നിയിടത്താണ്, നിലവിളിക്ക് ഉത്തരമായി ദൈവത്തിന്റെ ശബ്ദം ആകാശത്തുനിന്ന് മുഴങ്ങിയത്: **ഹാഗാർ നീ വിഷമിക്കേണ്ടാ, ഭയപ്പെടുകയും വേണ്ടാ, കുട്ടിയുടെ കരച്ചിൽ ദൈവം കേട്ടിരിക്കുന്നു** (ഉത്പ. 21:17).

അതാണ് ദൈവം! എല്ലാ വഴികളും അടഞ്ഞു എന്ന് തോന്നുന്നിടത്ത് പുതിയ വഴി തുറക്കുന്നവൻ, സഹായിക്കാൻ ആരുമില്ലാത്തവന്റെ സഹായത്തിനെത്തുന്നവൻ. ദൈവത്തിന്റെ ശബ്ദം ശക്തി പകരും; വാഗ്ദാനം പ്രത്യാശ നല്കും; സംരക്ഷണം സുരക്ഷിതത്വം ഉറപ്പാക്കും. ദുഃഖവും നിരാശയും പരത്തുന്ന ഇരുട്ടിൽ കാഴ്ച നഷ്ടപ്പെട്ട മനസ്സിന്റെ മുമ്പിൽ പുതിയ പ്രകാശമായി അവൻ ഉദിക്കും. അപ്പോൾ അതുവരെ അജ്ഞാതമായിരുന്ന യാഥാർത്ഥ്യം മനസ്സിന്

മുന്നിൽ പ്രത്യക്ഷമാകും. **ദൈവം അവളുടെ കണ്ണുതുറന്നു. അവൾ ഒരു കിണർ കണ്ടു. അവൾ ചെന്ന് തുകൽ സഞ്ചി നിറച്ച്, കുട്ടിക്ക് കുടിക്കാൻ കൊടുത്തു. ദൈവം ആ കുട്ടിയോടുകൂടെ ഉണ്ടായിരുന്നു** (ഉത്പ. 21:19-20). ആ കിണർ അവിടെത്തന്നെ ഉണ്ടായിരുന്നു. എന്നാൽ ദുഃഖാധിക്യത്താൽ അവൾക്ക് കാഴ്ച മങ്ങിപ്പോയിരുന്നു. ഉള്ളിൽ ഇരുട്ടുനിറഞ്ഞ അവൾക്ക് പുറത്തുള്ള കിണർ, ജീവജലത്തിന്റെ ഉറവ, കാണാൻ കഴിഞ്ഞില്ല. കുഞ്ഞിന്റെ നിലവിളി കേട്ട ദൈവം അവരുടെ ജീവിതത്തിൽ നിർണ്ണായകമായി ഇടപെട്ടു. ഭയപ്പെടേണ്ടാ എന്ന ദൈവവചനം അവൾക്ക് സമാധാനം നല്കി; അവളുടെ ഉൾക്കണ്ണ് തുറന്നു.

ഇനി അവൾക്ക് ഭയമില്ല; ദുഃഖമോ നിരാശയോ ഇല്ല. എല്ലാവരും ഉപേക്ഷിച്ച തന്നെയും കുഞ്ഞിനെയും ദൈവം കൈവിട്ടില്ല; ഒരിക്കലും കൈവിടില്ല എന്ന ബോധ്യം അവൾക്ക് ശക്തിയും ധൈര്യവും പകർന്നു. ഇനി ഏത് പ്രതിസന്ധിയെയും അവൾ തരണം ചെയ്യും. ഇതുവരെ അലഞ്ഞുനടന്ന മരുഭൂമിയിൽ ത്തന്നെ അവൾ വാസമുറപ്പിക്കും. അവളുടെ മകൻ പന്ത്രണ്ടു ഗോത്രങ്ങളുടെ പിതാവായി ഇസഹാക്കിന്റെ മകൻ യാക്കോബിനെ പ്പോലെ, എന്ന് വിശുദ്ധഗ്രന്ഥം തുടർന്ന് രേഖപ്പെടുത്തിയിട്ടുണ്ട് (ഉത്പ.25:12-18).

ദൈവം ആരെയും കൈവിടുന്നില്ല. എല്ലാ വഴിയും അടഞ്ഞു എന്ന് തോന്നുമ്പോഴും പുതിയ വഴികൾ തുറന്നുതരാൻ ദൈവത്തിന് കഴിയും. കുടിനീരിനുവേണ്ടി കേഴുമ്പോൾ അടുത്തു തന്നെയുള്ള കിണർ കാണാൻ കഴിയാതെ പോയെന്നുവരാം. നാം നേരിടുന്ന പ്രശ്നങ്ങളുടെ മധ്യത്തിൽത്തന്നെ അതിനുള്ള പരിഹാരവുമുണ്ടാകും. കുഞ്ഞിന്റെ നിലവിളിക്കുത്തരമായിട്ടാണ് ദൈവം ഹാഗാറിന്റെ കണ്ണ് തുറന്നത്. തകർന്ന ഹൃദയത്തിൽ നിന്നുയരുന്ന നിലവിളി ദൈവം കേൾക്കും; പരിഹാരമുണ്ടാകും. അതിനാൽ പ്രത്യാശ കൈവെടിയാതെ, ഭയപ്പെടാതെ, പ്രാർത്ഥിക്കുക. നിലവിളി കേൾക്കുന്ന ദൈവം ഉത്തരം തരും; വൈകുന്നെങ്കിൽ നിരാശപ്പെടാതെ തുടർന്നും പ്രാർത്ഥിക്കുക. ദൈവം ആരെയും കൈവിടുകയില്ല.



***കർത്താവ് അവന്
പ്രത്യക്ഷപ്പെട്ട്
അരുളിചെയ്തു: നിന്റെ
പിതാവായ
അബ്രാഹത്തിന്റെ
ദൈവമാണ് ഞാൻ.
നീ ഭയപ്പെടേണ്ടാ,
ഞാൻ നിന്നോടുകൂടെയുണ്ട്.
എന്റെ ദാസനായ
അബ്രാഹത്തെപ്രതി ഞാൻ
നിന്നെ അനുഗ്രഹിക്കും.
നിന്റെ സന്തതികളെ
വർദ്ധിപ്പിക്കുകയും ചെയ്യും***
*(ഉത്പ. 26:24).*

# 6

# കർത്താവ് അഭയം

പിതാവായ അബ്രാഹത്തിന്റെയും പുത്രനായ യാക്കോബിന്റെയും ഇടയിൽ ഒതുങ്ങിപ്പോയ ഒരു ചെറിയ കഥാപാത്രമാണ് ഇസഹാക്ക്. അബ്രാഹത്തിന്റെ വിശ്വാസധീരതയോ യാക്കോബിന്റെ കുശാഗ്രബുദ്ധിയോ അയാൾക്കില്ല. അബ്രാഹത്തെപ്പോലെ വിശ്വാസത്തിന്റെ അഗ്നിപരീക്ഷണങ്ങളോ യാക്കോബിനെപ്പോലെ മാരകമായ പ്രതിസന്ധികളോ അയാൾക്ക് നേരിടേണ്ടിവന്നതുമില്ല. അതിനാൽ തന്നെയാവും, ബൈബിൾ അധികമൊന്നും ഇസഹാക്കിനെക്കുറിച്ച് പറയുന്നില്ല. അബ്രാഹത്തെക്കുറിച്ച് വിവരിക്കാൻ 14 ഉം യാക്കോബിനെക്കുറിച്ച് പ്രതിപാദിക്കാൻ ഏകദേശം 20 ഉം അദ്ധ്യായങ്ങൾ മാറ്റിവയ്ക്കുന്ന വി. ഗ്രന്ഥകാരൻ ഇസഹാക്കിന്റെ പ്രവർത്തനങ്ങളുടെ വിവരണങ്ങൾ വെറും ഒരദ്ധ്യായത്തിൽ ഒതുക്കി **(ഉത്പ. 26**). എന്നാലും സുപ്രധാനമായ ചില വെളിപ്പെടുത്തലുകൾ

ഇസഹാക്കിലൂടെ നമുക്ക് ലഭിക്കുന്നുണ്ട്.

തദ്ദേശവാസികളുടെ എതിർപ്പും പീഡനവും നിരന്തരം ഏല്ക്കേണ്ടിവന്ന ഒരു ആട്ടിടയനായിരുന്നു ഇസഹാക്ക്. ചെന്ന് പാർക്കാൻ ശ്രമിച്ചിടത്തെല്ലാം എതിർപ്പുകൾ. അയാൾ കുഴിക്കുന്ന കിണറുകൾ തദ്ദേശവാസികൾ പിടിച്ചെടുക്കുന്നു; നാടുവിടാൻ നിർബന്ധിക്കുന്നു. ചെറുത്തു നിൽക്കാൻ കഴിവോ, ധൈര്യമോ ഇല്ലാതെ, കുഴിച്ച കിണറുകൾ ഉപേക്ഷിച്ച്, പുതിയ മേച്ചിൽ പുറം തേടി അലയുന്നു. ഇപ്രകാരമുള്ള അലച്ചിലിനിടയിലാണ് ദൈവം പ്രത്യക്ഷപ്പെട്ട് ശക്തി പകരുന്നത്.

അനേകം എതിർപ്പുകൾക്കു ശേഷം കുഴിച്ച ഒരു കിണ റിൽ വെള്ളം കണ്ടു. അത് കൈവശമാക്കാൻ മറ്റാരും വന്നില്ല. അപ്പോൾ അത് ദൈവം നല്കുന്ന സംരക്ഷണമായി ഇസഹാക്ക് മനസ്സി ലാക്കി. എതിർപ്പില്ലാതെ സ്വന്തമായി ഉപയോഗിക്കാൻ കഴിഞ്ഞ, 'റഹോ ബോത്ത്' എന്ന് അയാൾതന്നെ പേര് നല്കിയ കിണർ ദൈവിക സംരക്ഷണത്തിന്റെ അടയാളമായി അയാൾ കരുതി: **കർത്താവ് ഞങ്ങൾക്ക് ഇടം തന്നിരിക്കുന്നു. ഭൂമിയിൽ ഞങ്ങൾ സമൃദ്ധിയുള്ള വരാകും** (ഉത്പ 26:22) എന്ന അയാളുടെ സ്വഗതം ഈ സുരക്ഷിതത്വ ബോധം പ്രകടമാക്കുന്നു. 'ഇടം' എന്നാണ് പേരിനർത്ഥം. അതിനു ശേഷമാണ് ബേർഷെബായിൽവച്ച് രാത്രിയിൽ ദൈവത്തിന്റെ ദർശനവും അരുളപ്പാടുമുണ്ടായത് (**ഉത്പ. 26:23–24**).

ഭയപ്പെടാൻ ഏറെ കാരണങ്ങളുണ്ടായിരുന്നു ഇസഹാക്കിന്. ചെല്ലുന്നിടത്തെല്ലാം പരദേശി. ഒരു തുണ്ടുഭൂമിപോലും സ്വന്ത മായില്ല. പിതാവായ അബ്രാഹത്തിന് ദൈവം ഭൂമി വാഗ്ദാനം ചെയ്തെങ്കിലും ഇതുവരെ ആ വാഗ്ദാനം നിറവേറിയിട്ടില്ല; ഒന്നും സ്വന്തമായി ലഭിച്ചിട്ടുമില്ല. ലോകജനതകൾക്കുമുഴുവൻ അനുഗ്ര ഹത്തിനും തദ്വാരാ സന്തോഷത്തിനും കാരണമാകും എന്ന ഓർമ്മ പ്പെടുത്തലാണ് 'അവൻ ചിരിച്ചു' എന്നർത്ഥമുള്ള ഇസഹാക്ക് എന്ന പേര്. എന്നാൽ അയാൾക്കിതുവരെ സന്തോഷത്തിനോ അനുഗ്രഹ സിദ്ധിക്കോ കാര്യമായ അവസരമൊന്നും ഉണ്ടായില്ല. തീക്ഷ്ണ മതിയായ പിതാവിന്റെ വാളിൽനിന്ന് തലനാരിഴയ്ക്കാണ് അവസാന നിമിഷം രക്ഷപ്പെട്ടത്. കൈകാലുകൾ കൂട്ടിക്കെട്ടി ചുറ്റിലും ആളിക്ക ത്തുന്ന അഗ്നിക്ക് മദ്ധ്യേ ബലിമൃഗത്തെപ്പോലെ കഴുത്തിൽ പതി

ക്കുന്ന വാളിനുവേണ്ടി ശ്വാസമടക്കി യാഗപീഠത്തിൽ കാത്തു കിടന്നവന് ഭയമില്ലാതിരിക്കുമോ? തുടർന്നുള്ള യാത്രയിലും ഭയം വിതച്ചനിമിഷങ്ങൾ ധാരാളം.

എന്നാലും ദൈവമാണ് ഉറപ്പുനല്കുന്നത്. **നീ ഭയപ്പെടേണ്ടാ, ഞാൻ നിന്നോടുകൂടെയുണ്ട്** (ഉത്പ 26:24). ദൈവം വാക്ക് പാലിച്ചു. സകല പ്രതിസന്ധികളിലും കർത്താവ് കൂടെനിന്നു; കൈപിടിച്ചു നടത്തി; അപകടങ്ങളിൽ തുണയായി. അങ്ങനെ സുദീർഘമായ 180 വർഷത്തെ ജീവിതത്തിനുശേഷം സമാധാനത്തോടെ മരിച്ചപ്പോൾ മക്കളായ ഏസാവും യാക്കോബും ഒരുമിച്ച് അയാളെ പിതാവായ അബ്രാഹത്തിന്റെ കല്ലറയിൽ സംസ്കരിച്ചു. മാത്രമല്ല രക്ഷാചരിത്ര ത്തിലുടനീളം പിതാവിനോടും പുത്രനോടുമൊപ്പം അനുസ്മരിക്ക പ്പെടുന്നു; "അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോ ബിന്റെയും ദൈവം" എന്നാണല്ലോ ദൈവം അറിയപ്പെടുന്നത്. അങ്ങനെ ദൈവത്തിന്റെ പേരോട് കൂട്ടിവായിക്കാൻ മാത്രം അയാ ളുടെ പേരിന് പ്രാധാന്യം ലഭിച്ചു.

ഇസഹാക്കിന്റേതുപോലുള്ള അനുഭവങ്ങൾ നമ്മുടെ ജീവിത യാത്രയിലും ഉണ്ടായെന്നുവരാം. ചെയ്യുന്ന കാര്യങ്ങൾ എല്ലാം പരാജ യപ്പെടുക; ആരുടെയും അംഗീകാരം ലഭിക്കാതിരിക്കുക. എല്ലായിട ത്തും ഒറ്റപ്പെടുത്തലുകളും എതിർപ്പുകളും നേരിടുക. ചവിട്ടി നിൽക്കാൻ ഒരിടം നിഷേധിക്കപ്പെടുക. അങ്ങനെ എത്രയെത്ര പരാജ യങ്ങൾ, ഭീതി വിതയ്ക്കുന്ന അനുഭവങ്ങൾ! എന്നാലും മറക്കരു താത്ത ഒരു വാഗ്ദാനമുണ്ട്; "ഞാൻ നിന്നോടു കൂടെ ഉണ്ട്". നിരന്ത രമായ ഈ ദൈവിക സാന്നിധ്യമാണ് നമുക്ക് സുരക്ഷിതത്വബോധം നല്കി ഭയം അകറ്റുന്നത്. ഭയമില്ലാതെ വസിക്കാൻ കഴിയുന്ന ഇടമാ ണല്ലോ 'അഭയം'. അത് നാം കണ്ടെത്തുന്നത് കർത്താവിൽ മാത്ര മാണെന്നോർക്കാം. അവിടുത്തെ സാന്നിധ്യം ഭയമകറ്റും. ആ സാന്നി ദ്ധ്യം ഇസഹാക്കിനെന്നതുപോലെ നമുക്കും ഈ വാഗ്ദാനത്തി ലൂടെ ഉറപ്പുതന്നിട്ടുണ്ട്. കൂടെ നടക്കുന്ന, കൂട്ടിനിരിക്കുന്ന, കൂടെ വസി ക്കുന്ന ദൈവമാണ് അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവം. അവനാണ് നമ്മുടെ ദൈവം. അവനെ യാണ് നാം ഇമ്മാനുവേൽ എന്നു വിളിക്കുന്നത്. ആകയാൽ ഒരു സാഹചര്യത്തിലും ഭയപ്പെടേണ്ടാ, കർത്താവ് കൂടെയുണ്ട്.



***ഭീതി പൂണ്ട് അവൻ പറഞ്ഞു: ഈ സ്ഥലം എത്ര ഭയാനകമാണ്! ഇത് ദൈവത്തിന്റെ ഭവനമല്ലാതെ മറ്റൊന്നുമല്ല. സ്വർഗ്ഗത്തിന്റെ കവാടമാണിവിടം*** *(ഉത്പ. 28:17).*

# 7

# സ്വർഗ്ഗകവാടം: ബെഥേൽ

അമ്മയുടെ ഉപദേശവും അപ്പന്റെ ആശീർവ്വാദവും സ്വീകരിച്ചുകൊണ്ടാണ് യാത്ര പുറപ്പെട്ടതെങ്കിലും വാസ്തവത്തിൽ അത് ഒരു ഒളിച്ചോട്ടമായിരുന്നു. തന്നെ കൊല്ലാൻ ഒരുങ്ങുന്ന സഹോദരനെ ഭയന്നുള്ള ഒളിച്ചോട്ടം. ഭയപ്പെടാൻ മതിയായ കാരണവും അവനുണ്ടായിരുന്നു. അമ്മ പറഞ്ഞതനുസരിച്ചാണെങ്കിലും ചെയ്തത് വലിയ തെറ്റാണെന്ന് മനസാക്ഷി അവനെ കുറ്റപ്പെടുത്തി. കാട്ടിറച്ചിക്കുവേണ്ടി കൊതിച്ച അപ്പനെ ആട്ടിറച്ചി തീറ്റിച്ച് കബളിപ്പിച്ചതും, ആട്ടിൻതോൽ പുതച്ച് താൻ ഏസാവാണെന്ന് തെറ്റിദ്ധരിപ്പിച്ചതും അമ്മയുടെ ഉപദേശം അനുസരിച്ചുതന്നെ ആയിരുന്നു. അനുഗ്രഹത്തിന് പകരം ശാപം കിട്ടിയേക്കുമോ എന്ന് ഭയന്നപ്പോഴും അമ്മ തന്നെയാണ് ധൈര്യപ്പെടുത്തിയത്. **ആ ശാപം എന്റെ മേലായിരിക്കട്ടെ.** (ഉത്പ. 27:13).

ഇനി ഒരു ചുവടു പോലും മുന്നോട്ടുവയ്ക്കാനാവില്ല എന്നായപ്പോൾ അവൻ കിടന്നു; വഴിവക്കിൽ- തളർന്നുകിടന്ന അവൻ പരാജിതനായിരുന്നു. കുറ്റബോധം വേട്ടയാടുന്ന മനസ്സ്. ഉറയൂരിയ കത്തിയുമായി തന്റെ പിന്നാലെ ജ്യേഷ്ഠൻ പാഞ്ഞു വരുന്നു എന്ന ഭയം. ലക്ഷ്യസ്ഥാനമായ ഹാരാൻ ഇനിയും എത്രയോ അകലെ! മുന്നിൽ കനക്കുന്ന കൂരിരുട്ട്. അവൻ തളർന്നു, തകർന്നു. വഴിവക്കിൽ കണ്ട ഒരു കല്ല് തലയിണയാക്കി അവൻ കിടന്നു- പരാജയത്തിന്റെ പ്രതീകംപോലെ; യാക്കോബ്.

അവന്റെ പേരുതന്നെ അപകർഷതാബോധവും ഭയവും സൃഷ്ടിക്കുന്നതായിരുന്നു, യാക്കോബ്- കാലുവാരി' എന്ന് പച്ച മലയാളത്തിൽ. ആ പേരും അമ്മ തന്നെയാണവന് സമ്മാനിച്ചത്. ഇരട്ടകളിൽ രണ്ടാമനായി പുറത്തുവന്നവൻ ആദ്യം വന്നവന്റെ കുതികാലിൽ പിടിച്ചിരുന്നുവത്രേ! ജനിക്കുന്നതിനുമുമ്പേ അരുളപ്പാടുണ്ടായിരുന്നെന്നും രണ്ടാമനായി ജനിക്കുന്ന താൻ മൂത്തവന്റെ സ്ഥാനം കരസ്ഥമാക്കുമെന്നത് ദൈവികപദ്ധതിയായിരുന്നുവെന്നും അമ്മ അവനെ ബോധ്യപ്പെടുത്തിയിരുന്നു (**ഉത്പ. 25:23**).

വേട്ടയ്ക്കുപോയിട്ട് വെറും കയ്യോടെ മടങ്ങിവന്ന ചേട്ടന് ഒരാനയെ വിഴുങ്ങാൻ മാത്രം വിശപ്പുണ്ടായിരുന്നു. അമ്മയുടെ സഹായത്തോടെ താൻ തയ്യാറാക്കിയ ചുവന്ന പയറുപായസത്തിന്റെ മണമടിച്ച് യാചിച്ച ചേട്ടനെ തികച്ചും വഞ്ചിക്കുകയായിരുന്നു എന്നും ഈ കിടപ്പിൽ അവൻ ഓർത്തു. വാസ്തവത്തിൽ അവിടെയല്ലേ എല്ലാറ്റിന്റെയും തുടക്കം? ചേട്ടൻ തടിയനാണ്, പക്ഷേ പാവമാണ്. ഉള്ള് ശുദ്ധം. വലിയ വീണ്ടുവിചാരമൊന്നുമില്ല. ഭാവിയെക്കുറിച്ച് കാര്യമായ പദ്ധതികളുമില്ല. കൊതി- അതാണവന്റെ ദൗർബ്ബല്യം. ആ ബലഹീനതയെ എത്ര നീചമായാണ് താൻ ചൂഷണം ചെയ്തത്! വിശന്നു പൊരിഞ്ഞ ചേട്ടന്റെ മുമ്പിൽ ഒരു പാത്രം പായസത്തിന് പറഞ്ഞ വില ജ്യേഷ്ഠസ്ഥാനം. എന്തു നീതികരണമാണിതിനുള്ളത്? അവനെക്കൊണ്ട് ദൈവനാമത്തിൽ ആണയിട്ടു സത്യം ചെയ്യിച്ചതിനുശേഷം പായസം കൊടുത്തു. അവൻ വയറുനിറയെ കുടിച്ചു. സന്തോഷത്തോടെ, എണീറ്റുപോയി. തനിക്ക് നഷ്ടപ്പെട്ടത് എന്താണെന്ന് അവൻ അറിഞ്ഞില്ല; അറിയാൻ ആഗ്രഹിച്ചതുമില്ല.

അത്രയ്ക്കേ അവന് ബോധമുണ്ടായിരുന്നുള്ളൂ.

മെയ്ക്കരുത്തും മനക്കരുത്തും തമ്മിൽ നടന്ന ഒരു സംഘട്ടനമായിരുന്നു അത്. അവിടെ താൻ ജയിച്ചു. ജ്യേഷ്ഠൻ, വിഡ്ഢിയാൻ, ഒന്നുമറിയാതെ നടന്നു ഒരു വിധത്തിൽ ചിന്തിച്ചാൽ ഇപ്പോൾ ജ്യേഷ്ഠസ്ഥാനവും അതിനോടനുബന്ധിച്ചുള്ള ദൈവാനുഗ്രഹവും തനിക്ക് അവകാശപ്പെട്ടതല്ലേ? എന്നാൽ വഞ്ചനയിലൂടെ നേടിയെടുത്ത ഈ ജ്യേഷ്ഠസ്ഥാനം. നിയമദൃഷ്ടിയിൽ നിലനിൽക്കുമോ? ഇല്ലെങ്കിൽ നുണ പറഞ്ഞും വഞ്ചിച്ചും അപ്പനിൽനിന്ന് തട്ടിയെടുത്ത അനുഗ്രഹമോ?

ഒന്നിനും വ്യക്തമായ ഉത്തരമില്ല. അനുഭവപ്പെടുന്നത് ഒന്നു മാത്രം ഭയം! ഇനി ഒന്നേ കരണീയമായുള്ളൂ– ഓടുക. ഓടിയൊളിക്കുക. പക്ഷേ ഇപ്പോൾ രാത്രിയായി. വഴി കാണാനാവില്ല. ഇനിയും ഓടാൻ കാലിന് ബലവുമില്ല. തളർന്നുകിടന്നു വഴിവക്കിൽ. പെരുമ്പറപോലെ കാതിൽ മുഴങ്ങിയ ചങ്കിടിപ്പ് പിന്നാലെ വരുന്ന ചേട്ടന്റെ കാലൊച്ചയാണെന്ന് കരുതി നടുങ്ങി; എപ്പോഴോ അവൻ ഉറങ്ങി!

ഉറക്കത്തിൽ കണ്ട ദർശനം തന്റെ യഥാർത്ഥ അവസ്ഥയു മായിയാതൊരു ബന്ധവുമില്ലാത്തതായിരുന്നു. തലയ്ക്ക് മുകളിൽ തുറന്ന സ്വർഗ്ഗം. സ്വർഗ്ഗത്തിൽ നിന്ന് താഴേക്കിറങ്ങി ഭൂമിയിൽ കാലുറപ്പിച്ച കോവണി. കോവണിയിലൂടെ കയറിയിറങ്ങുന്ന മാലാഖമാർ. കോവണിക്കു മുകളിൽ നിൽക്കുന്ന ദൈവം. വഞ്ച നകളുടെ പേരിൽ തന്നെ ശിക്ഷിക്കാൻ വന്നതാണ് ദൈവം എന്ന് അവൻ കരുതി ഭയന്നിട്ടുണ്ടാവും. എന്നാൽ ദൈവത്തിൽനിന്ന് കേട്ട വാക്കുകൾ അവനുതന്നെ വിശ്വസിക്കാനായില്ല. ശകാരമില്ല, കുറ്റപ്പെടുത്തലില്ല. താൻ ചെയ്തുകൂട്ടിയ തെറ്റുകളെക്കുറിച്ച് ഒരു സൂചനപോലുമില്ല. മറിച്ച് വാഗ്ദാനങ്ങൾ. അതും ഒന്നല്ല, പൂർണ്ണതയെ സൂചിപ്പിക്കുന്ന ഏഴു വാഗ്ദാനങ്ങൾ.

1. നീ കിടക്കുന്ന മണ്ണ് നിനക്കും നിന്റെ സന്തതികൾക്കുമായി ഞാൻ നല്കും. 2. നിന്റെ മക്കൾ ഭൂമിയിലെ പൂഴിപോലെ അസംഖ്യമായിരിക്കും. 3. നിന്നിലൂടെ സകല ജനതകളും അനുഗ്രഹിക്കപ്പെടും. 4. ഞാൻ നിന്നോടു കൂടെയുണ്ട്. 5. നീ പോകുന്നിടത്തെല്ലാം ഞാൻ നിന്നെ കാത്തുരക്ഷിക്കും. 6. നിന്നെ ഈ നാട്ടിലേക്ക് തിരിയെ

കൊണ്ടുവരും. 7. ഞാൻ നിന്നെ കൈവിടുകയില്ല (ഉത്പ. 28:10-15).

ഇത് സ്വപ്നമോ അതോ ദർശനമോ? കുറ്റബോധത്തിൽ ആണ്ടു പോയ മനസ്സിന് ഇങ്ങനെ ഒരു സ്വപ്നം മെനഞ്ഞെടുക്കാനാവുമോ? താൻ കണ്ടത് മനസ്സിന്റെ വിഭ്രാന്തിയല്ല, യഥാർത്ഥത്തിൽ ദൈവം തന്നെ നല്കിയ ഒരു ദർശനമാണെന്ന് അവൻ തിരിച്ചറിഞ്ഞു. ആ തിരിച്ചറിവ് അവന്റെ ഭയം വർദ്ധിപ്പിച്ചു. **തീർച്ചയായും കർത്താവ് ഈ സ്ഥലത്തുണ്ട്. എന്നാൽ ഞാൻ അതറിഞ്ഞില്ല. ഭീതി പൂണ്ട് അവൻ പറഞ്ഞു. ഈ സ്ഥലം എത്ര ഭയാനകമാണ്! ഇത് ദൈവത്തിന്റെ ഭവനമല്ലാതെ മറ്റൊന്നുമല്ല. സ്വർഗ്ഗത്തിന്റെ കവാടമാണിവിടം** (ഉത്പ. 28:17).

പരാജിതന്റെ താഴ്വരയിലേക്ക് ഇറങ്ങിവരുന്ന ദൈവം. കുറ്റബോധത്തിന്റെ ഭാരം പേറി തളർന്നുറങ്ങുന്നവന്റെ തലയ്ക്കു മുകളിൽ തുറക്കുന്ന സ്വർഗ്ഗവാതിൽ. പേടിച്ചോടി തളർന്നു വീണവനെ പിടിച്ചെഴുന്നേല്പിക്കുന്ന ദൈവകരം. ആശ്വാസം പകരുന്ന, ശക്തിപ്പെടുത്തുന്ന ദൈവിക സാന്നിധ്യം. ഓടിയൊളിക്കാൻ ശ്രമിക്കുന്ന തന്റെ പിന്നാലെ വരുന്നത് ശിക്ഷിക്കാനും നശിപ്പിക്കാനുമല്ല, അനുഗ്രഹിച്ചുയർത്താനാണെന്ന ബോധ്യം നല്കുന്ന ദൈവം. ഇതാണ് യാക്കോബിന്റെ ആദ്യത്തെ ദൈവാനുഭവം. പ്രത്യാശ പകരുന്ന, ഭയം അകറ്റുന്ന ദൈവത്തെ ആദ്യമായി കണ്ടുമുട്ടിയ അനുഭവം. അതിനാൽത്തന്നെ അവൻ ആ സ്ഥലത്തിന് പേരു നല്കി; ബേത്ഏൽ- ദൈവത്തിന്റെ ഭവനം (ബഥേൽ).

ദൈവം തന്നെയാണ് സ്വർഗ്ഗമെന്നും അത് മുകളിൽ ദൂരെയെങ്ങോ, അല്ല, ഇവിടെത്തന്നെ ആണെന്നുമുള്ള ബോധ്യമാണ് യാക്കോബിനുണ്ടായത്. തന്റെ ബലഹീനതയും ഭീരുത്വവും അവയിൽനിന്നുണ്ടാകുന്ന വക്രബുദ്ധിയും വഞ്ചന നിറഞ്ഞ പെരുമാറ്റവും ഒന്നും ദൈവം കണക്കിലെടുക്കുന്നില്ല. ഈ സ്വഭാവവൈകല്യങ്ങൾ എല്ലാം അറിഞ്ഞു കൊണ്ടുതന്നെയാണ് ദൈവം തന്നെ തിരഞ്ഞെടുത്തിരിക്കുന്നത് എന്ന സത്യം ഒരു മിന്നൽ പിണർപോലെ അവന്റെ ബോധമണ്ഡലത്തിൽ മിന്നിമറഞ്ഞു. അത് ഒരു തുടക്കമായി രുന്നു. അവൻ ഇനിയും ഏറെ വളരേണ്ടതുണ്ട്. ദീർഘദൂരം ഇനിയും ഓടേണ്ടതുണ്ട്. എന്നാൽ തുടക്കത്തിൽ ലഭിച്ച ഈ ദൈവാനുഭവം ഭയത്തി

ന്റെയും അപകർഷതാബോധത്തിന്റെയും ചാരം മൂടിയ കനൽ പോലെ ഉപബോധമനസ്സിൽ ഉറങ്ങിക്കിടക്കും; അജ്ഞാതമായൊരു ശക്തിയുടെ ഉറവിടമായി.

ബഥേൽ ഒരു ചൂണ്ടുപലകയാണ്. എന്നും പ്രസക്തമായൊരടയാളം. മനുഷ്യൻ കാണുന്നതുപോലെയല്ല ദൈവം കാണുന്നത്. ഭൂതകാലത്തിന്റെ ഭാരം വർത്തമാനകാലത്തെ ഭയപ്പെടുത്തി തളർത്തുമ്പോൾ ദൈവം കാണുന്നത് ഭാവിയിൽ വിരിയുന്ന ആനന്ദമാണ്. കഴിഞ്ഞ കാലത്തെ വീഴ്ചകളും പരാജയങ്ങളും ഭാവിയെ മറയ്ക്കാൻ അനുവദിക്കരുത്. സംഭവിച്ചതെല്ലാം നല്ലതിന്- ദൈവം അനുവദിച്ചതുകൊണ്ടാണ് സംഭവിച്ചത്. തെറ്റുകളെ ന്യായീകരിക്കുകയല്ല, തെറ്റിൽ നിന്ന് പാഠം പഠിക്കുക; പിന്നിലുള്ളവയെ മറന്ന് മുന്നിലുള്ളവയെ, ദൈവം നല്കുന്ന വാഗ്ദാനത്തെ, ലക്ഷ്യംവച്ച് പ്രയാണം തുടരുക (ഫിലി. 3:13).

ഒന്നോർത്താൽ വീഴ്ച പറ്റാത്ത ആരാണുള്ളത്? ബൈബിൾ നിരത്തി വയ്ക്കുന്ന വലിയവരുടെ പട്ടികയിൽ ഒരിക്കലും പതറാത്തവർ, വീഴാത്തവർ, എത്ര ചുരുക്കം? കുടിച്ചുന്മത്തനായി മകനെ ശപിച്ച നോഹയും (ഉത്പ. 9:18–29) ഫറവോയെ ഭയന്ന് നുണ പറഞ്ഞ അബ്രാഹവും (ഉത്പ.12:11–13) ജ്യേഷ്ഠനെ വഞ്ചിച്ച യാക്കോബും, ദൈവത്തിന് മഹത്വം നല്കാൻ പരാജയപ്പെട്ടതിനാൽ വാഗ്ദത്ത ഭൂമിയിൽ പ്രവേശിക്കാൻ കഴിയാതെപോയ മോശയും (സംഖ്യ 20:12), ഇസ്രായേൽജനത്തിന് ആരാധിക്കാനായി കാളക്കുട്ടിയെ വാർത്തെടുത്ത ആദ്യപ്രധാന പുരോഹിതൻ അഹറോനും (പുറ. 32:2–6) വിഷയാസക്തി കാഴ്ച നശിപ്പിച്ച സാംസണും (ന്യായാ 16) യാതൊരു മനഃശ്ചാഞ്ചല്യവും കൂടാതെ വ്യഭിചാരവും കൊലപാതകവും നടത്തിയ ദാവീദും പോലെ എത്രയെത്ര കഥാപാത്രങ്ങൾ! ഇത് പഴയനിയമത്തിലെ മാത്രം കഥയല്ല. പാറയെന്നുവിളിച്ച്, സഭ സ്ഥാപിക്കാൻവേണ്ടി തിരഞ്ഞെടുത്തിട്ടും ഗുരുവിനെ അറിയില്ല എന്ന് ശപഥംചെയ്ത ശിമയോൻ പത്രോസും യേശുക്രിസ്തുവിനെ ദൈവദൂഷകനായി കണ്ട് അവന്റെ സഭയെ ഉന്മൂലനം ചെയ്യാൻ കച്ച കെട്ടി ഇറങ്ങിയ പൗലോസും എല്ലാം ഈ പട്ടികയിൽപെടും.

അവരെല്ലാം നല്കുന്ന ഒരു പാഠമുണ്ട്. എല്ലാം തകർന്നു, അവ

സാനിച്ചു എന്ന് കരുതുന്നിടത്താണ് ദൈവം വീണ്ടും തുടങ്ങുന്നത്. നരകവാതിൽ എന്ന് കരുതുന്ന തിനെ സ്വർഗ്ഗ കവാടമാക്കി മാറ്റാൻ ദൈവത്തിനു കഴിയും. അതിനാൽ ഭയപ്പെടേണ്ടാ; സന്തോഷത്തോടെ എഴുന്നേൽക്കുക; ദൈവത്തിന്റെ വാഗ്ദാനത്തിൽനിന്ന് ശക്തി സംഭരിക്കുക. ഇനിയും ഏറെ ദൂരം യാത്ര ചെയ്യാനുണ്ട്. നിന്നെക്കൊണ്ട് ദൈവത്തിനാവശ്യമുണ്ട്. **ഞാൻ വന്നത് നീതിമാന്മാരെ വിളിക്കാനല്ല, പാപികളെ വിളിക്കാനാണ്** (മത്താ 9:13) എന്നരുളിയ ഗുരുവാണ് നിന്നെയും വിളിക്കുന്നത്. **പൊടിയിൽനിന്ന് തട്ടിക്കുടഞ്ഞെഴുന്നേൽക്കുക... നിന്റെ കഴുത്തിലെ കെട്ടുകൾ പൊട്ടിക്കുക** (ഏശ. 52:2) മുകളിൽ തുറക്കുന്ന സ്വർഗ്ഗവാതിൽ, മുന്നിൽ തെളിയുന്ന രക്ഷയുടെ പാത, കാണുക. ഭയപ്പെടേണ്ടാ, അവൻ എന്നും കൂടെ ഉണ്ടായിരിക്കും.





***ദൈവത്തെ ഞാൻ മുഖത്തോടുമുഖം കണ്ടു. എന്നിട്ടും ഞാൻ ജീവനോടെയിരിക്കുന്നല്ലോ എന്നു പറഞ്ഞുകൊണ്ട് യാക്കോബ് ആ സ്ഥലത്തിന് പെനുവേൽ എന്നു പേരിട്ടു. അവൻ പെനുവേൽ കടന്നപ്പോൾ സൂര്യനുദിച്ചു. ഉളുക്കു നിമിത്തം അവൻ ഞൊണ്ടുന്നുണ്ടായിരുന്നു*** *(ഉത്പ. 32:30-31).*

# 8

# ദൈവത്തിന്റെ മുഖം - പെനുവേൽ

യാക്കോബിന്റെ ജീവിതത്തെ നിർണ്ണായകമായ രീതിയിൽ മാറ്റിമറിച്ച രാത്രിയായിരുന്നു അത്. തന്റെ പേരിനോട് സാമ്യമുള്ള യാബോക്ക് നദിയുടെ കിഴക്കേ കരയിൽ ഏകനായി ഉറങ്ങാൻ ശ്രമിച്ച യാക്കോബ് ഭയചകിതനായിരുന്നു. തന്നെ വിഴുങ്ങാൻ വരുന്ന വിപത്തിൽ നിന്നും ഏതു വിധേനയും ഓടി രക്ഷപ്പെടണം എന്ന ഒരേ ഒരു ചിന്തയേ അവന് മനസ്സിലുള്ളൂ.

കഴിഞ്ഞ ഇരുപത് വർഷത്തിനിടയിൽ ദൈവം നല്കിയ നിരന്തരമായ സംരക്ഷണം, അത്ഭുതകരമായ ഇടപെടലുകൾ, സ്വപ്നം കാണാൻപോലും കഴിയാത്ത വിധത്തിൽ തനിക്കു ലഭിച്ച നേട്ടങ്ങൾ, രണ്ടു ഭാര്യമാരും അവരുടെ രണ്ടു ദാസികളും, അവരിൽ നിന്ന് ജനിച്ച പന്ത്രണ്ടു മക്കൾ, അസംഖ്യം ആടുമാടുകളുടെ വമ്പിച്ച

സ്വത്ത്. ഇതെല്ലാം കിട്ടിയിട്ടും കൂടെപ്പിറപ്പായ പേടി ഇനിയും വിട്ടുമാറാതെ വേട്ടയാടുന്ന മനസ്സ് അതിന് പെട്ടെന്ന് ഉറങ്ങാൻ കഴിയുമായിരു ന്നില്ല.

അപ്പനെയും ചേട്ടനെയും കബളിപ്പിച്ച താൻ അനേകംതവണ കബളിക്കപ്പെട്ടതായി തിരിച്ചറിഞ്ഞു. അനേകം തവണ വാക്കു മാറ്റിയ അമ്മായിയപ്പൻ. അനുജത്തിയെ തരാം എന്നുപറഞ്ഞ് ഏഴു വർഷം അടിമ വേല ചെയ്യിച്ചു. വിവാഹരാത്രിയിൽ കുടിപ്പിച്ച് ബോധം കെടുത്തിയിട്ട് ചേട്ടത്തിയ കൂടെ കിടത്തിയതാണ് ആദ്യത്തെ വഞ്ചന. ഇഷ്ടഭാര്യയായ റാഹേലിനുവേണ്ടി വീണ്ടും ഏഴു വർഷം അടിമവേല. ഇനിയും സ്വന്തമായി എന്തെങ്കിലും സമ്പാദിക്കാം എന്നു കരുതി ഉണ്ടാക്കിയ കരാറുകൾ ലാബാൻ പല തവണ ലംഘിച്ചു. എന്നാലും ദൈവം തനിക്ക് ബഥേലിൽ വച്ചു നല്കിയ വാക്ക് പാലിച്ചു എന്ന് അവൻ ഓർത്തു. ആറുവർഷംകൊണ്ട് വലിയ സമ്പന്നനായി

സ്വന്തം നാട്ടിലേക്ക് തിരിച്ചുപോകാൻ അമ്മായിയപ്പൻ വിസമ്മതിച്ചേക്കുമോ എന്നു ഭയന്ന് ഭാര്യമാരെയും മക്കളെയും കൂട്ടി, ഒളിച്ചോടുകയായിരുന്നു. ഒളിച്ചോട്ടം - അതാണല്ലോ തനിക്കു പരിചയമുള്ള ശൈലി. വിവരമറിഞ്ഞ് ആളുകളെയുംകൂട്ടി പാഞ്ഞു വന്ന ലാബാൻ ഏഴാം ദിവസം തന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ട പ്പോൾ അവൻ യഥാർത്ഥത്തിൽ നടുങ്ങി. പക്ഷേ ദൈവം വീണ്ടും തുണയായി. തലേരാത്രി സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് ലാബാന് താക്കീത് നല്കിയിരുന്നതിനാൽ ഉപദ്രവമുണ്ടായില്ല. പ്രതികരണം ശകാരത്തിൽ ഒതുങ്ങി. പിന്നെ ഒന്നു കൂടി സംഭവിച്ചു. ഒരു ഉടമ്പടി. വാരിക്കൂട്ടിയ കൽക്കൂമ്പാരത്തെ സാക്ഷിനിർത്തി അവർ ഉടമ്പടി ചെയ്തു. ഈ കൂമ്പാരം അതിർത്തിയായിരിക്കും. ഇതിനു കിഴക്കോട്ട് യാക്കോബിനോ പടിഞ്ഞാട്ട് ലാബാനോ വരാൻ അനുവാദമില്ല. അത് നല്ല കാര്യം എന്നു കരുതിയ യാക്കോബിന് ഇപ്പോൾ അതൊരു വിനയായി. കിഴക്കോട്ട് ഇനി ഓടാനാവില്ല.

ചേട്ടൻ വസിക്കുന്ന നാട്ടിലേക്കാണ് തിരിച്ചുവരവ്. വർഷം ഇരുപത് കഴിഞ്ഞിട്ടും കുറ്റബോധം അല്പം പോലും മങ്ങാതെ മനസ്സിൽ തെളിഞ്ഞു നിൽക്കുന്നു, പേടിപ്പെടുത്തുന്നു. ഏതുവിധേനയും

ചേട്ടനെ സന്തോഷിപ്പിച്ച് രമ്യതയിലെത്തണം എന്നു കരുതി വലിയ സമ്മാന ങ്ങളൊരുക്കി. ഒരു പക്ഷേ താൻ സമ്പാദിച്ചതിന്റെ മുഴുവൻ ദശാംശമായിരിക്കാം അത്; ഇരുനൂറു പെൺ കോലാടും ഇരുപതു ആൺകോലാടും, ഇരുനൂറു പെണ്ണാടും, ഇരുപതു മുട്ടാടും, കറവയുള്ള മുപ്പത് ഒട്ടകം, അവയുടെ കിടാക്കൾ, നാൽപതു പശു, പത്തു കാള, ഇരുപതു പെൺ കഴുത, പത്ത് ആൺകഴുത- ഇതിനെ പത്തുകൊണ്ട് ഗുണിച്ചാൽ യാക്കോബിന്റെ സമ്പത്തിന്റെ ഏകദേശരൂപം കിട്ടും. ഇവ ഓരോന്നിനെയും പ്രത്യേക ഗണമാക്കി വേലക്കാർ വശം മുൻപേ അയച്ചു (**ഉത്പ.32:13-21**).

ഈ തന്ത്രം ഫലിച്ചില്ലെങ്കിലോ എന്ന് ഭയന്ന് ബാക്കിയുണ്ടായിരുന്ന സമ്പത്ത് മുഴുവൻ രണ്ടു ഗണങ്ങളാക്കി. ഭാര്യമാരേയും മക്കളെയും എല്ലാം യാക്കോബ് കടവു കടത്തി പടിഞ്ഞാറോട്ട് വിട്ടു. യാക്കോബ് മാത്രം ഇക്കരെ- കിഴക്കെ കരയിൽ നിന്നു. ഏസാവ് വന്ന് എല്ലാം നശിപ്പിച്ചാലും താൻ ഓടി രക്ഷപ്പെടും എന്നതാണ് മനസ്സിലിരുപ്പ്. ഒരു ഭീരുവിന്റെ യഥാർത്ഥ ചിത്രം. ഒളിച്ചോട്ടത്തിന്റെ ആരംഭത്തിലെന്നപോലെ ഇവിടെയും അവൻ വഴിയരുകിൽ കിടന്നു. കുറ്റബോധവും അതിലേറെ ഭയവും വേട്ടയാടുന്ന അസ്വസ്ഥ മനസ് എപ്പോഴോ ഉറക്കത്തിലേക്ക് വഴുതി വീണു.

അപ്പോഴാണ് അത് സംഭവിച്ചത്. അദൃശ്യമായ ഏതോ ഒരു കരം തന്റെ കഴുത്ത് പിടിച്ചുഞെരിക്കുന്നു. ശ്വാസം മുട്ടിയ യാക്കോബ് ഞെട്ടിയുണർന്നു. തന്നേക്കാൾ പതിന്മടങ്ങുശക്തിയുള്ള എതിരാളിതന്നെ കഴുത്തു ഞെരിച്ചു കൊല്ലും എന്ന് അവന് തീർച്ചയായി. ഇനി ഓടി യൊളിക്കാൻ ഇടമില്ല. ഓടാൻ കാലിന് കരുത്തില്ല. എതിരാളി കഴുത്തിലെ പിടിവിടുന്നതിനു പകരം കൂടുതൽ ശക്തമായി ഞെരിക്കുകയാണ്. രണ്ടിലൊന്ന് ചെയ്തേ മതിയാകൂ. ഒന്നുകിൽ നിരുപാധികം കീഴടങ്ങി ഭീരുവിനെപ്പോലെ ചാകുക. അല്ലെങ്കിൽ സർവ്വശക്തിയും ഉപയോഗിച്ച് പൊരുതുക.

ജീവിതത്തിൽ അന്നാദ്യമായി അവൻ പൊരുതാൻ തീരുമാനിച്ചു. വിജയിക്കുമെന്ന ഉറപ്പൊന്നുമില്ല. എന്നാലും നിരുപാധികം കീഴടങ്ങി ചാകാൻ തയ്യാറല്ല. മരണഭീതി ഉള്ളിൽ ഉറങ്ങിക്കിടന്ന ഏതോ അജ്ഞാതശക്തിയെ ഉണർത്തി. ഭ്രാന്തമായ ഒരാവേശം. തനി

ക്കുണ്ടെന്നറിയാതിരുന്ന കരുത്ത് അപ്പോൾ യാക്കോബ് തിരിച്ചറിഞ്ഞു. തന്നെ കൊല്ലാൻ ശ്രമിച്ച അജ്ഞാതന്റെ പിടി അയഞ്ഞു. ഇപ്പോൾ അയാളാണ് ഭയക്കുന്നതെന്ന് യാക്കോ ബിന് തോന്നി. എന്നെ വിടൂ ! നേരം വെളുക്കുന്നു (ഉത്പ.32:26). അവസാനത്തെ അടവെന്നപോലെ അപരിചിതൻ യാക്കോബിന്റെ ഒരു മർമ്മസ്ഥാനത്തിടിച്ചു. തുടയെല്ല് അരക്കൂട്ടിൽ നിന്നിളകി. എന്നാലും വേദന വകവയ്ക്കാതെ അവൻ മൽപ്പിടുത്തം തുടർന്നു; വിജയം ഉറപ്പാക്കി. തന്നെ അനുഗ്രഹിച്ചതിനുശേഷമേ അപരിചിതനെ അവൻ പോകാൻ അനുവദിച്ചുള്ളൂ.

ആരായിരുന്നു ഈ അപരിചിതൻ? എന്താണ് ഈ മൽപ്പിടുത്തത്തിന്റെ അർത്ഥം? എന്താണ് ഈ അസാധാര ണ സംഭവത്തിന്റെ വിവരണത്തിലൂടെ ബൈബിൾ നല്കുന്ന സന്ദേശം? മധ്യ പൗരസ്ത്യദേശത്ത് നിലവിലിരുന്ന ഏതോ പുരാണകഥ വിശുദ്ധ ഗ്രന്ഥകാരൻ പരാവർത്ത നം ചെയ്തതാണെന്ന വ്യാഖ്യാനം നിലനിൽക്കുകയില്ല. യാക്കോബിന്റെ ഉള്ളിൽ ഉറഞ്ഞുകൂടിയ ഭയമാണ് ഒരു ദുഃസ്വപ്നത്തിന്റെ രൂപത്തിൽ അവനെ കടന്നാക്രമിച്ചത് എന്ന മനഃശാസ്ത്ര വിശദീകരണവും സ്വീകാര്യമല്ല. ദൈവത്തിന്റെ ഒരു ദൂതനാണ് യാക്കോബിനെ ആക്രമിച്ചത് എന്ന് കരുതുന്നവരുണ്ട്. പക്ഷേ വി.ഗ്രന്ഥകാരൻ നല്കുന്ന വിവരണം അടുത്തു പരിശോധിച്ചാൽ മറ്റാരുമല്ല ദൈവം തന്നെയാണ് യാക്കോബുമായി മല്ലടിച്ചത് എന്നു വ്യക്തമാകും. അപ്പോൾ ദൈവം ശത്രുവിനെപ്പോലെ പെരുമാറുമോ? ഉറങ്ങിക്കിടക്കുന്നവനെ കൊല്ലാൻ ശ്രമിക്കുമോ എന്ന ചോദ്യം ന്യായമായും ഉയരും. മറുപടി കണ്ടെത്തിയേ മതിയാകൂ.

യാക്കോബിന്റെ ജീവിതത്തിൽ ഈ സംഭവത്തിന് വി. ഗ്രന്ഥകാരൻ നല്കുന്ന സ്ഥാനവും ഇതിനുശേഷം യാക്കോബിന്റെ സ്വഭാവത്തിൽ വരുന്ന മാറ്റവും പ്രത്യേകം ശ്രദ്ധിക്കണം. ഒളിച്ചോട്ടത്തിന്റെ തുടക്കത്തിൽ ദൈവം പ്രത്യക്ഷപ്പെട്ടു. അനുഗ്രഹിക്കുന്ന, ആശ്വസിപ്പിച്ച് ധൈര്യം പകരുന്ന പിതാവായി. ദൈവം വാക്കു പാലിച്ചു, പക്ഷേ, യാക്കോബിൽ ഒരു മാറ്റവുമുണ്ടായില്ല. ഭീരുത്വവും വക്രതയും ഒളിച്ചോട്ടവും തുടർന്നു. ഇപ്പോൾ ദൈവം ശത്രുവിനെപ്പോലെ പെരുമാറുന്നു. കൊന്നുകളയും എന്ന പ്രതീതിയാണ് ദൈവത്തിന്റെ

ഈ ഇടപെടൽ ജനിപ്പിക്കുന്നത്. എന്നാൽ ദൈവത്തിന്റെ ലക്ഷ്യം ഭീരുവിനെ കൊല്ലുകയല്ല, ധൈര്യപ്പെടുത്തുകയാണ്. ദൈവം തന്നെ അവന്റെ ഉള്ളിൽ നിക്ഷേപിച്ചിരിക്കുന്ന ശക്തിയെക്കുറിച്ച് യാക്കോബിനെ ബോധവാനാക്കുകയാണ്. ശത്രുവായി പ്രത്യക്ഷപ്പെടുന്ന ദൈവം യഥാർത്ഥത്തിൽ സ്നേഹിക്കുന്ന പിതാവാണ്; കൂടെ നടക്കുന്ന കൂട്ടുകാരൻ.

മരണഭീതിയിൽ അകപ്പെട്ട മനസ് സർവ്വശക്തിയുമുപയോഗിച്ച് പൊരുതി. ഇതുവരെ അജ്ഞാതമായിരുന്ന ആന്തരികശക്തി അപ്പോൾ പുറത്തു വന്നു. ഇനി ഭയമില്ല, ജയിക്കണം എന്ന തീരുമാനമാണ് അവനെ നയിക്കുന്നത്. ശത്രു എത്ര തന്നെ ശക്തനാണെങ്കിലും തന്നെ എത്ര ആഴത്തിൽ മുറിപ്പെടുത്തിയാലും വിട്ടുകൊടുക്കില്ല, അവസാനംവരെ പൊരുതും. അതൊരു ജീവന്മരണ പോരാട്ടമായിരുന്നു. ആ പോരാട്ടത്തിൽ അവൻ ദൈവത്തെ തോല്പിച്ചു! അഥവാ പോരാടി ജയിക്കാൻ ദൈവം അവനെ അനുവദിച്ചു, ശക്തിപ്പെടുത്തി.

അതോടെ അവന് ഒരു പുതിയ പേരും നല്കി– ഇസ്രായേൽ! ദൈവത്തോടും മനുഷ്യരോടും മല്ലടിച്ചു ജയിച്ചവൻ! (**ഉത്പ.32:28**). അപകർഷതാബോധവും ഭയവും ജനിപ്പിക്കുന്ന യാക്കോബ് എന്ന പേരുമാറ്റി. പുതിയപേര് പുതിയ സ്വഭാവത്തെയും അതിലേറെ പുതിയ ദൗത്യത്തെയും സൂചിപ്പിക്കുന്നു. ഇനി അവൻ ഒളിച്ചോടുകയില്ല. ഓടണം എന്ന് ആഗ്രഹിച്ചാൽപോലും അതിന് കഴിയുകയുമില്ല. കാരണം അവൻ ഞൊണ്ടിയായി! ഇതും ഒരടയാളവും സൂചനയുമാണ്. ദൈവവുമായി താൻ നടത്തിയ മൽപ്പിടുത്തത്തിന്റെ ഓർമ്മ അവന്റെ ഓരോ ചുവടിലും അവനിൽ ഉണർന്നു. കാലിന്റെ ബലഹീനത അവന്റെ ശക്തിയായി മാറി. തന്നെ താനാക്കി മാറ്റിയ ദൈവാനുഭവം അവനിൽ ഉണർത്തിയ ശക്തി. വി.ഗ്രന്ഥകാരൻ ഒന്നുകൂടി പറയുന്നുണ്ട്. **അവൻ പെനുവേൽ കടന്നപ്പോഴേക്കും സൂര്യൻ ഉദിച്ചു** (ഉത്പ. 32:31). ബഥേലിലേക്കു വന്നപ്പോൾ ഇരുട്ടായിരുന്നു. ഇനിയത്തെ ഈ മടക്കയാത്ര പ്രകാശത്തിലേക്കാണ്.

യാക്കോബ് തന്നെയാണ് സ്ഥലത്തിന് പെനുവേൽ എന്നു പേരിട്ടത്. പാനീം = മുഖം; ഏൽ = ദൈവം എന്നീ രണ്ട് ഹീബ്രുവാക്കുകൾ

യോജിപ്പിച്ചതാണ് പെനുവേൽ- (പെനിയേൽ എന്നും പറയും). ദൈവത്തെ മുഖാഭിമുഖം കണ്ടു. താൻ ഭയന്ന് ഒളിച്ചോടാൻ ശ്രമിച്ച യാഥാർത്ഥ്യത്തെ നേരിൽ കണ്ടു; മല്ലടിച്ചു, താൻ ജയിച്ചു. അത് ദൈവമായിരുന്നു. ദൈവം കൊല്ലാൻ വരുന്ന ശത്രുവല്ല, ശക്തിപ്പെടുത്തുന്ന മിത്രമാണ് എന്ന് അവൻ തിരിച്ചറിഞ്ഞു. ഈ തിരിച്ചറിവാണ് പെനുവേൽ എന്ന നാമം അനുസ്മരിപ്പിക്കുന്നത്.

തുടർന്നുള്ള സംഭവങ്ങൾ എത്ര മംഗളകരമായി മുന്നേറുന്നു! നാനൂറുപേരുടെ അകമ്പടിയോടെ ഏസാവ് വന്നത് തന്നെ യുദ്ധം ചെയ്ത് നശിപ്പിക്കാനല്ല, സന്തോഷത്തോടെ, വാത്സല്യത്തോടെ ആദരവോടെ എതിരേല്ക്കാനായിരുന്നു എന്ന് അവൻ മനസ്സിലാക്കി. ഇനി ശത്രുതയില്ല; ഭയവുമില്ല. രണ്ടുപേരും സഹോദരങ്ങളെപ്പോലെ ജീവിച്ചു. പിതാവ് മരിച്ചപ്പോൾ ഒരുമിച്ച് അവനെ സംസ്കരിച്ചു (ഉത്പ. 35:29). എന്ന് വി. ഗ്രന്ഥകാരൻ പ്രത്യേകം അനുസ്മരിപ്പിക്കുന്നുണ്ട്. നുണ പറഞ്ഞും വഞ്ചിച്ചും നേടിയെടുത്ത പിതാവിന്റെ അനുഗ്രഹം യാക്കോബിന് വ്യക്തിപരമായവിധത്തിൽ അനുഗ്രഹമായില്ല. ഇരുപതു വർഷം ഹാരാനിൽ- പിതാവിൽനിന്നും മാതാവിൽനിന്നും അകലെ, അന്യനാട്ടിൽ, അടിമജീവിതം. ജ്യേഷ്ഠനെയും അപ്പനെയും കബളിപ്പിച്ച തന്നെ അമ്മായിയപ്പൻ പല തവണ കബളിപ്പിച്ചു. എല്ലാം കഴിഞ്ഞ് സ്വസ്ഥമായി വാഗ്ദത്തഭൂമിയിൽ തിരിച്ചു വന്നപ്പോൾ മക്കൾ തമ്മിൽ കലഹം. ഇഷ്ടഭാര്യയുടെ അകാലമരണം. ഇഷ്ടപുത്രനായ ജോസഫ് മരിച്ചു എന്നുകരുതി ദീർഘകാലത്തെ വിലാപം. അവസാനം വാഗ്ദത്തഭൂമിയിൽ നിന്നകലെ ഈജിപ്തിൽ മരണം. തുടർന്ന് നാനൂറുവർഷം മക്കൾ അനുഭവിച്ച അടിമത്തം. ഇതെല്ലാം സംഭവിക്കുമ്പോൾ അനുഗ്രഹം നഷ്ടപ്പെടുത്തിയ ഏസാവ് സ്വന്തം നാടായ ഏദോമിൽ വസിച്ചു. അവന്റെ മക്കൾ സ്വതന്ത്രമായ ഒരു ജനതയായി, രാജവംശമായി വളർന്നു.

സംശയം വേണ്ടാ, വഞ്ചിച്ചുനേടുന്ന അനുഗ്രഹം അനുഗ്രഹമാവില്ല. എന്നാൽ മനുഷ്യന്റെ തെറ്റിലും പാപത്തിലുംനിന്ന് നന്മ പുറപ്പെടുവിക്കാൻ ദൈവത്തിനു കഴിയും. അതാണ് യാക്കോബിന്റെ മക്കളിലൂടെ തുടരുന്ന രക്ഷാചരിത്രം പഠിപ്പിക്കുന്നത്. രക്ഷ ആത്യന്തികമായി മനുഷ്യൻ നേടിയെടുക്കുന്നതല്ല, ദൈവം നല്കുന്ന ദാനമാണ്. ആ ദാനം സ്വീകരിക്കാൻ ദൈവം തന്നെ മനുഷ്യനെ

ശക്തിപ്പെടുത്തും. തന്റെ ഉള്ളിൽ ദൈവം നിക്ഷേപിച്ചിരിക്കുന്ന ശക്തിയെ തിരിച്ചറിയാനും ഉണർത്താനുംവേണ്ടിയാണ് ചിലപ്പോൾ ദൈവം തന്നെ ശത്രുവിനെപ്പോലെ എതിരിടുന്നതും.

സ്വന്തം കഴിവുകേടുകളെ ഓർത്തു വിലപിക്കേണ്ടാ; ഭാവിയിൽ സംഭവിച്ചേക്കാം എന്നു കരുതുന്ന വിപത്തിനെ ഓർത്തുപേടിക്കേണ്ടാ. വഴിയിൽ നേരിടുന്ന പ്രതിബന്ധങ്ങളിൽ നിന്ന് ഓടിയകലാനോ പിൻതിരിയാനോ ശ്രമിക്കുകയും വേണ്ടാ. നിന്റെ ഉള്ളിൽ ഉറങ്ങിക്കിടക്കുന്ന, ദൈവം തന്നെ നിക്ഷേപിച്ചിരിക്കുന്ന ശക്തിയെ ഉണർത്താനായി ദൈവം തന്നെ തരുന്ന അവസരങ്ങളാണവയെല്ലാം. കഴിവിനതീതമായി ആരെയും ദൈവം പരീക്ഷിക്കുകയില്ല. പരീക്ഷണങ്ങൾ ഉണ്ടാകുമ്പോൾ അവയെ നേരിടാനുള്ള ശക്തിയും തരും.

മുപ്പത്തെട്ടു വർഷമായി ബേത്സഥാ കുളക്കരയിൽ കിടന്ന് തനിക്കാരുമില്ല എന്ന് വിലപിച്ച തളർവാതരോഗിയോട് യേശു പറഞ്ഞു. എണീറ്റ് കിടക്കയുമെടുത്ത് വീട്ടിലേക്ക് പോവുക. ഗുരുമൊഴി അവന്റെ ഉള്ളിലെ ശക്തിയുണർത്തി. കൈകാലുകൾ കരുത്താർജ്ജിച്ചു. അവൻ എണീറ്റു നടന്നു. ഇതാണ് ദൈവം. ബലഹീനനെ ശക്തിപ്പെടുത്തുന്നവൻ. ഭീരുവിന് ധൈര്യം പകരുന്നവൻ. അപ്രതീക്ഷിതമായി അത്യാഹിതങ്ങൾ ഉണ്ടാകുമ്പോൾ, സഹായിക്കാൻ ആരുമില്ലാതെ ഒറ്റപ്പെട്ടുപോയി എന്നു തോന്നുമ്പോൾ, ദൈവം തന്നെ ശത്രുവിനെപ്പോലെ എതിരിടുന്നു എന്നു കരുതുമ്പോൾ– ഓർക്കണം. കർത്താവ് എപ്പോഴും കൂടെയുണ്ട്. സഹായിക്കാൻ, ശക്തിപ്പെടുത്താൻ, ജീവൻ നല്കി നിത്യഭവനത്തിലേക്ക് നയിക്കാൻ. അതിനാൽ നിരാശപ്പെടരുത്; ഭയവും വേണ്ടാ. ജീവിതത്തിലുണ്ടാകുന്ന ഓരോ അനുഭവത്തിലും ദൈവത്തിന്റെ ഇടപെടൽ, അവിടുത്തെ മുഖം തിരിച്ചറിയുക. ഓരോന്നും ഒരു പെനുവേൽ അനുഭവമാകട്ടെ.





**ഞാൻ ദൈവമാണ്, നിന്റെ പിതാവിന്റെ ദൈവം. ഈജിപ്തിലേക്ക് പോകാൻ ഭയപ്പെടേണ്ടാ. കാരണം... ഞാൻ നിന്റെകൂടെ ഈജിപ്തിലേക്ക് വരും. നിന്നെ തിരിയെ കൊണ്ടുവരുകയും ചെയ്യും**
(ഉത്പ. 46:3–4).

# 9

# യാത്രയിൽ സംരക്ഷണം

ഭയം യാക്കോബിന്റെ കൂടെപ്പിറപ്പായിരുന്നു; ഒരിക്കലും വിടാത്ത സന്തതസഹചാരി, വക്രത അയാളുടെ സ്വഭാവത്തിന്റെ ഭാഗമായിരുന്നു. 'കാലുവാരി' എന്നാണല്ലോ യാക്കോബ് എന്ന പേരിന്റെ അർത്ഥം ബൈബിൾ തന്നെ വിശദീകരിച്ചുതരുന്നത്. യാഥാർത്ഥ്യങ്ങളെ നേരിടാൻ ഭയം. ഒളിച്ചോട്ടത്തിലായിരുന്നു അയാൾ അഭയം തേടിയത്. കുറ്റബോധം വേട്ടയാടിയതും ഭയത്തിന് ഒരു കാരണമായിരിക്കാം. ഒരു പാത്രം പായസം കാട്ടി ജ്യേഷ്ഠ സ്ഥാനം തട്ടിയെടുത്തു. പിന്നെ അമ്മയുടെ ഒത്താശ യോടെ കൃത്രിമം കാട്ടിയും നുണ പറഞ്ഞും അപ്പനെ കബളിപ്പിച്ച് ആദ്യ ജാതന്റെ അനുഗ്രഹവും കരസ്ഥമാക്കി. ഫലമോ? രോഷാകുലനായ ഏസാവിന്റെ പ്രതികാരത്തെ ഭയന്ന് ജീവനും കൊണ്ട് ഓടി, അങ്ങ് അകലെ അമ്മാവനായ ലാബാന്റെ അടുക്കലേക്ക്. അവിടെയും കിട്ടിയില്ല അയാൾക്ക് സ്വസ്ഥത.

സ്നേഹിച്ച പെണ്ണിനുവേണ്ടി ഏഴുവർഷം അടിമവേല. അവസാനം വിവാഹരാത്രിയിൽ കുടിച്ച് ലക്കുകെട്ട് കൂടാരത്തിൽ കിടന്നത് ജ്യേഷ്ഠത്തിയുടെ കൂടെ. നേരം പുലർന്ന്, ലഹരിയിറ ങ്ങിയപ്പോൾ താൻ കബളിക്കപ്പെട്ടതായി തിരിച്ചറിഞ്ഞു. പക്ഷേ വീണ്ടും ഏഴുവർഷം അടിമവേല ചെയ്താണ് ഇഷ്ടഭാര്യയെ കിട്ടി യത്. വഞ്ചനയും ഒളിച്ചോട്ടവും വീണ്ടും തുടർന്നു. അവ സാനം നാല് ഭാര്യമാരും പന്ത്രണ്ടുമക്കളും ആടുമാടുകളുടെ വലിയൊരു സമ്പത്തുമായി വീണ്ടും ഒളിച്ചോട്ടം. പിന്തുടർന്ന് പിടികൂടിയ അമ്മാ യിയപ്പനിൽനിന്നും കഷ്ടിച്ച് രക്ഷപ്പെട്ടത് ദൈവത്തിന്റെ പ്രത്യേക പരിപാലനയിൽമാത്രം. എന്നിട്ടും ഭയം അയാളെ വിട്ടുമാറിയില്ല, ഒളിച്ചോടാനുള്ള പ്രവണതയും.

നാനൂറ് സേവകരുമായി ജ്യേഷ്ഠൻ ഏസാവ് തന്റെയടുത്തേ ക്ക് വരുന്നു എന്ന വാർത്ത കേട്ട് യാക്കോബ് നടുങ്ങി. ഏതുവിധേ നയും ജ്യേഷ്ഠനെ പ്രീതിപ്പെടുത്താൻ ശ്രമിച്ചു. പല കൂട്ടങ്ങളായി ആടുമാടുകളെ സമ്മാനമായി മുന്നേ അയച്ചു. പിന്നെ ഭാര്യമാരും മക്കളും. എല്ലാവരെയും യാബോക്ക് കടവിൽ, നദിയുടെ അക്കരെ കടത്തിയിട്ട്, ഇക്കരെ ഏകനായി നിന്ന യാക്കോബ് വേണ്ടിവന്നാൽ വീണ്ടും ഒളിച്ചോടാൻ തയ്യാറായിരുന്നു. എന്നാൽ അന്നുരാത്രി തന്നെ കടന്നാക്രമിച്ചതാരെന്നറിയാതെ, മരണഭീതിയോടെ, അയാൾ പൊരുതി. ഒളിച്ചോടാൻ പഴുതില്ലായിരുന്നു. ഒന്നുകിൽ പൊരുതി ജയിക്കുക, അല്ലെങ്കിൽ മരിക്കുക. അപ്പോഴാണ് തന്നിൽ ഉറങ്ങി ക്കിടന്ന ശക്തി അയാൾ തിരിച്ചറിഞ്ഞത്; ഒപ്പം, തന്നെ ശത്രുവിനെ പ്പോലെ നേരിട്ടത് സാക്ഷാൽ ദൈവം തന്നെ ആയിരുന്നുവെന്നും. ദൈവം അയാൾക്ക് പുതിയ പേര് നല്കി; ഇസ്രായേൽ– ദൈവ ത്തോടും മനുഷ്യരോടും മല്ലടിച്ചു ജയിച്ചവൻ.

ആ സ്ഥലത്തിന് യാക്കോബുതന്നെ ഒരു പേരിട്ടു. 'പെനിയേൽ' – ദൈവത്തിന്റെ മുഖം. ദൈവത്തെ മുഖാഭിമുഖം കണ്ടു; പോരാ ദൈവവുമായി മരണഭീതിയോടെ, അതിൽനിന്നുണർന്ന അതിമാനു ഷിക ശക്തിയോടെ, മൽപ്പിടുത്തം നടത്തി. അതിലൂടെ അയാൾ ദൈവം തന്നിൽ നിക്ഷേപിച്ചിരിക്കുന്ന ശക്തി തിരിച്ച റിഞ്ഞു. എന്നാലും ഭയം പൂർണ്ണമായി വിട്ടുമാറിയില്ല. ഇനിയും എത്രയെത്ര പരീക്ഷണങ്ങൾ, പ്രതിസന്ധികൾ! ഒളിച്ചോട്ടത്തിന്റെ തുടക്കത്തിൽ,

വഴിവക്കിൽ തളർന്നുറങ്ങിയ അയാൾക്കു മുകളിൽ സ്വർഗ്ഗം തുറന്നു; ദൈവം പ്രത്യക്ഷപ്പെട്ടു; മാലാഖമാർ ഇറങ്ങിവന്നു; ദൈവം കൂടെ നടക്കും എന്ന വാഗ്ദാനവും ലഭിച്ചതാണ്. അവിടെ വച്ചു ണ്ടായ ദൈവാനുഭവത്തിന്റെ സ്മരണയ്ക്കായി സ്ഥലത്തിന് ബേത്ഏൽ (ബഥേൽ) എന്നു പേരുനല്കി. ദൈവത്തിന്റെ ഭവന മാണിത്. ദൈവം ഇവിടെയുണ്ട്, **എന്നാൽ ഞാൻ അതറിഞ്ഞില്ല** (**ഉത്പ. 28:17**). ബഥേലും പിന്നീട് പെനിയേലും ദൈവം കൂടെ യുണ്ട് എന്ന് ഉറപ്പു നല്കിയെങ്കിലും അത് പൂർണ്ണമായി വിശ്വസി ക്കാൻ അയാൾക്കു കഴിഞ്ഞില്ല. അതുകൊണ്ടാണ് വീണ്ടും വാഗ്ദാനം.

മരിച്ചുപോയി എന്നു കരുതിയിരുന്ന ഇഷ്ടപുത്രൻ ജോസഫ് ഈജിപ്തിൽ ഭരണാധികാരിയായിരിക്കുന്നു എന്നറിഞ്ഞ യാക്കോ ബ് സന്തോഷിച്ചു. സർവ്വസമ്പത്തുമായി, മകന്റെ ക്ഷണമനുസരിച്ച്, ഈജിപ്തിലേക്ക് പോകാൻ യാത്ര തിരിച്ച യാക്കോബിന് ദൈവം വീണ്ടും രാത്രിയിൽ പ്രത്യക്ഷപ്പെട്ട് ഉറപ്പു നല്കി: **ഈജിപ്തിലേക്ക് പോകാൻ ഭയപ്പെടേണ്ടാ, കാരണം അവിടെ ഞാൻ നിന്നെ വലി യൊരു ജനമാക്കി വളർത്തും. ഞാൻ നിന്റെ കൂടെ ഈജിപ്തിലേക്ക് വരും. നിന്നെ തിരിയേ കൊണ്ടുവരികയും ചെയ്യും. മരണസമയ ത്ത് ജോസഫ് നിന്നെ ശുശ്രൂഷിക്കും** (ഉത്പ. 46:3-4). ഇനി അങ്ങോ ട്ട് യാക്കോബ് ശാന്തനായി, നിർഭയനായി, യാത്ര ചെയ്യും; കാരണം അനുഭവങ്ങളിലൂടെ അയാൾ പഠിച്ചു, ദൈവം വാക്ക് പാലിക്കുമെന്ന്. ഈജിപ്തിന്റെ ഭരണാധികാരിയായ ഫറവോയെ അനുഗ്രഹിക്കാൻ മാത്രം ദൈവം അയാളെ വളർത്തി, ശക്തിപ്പെടുത്തി.

യാക്കോബിന്റെ ഭയവും ഒളിച്ചോട്ടങ്ങളും അതിന് അറുതി വരുത്തിയ ദൈവിക ഇടപെടലുകളും വാഗ്ദാനങ്ങളും എന്നും ഏവർക്കും പ്രസക്തമാണ്. ചെയ്തുപോയ തെറ്റിനെപ്പറ്റിയുള്ള കുറ്റബോധം ഉള്ളിൽ നിറയുമ്പോൾ, സഹോദരങ്ങൾ പോലും ശത്രു ക്കളായിത്തീർന്ന് വേട്ടയാടുന്നു എന്നുതോന്നുമ്പോൾ, രക്ഷപ്പെടാൻ ഒരു മാർഗ്ഗവും അവശേഷിച്ചിട്ടില്ല എന്ന തോന്നൽ മനസ്സിനെ മരണ ഭീതിയിലാഴ്ത്തുമ്പോൾ, മറക്കരുത്, ദൈവമാണ് പറയുന്നത്; ഭയ പ്പെടേണ്ടാ, ഞാൻ നിന്നോടുകൂടെയുണ്ട്. ഒരി ക്കലും കൈവിടാതെ, കൂടെ നടക്കുന്ന ദൈവത്തെയാണ് നാം 'അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവം' എന്ന്

വിശേഷിപ്പിക്കുന്നത്. എതിർപ്പുകളും ഒളിച്ചോട്ടവും പരാജയങ്ങളും എല്ലാം ആത്മാവിനെ ശുദ്ധീകരിക്കാൻ, മനസ്സിനെ ശക്തിപ്പെടുത്താൻ ദൈവം അനുവദിക്കുന്ന അവസരങ്ങളായി കരുതുക.

ഒരു യാത്രയുടെ രണ്ടറ്റങ്ങളാണ് പെനിയേലും ബഥേലും; സാന്ത്വനത്തിലൂടെ ധൈര്യം പകരുന്ന, മൽപ്പിടുത്തത്തിലൂടെ ശക്തിപ്പെടുത്തുന്ന അനുഭവങ്ങൾ. ഇനി ഭയം വേണ്ടാ; ഒളിച്ചോടുകയും വേണ്ടാ. ഏതു പ്രതിസന്ധിയെയും മറികടക്കാൻ കഴിയും, ഈ അനുഭവങ്ങളുടെ അർത്ഥം ഗ്രഹിക്കുമ്പോൾ. കൂടെ വസി ക്കുന്ന ദൈവത്തിന്റെ സാന്നിധ്യം തിരിച്ചറിയണം. ഭയം നമ്മെ കീഴടക്കാൻ അനുവദിക്കരുത്. **ശാന്തമാകുക, ഞാൻ ദൈവമാ ണെന്നറിയുക** (സങ്കീ. 46:10). ഈ തിരിച്ചറിവാണ് യാക്കോബിനെ ഇസ്രായേലാക്കിയത്; ഈ തിരിച്ചറിവാണ് ദൈവം യാക്കോബിന്റെ അനുഭവങ്ങളിലൂടെ നമുക്കും കൈമാറി നല്കുന്നത്. ഭയപ്പെടേണ്ടാ, ഞാൻ നിന്റെ കൂടെ വരും! പിതൃഭവനത്തിലേക്കുള്ള തീർത്ഥയാത്രയിൽ ദൈവം എന്നും എപ്പോഴും കൂടെ ഉണ്ടായിരിക്കും. ദൈവം കൂടെയുണ്ടെങ്കിൽ പിന്നെ ആരെ ഭയപ്പെടണം?





***നിങ്ങൾ ഭയപ്പെടാതെ ഉറച്ചുനില്ക്കുവിൻ*** *(പുറ. 14:13)*

# 10

# ശത്രുസൈന്യത്തിനും കടലിനുമിടയിൽ

എത്ര സന്തോഷത്തോടെ ആയിരുന്നു അവർ പുറപ്പെട്ടത്! ഒന്നിനുപിറകെ മറ്റൊന്നായി പത്തുമഹാമാരികൾ ഈജിപ്തിന്റെ മേൽ ആഞ്ഞടിച്ചു. ജനജീവിതം താറുമാറായി. അവസാനം ഈജിപ്തുകാരുടെ ആദ്യജാതന്മാർ – മനുഷ്യരുടെയും മൃഗങ്ങളുടെയും – എല്ലാം ഒറ്റരാത്രികൊണ്ട് ചത്തൊടുങ്ങി. നടുവൊടിഞ്ഞ ഫറവോ കർത്താവിന്റെ മുമ്പിൽ മുട്ടുമടക്കി. ഇസ്രായേൽ ജനത്തിന് സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. അവർ ഈജിപ്തുകാരെ ശരിക്കും കൊള്ളയടിച്ചു. പൊൻവെള്ളിയാ ഭരണങ്ങളും വിശേഷവസ്ത്രങ്ങളും അങ്ങനെ വിലപ്പെട്ടതെല്ലാം, ഇതുവരെ തങ്ങളുടെ ഉടമകളായിരുന്നവരിൽനിന്ന്, നിർബന്ധപൂർവ്വം വാങ്ങിക്കൊണ്ടാണ് അവർ യാത്രയായത്. വഴി കാട്ടാൻ മുന്നിൽ മേഘത്തൂൺ; തണൽ വിരിക്കാൻ

മേഘ മേലാപ്പ്; വെളിച്ചം പകരാൻ അഗ്നിസ്തംഭം. വലിയൊരു ഘോഷയാത്രയായിരുന്നു അത്, ദൈവം നയിക്കുന്ന അടിമകളുടെ വിമോചന യാത്ര!

എന്നിട്ട് ഇപ്പോൾ? മാനുഷികമായ കാഴ്ചപ്പാടിൽ തികഞ്ഞ വിഡ്ഢിത്തമാണ് മോശ കാട്ടിയത്. ആദ്യജാതന്റെ മരണം ഏല്പ്പിച്ച ആഘാതത്തിൽനിന്ന് മുക്തി നേടുമ്പോൾ ഫറവോ മനസ്സ് മാറ്റുമെന്നും ഓടിപ്പോയ അടിമകളെ തേടിയെത്തുമെന്നും സാമാന്യ ബുദ്ധിയുള്ള ഏതു നേതാവും ചിന്തിക്കുമായിരുന്നു. അതിനാൽ കടൽത്തീരത്ത് പാളയമടിച്ചത് മഹാമണ്ടത്തരം എന്നല്ലാതെ എങ്ങനെ വിശേഷിപ്പിക്കാൻ! അതുതന്നെ സംഭവിച്ചു. ഈജിപ്തിലെ സകല രഥങ്ങളും മുഴുവൻ സൈന്യവുമായി ചുഴലി ക്കാറ്റുപോലെ ഫറവോ പാഞ്ഞുവരുന്നത് കണ്ട ജനം ഭയന്നു വിറച്ചു. നേതാവിന്റെ അവിവേകത്തെ പഴിച്ചു. **ഈജിപ്തിൽ ശവക്കുഴികൾ ഇല്ലാഞ്ഞിട്ടാണോ ഈ മരുഭൂമിയിൽക്കിടന്ന് മരിക്കാൻ നീ ഞങ്ങളെ കൂട്ടിക്കൊണ്ടുവന്നത്?** (പുറ. 14:21)

വാസ്തവത്തിൽ മോശയല്ല, ദൈവംതന്നെയാണ് പാളയമടിക്കാൻ ചെങ്കടൽത്തീരത്ത് താവളം നിർദ്ദേശിച്ചത്. മോശ അനുസരിച്ചതേയുള്ളൂ. അതിനാൽ ഈ പ്രതിസന്ധിയുടെ കാരണക്കാരൻ മോശയല്ല, ദൈവം തന്നെയാണ്. മോശയ്ക്ക് ഇനി ഒന്നേ ചെയ്യാൻ കഴിയൂ, നില വിളിക്കുക; ഇതുവരെ നയിച്ച ദൈവത്തെ വിളിച്ചപേക്ഷിക്കുക. ദൈവം നല്കിയ മറുപടി അതിനേക്കാൾ വിചിത്രമായി തോന്നാം: **മുമ്പോട്ടുപോകാൻ ഇസ്രായേൽ ജനത്തോട് പറയുക** (പുറ. 14:15). മുമ്പിൽ ആർത്തിരമ്പുന്ന കടൽ. പിമ്പിൽ പാഞ്ഞടുക്കുന്ന ശത്രുസൈന്യം. ഇവിടെ എങ്ങനെ മുമ്പോട്ടുപോകും? പത്തുകല്പനകൾ (ten commandments) എന്ന ലോക പ്രസിദ്ധ ചലച്ചിത്രത്തിൽ ജനങ്ങളുടെ പ്രതിഷേധത്തിന് ശബ്ദം പകരുന്ന ഒരു കുട്ടി നേതാവ് ഇങ്ങനെ ചോദിക്കുന്നുണ്ട്: 'എങ്ങോട്ട്? ഈ കടലിൻ നടുവിലേക്കോ?' അതിന് മോശയുടെ മറുപടി ഏറെ ശ്രദ്ധേയമാണ്; "അല്ല, കർത്താവിന്റെ കൈകളിലേക്ക്".

യഹൂദറബ്ബിമാരുടെ ഒരു വിശദീകരണമുണ്ട്. വടി നീട്ടിപ്പിടിച്ചുകൊണ്ട് മോശയാണ് ജനത്തിനുമുമ്പേ കടലിലേക്കിറങ്ങി

യത്. പാദങ്ങൾ വെള്ളത്തെ തൊട്ടു, ഒന്നും സംഭവിച്ചില്ല. മോശ നടത്തം തുടർന്നു. മുട്ടോളം വെള്ളമായി; അരയ്ക്കു മുകളിൽ വെള്ളം. ഫലം ശൂന്യം. മോശ മുന്നോട്ടുതന്നെ നടന്നു. കഴുത്തോളം വെള്ളമായിട്ടും ഒന്നും സംഭവിക്കുന്നില്ല, പക്ഷേ മോശ നടത്തം നിർത്തിയില്ല. മോശയുടെ മൂക്ക് വെള്ളത്തിൽ മുട്ടി; ശ്വാസം വെള്ളത്തിൽ ചലനമുണ്ടാക്കി. അപ്പോഴാണത് സംഭവിച്ചത്. വെട്ടിപ്പിളർന്നതുപോലെ കടൽ രണ്ടായി മുറിഞ്ഞു. നടുവിൽ വിശാല വീഥി തെളിഞ്ഞു. ജനം മുഴുവൻ അതിവേഗം കടൽ കടന്നു. ജനം മറുകരയെത്തുന്നതുവരെ മോശ അവിടെത്തന്നെ നിന്നു.

ഇപ്പോൾ വിഡ്ഢികളായത് ഫറവോയും സൈന്യവു മാണ്. മതിൽപോലെ ഇരുവശവും ഉയർന്നു നിൽക്കുന്ന ജലഭിത്തികൾക്കു നടുവിലൂടെ തേരും കുതിരയും കാലാളും ഇസ്രായേൽ ജനത്തിന്റെ പിന്നാലെ പാഞ്ഞു; ജലഭിത്തിതകരുമെന്ന് കരുതാതെ. ജനം കടൽ കടന്നു കഴിഞ്ഞപ്പോൾ മോശ തിരിഞ്ഞുനിന്നു, നീട്ടിയ വടിയുമായി. മുറിഞ്ഞുമാറിയ ജലം തിരിഞ്ഞൊഴുകി. അനുധാവനം ചെയ്ത സൈന്യം കടലിൽ മുങ്ങിച്ചത്തു. അടിമകൾക്ക് വിടുതൽ നല്കുന്ന കർത്താവിന്റെ കരുത്ത് അവർ കണ്ടു.

വിലപ്പെട്ട ചില തിരിച്ചറിവുകൾ ഇവിടെനിന്ന് കണ്ടെത്താനാവും. രക്ഷപ്പെടാൻ ഒരു മാർഗ്ഗവും അവശേഷിച്ചിട്ടില്ല എന്ന് ഇസ്രായേൽക്കാർ കരുതിയ നിമിഷത്തിലാണ് ദൈവം ഇടപെട്ടത്. ചെകുത്താനും കടലിനും നടുവിൽ എന്നൊരു ചൊല്ലുണ്ടല്ലോ. ഏതു ദിക്കിലേക്ക് തിരിഞ്ഞാലും വഴിമുട്ടുന്ന അവസ്ഥ. മുന്നിൽ സുനിശ്ചിതമായ നാശം മാത്രം. സാമ്പത്തികത്തകർച്ചയാവാം; മാരകരോഗം ബാധിച്ചിരിക്കുന്നു, ഒരു ചികിത്സയും അവശേഷിച്ചിട്ടില്ല എന്ന് കൈ ഒഴിയുന്ന വൈദ്യശാസ്ത്രത്തിന്റെ വിധി തീർപ്പാവാം. സ്വയം വിശദീകരിക്കാനോ ന്യായീകരിക്കാനോ കഴിയാത്തവിധം കെട്ടിച്ചമച്ച കുറ്റാരോപണങ്ങൾക്കിരയാവുന്ന താവാം. ഇനി ഒരു വഴിയേ അവശേഷിച്ചിട്ടുള്ളൂ, മരണത്തിലേക്ക് എന്നു കരുതിപ്പോവുന്ന നിമിഷമാവാം. ഓർക്കണം കർത്താവിന്റെ വാക്ക്: പോകൂ, മുന്നോട്ട്! കടലിലേക്കല്ല, കർത്താവിന്റെ കരങ്ങളിലേക്ക്. രക്ഷിക്കാൻ കഴിയാത്തവിധം അവിടുത്തെ കരം കുറുകിപ്പോയിട്ടില്ല.

റബ്ബിമാർ നല്കുന്ന പാഠം ശ്രദ്ധിക്കണം. കടലിൽ വഴി തെളിഞ്ഞതിനുശേഷമേ ഇറങ്ങൂ എന്നുകരുതി നിന്നെങ്കിൽ ജനം വീണ്ടും ഫറവോയുടെ വാളിനിരയോ അടിമകളോ ആകുമായിരുന്നു. വിശ്വാസം ഒരു സാഹസികതയാണ്, അന്ധകാരത്തിലേക്ക് ഒരു കൂപ്പുകുത്തൽ, അഥവാ ആർത്തിരമ്പുന്ന കടലിൻ നടു വിലേക്ക്, കർത്താവിൽ ആശ്രയിച്ചുകൊണ്ടൊരു നടന്നുനീങ്ങൽ. കർത്താവിന്റെ പ്രവർത്തനങ്ങൾ എപ്പോഴും അങ്ങനെയാണ്. ബലിപീഠമൊരുക്കി മകനെ ബലിയർപ്പിക്കാൻ കത്തി ഉയർത്തുന്നതുവരെ അബ്രാഹത്തിനറിയില്ലായിരുന്നു ദൈവം എങ്ങനെയാണ് തന്റെ ജീവിതത്തിൽ ഇനിയും ഇടപെടാൻ പോകുന്നതെന്ന്. മനമിളകാതെ, അടിപതറാതെ, കർത്താവിൽ വിശ്വസിക്കുക, ആശ്രയിക്കുക. കടലിന് നടുവിലും വഴിതെളിയും.

മാനുഷികമായ ബുദ്ധിയും ശക്തിയും ഉപയോഗിച്ച് എല്ലാം ഭദ്രമായി ഒരുക്കിയതിനുശേഷമേ യാത്ര തുടങ്ങൂ എന്ന് കരുതിയിരുന്നാൽ യാത്രയേ ഉണ്ടാവില്ല, ദൈവിക പരിപാലന തിരിച്ചറിയുകയുമില്ല. യാത്രയിലാണ് അവിടുന്ന് വഴിവിളക്കും തണൽ മേഘവുമായി കൂടെ വരുന്നത്. ഹാരാനിൽനിന്ന് ഇറങ്ങിത്തിരിക്കു മ്പോൾ അബ്രാഹത്തിന് ആശ്രയിക്കാൻ കർത്താവല്ലാതെ മറ്റാരും ഉണ്ടായിരുന്നില്ല. ഒരു ദിവസത്തെ വഴിച്ചോറുമായി മരുഭൂമിയിലേക്ക് ഇറക്കിവിടപ്പെട്ട ഹാഗാറിനും ഇസ്മായേലിനും ഒരു നീക്കിയിരിപ്പുമുണ്ടായിരുന്നില്ല ആശ്രയിക്കാൻ. വൻസാമ്രാജ്യ ശക്തിയായ ഫറവോയെ പരാജയപ്പെടുത്തി ഇസ്രായേൽ ജനത്തെ മോചിപ്പിക്കാൻ ദൈവം അയയ്ക്കുമ്പോൾ മോശയ്ക്ക് കൈ മുതലായുണ്ടായിരുന്നത് കേവലം ഒരു വടിമാത്രം. മരുഭൂമിയിൽ തടിച്ചുകൂടിയ ആയിരങ്ങൾക്ക് വിളമ്പാൻ ഗുരു പറയുമ്പോൾ ശിഷ്യർക്ക് നിരത്താനുള്ളത് അഞ്ചപ്പത്തിന്റെ പിച്ചക്കണക്ക്. പക്ഷേ അത് ഗുരുവിന്റെ കൈയിലെത്തിയപ്പോൾ എത്ര ആയിരം മടങ്ങായി വർദ്ധിച്ചു!

അതുതന്നെയാണ് ദൈവം എന്നും ആഗ്രഹിക്കുന്നത്, ആവശ്യപ്പെടുന്നത്. ഭയപ്പെടാതെ, കർത്താവിൽ ആശ്രയിക്കുക. അവിടുന്ന് ഏല്പിക്കുന്ന ദൗത്യം പൂർത്തിയാക്കാൻ വേണ്ടത് അവിടുന്നുതന്നെ തരും എന്ന് ഉറച്ചുവിശ്വസിക്കുക. എന്നും ഇതല്ലേ സംഭവിക്കുന്നത്?

കേവലം അഞ്ചു രൂപയുമായി മഠത്തിൽനിന്ന് തെരുവുമക്കളുടെ അടുക്കലേക്കിറങ്ങിയ ആ അൽബേനിയൻ യുവതി മദർ തെരേസ യായി വളർന്ന് ലോകം മുഴുവൻ പതിനായിരക്കണക്കിന് അഗതി കൾക്കാശ്രയമായതും ദൈവത്തിന്റെ ഈ ലോജിക്കിനു ദാഹരണ മാണ്. അതിനാൽ പിന്നിൽനിന്ന് പാഞ്ഞടുക്കുന്ന ശത്രുസൈന്യ ത്തെയും മുന്നിൽ ഇരമ്പുന്ന സമുദ്രത്തെയുംകണ്ട് ഭയപ്പെടേണ്ടാ, രണ്ടിനെയും നിയന്ത്രിക്കുന്ന ദൈവം കൂടെയുണ്ട്; ധൈര്യമായി മുന്നോട്ടു പോകുക, അവിടുത്തെ കരം പിടിച്ചുകൊണ്ട്.





***ശക്തനും ധീരനുമായിരിക്കുക. ഭയപ്പെടുകയോ പരിഭ്രമിക്കു കയോ വേണ്ടാ... നിന്റെ ദൈവമായ കർത്താവ് നീ പോകു ന്നിടത്തെല്ലാം നിന്നോടുകൂടെ ഉണ്ടായിരിക്കും*** *(ജോഷ്വാ 1:9).*

# 11

# കോട്ടകൾ തകരും!

ഭയപ്പെടാൻ കാരണങ്ങൾ അയാൾക്ക് വേണ്ടുവോളമു ണ്ടായിരുന്നു. ഇതുവരെ വഴി നയിച്ച അതിശക്തനായ മോശ മരിച്ചു. നാല്പതു വർഷം മുമ്പ് തുടങ്ങിയ ഐതിഹാസിക യാത്ര ഇനിയും ലക്ഷ്യത്തിലെത്തിയിട്ടില്ല. മരുഭൂമിയിലൂടെയുള്ള നാൽപ്പത് വർഷ ത്തെ അലച്ചിലിനിടയിൽ ഈജിപ്തിൽനിന്നും പുറപ്പെട്ട മിക്കവരും മരിച്ചു; നേതാക്കന്മാരായിരുന്ന മോശയും അഹറോനും മിരിയാമും ഒന്നും ഇപ്പോൾ കൂടെയില്ല. വാഗ്ദത്തഭൂമിക്കുവേണ്ടിയുള്ള നിർണ്ണാ യക പോരാട്ടത്തിൽ നേതൃസ്ഥാനത്ത് താൻ മാത്രമാണെന്ന തിരിച്ച റിവ് ജോഷ്വായെ സംബന്ധിച്ചിടത്തോളം അസ്വസ്ഥത മാത്രമല്ല ഭയവും സൃഷ്ടിക്കുന്നതായിരുന്നു. മുന്നിൽ പ്രതിബന്ധങ്ങൾ ഏറെ. കരകവിഞ്ഞൊഴുകുന്ന ജോർദ്ദാൻ നദി; വാഗ്ദത്ത ഭൂമിയിലേക്കുള്ള പ്രവേശന കവാടത്തിൽ വഴിയടച്ചുനിൽക്കുന്ന ജെറീക്കോകോട്ട;

പരിചയസമ്പന്നരും ധീരപരാക്രമികളുമായ സൈന്യം കോട്ടയ്ക്ക് കാവൽ. ഇതെല്ലാം എങ്ങനെ മറികടക്കും!

ഈ സംശയങ്ങൾക്കും ഭയത്തിനുമുള്ള മറുപടിയാണ് ജോഷ്വായുടെ പുസ്തകത്തിന്റെ ആദ്യത്തെ ഒമ്പത് വാക്യങ്ങൾക്കിടയിൽ മൂന്നുതവണ ആവർത്തിക്കുന്ന ദൈവത്തിന്റെ ശക്തി പകരുന്ന വാക്കുകൾ: **ശക്തനും ധീരനുമായിരിക്കുക** (ജോഷ്വാ 1:6,7,9). ശക്തിയുടെയും ധൈര്യത്തിന്റെയും ഉറവിടം എന്തെന്നും വിശുദ്ധ ഗ്രന്ഥം വ്യക്തമാക്കുന്നുണ്ട്; **നീ പോകുന്നിടത്തെല്ലാം നിന്നോടുകൂടെ ഞാൻ ഉണ്ടായിരിക്കും (1:9)**. ഈ യാത്ര നയിക്കുന്നത് ജോഷ്വായല്ല, വിമോചകനും കർത്താവുമായ ദൈവം തന്നെ ആയി രിക്കും. അതിനാൽ ആരെയും, ഒന്നിനെയും ഭയപ്പെടേണ്ടാ. ദൈവം തന്റെ വാഗ്ദാനം നിറവേറ്റുകതന്നെ ചെയ്യും. ജോഷ്വാ ചെയ്യേണ്ടത് ഒന്നു മാത്രം; **ന്യായപ്രമാണഗ്രന്ഥം എപ്പോഴും നിന്റെ അധരത്തിലുണ്ടായിരിക്കണം. അതിൽ എഴുതിയിരിക്കുന്നതെല്ലാം പാലിക്കാൻ നീ ശ്രദ്ധിക്കണം. അതിനെക്കുറിച്ച് രാവും പകലും ധ്യാനിക്കണം. അപ്പോൾ നീ അഭിവൃദ്ധി പ്രാപിക്കുകയും വിജയം വരിക്കു കയും ചെയ്യും** (1:8).

ദൈവവചനമനുസരിച്ചുള്ള ഒരു ജീവിതമാണ് ശക്തിയും ധൈര്യവും പകരുന്നത്; ഭയമകറ്റുന്നത്. രക്ഷാചരിത്രത്തിൽ ഉടനീളം കാണുന്നതാണ് ഈ വാഗ്ദാനവും അതിന്റെ പൂർത്തീ കരണത്തിന് നല്കുന്ന സാക്ഷ്യവും. അബ്രാഹവും യാക്കോബും ജോസഫും മോശയും, മാത്രമല്ല, ജോഷ്വാ തന്നെയും നേരിട്ടനുഭവിച്ചറിഞ്ഞതാണ് ശക്തി പകരുന്ന ദൈവിക സംരക്ഷണം. അതിനാൽ ഭയം വേണ്ടാ; സംശയിക്കുകയും വേണ്ടാ. വിശ്വസിക്കുക; ഉറച്ച വിശ്വാസം അനുസരണത്തിലൂടെ പ്രകടമാക്കുക. ജോഷ്വാ വിശ്വസിച്ചു. ആ വിശ്വാസം അയാൾക്ക് ശക്തി പകർന്നു; അനുയായികൾക്ക് ധൈര്യവും.

തന്നാലാവുംവിധം ഒരുങ്ങിയതിനുശേഷമാണ് താവളത്തിൽ നിന്നും പുറപ്പെട്ട് ലക്ഷ്യസ്ഥാനമായ വാഗ്ദത്തഭൂമിയിലേക്ക് നീങ്ങാൻ ജോഷ്വാ ജനങ്ങൾക്ക് നിർദ്ദേശം നല്കിയത്. ജെറീക്കോയിലേക്ക് ചാരന്മാരെ അയച്ചത് ഈ ഒരുക്കത്തിന്റെ ഭാഗമായിരുന്നു.

അവർ കൊണ്ടുവന്ന വാർത്ത തികച്ചും പ്രോത്സാഹനജനകമായിരുന്നു. ഇനി വൈകേണ്ട; വാഗ്ദത്തഭൂമി കീഴടക്കാനുള്ള ജൈത്രയാത്ര ആരംഭിക്കാം. എന്നാൽ ജനം അതിനായി പ്രത്യേകം ഒരുങ്ങേണ്ടതുണ്ട്. വിശുദ്ധ ഭൂമിയിലേക്കാണ് തങ്ങൾ പ്രവേശിക്കാൻ പോകുന്നത്. അതിനാൽ അവിശുദ്ധമായി കൈവശമുള്ളതെല്ലാം ഉപേക്ഷിച്ച്, ജനം ദൈവത്തിന് പൂർണ്ണമായി സ്വയം സമർപ്പിച്ച് ഒരുങ്ങണം; **നിങ്ങളെത്തന്നെ ശുദ്ധീകരിക്കുവിൻ. നാളെ നിങ്ങളുടെ ഇടയിൽ കർത്താവ് അത്ഭുതങ്ങൾ പ്രവർത്തിക്കും** (3:5). ഹൃദയം ഒരുങ്ങിയാലേ ദൈവികസംരക്ഷണം അനുഭവിക്കാൻ കഴിയൂ.

വാഗ്ദത്ത ഭൂമിയിലേക്കുള്ള യാത്ര ഒരു തീർത്ഥാടനമാണ്, മാത്രമല്ല, ഒരു ഘോഷയാത്രയും. വിശുദ്ധമായൊരു കർമ്മമാണ് തങ്ങൾ നിർവ്വഹിക്കുന്നതെന്ന് യാത്രികർ എല്ലാവരും തിരിച്ചറിയണം. ജോഷ്വായല്ല, കർത്താവ് തന്നെയാണ് അവരെ നയിക്കുന്നത്. കർത്താവിന്റെ സാന്നിധ്യം സൂചിപ്പിക്കുന്ന ഉടമ്പടിയുടെ പേടകം വഹിച്ച പുരോഹിതന്മാർ മുമ്പേ പോകുന്നതിലൂടെ ഇത് വ്യക്തമാക്കുന്നു. സകല പ്രതിബന്ധങ്ങളും തകർത്തുമാറ്റി വഴി തെളിക്കുന്ന കർത്താവിന്റെ സാന്നിധ്യവും നേതൃത്വവും അവർക്ക് ധൈര്യം പകർന്നു.

ജോർദ്ദാൻ നദിയായിരുന്നു മറി കടക്കാനുള്ള ആദ്യത്തെ പ്രതിബന്ധം. യൂഫ്രട്ടീസും ടൈഗ്രീസും നൈലുംപോലെ, അല്ലെ ങ്കിൽ നമ്മുടെ സിന്ധുവും ഗംഗയുംപോലെ ഒരു മഹാനദിയൊന്നുമല്ല ജോർദ്ദാൻ. മലയിടുക്കിലൂടെ ഒഴുകുന്ന ഒരു ചെറിയ പുഴ. പക്ഷേ ചിലപ്പോൾ അതിന്റെ ഭാവം മാറ്റും. പ്രത്യേകിച്ച് മഴക്കാലത്തും മഞ്ഞുരുകുന്ന വേനൽക്കാലത്തും. അപ്പോൾ അത് കരകവിഞ്ഞൊഴുകും. മലകൾക്കിടയിലൂടെ ഇറങ്ങിവരുന്നതിനാൽ ഒഴുക്ക് ശക്തമായിരിക്കും. അപകടകരമായ ഈ അവസ്ഥയിലാണ് നദി കടക്കാൻ ജോഷ്വായ്ക്ക് ദൈവം നല്കിയ നിർദ്ദേശം ജനത്തിന് കൈമാറുന്നത്.

അകലെ നിന്നുകണ്ടാൽ ഭയം തോന്നും. അതിശക്തമായ ഒഴുക്കിൽ കാൽവച്ചാൽ നദി വലിച്ചുകൊണ്ടുപോകും, തീർച്ച. ഇവിടെയാണ് വിശ്വാസവും അനുസരണവും പ്രകടമായത്. പേടകം വഹിച്ച

പുരോഹിതർ നിർഭയം നദിയിലേക്കിറങ്ങി, പിടിച്ചു കെട്ടിയതുപോലെ ഒഴുക്ക് നിലച്ചു. നദി മുറിഞ്ഞു. വടക്കുഭാഗത്ത് ജലം ഒരു ചിറയിലെന്നപോലെ ഉയർന്നു; തെക്കു ഭാഗത്തുണ്ടായിരുന്ന ജലം താഴെ ചാവുകടലിലേക്ക് ഒഴുകിപ്പോയി. വരണ്ട കര തെളിഞ്ഞു. ജനം സ്തുതിഗീതങ്ങളാലപിച്ച് നദി കടന്നു. ജലസഞ്ചയത്തെ ഭയപ്പെടാതെ പുരോഹിതർ അവിടെത്തന്നെ നിന്നു, ജനം മുഴുവൻ മറുകരയിലെത്തുന്നതുവരെ.

കർത്താവിനെയാണ് തങ്ങൾ വഹിക്കുന്നത്; കർത്താവാണ് തങ്ങളെ നയിക്കുന്നത് എന്ന ബോധ്യവും ഉറച്ച വിശ്വാസവും പുരോഹിതർ പ്രകടമാക്കിയപ്പോൾ നദി മുറിഞ്ഞു; ആദ്യതടസ്സം മാറി. ഇതിനേക്കാൾ വലിയതാണ് ഇനിയും മറികടക്കാനുള്ള പ്രതിബന്ധം- കാനാൻ ദേശത്തിന്റെ പ്രവേശന കവാടം അടച്ച് ഭദ്രമാക്കിയ ജെറീക്കോ കോട്ട. ഇവിടെയും കർത്താവ് തന്നെയാണ് ജനത്തെ നയിക്കുന്നത്. ആഘോഷ പൂർണ്ണമായൊരു പ്രദക്ഷിണം പോലെ പേടകം വഹിച്ച പുരോഹിതർ കോട്ടയ്ക്ക് ചുറ്റും നടന്നു. അവർക്കുമുമ്പേ കാഹളം മുഴക്കുന്ന ലേവായർ; പിമ്പേ ജനം. ആറു ദിവസം ഒരു തവണ വീതം ഈ പ്രദക്ഷിണം ആവർത്തിച്ചു; നിശ്ശബ്ദരായി. ഏഴാം ദിവസം ഏഴുതവണ പ്രദക്ഷിണം. ഏഴാം വട്ടം പൂർത്തിയായപ്പോൾ ജോഷ്വാ കല്പന നല്കി. ജനം ആർത്തു വിളിച്ചു. കോട്ടകൾ തകർന്നുവീണു. പ്രതിബന്ധം മാറി; വാഗ്ദത്ത ഭൂമിയിലേക്കുള്ള വാതിൽ തുറന്നു.


സൈന്യത്തിന്റെ സംഖ്യയോ ആയുധത്തിന്റെ ശക്തിയോ അല്ല, മറി കടക്കുക അസാധ്യം എന്നു കരുതിയിരുന്ന പ്രതിബന്ധങ്ങളെ തരണം ചെയ്യാൻ ജോഷ്വായെയും ഇസ്രായേൽ ജനത്തെയും സഹായിച്ചത്. മറിച്ച്, അനാഥർക്ക് പിതാവും വിധവകൾക്ക് സംരക്ഷകനും അടിമകൾക്ക് വിമോചകനുമായ കർത്താവാണ് അവർക്കുമുമ്പേ പോയി നദികൾ വറ്റിച്ചും കോട്ടകൾ തകർത്തും വഴിയൊരുക്കിയത്. ഇതാണ് രക്ഷാകര ചരിത്രത്തിൽ സംഭവിക്കുന്നത്. മൂവായിരം വർഷംമുമ്പ് ഇസ്രായേലിന്റെ ജീവിതത്തിൽ മാത്രമല്ല, ഇന്നും എന്നും ഇതുതന്നെ സംഭവിക്കും.

കരകവിഞ്ഞൊഴുകുന്ന ജോർദ്ദാൻ നദിയും വഴി തടഞ്ഞു

നിൽക്കുന്ന ജെറീക്കോ കോട്ടയും പ്രതീകങ്ങളാണ്. ദൈവരാജ്യ ത്തിലേക്കുള്ള തീർത്ഥാടനത്തിൽ നാം സമൂഹമെന്ന നിലയിലും വ്യക്തികളെന്ന നിലയിലും നേരിടേണ്ടി വരുന്ന പ്രതിബന്ധങ്ങളുടെ പ്രതീകങ്ങൾ. ദൈവം ഏൽപ്പിക്കുന്ന ദൗത്യം എളുപ്പമായിരിക്കുക യില്ല. വെറുതെയല്ല ബലപ്രയോഗത്തിന്റെ ആവശ്യകതയെക്കുറിച്ച് യേശു മുന്നറിയിപ്പ് നല്കിയിരിക്കുന്നത്: **സ്വർഗ്ഗരാജ്യം ബല പ്രയോഗത്തിന് വിഷയമായിരിക്കുന്നു. ബലവാന്മാർ അത് പിടിച്ചട ക്കുന്നു** (മത്താ 11:12; ലൂക്കാ 16:16). എന്താണ് ഈ ബലപ്രയോഗം? ആർക്കെതിരേയാണ് ബലം പ്രയോഗിക്കേണ്ടത്? ഏതെങ്കിലും വ്യക്തികൾക്കോ രാഷ്ട്രങ്ങൾക്കോ സമൂഹങ്ങൾക്കോ എതിരേ ആയുധം എടുത്ത് യുദ്ധം ചെയ്യാനല്ല യേശു ആവശ്യപ്പെടുന്നതെന്ന് മലയിലെ പ്രസംഗത്തിന്റെ അവസാനം വ്യക്തമാക്കിയിട്ടുണ്ട്.

**ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുവിൻ; വിനാശത്തി ലേക്കു നയിക്കുന്ന വാതിൽ വിസ്തൃതവും വഴി വിശാലവുമാണ്; അതിലേ കടന്നുപോകുന്നവർ വളരെയാണുതാനും.എന്നാൽ, ജീവ നിലേക്കു നയിക്കുന്ന വാതിൽ ഇടുങ്ങിയതും വഴി വീതി കുറഞ്ഞ തുമാണ്. അതു കണ്ടെത്തുന്നവരോ ചുരുക്കം** (മത്താ 7:13-14). ദൈവം ഏൽപ്പിക്കുന്ന ദൗത്യം നിർവ്വഹിക്കാൻ കഴിവില്ല എന്നു കരുതി ഭയന്നു നിൽക്കുന്ന നിമിഷങ്ങൾ ജീവിതത്തിലുണ്ടാകാം. ജോർദ്ദാൻ നദിയും ജെറീക്കോ കോട്ടയും പോലെ വഴിയിൽ പ്രതി ബന്ധങ്ങൾ ഉയരാം. രോഗമോ ദാരിദ്ര്യമോ, സാമ്പത്തിക നഷ്ട ങ്ങളോ അത്യാഹിതങ്ങളോ ആകാം. ഇനി ഒരടി മുന്നോട്ടുപോകാ നാവില്ല എന്നു കരുതി തളർന്നിരിക്കുന്ന അവസരങ്ങളുണ്ടാകാം. ഒരുപക്ഷേ സുവിശേഷപ്രഘോഷണ രംഗത്തുണ്ടാകുന്ന എതിർപ്പു കളും പരാജയങ്ങളുമാകാം. അല്ലെങ്കിൽ എത്ര ശ്രമിച്ചിട്ടും വിട്ടുപേ ക്ഷിക്കാൻ കഴിയാത്ത തഴക്കദോഷങ്ങളാവാം. വർഷങ്ങൾ കഴി ഞ്ഞിട്ടും ക്ഷമിക്കാനോ മറക്കാനോ കഴിയാത്ത തിക്താനുഭവങ്ങ ളാകാം. ഉള്ളിൽ കുമിഞ്ഞുകൂടുന്ന നിരാശയോ തിളച്ചുപൊങ്ങുന്ന വിദ്വേഷമോ ആകാം. എന്തു തന്നെയുമാകട്ടെ, ദൈവം കൂടെ നടക്കു മ്പോൾ, ദൈവത്തിന്റെ കൂടെ നടക്കുമ്പോൾ, മറികടക്കാനാവാത്ത ഒരു പ്രതിബന്ധവുമില്ല എന്നറിയണം; വിശ്വസിക്കണം.

മൂന്നുതവണ തീക്ഷ്ണമായി പ്രാർത്ഥിച്ചിട്ടും മാറ്റിക്കിട്ടാത്ത ശരീരത്തിലെ മുള്ളിനെക്കുറിച്ചുള്ള പൗലോസ് അപ്പസ്തോലന്റെ പരിചിന്തനം ഇവിടെ ശ്രദ്ധേയമാണ്. **നിനക്ക് എന്റെ കൃപമതി. എന്തെന്നാൽ ബലഹീനതയിലാണ് എന്റെ ശക്തി പൂർണ്ണമായി പ്രകടമാകുന്നത്... ആകയാൽ ബലഹീനതകളിലും... ഞാൻ ക്രിസ്തുവിനെപ്രതി സന്തുഷ്ടനാണ്. എന്തെന്നാൽ, ബലഹീനനായിരിക്കുമ്പോഴാണ് ഞാൻ ശക്തനായിരിക്കുന്നത്** (2 കോറി. 12:9-10). അതിനാൽ ഭയവും നിരാശയും വേണ്ടാ. കർത്താവിന്റെ സ്വരത്തിന് കാതോർത്ത്, കർത്താവിന്റെ കൂടെ നടക്കുമ്പോൾ മറികടക്കാനാകാത്ത പ്രതിബന്ധങ്ങളായി മുന്നിൽ വരുന്ന നദികൾ വറ്റും; കോട്ടകൾ തകരും; വഴി തുറക്കും. നിർഭയരായി, ദൈവസ്തുതികൾ ആലപിച്ചും ദൈവവചനങ്ങൾ ഉരുവിട്ടും യാത്ര തുടരാം. ദൈവരാജ്യത്തിന്റെ വാതിൽ തുറന്നുതന്ന പുതിയ ജോഷ്വാ ആയ യേശുവാണ് നമുക്ക് മുമ്പിലും പിമ്പിലും, മുകളിലും താഴെയും കാവലും സംരക്ഷകനും വഴികാട്ടിയുമായി നയിക്കുന്നത്.





***എഴുന്നേറ്റ് ഭക്ഷിക്കുക, അല്ലെങ്കിൽ യാത്ര ദുഷ്കരമായിരിക്കും***
*(1 രാജാ 19:7).*

# 12

# വഴിച്ചോറ്

എത്ര പെട്ടെന്നാണ് അയാൾ തളർന്നുപോയത്? ഓടിത്തളർന്ന് മരുഭൂമിയിലെ ചൂരൽച്ചെടിയുടെ ചുവട്ടിൽ കിടന്ന അയാൾക്ക് ഇനി ഒന്നുമാത്രം മതി. മരിക്കണം. ആത്മഹത്യ ചെയ്യുന്നതിനു പകരം ദൈവത്തോട് തീക്ഷ്ണമായി പ്രാർത്ഥിച്ചു: **കർത്താവേ, മതി! എന്റെ പ്രാണനെ സ്വീകരിച്ചാലും. ഞാൻ എന്റെ പിതാക്കന്മാരേക്കാൾ മെച്ചമല്ല** (1 രാജാ 19:4). ഇനി ഒരടി മുന്നോട്ട് വയ്ക്കാനാവില്ല. ശരീരവും അതിലേറെ മനസ്സും തളർന്നു. എങ്ങോട്ടെന്നില്ലാതെ ഓടി, മരുഭൂമിയിലെത്തി. കൂടെവന്ന സേവകനെ തിരിച്ചയച്ചു. വീണ്ടും മരുഭൂമിയിലൂടെ ഒരു ദിവസത്തെ യാത്ര. ആരും കാണാതെ, ആരും അറിയാതെ, ജീവൻ വെടിയണം; ഈ മരുഭൂമിയിലെ മണലിൽ അലിഞ്ഞു ചേരണം. അതുമതി. അതിനു വേണ്ടിയാണ് പ്രാർത്ഥന!

തികച്ചും അവിശ്വസനീയമായൊരു ചിത്രം. ഏതെങ്കിലും ഒരു

സാധാരണക്കാരന്റെയോ ഭീരുവിന്റെയോ വിലാപമല്ല ഇത്. രാജസിംഹാസനങ്ങളെ കിടുകിടാവിറപ്പിച്ച, ജനത്തെ ഒന്നടങ്കം ദൈവവചനത്തിന്റെ വാൾമുനയിൽ നിർത്തിയ, ആകാശത്ത് നിന്ന് അഗ്നിയിറക്കിയ, ബാലിന്റെ 850 പുരോഹിതപ്രവാചകന്മാരെ നിഗ്രഹിച്ച മഹാപ്രവാചകൻ ഏലിയാ. എന്തുപറ്റി അയാൾക്ക്? രാജകൊട്ടാരത്തിൽ നിർഭയം കയറിച്ചെന്ന് വരാൻപോകുന്ന വരൾച്ചയെ മുൻകൂട്ടി അറിയിച്ച്, മഴ പെയ്യിക്കാൻ ബാൽദേവനെ വെല്ലുവിളിച്ച, അഗ്നിപ്രവാചകൻ! യാഹ്‌വേയുടെ നാമത്തിൽ രാജ്യത്തിനെതിരേ ഒറ്റയ്ക്ക് പോരാടിയ നിർഭയൻ. മൂന്നരവർഷത്തെ വരൾച്ചയ്ക്കുശേഷം കാർമ്മൽ മലയിൽ ഒരു മിച്ചുകൂടിയ രാജാവിനും ജനത്തിനും ബാൽ പ്രവാചകന്മാർക്കും മുന്നിൽ ഏകനായി, യാഹ്‌വേയുടെ നാമത്തിൽ ജീവൻ കയ്യിലെടുത്തവൻ. മഴ പെയ്യിക്കാൻ ബാലിനെ വെല്ലുവിളിച്ചവൻ. അവസാനം ആകാശത്തുനിന്ന് അഗ്നിയിറങ്ങി ബലിവസ്തുക്കൾ ദഹിപ്പിച്ചപ്പോൾ ജനം ഒന്നടങ്കം യാഹ്‌വേയാണ് ദൈവം എന്ന് ആർത്തുവിളിക്കുന്നതിന് സാക്ഷ്യം വഹിച്ച, ആ വിശ്വാസപ്രകടനത്തിന് കളം ഒരുക്കിയ കർത്താവിന്റെ ധീരനായ പോരാളി.

ഇസ്രായേലിനെ മോചിപ്പിച്ചു സ്വന്തം ജനമാക്കിയ യാഹ്‌വേ മാത്രമാണ് ദൈവം എന്ന് അഗ്നിയെ സാക്ഷിയാക്കി തെളിയിച്ചതിനുശേഷം വെറും മനുഷ്യനിർമ്മിത വിഗ്രഹമായ ബാൽദേവനെ ആരാധിക്കാൻ പ്രേരിപ്പിച്ച 850 വ്യാജപ്രവാചകരെ വധിച്ച് ദേശം ശുദ്ധീകരിക്കാൻ ശ്രമിച്ച കർത്താവിന്റെ ധീരനായ പടയാളി. അയാളാണ് ഇപ്പോൾ ചതഞ്ഞ ഞാങ്ങണപോലെ, തളർന്നുവീണു കിടന്ന് വിലപിക്കുന്നത്. കാരണം? ജെസബെൽ രാജ്ഞിയുടെ ഉഗ്രശപഥം: **നാളെ ഈ നേരത്തിനുമുമ്പ് ഞാൻ നിന്റെ ജീവനെ ആ പ്രവാചകന്മാരിലൊരുവന്റേതുപോലെ ആക്കുന്നില്ലെങ്കിൽ ദേവന്മാർ അതും അതിലപ്പുറവും എന്നോടു ചെയ്യട്ടെ** (1 രാജാ.19:2).

ജീവൻ അപകടത്തിലാണെന്ന് മനസ്സിലാക്കിയ ഏലിയ ഭയന്നു. ഇതിനുമുമ്പോ പിമ്പോ ഒരിക്കലും സംഭവിച്ചിട്ടില്ലാത്തതുപോലെ മരണഭയം അയാളെ ഗ്രസിച്ചു. ജെസെബെലിന്റെ രാജ്യമായ ഇസ്രായേലിന്റെ അതിർത്തിക്ക് തെക്ക്, യൂദയായിൽ ഒരു പക്ഷേ താൻ സുരക്ഷിത നായിരിക്കും എന്ന് കരുതിയാണോ ബേർഷെ

ബായിലെത്തിയത്? പക്ഷേ യൂദായിലും അയാൾ സുര ക്ഷിതനായി രിക്കില്ല. കാരണം ജെസബെലിന്റെ മകൾ അത്താലിയായാണ് ജെറുസലേമിൽ രാജ്ഞി. ഓടിയൊളിക്കാൻ ഇടമില്ല; ആത്മഹത്യ ചെയ്യാൻ മനസ്സില്ല, അതോ ധൈര്യമില്ലായ്കയോ? ഏതായാലും തന്റെ ദുരന്തത്തിൽ വിശ്വസ്ത സേവകന് ജീവൻ നഷ്ടപ്പെടരുത് എന്നു കരുതിയാവാം സേവകനെ തിരിച്ചയച്ചിട്ട് ഏലിയാ തനിയേ മുമ്പോട്ട് പോയത്.

പഴയനിയമ പ്രവാചകന്മാരിൽ അഗ്രഗണ്യനും പ്രവാചകത്വ ത്തിന്റെ തന്നെ പ്രതീകവുമായ ഏലിയാ ഇപ്രകാരം തളർന്നു പോകാൻ എന്താ കാരണം? യഥാർത്ഥത്തിൽ ജനം ഒന്നടങ്കം കാർമ്മൽ മലയിൽവച്ച് കർത്താവിനെ ഏറ്റുപറഞ്ഞത് ഒരു വൻ വിജയമായിരുന്നു. രണ്ട് വഞ്ചിയിൽ കാൽവയ്ക്കാതെ ഉറച്ചതീരു മാനം എടുക്കാൻ വെല്ലുവിളിച്ചപ്പോൾ നിശ്ശബ്ദരായി നിന്നവർ ബാലിന്റെ പ്രവാചകന്മാർ പരാജയപ്പെട്ടിടത്ത് ഏലിയായുടെ പ്രാർത്ഥനയാൽ അഗ്നിയിറങ്ങിയത് കണ്ടാണ് വിശ്വാസപ്രഖ്യാപനം നടത്തിയത്. മുൻകൂട്ടി അറിയിച്ചതുപോലെ കർത്താവ് മഴയും അയ ച്ചു. എന്നിട്ടും ഏലിയാ ഭയന്നു; ഓടി, മരിക്കാൻ ആഗ്രഹിച്ച് തളർന്നു കിടന്നു. ജെസബെൽ തന്റെ ശപഥം നിറവേറ്റും എന്ന വിശ്വാസ മാണോ ഈ ഭയത്തിനു കാരണം?

ജനത്തിന്റെ വിശ്വാസപ്രഖ്യാപനം താൽക്കാലിക മാണെന്നും രാജാവിന്റെ ഭാഗത്തുനിന്ന് എതിർപ്പും ഭീഷണികളും ഉണ്ടാകു മ്പോൾ അവർ മനസ്സുമാറ്റും എന്നും ഏലിയായ്ക്ക് അറിയാം. പക്ഷേ ജനത്തിലല്ല, തന്നെ അയച്ച ദൈവത്തിലാണല്ലോ ഏലിയാ ആശ്രയിച്ചത്. പിന്നെ എന്തേ ഇതുവരെ ഉണ്ടാകാതിരുന്ന ഭയവും നിരാശയും പ്രവാചകനെ ഗ്രസിച്ചു? ഉത്തരം കണ്ടെത്തുക എളുപ്പ മല്ല. ഒരു സ്ത്രീയുടെ കയ്യാൽ കൊല്ലപ്പെടുന്നത് ലജ്ജാകരമായി തോന്നിയതുകൊണ്ടാകുമോ ദൈവം തന്നെ തന്റെ ജീവൻ എടുക്ക ണം എന്ന് പ്രാർത്ഥിക്കുന്നത്? ചോദ്യങ്ങൾ പലതും ഉന്നയിക്കാം. ഉത്തരം കണ്ടെത്തുക പ്രയാസം. എന്നാൽ എന്തുകൊണ്ടാണ് വിശുദ്ധ ഗ്രന്ഥകാരൻ പഴയനിയമത്തിലെ ഏറ്റം ധീരനായ പ്രവാ ചകനെ ഇത്ര ദയനീയമായൊരവസ്ഥയിൽ ചിത്രീകരിച്ചിരിക്കുന്നത് എന്ന ചോദ്യം കൂടുതൽ പ്രസക്തമാണ്.

എത്ര ശക്തനും ധീരനും ആണെങ്കിലും ഏലിയായും ഒരു മനുഷ്യനാണ്, മനുഷ്യൻ മാത്രമാണ് എന്ന പാഠമായിരിക്കാം ആദ്യമേ നല്കുന്നത്. കർത്താവാണ് അവനെ വിളിച്ചതും ശക്തി പകർന്ന് പ്രവാചകനാക്കിയതും. കാർമ്മൽ മലയിലെ സംഭവം തികച്ചും അത്ഭുതാവഹമായിരുന്നു. ദൈവത്തിനുവേണ്ടി ജീവൻ തന്നെ പണയപ്പെടുത്തിക്കൊണ്ടാണ് ആകാശത്തുനിന്ന് അഗ്നിയിറക്കാൻ ബാലിന്റെ പ്രവാചകരെ വെല്ലുവിളിച്ചത്. അവർ പരാജയപ്പെട്ടിടത്ത്, താൻ പ്രാർത്ഥിക്കുന്നതിനുമുമ്പു തന്നെ കർത്താവ് തീയിറക്കി. കർത്താവ് മാത്രമാണ് ദൈവമെന്നും ഏലിയാ മാത്രമാണ് കർത്താവിന്റെ പ്രവാചകൻ എന്നും ഏവർക്കും വ്യക്തമായി. പക്ഷേ തൊട്ടുപിന്നാലെ മരണഭീതിയോടെ നാടുവിട്ടോടുന്നത് കാണുമ്പോൾ ഏലിയായിലെ മാനുഷികതയും ബലഹീനതയും പ്രകടമാകുന്നു. ഏലിയാ അല്ല കർത്താവാണ് അഗ്നി അയച്ചത്. എന്നാലും 'ഞാൻ മാത്രം വിശ്വസ്തൻ' എന്ന ഒരു ചിന്ത പ്രവാചകന്റെ ഉള്ളിൽ ഒരു വിഷബീജമായി കയറിപ്പറ്റിയതുപോലെ തോന്നും.

ഹോറെബിലെ ഗുഹയിൽ ഒളിച്ചിരിക്കുന്ന ഏലിയാ കർത്താവിന്റെ ചോദ്യ ത്തിന് നല്കുന്ന മറുപടിയിൽ ഈ 'ഞാൻ മാത്രം' എന്ന ചിന്ത രണ്ടുതവണ പ്രകടമാകുന്നത്. **... അവർ അങ്ങയുടെ പ്രവാചകന്മാരെ വാളിനിരയാക്കുകയും ചെയ്തു. ഞാൻ മാത്രമേ ശേഷിച്ചിട്ടുള്ളൂ** (1 രാജാ 19:10,14). കർത്താവിനെ പ്രതിയുള്ള തീക്ഷ്ണതയാൽ ജ്വലിക്കുന്ന ഏലിയായുടെ വിശ്വാസപ്രഖ്യാപനം കർത്താവ് അംഗീ കരിക്കുമ്പോഴും 'ഞാൻ മാത്രം' എന്ന നിലപാട് സ്വീകരിക്കുന്നില്ല. അത് കർത്താവ് തന്നെ വ്യക്തമാക്കുന്നുണ്ട്. **ബാലിൻെറ മുൻപിൽ മുട്ടുമടക്കുകയോ അവനെ ചുംബിക്കുകയോ ചെയ്യാത്ത ഏഴായിരം പേരെ ഞാൻ ഇസ്രായേലിൽ അവശേഷിപ്പിക്കും** (1 രാജാ 19:18). അതിനാൽ ഞാൻ മാത്രമാണ് കർത്താവിനോട് വിശ്വസ്തത പാലി ക്കുന്നവൻ എന്ന ചിന്ത ഏലിയാ വെടിയണം.

ഒരുപക്ഷേ, ആ ചിന്തതന്നെ ആയിരിക്കുകയില്ലേ ഈ ഭയത്തിന്റെയും ഒളിച്ചോട്ടത്തിന്റെയും മരിക്കാൻ ആഗ്രഹിക്കുന്നതിന്റെയും കാരണം? തന്നെ താങ്ങി നിർത്തുന്ന, വഴി നടത്തുന്ന കർത്താവിൽനിന്ന് ഒരു നിമിഷത്തേക്കുപോലും കണ്ണെടുത്താൽ എന്തു സംഭവിക്കാം എന്നതിന്റെ ഒരു സൂചനയും ഇവിടെ കാണാം.

ഇതുവരെ സംരക്ഷിച്ചവൻ തുടർന്നും കാത്തുപാലിക്കും എന്ന് ചിന്തിക്കാത്തതെന്തേ? അതാണ് മാനുഷിക ബലഹീനത. വലിയ ഹീറോ ആയി അവതരിപ്പിക്കുമ്പോഴും ഏലിയാ വെറും ഒരു മനുഷ്യനാണെന്ന് വി. ഗ്രന്ഥകാരൻ അനുവാചകരെ അനുസ്മരിപ്പിക്കുന്നു.

എത്ര വലിയ വിശുദ്ധർക്കും ധൈര്യശാലികൾക്കും സംഭവിക്കാവുന്ന ഒരു അവസ്ഥയാണിത്. ഇനി വയ്യാ. എന്തിനീ ജീവിതം ഇങ്ങനെ തുടരണം? എല്ലാവരുടെയും എതിർപ്പിനും ശത്രുതയ്ക്കും പാത്രമായി. ദൃശ്യമായ ഒരു ഉപകാരവുമില്ലാത്ത ഈ ജീവിതം എന്തിന്? എന്തിന് ഞാൻ ഈ കഷ്ടതകളും ക്ലേശങ്ങളും സഹിക്കണം? മതി! എനിക്ക് ജീവിതം മടുത്തു! ഒന്നവസാനിച്ചാൽ മതി. ദൈവം തന്നെ കനിഞ്ഞ് ജീവൻ എടുത്തിരുന്നെങ്കിൽ! പരാജയത്തിന്റെ പടുകുഴിയിൽ കിടക്കുന്നതുപോലെ ഒരു തോന്നൽ. ഇതുവരെ ജീവിച്ചതും പറഞ്ഞതും ചെയ്തതും എല്ലാം അർത്ഥശൂന്യവും വ്യർത്ഥവുമായി അനുഭവപ്പെടുക– വലിയ നേതാക്കന്മാർക്കും വിശുദ്ധർക്കും മാത്രമല്ല, സാധാരണ മനുഷ്യർക്കും സംഭവിക്കാവുന്ന ഒരു വലിയ പ്രലോഭനമാണിത്. പ്രലോഭനം എന്ന് തിരിച്ചറിയാതെ ഏലിയാ കണ്ണടച്ചു– ഇനി അത് ഒരിക്കലും തുറക്കല്ലേ എന്നാശിച്ചു. ഉറക്കത്തിലേക്ക് വഴുതി വീണു– ഒരിക്കലും ഉണരാത്ത ഉറക്കത്തിലേക്ക് എന്നയാൾ കരുതി.

തനിക്കുവേണ്ടി ജീവൻ ഉഴിഞ്ഞുവച്ചവനെ കൈവിടുന്ന വനല്ല ദൈവം. ജീവൻ നല്കി, വഴി നടത്തി, പ്രവാചകദൗത്യം ഏൽപ്പിച്ച് അപകടങ്ങളുടെ നടുവിലേക്ക് ഇറക്കി വിട്ടവൻ പരാജയപ്പെടുന്ന ദാസനെ കൈവിടില്ല. കർത്താവ് തന്റെ ദൂതനെ അയച്ചു, ചൂടുള്ള അപ്പവും തണുത്ത വെള്ളവുമായി; ഉറങ്ങി ക്കിടന്നവനെ ദൂതൻ തട്ടിയുണർത്തി. എണീറ്റു ഭക്ഷിക്കുക! ഉറക്കച്ചടവോടെ, വിറയ്ക്കുന്ന കൈകൾ കൊണ്ട് അപ്പം എടുത്തു തിന്നു; വെള്ളവും കുടിച്ചു. വീണ്ടും ഉറങ്ങി. പക്ഷേ ദൈവം അവനെ ഉണരാത്ത നിദ്രയിലാണ്ടു പോകാൻ അനുവദിക്കുന്നില്ല. വീണ്ടും ദൂതൻ– ഇത്തവണ ഭക്ഷണം മാത്രമല്ല, പുതിയൊരു ദൗത്യവും ഏൽപ്പിക്കുന്നു. എണീറ്റു ഭക്ഷിക്കുക. അല്ലെങ്കിൽ യാത്ര ദുഷ്ക്കരമായിരിക്കും.

മരുഭൂമിയുടെ ശൂന്യതയിൽ അലിഞ്ഞുതീരാനുള്ളതല്ല ഏലിയായുടെ ജീവിതം. അവനെ സംബന്ധിച്ച ദൈവിക പദ്ധതി പൂർത്തിയായിട്ടില്ല; ബഹുദൂരം ഇനിയും യാത്ര ചെയ്യാനുണ്ട്. നാൽപ്പത് ദിനരാത്രങ്ങൾ നടന്ന് ഹോറെബിലേക്ക്. അവിടെയാണ് ഇസ്രായേലിന്റെ ഉറവിടം. ഒരു പറ്റം അടിമകളെ ദൈവജനമാക്കി ഉയർത്തിയ ഉടമ്പടിയുടെ മല, സീനായ് എന്നും ഹോറെബെന്നും പറയുന്ന ദൈവാനുഭവത്തിന്റെ മല. അവിടെ അവൻ കർത്താവിന്റെ മുമ്പിൽ നിൽക്കണം. അപകടകരമായ പുതിയ ദൗത്യങ്ങൾ ഏറ്റെടുക്കണം. നിഷ്കളങ്കനായ നാബോത്തിന്റെ രക്തം വീണു കുതിർന്ന മണ്ണിൽവച്ച് കൊലപാതകത്തിനുത്തര വിട്ട രാജാവിനെ നേരിടണം (1 രാജാ. 21). കർത്താവിന്റെ ശിക്ഷാവിധി അറിയിക്കണം. ഇസ്രായേലിലും അയൽരാജ്യമായ സിറിയായിലും പുതിയ രാജാക്കന്മാരെ വാഴിച്ചുകൊണ്ട് കലാപത്തിന് തീ കൊളുത്തണം (1 രാജാ 19:15–21). അതിനുശേഷമേ പ്രവാചകൻ അഗ്നിയിൽ ദൈവസന്നിധിയിലേക്കുയരൂ! അതിനായി ശക്തിയാർജ്ജിക്കണം. അതിനാണ് അപ്പവും വെള്ളവും.

ഏലിയാ എണീറ്റു; ഭക്ഷിച്ചു, പാനം ചെയ്തു. ആ ഭക്ഷണത്തിന്റെ ശക്തിയാൽ മരുഭൂമിയിലൂടെ നാൽപത് ദിനരാത്രങ്ങൾ സഞ്ചരിച്ചു. ദൈവത്തിൽനിന്ന് ദൗത്യം സ്വീകരിച്ചു. ഇനി ഭയമില്ല, പരാതിയില്ല; മരിക്കണം എന്ന ആഗ്രഹവുമില്ല. അത്ര മാത്രം ശക്തി പകരുന്നതാണ് ഏലിയാ ഭക്ഷിച്ച അപ്പം. കർമ്മെലും ഹോറെബും ശക്തമായ ദൈവാനുഭവത്തിന്റെ മലകളാണ്. അവയ്ക്ക് മദ്ധ്യേയാണ് പരാജയത്തിന്റെയും മരണഭീതിയുടെയും പ്രലോഭനങ്ങളുടെയും മരുഭൂമി. അവിടെ ഏലിയാ തനിച്ചാണ് എന്നു തോന്നാമെങ്കിലും അപ്പുറത്തും ഇപ്പുറത്തുമുള്ള മലകളിലെ ദൈവാനുഭവം പോലെ തന്നെ ശക്തവും പ്രസക്തവുമാണ് മരുഭൂമിയിലെ അനുഭവവും ശാക്തീകരണവും.

ഏലിയായുടെ മരുഭൂമിയനുഭവം ഏറെ പ്രസക്തമായ ചില പാഠങ്ങൾ നല്കുന്നുണ്ട്. വിജയത്തിന്റെ കൊടുമുടികളിൽ മാത്രമല്ല, പരാജയത്തിന്റെ പടുകുഴികളിലും ദൈവമുണ്ട്; ദൈവം തന്റെ സാന്നിധ്യം വെളിപ്പെടുത്തും. കർത്താവിനുവേണ്ടി അദ്ധ്വാനിച്ചും

പടപൊരുതിയും തളർന്നും നിരാശയിലാണ്ടുപോകുന്നവരെ ദൈവം കൈവിടില്ല. ഒരു പക്ഷേ പരാജയം എന്നുതോന്നുന്ന അവസരങ്ങളും സംഭവങ്ങളുമായിരിക്കും ദൈവത്തെ അടുത്തറിയാൻ കൂടുതൽ ഉപകരിക്കുക. അതിനാൽ നിരാശവേണ്ടാ, വിളിച്ചവൻ വിശ്വസ്ത നാണ്. നമ്മൾ അവിശ്വസ്തരായാൽപ്പോലും ദൈവം വിശ്വസ്തനാ യിരിക്കും. സ്വന്തം ബലഹീനതകൾ തിരിച്ചറിഞ്ഞ് കർത്താവിൽ ആശ്രയിക്കുക. അവൻ ശക്തി പകരും.

ഏലിയാ ഭക്ഷിച്ച അപ്പവും പാനം ചെയ്ത ജലവും ദൈവം നല്കാനിരുന്ന പുതിയ ഭക്ഷണത്തിന്റെ പ്രതീകവും മുന്നോടിയു മാണ്. അപ്പത്തിന്റെ ശക്തിയാൽ ഏലിയാ നാൽപ്പത് ദിനരാത്രങ്ങൾ നടന്ന് ഹോറെബിൽ എത്തിയെങ്കിൽ ഇന്ന് ദൈവം നമുക്ക് നല്കു ന്നത് പിതൃഭവനമായ സ്വർഗ്ഗത്തിൽ എത്തുന്നതുവരെ ഈ ഭൂമിയി ലൂടെ യാത്ര ചെയ്യാൻ ആവശ്യമായ ശക്തി പകരുന്നത് അപ്പമായ വിശുദ്ധ കുർബ്ബാനയാണ്. വാങ്ങി ഭക്ഷിക്കുവിൻ – ഇത് നിങ്ങൾക്കു വേണ്ടി വിഭജിക്കപ്പെടുന്ന എന്റെ ശരീരമാണ്!

പരാജയത്തിൽ മനം തളരാതെ, വീഴ്ചകളിൽ തകർന്നുപോകാ തെ കർത്താവിൽ ആശ്രയിക്കണം. അവിടുന്ന് തരുന്ന ജീവദായക മായ വചനവും സ്വന്തം ശരീരമാകുന്ന അപ്പവും സ്വീകരിച്ച് ശക്തി യാർജ്ജിക്കണം. അവിടുന്ന് ഏൽപ്പിക്കുന്ന ദൗത്യം പൂർത്തിയാക്കു ന്നതിനുവേണ്ടി ഇനിയും ദീർഘദൂരം മരുഭൂമിയിലൂടെ യാത്ര ചെയ്യാ നുണ്ട് – കർത്താവ് നിശ്ചയിക്കുന്ന സമയം വരെ. അതിനാൽ ഭയപ്പെ ടേണ്ടാ; നിരാശപ്പെടുകയും വേണ്ടാ. ഏത് മണൽക്കാട്ടിലും കർത്താ വ് കൂടെയുണ്ട്. ഈ ബോ ധ്യം, വിശ്വാസം ശക്തി പകരട്ടെ. 'എണീറ്റു ഭക്ഷിക്കുക, അല്ലെങ്കിൽ യാത്ര ദുഷ്ക്കരമായിരിക്കും'





*'കർത്താവ് ചോദിക്കുന്നു: നീ അവനെ കൊലപ്പെടുത്തി അവന്റെ വസ്തു കയ്യേറിയോ?... കർത്താവ് അരുളിച്ചെയ്യുന്നു: നാബോത്തിന്റെ രക്തം നായ്ക്കൾ നക്കിക്കുടിച്ച സ്ഥലത്തുവച്ചുതന്നെ നിന്റെ രക്തവും നായ്ക്കൾ നക്കിക്കുടിക്കും. ഇസ്രായേലിന്റെ അതിർത്തിക്കുള്ളിൽ വച്ചുതന്നെ ജസബേലിനെ നായ്ക്കൾ തിന്നും'* (1 രാജാ.21:19-23).

# 13

# നിർഭയശബ്ദം

തികച്ചും അപകടകരമായൊരു ദൗത്യമാണ് കർത്താവ് അയാളെ ഏല്പിച്ചത്. നാട് ഭരിക്കുന്ന രാജാവിനെ വിചാരണ ചെയ്ത്, കുറ്റം തെളിയിച്ച്, വധശിക്ഷ വിധിക്കുക. ദൗത്യത്തിന്റെ ഗൗരവത്തേയും അതുൾക്കൊള്ളുന്ന മാരകമായ അപകടത്തെയും കുറിച്ച് തികച്ചും ബോധവാനാണയാൾ- ഏലിയാ ഒരിക്കൽ രാജകൊട്ടാരത്തിൽ കയറിച്ചെന്ന് വിഗ്രഹാരാധനയുടെ പേരിൽ രാജാവിനും രാജ്യത്തിനും എതിരേ കർത്താവിന്റെ വിധി പ്രസ്താവിച്ചതാണയാൾ- മൂന്നര വർഷത്തെ വരൾച്ച. വിധി പ്രസ്താവത്തിനുശേഷം പോയി ഒളിച്ചു. വീണ്ടും കർത്താവിന്റെ കല്പനയനുസരിച്ച് രാജാവിനെയും ജനം മുഴുവനെയും കർമ്മല മലയിൽവച്ച് വെല്ലുവിളിച്ചു. ബാലിന്റെ 850 പുരോഹിത പ്രവാചകർക്കെതിരേ ഒറ്റയ്ക്കുനിന്ന അഗ്നി പ്രവാചകൻ.

കർത്താവ് കൈവിട്ടില്ല. ബാലിന്റെ പ്രവാചകർ പരാജയപ്പെട്ടിടത്ത് ഏലിയായെ കർത്താവ് വിജയിപ്പിച്ചു. ആകാശത്തുനിന്ന് അഗ്നിയിറങ്ങി; പിന്നാലെ മഴയും. ബാൽ മനുഷ്യസൃഷ്ടിയായ വിഗ്രഹം മാത്രമാണെന്നും യഥാർത്ഥ ദൈവം ഇസ്രായേൽ വിശ്വാസമർപ്പിച്ചിരിക്കുന്ന യാഹ്‌വേ മാത്രമാണെന്നും അന്ന് ജനങ്ങൾക്കു ബോധ്യമായി. അവർ അത് ഉറക്കെ പ്രഖ്യാപിച്ചു: 'കർത്താവുതന്നെ ദൈവം! കർത്താവ് തന്നെ ദൈവം!' (1 രാജാ 18:39). ആവേശഭരിതനായ പ്രവാചകൻ അന്ന് ബാലിന്റെ പുരോഹിത പ്രവാചകരെ ഒന്നടങ്കം മലയുടെ താഴ്‌വാരത്തു വച്ച് കുരുതി കഴിച്ചു. അങ്ങനെ യാഹ്‌വേയുടെ വിജയം ആഘോഷിച്ചു.

പക്ഷേ അത് വലിയ വിനയായെന്ന് അയാൾ താമസിയാതെ തിരിച്ചറിഞ്ഞു. നാളെ സൂര്യാസ്തമയത്തിനുമുമ്പ് തന്നെ വധിച്ച് പ്രതികാരം ചെയ്യും എന്ന ജസെബെൽ രാജ്ഞിയുടെ ഉഗ്രശപഥം കേട്ട പ്രവാചകൻ ഭയന്നു; ഓടിയൊളിക്കാൻ ശ്രമിച്ചു. മരുഭൂമിയിൽ കിടന്ന് മരണത്തിനായി പ്രാർത്ഥിച്ചു: 'കർത്താവേ, മതി; എന്റെ പ്രാണനെ സ്വീകരിച്ചാലും!' (1 രാജാ 19:4). അന്ന് കർത്താവിന്റെ ദൂതൻ വിളിച്ചെഴുന്നേൽപ്പിച്ച് കൊടുത്ത അപ്പത്തിന്റെയും വെള്ളത്തിന്റെയും ശക്തിയാൽ നാല്പത് ദിനരാത്രങ്ങൾ നിർത്താതെ നടന്ന് കർത്താവിന്റെ മലയിൽ എത്തി. എന്നാൽ പരാതികൾ നിരത്തിയ പ്രവാചകന് കർത്താവ് ഒരാശ്വാസവാക്കുപോലും കൊടുത്തില്ല. മറിച്ച് കൂടുതൽ അപകടമായൊരു ദൗത്യമാണ് ഏൽപ്പിച്ചത്. ഇസ്രായേലിലും അയൽ രാജ്യമായ സിറിയായിലും പുതിയ രാജാക്കന്മാരെ അഭിഷേകം ചെയ്ത് വിപ്ലവത്തിന് വഴി മരുന്നിടുക!

ഇതിനിടയിലാണ് ഈ പുതിയ ദൗത്യം - രാജാവായ ആഹാബിനെ വിചാരണ ചെയ്ത് വധശിക്ഷ പ്രഖ്യാപിക്കുക! അതു കഴിഞ്ഞ് ജീവനോടെ ഇരിക്കാൻ രാജാവ് സമ്മതിക്കുമോ? ഇസബെലിനെ ഭയന്ന് ഒളിച്ചോടി, മരിക്കാൻ ആഗ്രഹിച്ച പ്രവാചകൻ! പക്ഷേ കർത്താവിന്റെ വാക്കിന് മാറ്റമില്ല. ഞാൻ അയയ്ക്കുന്നിടത്തേക്ക് നീ പോകണം. ഞാൻ പറയുന്നതെന്തും നീ ഉച്ചത്തിൽ വിളിച്ചുപറയണം. നീ അവരെ ഭയപ്പെടേണ്ടാ, നിന്റെ രക്ഷയ്ക്ക്

ഞാനുണ്ട് (ജറെ 1:7-8). താൻ തിരഞ്ഞെടുത്ത് അയയ്ക്കുന്ന പ്രവാച കർക്കെല്ലാം ദൈവം നല്കുന്ന ദൗത്യവും വാഗ്ദാനവും എന്നും ഇതുതന്നെ. ചൂണ്ട വിഴുങ്ങിയ മീനിനെപ്പോലെയാണ് വിളി ലഭിച്ച പ്രവാചകൻ. കുതറി മാറാനാവില്ല; ഒളിച്ചോടാനും സമ്മതി ക്കില്ല. വിളിച്ചവൻ വിശ്വസ്തനാണ്. സംരക്ഷിക്കും- തീർച്ച. ഈ ഉറപ്പാണ് അപകടകരമായ ദൗത്യം ഏറ്റെടുക്കാൻ ഏലിയായെ ശക്തി പ്പെടുത്തിയത്.

സാഹചര്യം തികച്ചും അപകടകരമായിരുന്നു. നിരപരാധനായ ഒരു സാധു കർഷകന്റെ രക്തത്തിന്റെ നിലവിളി ഏറ്റെടുക്കാനാണ് ദൈവം ഏലിയായെ നിയോഗിച്ചത്. ഇസ്രായേൽ രാജാവായ ആഹാബു രാജാവിന്റെ വേനൽക്കാലവസതി ജസ്രേൽ എന്ന പട്ടണ ത്തിലായിരുന്നു. തന്റെ വില്ലായോട് ചേർന്ന് ഒരു ചെറിയ മുന്തിരിത്തോട്ടമുണ്ട്. അത് കിട്ടിയാൽ നല്ലൊരു പച്ചക്കറിത്തോട്ടം ഉണ്ടാക്കാം എന്ന് രാജാവിനൊരു മോഹം. മുന്തിരിത്തോട്ടം നാബോത്ത് എന്ന കർഷകന്റേതാണ് ചോദിക്കുന്ന വില, വേണമെ ങ്കിൽ അതിന്റെ ഇരട്ടിത്തുക നല്കാം. ഇനി പണമല്ല സ്ഥലമാണ് വേണ്ടതെങ്കിൽ രാജ്യത്തെവിടെ വേണമെങ്കിലും സ്ഥലം നല്കാം. സാമാന്യദൃഷ്ടിയിൽ തികച്ചും ന്യായമായൊരു നിർദ്ദേശം. എന്നാൽ നാബോത്ത് മുന്തിരിത്തോട്ടം വിൽക്കാനോ കൈമാറ്റം ചെയ്യാനോ തയ്യാറല്ല. കാരണം അയാളെ സംബന്ധിച്ചിടത്തോളം ക്രയവിക്രയം ചെയ്യാവുന്ന ഒരു ചരക്കല്ല ഭൂമി. പിതാക്കന്മാരിലൂടെ തലമുറ തലമുറ യായി കടന്നുവന്ന അവകാശമാണത് - വാഗ്ദത്ത ഭൂമിയിലെ തന്റെ അവകാശം. ദൈവവുമായുള്ള ഉടമ്പടി ബന്ധത്തിന്റെ ദൃശ്യമായ അടയാളം. പിതാക്കന്മാരുടെ ശരീരം അഴിഞ്ഞു ചേർന്ന വിശുദ്ധ ഭൂമി. അവിടെയാണ് താനും പിൻതലമുറകളും അന്ത്യവിശ്രമം കണ്ടെത്തേണ്ടത്. അത് വിൽക്കാനാവില്ല, ഒരു വിലയ്ക്കും!

ഇസ്രായേലിന്റെ നിയവും പാരമ്പര്യങ്ങളും അറിയാമായിരുന്ന ആഹാബിന് കാര്യത്തിന്റെ ഗൗരവം ബോധ്യമായി. പക്ഷേ താൻ ആഗ്രഹിച്ച ഭൂമി കിട്ടാത്തതിൽ അമർഷവും ദുഃഖവും പരാജയ ബോധവും എല്ലാം കൂടെ അയാളെ തികച്ചും അസ്വസ്ഥനാക്കി. എന്തുചെയ്യണം എന്നറിയാതെ അരിശത്തോടെ വീട്ടിലെത്തിയ രാജാവിനോട് ജെസബെൽ രാജ്ഞി വിവരം തിരക്കി. രാജാവിന്റെ

മറുപടി കേട്ട അവൾക്ക് പുച്ഛമാണ് തോന്നിയത്. രാജാവിന്റെ ആവശ്യം തിരസ്കരിക്കുന്ന പ്രജയോ! ടയിറിലെ രാജപുത്രിക്ക് ഇസ്രായേലിന്റെ നിയമങ്ങളും ആചാരങ്ങളും അറിയില്ല; അറിയാമെങ്കിൽത്തന്നെ അവ അനുസരിക്കാൻ ബാധ്യതയില്ല.

അതിവേഗം അവൾ കരുക്കൾ നീക്കി. രാജാവിന്റെ മുദ്ര പതിച്ച കല്പനയുമായി ദൂതന്മാർ ജസ്രേലിലേക്ക് കുതിച്ചു. കല്പന കിട്ടിയ നഗരാധിപന്മാർ ഉപവാസം പ്രഖ്യാപിച്ചു; മഹാസഭ വിളിച്ചുകൂട്ടി. സമ്മേ ളനത്തിന്റെ അധ്യക്ഷനായി നാബോത്തിനെ അവരോധിച്ചു. മുൻകൂട്ടി നിശ്ചയിച്ചതനുസരിച്ച് രണ്ടുപേർ അവനെതിരെ കുറ്റം ആരോപിച്ചു. ദൈവദൂഷണവും രാജദ്രോഹവും. രണ്ടുപേരുടെ സാക്ഷ്യത്തിൽ നുണ സത്യമായി അംഗീകരിക്കപ്പെട്ടു. ജസബെൽ മുൻകൂർ തയ്യാറാക്കിയ വിധി അവർ പ്രഖ്യാപിച്ചു, നടപ്പിലാക്കി. നാബോത്തിന്റെ തോട്ടത്തിൽ അവനെ കുടുംബസമേതം കല്ലെറിഞ്ഞു കൊന്നു (1 രാജാ 21 3;2 രാജാ 9:26). വിവരം അറിഞ്ഞ ജസെബെൽ ആഹാബിനോട് പറഞ്ഞു: "എഴുന്നേൽക്കുക. ഇസ്രായേൽക്കാരനായ നാബോത്ത് വിലയ്ക്ക് തരാൻ വിസമ്മതിച്ച മുന്തിരിത്തോട്ടം കൈവശപ്പെടുത്തിക്കൊള്ളുക. നാബോത്ത് ജീവിച്ചിപ്പില്ല. അവൻ മരിച്ചു" (1 രാജാ 21:15).

ഇത്ര പെട്ടെന്ന് നാബോത്ത് എങ്ങനെ മരിച്ചു എന്ന് ആഹാബ് അന്വേഷിച്ചില്ല. കണ്ടില്ല. അഥവാ അറിഞ്ഞെങ്കിൽത്തന്നെ അപാകതയൊന്നും കണ്ടില്ല. രാജദ്രോഹക്കുറ്റത്തിന് വധിക്കപ്പെടുന്നവന്റെ സ്വത്ത് രാജഭണ്ഡാരത്തിലേക്ക് കണ്ടുകെട്ടും എന്നായിരുന്നു നിയമം. ഒരു പ്രയാസവും കൂടാതെ തന്റെ ഇഷ്ടഭൂമി സ്വന്തമായിരിക്കുന്നു എന്ന അറിവിൽ രാജാവ് സന്തോഷിച്ചു. അതിന് വഴിയൊരുക്കിയ ഭാര്യയെ അഭിനന്ദിച്ചു. അവളുടെ കുശാഗ്രബുദ്ധിയിൽ വിസ്മയിച്ചു. ഒരു സ്ഥലം സ്വന്തമാക്കണമെങ്കിൽ വില കൊടുക്കുകയും രേഖകൾ തയ്യാറാക്കുകയും ചെയ്താൽ മാത്രം പോരാ, പുതിയ ഉടമസ്ഥൻ ആ സ്ഥലത്ത് പ്രവേശിച്ച് നടക്കണം. അതുകൊണ്ടാണ് ദൈവം അബ്രാഹത്തിനോട് "എഴുന്നേറ്റ് ഈ ഭൂമിക്ക് നെടുകെയും കുറുകെയും നടക്കുക. അത് ഞാൻ നിനക്ക് തരും" (ഉത്പ. 13:17) എന്നു പറയുന്നത്. ഈ നിയമപ്രകാരം ഭൂമി സ്വന്തമാക്കാൻ ആഹാബ് പുറപ്പെട്ടു, ഒരു കുറ്റബോധവും കൂടാതെ.

നാബോത്തിനെ വിചാരണ ചെയ്ത ന്യായാധിപന്മാർക്കും തെളിവു നല്കിയ സാക്ഷികൾക്കും കല്ലെറിഞ്ഞ ജനങ്ങൾക്കും എല്ലാം അറിയാമായിരുന്നു ഈ വിചാരണ രാജകല്പനയനുസരിച്ച് തയ്യാറാക്കിയ ഒരു പ്രഹസനമായിരുന്നെന്ന്. എന്നാൽ ആരും ഒരു വാക്കുപോലും എതിർത്തുപറഞ്ഞില്ല. നിരപരാധനെയാണ് തങ്ങൾ കല്ലെറിഞ്ഞുകൊല്ലുന്നത് എന്നറിയാമായിരുന്നെങ്കിലും അതിനെ എതിർക്കാനോ ചോദ്യം ചെയ്യാനോ ആരും ധൈര്യപ്പെട്ടില്ല. ഏതാണ്ട് നൂറ്റമ്പതുകൊല്ലംമുമ്പ് ഊറിയായെ വധിച്ച് ഭാര്യ ബേത്ഷെബായെ ദാവീദ് സ്വന്തമാക്കിയപ്പോൾ എന്നതുപോലെ ഭീതിദമായൊരു നിശ്ശബ്ദത. എല്ലാം രാജഹിതംപോലെ നടക്കട്ടെ. എതിർത്താൽ തനിക്കും നാബോത്തിന്റെ വിധി തന്നെ ആയിരിക്കും ലഭിക്കുക എന്നു ഭയന്നവർ മിണ്ടിയില്ല. എല്ലാം ഭദ്രം എന്നു കരുതി വസ്തു കയ്യേറാൻ പോയ ആഹാബിന് തെറ്റി. അവൻ കണക്കുകൂട്ടാത്ത ഒന്നുണ്ടായിരുന്നു ദൈവത്തിന്റെ വിധി, ആ വിധി വാചകം വിളിച്ചുപറയുന്ന പ്രവാചകശബ്ദം.

ശവം കുഴിച്ചിടാം, മറവുചെയ്യാം. എന്നാൽ നിഷ്കളങ്ക രക്തം മറച്ചു വയ്ക്കാനാവില്ല. ജീവന്റെ ഇരിപ്പിടമാണ് രക്തം. അതിനാൽ രക്തം നില വിളിച്ചുകൊണ്ടേയിരിക്കും. ജീവന്റെ നാഥൻ ഉത്തരം നല്കുന്നതുവരെ. ആബേലിന്റെ രക്തം മുതലിങ്ങോട്ട് അനേകം തവണ ബൈബിൾ എടുത്തുപറയുന്ന ഒന്നാണ് നിഷ്കളങ്ക രക്തത്തിന്റെ നിലവിളി. ആ നിലവിളി കേൾക്കുമ്പോൾ നിശബ്ദനായിരിക്കാൻ ദൈവത്തിന് കഴിയില്ല. 'നീ എന്താണീ ചെയ്തത്? നിന്റെ സഹോദരന്റെ രക്തം മണ്ണിൽനിന്ന് എന്നെ വിളിച്ചുകരയുന്നു... ' (ഉത്പ. 4:10-12);(പുറ 3:7-12; ഏശ 5:7). ദാവീദിനെ വിചാരണ ചെയ്ത് വിധി പ്രസ്താവിക്കാൻ നാഥാനെയെന്നപോലെ ഇപ്പോൾ കർത്താവ് ഏലിയായെ ആണ് ആഹാബിന്റെ മുമ്പി ലേക്കയച്ചത്.

സ്ഥലം സ്വന്തമാക്കാൻ സന്തോഷത്തോടെ വന്ന ആഹാബ് മുന്തിരിത്തോട്ടത്തിന്റെ വാതിൽക്കൽ നിൽക്കുന്ന പ്രവാചകനെ കണ്ട് ഞെട്ടി. 'എന്റെ ശത്രുവായ നീ എന്നെ കണ്ടെത്തിയോ?' (1 രാജാ 21:20). ഇവിടെയാണ് പ്രവാചകന്റെ നിർഭയശബ്ദം ശക്തമായി മുഴങ്ങിയത്. തന്നെ കൊല്ലാനും നിശ്ശേഷം നശിപ്പിക്കാനും അധികാരവും ശക്തിയുമുള്ള രാജാവിന്റെ മുമ്പിലാണ് താൻ നിൽക്കുന്നത്

എന്ന ചിന്ത ഏലിയായെ ഭയപ്പെടുത്തിയില്ല. രാജാവും ചക്രവർത്തിയും എല്ലാം ദൈവനിയമത്തിന് കീഴിലാണെന്നും മുഖം നോട്ടമില്ലാത്ത ദൈവത്തിന് മുമ്പിൽ എല്ലാവരും തുല്യരാണെന്നുമുള്ള അവബോധമാണ് ഈ ഏററുമുട്ടലിന് പ്രവാചകനെ ശക്തനാക്കുന്നത്. തന്നെ അയച്ചിരിക്കുന്ന ദൈവത്തിന്റെ വചനം തേച്ചുമിനുക്കാതെ  മായം ചേർക്കാതെ, പ്രഘോഷിക്കണം. അതാണ് തന്റെ ദൗത്യം. ഈ പ്രവാചക ദൗത്യത്തിൽനിന്ന് പിന്തിരിപ്പിക്കാൻ ആരെയും ഒന്നിനെയും അയാൾ അനുവദിക്കില്ല.

രാജകോപത്തെ ഭയന്ന് ജനം നിശ്ശബ്ദരായിടത്ത്, മണ്ണിൽ നിന്നുയരുന്ന രക്തത്തിന്റെ നിലവിളി ഏറ്റുവാങ്ങി പ്രതിധ്വനിപ്പിക്കുന്നവനാണ് പ്രവാചകൻ. നീതിയുടെ മുന്നണിപ്പോരാളിയാണയാൾ. നീതിനിഷേധിക്കപ്പെട്ടവരുടെ വക്താവ്; അനീതി പ്രവർത്തിക്കുന്ന അധീശശക്തിയ്ക്കെതിരേ ഉയരുന്ന കർത്താവിന്റെ ശബ്ദം. ഏലിയായുടെ പ്രവാചക ശബ്ദം ആഹാബിനെതിരേ നിർഭയം മുഴങ്ങി; "കർത്താവിന്റെ സന്നിധിയിൽ തിന്മ പ്രവർത്തിക്കാൻ നീ നിന്നെത്തന്നെ വിറ്റിരിക്കുന്നു. ഇതാ ഞാൻ  നിനക്ക് നാശം വരുത്തും; ഞാൻ നിന്നെ നിർമ്മാർജ്ജനം ചെയ്യും..." (1 രാജാ 21:20–24).

നിഷേധിക്കാനാവാത്തവിധം തെളിവ് മുമ്പിൽ വച്ചുകൊണ്ടാണ് പ്രവാചകൻ സംസാരിക്കുന്നത് – നാബോത്തിന്റെ രക്തം വീണു കുതിർന്ന മണ്ണിൽ വച്ച്, ആ രക്തത്തിന്റെ ചൂടാറും മുമ്പേ. കുറ്റം നിഷേധിക്കാനാവില്ല. ഒഴിഞ്ഞുമാറാൻ ഒരു വഴിയുമില്ല. രാജാവിന്റെ ഔദ്ധത്യം പത്തിമടക്കി. താൻ ചെയ്ത തെറ്റിന്റെ കാഠിന്യം മനസ്സിലാക്കിയ രാജാവ് കുറ്റം ഏറ്റുപറഞ്ഞു, മാപ്പിരന്നു– നാഥാന്റെ മുമ്പിൽ ദാവീദെന്നതു പോലെ. ദൈവത്തിന്റെ മറുപടിയും ഉടനെ ഉണ്ടായി. വസ്ത്രം വലിച്ചു കീറി, ചാക്കുടുത്ത് ചാരത്തിൽ കിടന്ന ആഹാബിനെക്കുറിച്ച് കർത്താവ് പറഞ്ഞു: "ആഹാബ് എന്റെ മുമ്പിൽ എളിമപ്പെട്ടത് കണ്ടില്ലേ? അവൻ തന്നെ ത്തന്നെ എളിമപ്പെടുത്തിയതിനാൽ അവന്റെ ജീവിതകാലത്ത് ഞാൻ നാശം വരുത്തുകയില്ല. അവന്റെ പുത്രന്മാരുടെ കാലത്തായിരിക്കും ആ ഭവനത്തിൽ ഞാൻ തിന്മ വരുത്തുക" (1 രാജാ 21:29).

ദൈവത്തിന്റെ ഇളവു ലഭിച്ച ആഹാബിന്റെ പശ്ചാത്താപം നൈമി ഷികമായിരുന്നു. സ്വഭാവത്തിലും ജീവിതത്തിലും യാതൊരു

മാറ്റവും ഉണ്ടായില്ല. തന്നിമിത്തം ശിക്ഷാവിധി പൂർണ്ണഗൗരവ ത്തോടെ തന്നെ നടപ്പിലായി. സിറിയായുമായുണ്ടായ യുദ്ധത്തിൽ വേഷം മാറിയാണ് പോയതെങ്കിലും ആഹാബിനെ തിരിച്ചറിഞ്ഞ ശത്രു സൈന്യം അവനെതിരേ ശക്തമായ ആക്രമണം നടത്തി. പിന്തി രിഞ്ഞോടിയവനെ പിന്നിൽ നിന്ന് എയ്തു വീഴ്ത്തി. "ആഹാബ് രാജാവ് മരിച്ചു... സമരിയായിലെ കുളത്തിൽ അവർ രാജാവിന്റെ രഥം കഴുകി. കർത്താവ് അരുളി ചെയ്തിരുന്നതുപോലെ നായ്ക്കൾ അവന്റെ രക്തം നക്കിക്കുടിച്ചു" (1 രാജാ 22:37-38).

ജസബെലിന്റെ മേൽ പ്രഖ്യാപിച്ച ശിക്ഷാവിധിയും അക്ഷരാർ ത്ഥത്തിൽ നടപ്പാക്കപ്പെട്ടു. പട്ടാളവിപ്ലവത്തിലൂടെ രാജാധികാരം പിടിച്ചെടുത്ത യേഹു ആഹാബിന്റെ പുത്രനായ യോറാമിനെ നാബോത്തിന്റെ മുന്തിരിത്തോട്ടത്തിൽ വച്ച് വധിച്ചു (2 രാജാ 9:24-26). യേഹുവിന്റെ കല്പനയനുസരിച്ച് കൊട്ടാരത്തിന്റെ മട്ടുപ്പാ വിൽനിന്ന് താഴേക്ക് വലിച്ചെറിയപ്പെട്ട ജസബെലിന്റെ "രക്തം ചുവരിന്മേലും കുതിരപ്പുറത്തും ചിതറി. കുതിരകൾ അവളെ ചവുട്ടി ത്തേച്ചു... സംസ്കരിക്കാൻ ചെന്നപ്പോൾ അവളുടെ തലയോടും പാദങ്ങളും കൈപ്പത്തികളുമല്ലാതെ ഒന്നും കണ്ടില്ല.. ഏലിയായി ലൂടെ കർത്താവ് അരുളിചെയ്ത വചനം ഇതാണ്. ജസ്രേലിന്റെ അതിർത്തിക്കുള്ളിൽവച്ച് ജസെബെലിന്റെ മാംസം നായ്ക്കൾ ഭക്ഷിക്കും. ജസെബെലിന്റെ ജഡം തിരിച്ചറിയാനാവാത്തവിധം ജസ്രേലിലെ വയലിൽ ചാണകംപോലെ കിടക്കും. ഇതാണ് ജസെബെൽ" (2 രാജാ 9:30-37).

ആഹാബിന്റെയും ഏലിയായുടെയും കാലത്തേക്കാൾ മെച്ച മാണ് നമ്മുടെ അവസ്ഥ എന്നു പറയാനാകുമോ? പേരുകൾ മാറിയെ ങ്കിലും വിഗ്രഹാരാധന തന്നെയല്ലേ ഇന്നും കൊഴുക്കുന്നത്! ഫല പുഷ്ടിയുടെ ദേവനായി ബാലിനെ ആരാധിച്ചിരുന്ന സ്ഥാനത്ത് ഇന്ന് സർവ്വസുഖവും വാഗ്ദാനം ചെയ്യുന്ന മാമ്മോൻ പ്രതിഷ്ഠിക്കപ്പെട്ടി രിക്കുന്നു. വ്യക്തി സ്വാതന്ത്ര്യത്തിന്റെയും സുഖസൗകര്യങ്ങ ളുടെയും പേരിൽ കോടിക്കണക്കിന് കുഞ്ഞുങ്ങൾ മാതൃഗർഭത്തിൽ വച്ച് കൊല്ലപ്പെടുന്നു. ദൈവനിശ്ചിതമായ ലൈംഗിക വ്യതിരിക്ത തയും വിവാഹവും പഴഞ്ചനായി പരിഗണിക്കപ്പെടുന്നു. കൂടിത്താ മസം അവകാശമായിത്തീർന്നിരിക്കുന്നു. മദ്യം എന്ന പേരിൽ ഏതു

വിഷവും വിറ്റ് പണം സമ്പാദിക്കാൻ ലൈസൻസ് നല്കപ്പെടുന്നു. വികസനം എന്ന ഓമനപ്പേരിൽ ലക്ഷക്കണക്കിന് കുടുംബങ്ങൾ കുടിയിറക്കപ്പെടുന്നു; വഴിയാധാരമാക്കപ്പെടുന്നു. ചേരികളിൽപ്പോലും വസിക്കാനാവാതെ. വികസനത്തിന്റെ അടയാളമായി മെട്രോ കുതിക്കുമ്പോൾ അതിനായി കുടിയിറക്കപ്പെടുന്നവരുടെ വിലാപം ആരും കേൾക്കാതെ പോകുന്നു!

എവിടെയാണ് ഏലിയാമാർ? ബേത്ഷെബായിലെ മരുഭൂമിയിൽ, ചൂരൽചെടികളുടെ തണലിൽ മരണം കാത്തു മയങ്ങുകയോ? അതോ ഹോറെബിലെ മാളത്തിൽ ഭയന്ന് ഒളിച്ചിരിക്കുകയോ? കർത്താവിന്റെ വചനം വെള്ളിടിവെട്ടുന്നത് ദിഗന്തങ്ങളിൽ മുഴങ്ങുന്നു. കാതടച്ചിരിക്കുന്നത് സമൂലനാശത്തിന് കാരണമാകും. നിഷ്കളങ്കരായ പാവപ്പെട്ടവരുടെ രക്തം വീണുകുതിർന്ന മണ്ണിൽ നിന്ന് നിലവിളി ഉയരുന്നു. അത് കർത്താവിന്റെ സന്നിധിയിൽ എത്തുന്നു എന്നതിന്റെ സൂചനയാകുമോ ഇന്ന് നാം കാണുന്ന ഭയപ്പെടുത്തുന്ന ചില പ്രതിഭാസങ്ങൾ? ദിശ മാറി വീശുന്ന മഴക്കാറ്റുകൾ, സംഹാരതാണ്ഡവമാടുന്ന ചുഴലിക്കൊടുങ്കാറ്റുകൾ, ഉയരുന്ന താപനില, പടരുന്ന മരുഭൂമികൾ ഉണർന്നു തീ തുപ്പുന്ന അഗ്നിപർവ്വതങ്ങൾ, ഉന്മത്തനെപ്പോലെ ഇളകിയാടുന്ന ഭൂമി?

ഇനിയും വൈകാനാവില്ല. ദൈവത്തിന്റെ വചനം, സമൂല ഹൃദയ പരിവർത്തനത്തിന് നിർബന്ധിക്കുന്ന ദൈവത്തിന്റെ ആഹ്വാനം, ഏറ്റു വാങ്ങി നിർഭയം പ്രഘോഷിക്കാൻ ഇനിയും വൈകിക്കൂടാ! വചനത്തിന്റെ വായ്ത്തല മടക്കരുത്; ദൈവവചനത്തിൽ മായം ചേർക്കരുത്. പാറയെ തകർക്കുന്ന കൂടംപോലെ, സകല കറകളും ഉരുക്കിമാറ്റുന്ന അഗ്നിപോലെ (ജറെ. 23:29), രോഗാതുരകോശങ്ങളെ മുറിച്ചുമാറുന്ന ശസ്ത്രക്രിയാ വിദഗ്ദ്ധന്റെ കയ്യിലെ മൂർച്ചയേറിയ കത്തിപോലെ (ഹെബ്രാ. 4:12)യുള്ള വചനം നിർഭയം പ്രഘോഷിക്കപ്പെടണം. ഭയപ്പെടേണ്ടാ, ഞാനുണ്ട് കൂടെ എന്ന് വാഗ്ദാനം ചെയ്യുന്ന ദൈവത്തിന്റെ ആഹ്വാനമാണിത്. കാതുതുറക്കാം അനുസരിക്കാം, ഭയംകൂടാതെ. “മൂകരും അനാഥരുമായവരുടെ അവകാശങ്ങൾക്കുവേണ്ടി ശബ്ദമുയർത്തുക. നീതിപൂർവ്വം വിധിക്കാനും ദരിദ്രരുടെയും അഗതികളുടെയും അവകാശങ്ങൾ പരിരക്ഷിക്കാനുംവേണ്ടി വാക്കുകൾ ഉപയോഗിക്കുക” (സുഭാ 31:8-9).



***ഭയപ്പെടേണ്ടാ, ഞാൻ നിന്നെ രക്ഷിച്ചിരിക്കുന്നു; നിന്നെ പേരുചൊല്ലി വിളിച്ചിരിക്കുന്നു. നീ എന്റേതാണ്. സമുദ്രത്തിലൂടെ കടന്നുപോകുമ്പോൾ ഞാൻ നിന്നോടുകൂടെ ഉണ്ടായിരിക്കും. നദികൾ കടക്കുമ്പോൾ അത് നിന്നെ മുക്കിക്കളയുകയില്ല. അഗ്നിയിലൂടെ നടന്നാലും നിനക്ക് പൊള്ളലേൽക്കുകയില്ല; ജ്വാല നിന്നെ ദഹിപ്പിക്കുകയുമില്ല... ഭയപ്പെടേണ്ടാ; ഞാൻ നിന്നോടു കൂടെയുണ്ട്*** *(ഏശ 43:1–5).*

# 14

# നീ എന്റേതാണ്

ദൈവജനമായ ഇസ്രായേലിന്റെ ചരിത്രത്തിലെ എന്നല്ല, രക്ഷാചരിത്രത്തിലെതന്നെ ഒരു നിർണ്ണായക മുഹൂർത്തമാണ് ബാബിലോൺ പ്രവാസം. ബി.സി. 598ൽ ബാബിലോൺ ചക്രവർത്തിയായ നബുക്കദ്നേസറിന്റെ സൈന്യം ജറുസലെം കീഴടക്കി. പട്ടണവും ദേവാലയവും കൊള്ളയടിച്ചു. പതിനായിരത്തിൽപരം യൂദാനിവാസികളെ തടവുകാരാക്കി ബാബിലോണിലേക്ക് നാടുകടത്തി, ഭാരിച്ച തുക കപ്പമായി ഈടാക്കുകയും ചെയ്തു (2 രാജാ 24:8–17). അങ്ങനെ ബാബിലോൺ പ്രവാസത്തിന് തുടക്കം കുറിച്ചു.

എന്നാൽ ഇത് കൊണ്ടവസാനിച്ചില്ല ഇസ്രായേൽ ജനത്തിന്റെ ദുരന്തങ്ങൾ. ഏതാനും വർഷങ്ങൾക്കുശേഷം യൂദാരാജാവ് ബാബിലോണിന് കപ്പം കൊടുക്കൽ നിർത്തി. ഈജിപ്തിന്റെ സഹായത്തോടെ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. ബാബിലോൺ മടങ്ങിവരില്ലെന്നും വന്നാൽത്തന്നെ ചെറുത്തുതോല്പിക്കാൻ കഴിയു

മെന്നും വ്യാജപ്രവാചകന്മാർ വാതോരാതെ പ്രസംഗിച്ചു. രാജാവും ജനങ്ങളും വിശ്വസിച്ചു. ഇത് മാരകമായ അപകടമാണെന്ന് തിരിച്ചറിഞ്ഞ ഏക വ്യക്തി ജറെമിയാ പ്രവാചകനായിരുന്നു. അയാളുടെ വാക്കുകൾ ജനത്തിന്റെ സമരവീര്യം കെടുത്തുന്നു എന്ന് ആരോപിച്ച് അയാളെ തടവിലാക്കി. പക്ഷേ ബാബിലോൺ തിരിച്ചുവന്നു. കീഴടക്കാനല്ല, പ്രതികാരം ചെയ്യാൻ, നശിപ്പിക്കാൻ.

588ൽ ബാബിലോൺ സൈന്യം ജറുസലെം നഗരത്തെ വളഞ്ഞു. ഉപരോധം ഒരു വർഷത്തിലേറെ നീണ്ടു. നഗരത്തിൽ ആഹാരമില്ലാതായി. പട്ടിണി രൂക്ഷമായി. മരിച്ചു വീഴുന്നവരുടെ ശവം തിന്ന് ജീവൻ നിലനിർത്താൻ അവശേഷിച്ചവർ ശ്രമിച്ചു. അവസാനം മതിൽ തകർത്ത് ശത്രുസൈന്യം പട്ടണത്തിൽ പ്രവേശിച്ചു. പിന്നീടുണ്ടായത് കൂട്ടക്കൊലയും കൊള്ളയും കൊള്ളിവയ്പുമായിരുന്നു. കർത്താവായ ദൈവത്തിന്റെ ഭവനം എന്ന് കരുതപ്പെട്ട ജറുസലെം ദേവാലയം അഗ്നിക്കിരയായി. അടിമകളുടെ ഒരു നീണ്ടനിര കത്തിയെരിയുന്ന നഗരത്തിൽനിന്ന് അങ്ങകലെ ബാബിലോണിലേക്ക് നീങ്ങി. രണ്ട് കണ്ണും ചുഴന്നെടുത്ത് കഴുത്തിൽ ചങ്ങലയുമിട്ട് അടിമയാക്കപ്പെട്ട സെദെക്കിയാ രാജാവായിരുന്നു അവരുടെ മുന്നിൽ (2 രാജാ 24:1-17).

ബാബിലോണിൽ അടിമകളായി കഴിഞ്ഞവരും നാടുകടത്തപ്പെടാതെ അവശേഷിച്ച സാധാരണ ജനവും വലിയൊരു വിശ്വാസ പ്രതിസന്ധിയിലായി. എന്തേ ഇങ്ങനെ സംഭവിച്ചു? കരുത്തുറ്റ കരം നീട്ടി ഈജിപ്തിൽനിന്നു തങ്ങളെ മോചിപ്പിച്ച കർത്താവ് എന്തേ തന്റെ ഭവനംപോലും സംരക്ഷിച്ചില്ല? ദൈവം തന്റെ ജനത്തെ വീണ്ടും അടിമകളാക്കാൻ അനുവദിച്ചത് എന്തുകൊണ്ട്? വിശദീകരണങ്ങൾ പലതുണ്ടായി.

തലമുറ തലമുറകളായി ഇസ്രായേൽ ജനം ചെയ്തു കൂട്ടിയ പാപങ്ങൾ എല്ലാംകൂടി ഈ തലമുറ ചുമക്കുന്നു. അതിന് ദൈവം നല്കിയ ശിക്ഷയാണ് ഈ പരാജയവും പ്രവാസവും എന്ന് ഒരു കൂട്ടർ കരുതി. ഉടമ്പടി ലംഘിച്ചവരെ ഉടമ്പടിയുടെ തന്നെ നിയമം അനുസരിച്ച് ദൈവം ശിക്ഷിച്ചിരിക്കുന്നു. ഇനി പ്രതീക്ഷയ്ക്ക് വകയില്ല എന്ന വിശ്വാസം വ്യാപകമായി. സ്വന്തം ഭവനംപോലും സംരക്ഷിക്കാൻ കഴിയാത്ത കർത്താവായ ദൈവത്തേക്കാൾ

ശക്തരാണ് ബാബിലോണിന്റെ ദേവന്മാർ. അവരെയാണ് ആരാധിക്കേണ്ടത് എന്ന് പഠിപ്പിച്ചവരും വിരളമാ യിരുന്നില്ല. വിശദീകരണം എന്തുതന്നെ ആയാലും ജനം കടുത്ത നിരാ ശയിലായി. അതിന്റെ ഹൃദയഭേദകമായ ചിത്രം വിലാപങ്ങൾ എന്ന ഗ്രന്ഥത്തിൽ കാണാം. "ഒരിക്കൽ ജനനിബി ഡമായിരുന്ന നഗരം ഇന്ന് എത്ര ഏകാന്തമായിരിക്കുന്നു! ജനതകളിൽ ഉന്നതയാ യിരുന്നവൾ ഇന്നിതാ വിധവയെ പ്പോലെ ആയിരിക്കുന്നു... രാത്രി മുഴുവൻ അവൾ കയ്പോടെ കരയുന്നു... നോക്കിക്കാ ണുവിൻ. ഞാൻ അനുഭവിക്കുന്ന ദുഃഖത്തിനു തുല്യമായ... ദുഃഖമുണ്ടോ?" (വിലാ.1:1– 2,12).

എല്ലാം അവസാനിച്ചു. കർത്താവ് തങ്ങളെ പൂർണ്ണമായി പരിത്യജിച്ചു. ഇനി ഒന്നും പ്രതീക്ഷിക്കാനില്ല. ഒരു ജനം എന്ന നിലയിലുള്ള തങ്ങളുടെ സ്ഥാനം എന്നേക്കുമായി നഷ്ടപ്പെ ട്ടിരിക്കുന്നു എന്ന് അവർ കരുതി. "സീയോൻ പറഞ്ഞു: കർത്താവ് എന്നെ ഉപേക്ഷിച്ചു; എന്റെ കർത്താവ് എന്നെ മറന്നുകളഞ്ഞു" (ഏശ.49:14). ഈ വിലാപം പരാജിത ജനതയുടെ മാനസികാവസ്ഥ വ്യക്തമാക്കുന്നു. ഇപ്രകാരം നിരാശയിലാണ്ടുപോയ ഒരു ജനത്തി ന്റെ അടുക്കലേക്ക് ദൈവം വീണ്ടും ഒരു പ്രവാചകനെ അയച്ചു. അവരെ കുറ്റപ്പെടുത്താനോ ശിക്ഷിക്കാനോ അല്ല, ധൈര്യം പകരാൻ, പ്രത്യാശനല്കി ആശ്വസിപ്പിക്കാൻ. രണ്ടാം ഏശയ്യാ എന്നറിയ പ്പെടുന്ന (ഏശ. 40:55) ആ പ്രവാചകന്റെ വാക്കുകളിലാണ് ദൈവ ത്തിന്റെ ക്ഷമിക്കുന്ന സ്നേഹവും വഴിഞ്ഞൊഴുകുന്ന വാത്സല്യവും ആഴമളക്കാനാവാത്ത കാരുണ്യവും ഏറ്റം അധികം പ്രകടമാകുന്നത്.

ഇതുവരെ കണ്ടതിൽനിന്നും തികച്ചും വ്യത്യസ്തവും ഹൃദ്യവുമായൊരു ദൈവചിത്രം ഈ പ്രവാചകന്റെ വാക്കുകളിൽ തെളിയുന്നു. "നിങ്ങളുടെ ദൈവം അരുളിച്ചെയ്യുന്നു. ആശ്വസിപ്പി ക്കുവിൻ. എന്റെ ജനത്തെ സമാശ്വസിപ്പിക്കുവിൻ"(ഏശ. 40:1) എന്ന ആഹ്വാനത്തോടെ തുടങ്ങുന്ന പ്രവചനങ്ങൾ 'ആശ്വാസത്തിന്റെ പുസ്തകം' എന്നാണ് അറിയപ്പെടുന്നത്. ആ പുസ്തകത്തിലാണ് ഭയമകറ്റുന്ന ദൈവത്തിന്റെ കരുണയും കരുതലും കരുത്തും ഏറ്റം അധികം പ്രകടമാകുന്നത്. 'ഭയപ്പെടേണ്ടാ' എന്ന ആഹ്വാനം ഒരു സങ്കീർത്തനത്തിലെ പ്രതിവചനംപോലെ അനേകം തവണ ഇവിടെ

ആവർത്തിക്കുന്നു. കാരണം ജനം അത്രയേറെ ഭയചകിതരും നിരാശരുമായിരുന്നു.

ഇപ്പോൾ അനുഭവിക്കുന്ന ഭീകരദുരിതങ്ങൾ തങ്ങളുടെ ജീവിതത്തിന്റെയും ചരിത്രത്തിന്റെയും അവസാനമല്ല. ഈ ശിക്ഷ തങ്ങളുടെ അന്ത്യം കുറിക്കുന്നില്ല. ഇതെല്ലാം ഒരു ശുദ്ധീകരണം മാത്രമാണ്. ചെയ്ത പാപങ്ങൾക്ക് തക്ക ശിക്ഷ. അതുവഴി ശുദ്ധീകരിച്ച് വീണ്ടും തന്റെ സ്വന്തം ജനമായി ദൈവം തങ്ങളെ സ്വീകരിക്കും എന്ന ബോധ്യവും ഉറപ്പുമാണ് ഈ പ്രവചനങ്ങളിലൂടെ നല്കുന്നത്. അനേകം പ്രതീകങ്ങളിലൂടെ ദൈവത്തിന്റെ സ്നേഹവും സംരക്ഷണവും ഇവിടെ ഉറപ്പുവരുത്തുന്നു.

പ്രവാസികളായി കഴിയുന്നവരെ വീണ്ടും മോചിപ്പിച്ച് വാഗ്ദത്തഭൂമിയിലേക്ക് തിരികെ കൊണ്ടുവരും. “ഇടയനെപ്പോലെ അവിടുന്ന് തന്റെ ആട്ടിൻകൂട്ടത്തെ മേയിക്കുന്നു. അവിടുന്ന് ആട്ടിൻകുട്ടികളെ കരങ്ങളിൽ ചേർത്ത്, മാറോടണച്ച്, തള്ളയാടുകളെ സാവധാനം നയിക്കുന്നു” (ഏശ 40:11). ഓരോ വ്യക്തിയെയും നേരിട്ടറിയുന്ന, ഓരോരുത്തരുടെയും കഴിവും കഴിവുകേടും ആവശ്യങ്ങളും അവശതകളും കൃത്യമായി അറിയുന്നവനാണ് ദൈവം. ഇടയൻ ആടുകളെ എന്നപോലെ ശ്രദ്ധയോടെ ഓരോരുത്തരേയും നയിക്കും. ഇടയൻ നയിക്കുമ്പോൾ ഒന്നിനെയും ഭയപ്പെടാനില്ല. “തളർന്നവന് അവൻ ബലം നല്കുന്നു; ദുർബലന് ശക്തി പകരുകയും ചെയ്യുന്നു” (ഏശ. 40:29).

കർത്താവ് കൂടെയുള്ളപ്പോൾ ഭയത്തിന് ഇടമില്ല. **ഭയപ്പെടേണ്ടാ, ഞാൻ നിന്നോടു കൂടെയുണ്ട്. സംഭ്രമിക്കേണ്ടാ, ഞാനാണ് നിന്റെ ദൈവം** (ഏശ41:10). മുൻപേ നടന്ന് വഴി കാട്ടുക മാത്രമല്ല ദൈവം ചെയ്യുന്നത്. കൈപിടിച്ചുനടത്തുന്നു. “നിന്റെ ദൈവവും കർത്താവുമായ ഞാൻ നിന്റെ വലത്തുകൈ പിടിച്ചിരിക്കുന്നു. ഞാനാ ണ് പറയുന്നത്: ഭയപ്പെടേണ്ടാ, ഞാൻ നിന്നെ സഹായിക്കും” (ഏശ 41:13). ദൈവം എന്റെ വലത്തുകൈ പിടിച്ചിരിക്കുന്നു എന്ന പ്രഖ്യാപനത്തിൽനിന്ന് രണ്ടുനിരീക്ഷണങ്ങൾ ഉരുത്തിരിയുന്നു. 1. ദൈവമാണ് എന്റെ കൈ പിടിച്ചിരിക്കുന്നത്. അവിടുന്ന് ഒരിക്കലും കൈവിടില്ല. ഞാൻ ദൈവത്തിന്റെ കയ്യിൽ പിടിച്ചിരിക്കുകയാണെങ്കിൽ ആ പിടി അയഞ്ഞുപോകാം; ഞാൻ വഴുതി വീഴാം.

എന്നാൽ ദൈവം കൈവിടുകയില്ല. 2. കൂടെ നടക്കുന്ന ദൈവം എന്റെ വലത്തുകൈ പിടിക്കുന്നത് തന്റെ ഇടതുകൈ കൊണ്ടാവുമല്ലോ. അപ്പോൾ അവിടുത്തെ വലതുകരം സ്വതന്ത്രമാണ് – ഏത് പ്രതിബന്ധത്തെയും ശത്രുവിനേയും നേരിടാൻ. അതിനാൽ ഞാൻ ഒന്നും ഭയപ്പെടാനില്ല.

ഇസ്രായേൽ ജനം ഒന്നടങ്കവും ഓരോ വ്യക്തികളും കടന്നുപോന്ന അനുഭവങ്ങളിൽനിന്നു വലിയൊരു പാഠം പഠിക്കാനുണ്ട്. ഭാവിയെ സംബന്ധിച്ച പ്രത്യാശ നല്കി ശക്തിപ്പെടുത്തുന്ന പാഠം. അപകടം നിറഞ്ഞ, മുക്കിക്കൊല്ലുന്ന, അലയാഴിയും ചുട്ടു പൊള്ളുന്ന മണലാരണ്യവും അവർ സുരക്ഷിതരായി കടന്നുപോന്നതാണ്. ചെങ്കടലും മരുഭൂമിയും ജോർദ്ദാനും എല്ലാം ഇതിന്റെ സ്മരണ ഉണർത്തുന്നു. അതു തന്നെ ഇനിയും സംഭവിക്കും. കർത്താവ് കൂടെ നടക്കും (ഏശ 43:2). കാരണം സ്രഷ്ടാവും രക്ഷകനുമായ ദൈവത്തിന് ഓരോ വ്യക്തിയും, ഇസ്രായേൽ ജനം മാത്രമല്ല, നീയും ഞാനും, വിലപ്പെട്ടതാണ്. "ഭയപ്പെടേണ്ടാ, ഞാൻ നിന്നെ പേരു ചൊല്ലി വിളിച്ചിരിക്കുന്നു. നീ എന്റേതാണ്. നീ എനിക്ക് വിലപ്പെട്ടവനും ബഹുമാന്യനും പ്രയങ്കരനുമാണ്" (ഏശ.43:1-4).


ചെയ്തുപോയ പാപങ്ങളെക്കുറിച്ചുള്ള അവബോധം താങ്ങാനാവാത്ത ഭാരമായി ഞെരുക്കുമ്പോൾ, അത് കർത്താവിന്റെ കോപം വിളിച്ചുവരുത്തും എന്ന ഭയം ഹൃദയത്തെ തകർക്കുമ്പോൾ കർത്താവിന്റെ സ്വരം ശ്രവിക്കണം "... ഞാൻ നിന്നെ വിസ്മരിക്കുകയില്ല. കാർമേഘംപോലെ നിന്റെ തിന്മകളെയും മൂടൽമഞ്ഞുപോലെ നിന്റെ പാപങ്ങളെയും ഞാൻ തുടച്ചുനീക്കി " (ഏശ. 44:22). ഇപ്പോൾ അനുഭവിക്കുന്ന വ്യഥകളും വേദനകളും ദുരിതങ്ങളും എല്ലാം ദൈവം നല്കുന്ന ശുദ്ധീകരണത്തിന്റെ ഭാഗമായി കരുതണം. "ഞാൻ നിന്നെ ശുദ്ധീകരിച്ചു, എന്നാൽ, വെള്ളിപോലെയല്ല. കഷ്ടതയുടെ ചൂളയിൽ നിന്നെ ഞാൻ ശോധന ചെയ്തു" (ഏശ.48:10).

പരാജയങ്ങളും രോഗങ്ങളും നിരവധി ക്ലേശങ്ങളും വലിയൊരു നീർച്ചുഴിപോലെ എന്നെ നിരാശയിലേക്ക് വലിച്ചു താഴ്ത്തുമ്പോൾ കർത്താവിന്റെ വാക്ക് ഞാൻ കേൾക്കണം, "മുല കുടിക്കുന്ന കുഞ്ഞിനെ അമ്മയ്ക്കു മറക്കാനാകുമോ? പുത്രനോട് പെറ്റമ്മ കരുണ കാണിക്കാതിരിക്കുമോ? അവൾ മറന്നാലും ഞാൻ നിന്നെ

മറക്കുകയില്ല. ഇതാ നിന്നെ എന്റെ ഉള്ളംകൈയിൽ രേഖപ്പെടു ത്തിയിരിക്കുന്നു" (ഏശ. 49:15) മനുഷ്യരുടെയും മൃഗങ്ങളുടെയും പക്ഷികളുടെയും എല്ലാം ഇടയിൽ സംരക്ഷിച്ചുപരിപാലിക്കുന്ന സ്നേഹത്തിന്റെ ഏറ്റം ഉദാത്തമായ മാതൃകയാണ് മാതൃസ്നേഹം. മനുഷ്യനെ തന്റെ തന്നെ ഛായയിൽ, സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ച ദൈവം തന്നെയാണ് മനുഷ്യഹൃദയത്തിൽ ഈ മാതൃ സ്നേഹം നിക്ഷേപിച്ചത്. ദാതാവ് ദാനത്തേക്കാൾ വലുതായിരിക്കു ന്നതുപോലെ ദൈവസ്നേഹം മാതൃസ്നേഹത്തേയും മറികട ക്കുന്നു. അമ്മ മറന്നാലും മറക്കാത്ത ദൈവസ്നേഹം.

ഒരിക്കലും അസ്തമിക്കാത്തതാണ് ഈ ദൈവസ്നേഹം. അത് എന്റെ പ്രതികരണത്തെ ആശ്രയിച്ചല്ല ഇരിക്കുന്നത് എന്നതാണ് ഏറ്റം ശ്രദ്ധേയം. ഞാൻ സ്നേഹിച്ചില്ലെങ്കിലും ദൈവം എന്നെ സ്നേഹിക്കും. ഞാൻ അവിശ്വസ്തനായാലും ദൈവം വിശ്വസ്തത പാലിക്കും. അനന്തവും അചഞ്ചലവും ഒരിക്കലും കുറയാത്തതു മായ ദൈവസ്നേഹം തന്നെയാണ് എന്റെ ഭയമകറ്റി ധൈര്യം പക രുന്നത്: "ദൈവം അരുളിച്ചെയ്യുന്നു. നിമിഷനേരത്തേക്ക് നിന്നെ ഞാൻ ഉപേക്ഷിച്ചു. മഹാകരുണയോടെ ഞാൻ നിന്നെ തിരിച്ചു വിളിക്കും. കോപാധിക്യത്താൽ ക്ഷണനേരത്തേക്ക് ഞാൻ എന്റെ മുഖം നിന്നിൽനിന്ന് മറച്ചുവച്ചു. എന്നാൽ അനന്തമായ സ്നേഹ ത്തോടെ നിന്നോട് ഞാൻ കരുണ കാണിക്കും... മലകൾ അകന്നു പോയേക്കാം; കുന്നുകൾ മാറ്റപ്പെട്ടേക്കാം. എന്നാൽ എന്റെ അചഞ്ച ലസ്നേഹം നിന്നെ പിരിയുകയില്ല; എന്റെ സമാധാന ഉടമ്പടിക്ക് മാറ്റം വരുകയുമില്ല" (ഏശ. 54:7–8,10). ഈ സ്നേഹമാണ് നമ്മുടെ ഭയമകറ്റുന്നത്. സംശയിക്കാതെ പതറാതെ, വിശ്വസിക്കാം.





***നീ അവരെ ഭയപ്പെടേണ്ടാ, നിന്റെ രക്ഷയ്ക്ക് നിന്നോടുകൂടെ ഞാനുണ്ട്*** *(ജറെ.1:8).*

# 15

# ഞാനുണ്ട് കൂടെ !

ഒട്ടും ആഗ്രഹിച്ചതോ പ്രതീക്ഷിച്ചതോ അല്ല ഈ പ്രവാചക ദൗത്യം. അനാത്തോത്തിലെ ഒരു പുരോഹിതന്റെ മകനായ ജറെമിയാ. സ്വതവേ സൗമ്യനും ശാന്തശീലനും സമാധാനപ്രിയനുമായ ഒരു യുവാവ്. പിതാവിനെപ്പോലെ പുരോഹിതവൃത്തി തുടർന്ന്, ഒരു സാധാരണ പുരോഹിതനായി വല്ലപ്പോഴും കുറിയിട്ടുകിട്ടുന്ന അവസരത്തിൽ ബലിയർപ്പിച്ച് ബാക്കി സമയം സ്വന്തം ഗ്രാമത്തിൽ കുടുംബസമേതം താമസിച്ച് പറ്റുന്ന നന്മകൾ ചെയ്തു കഴിയണം എന്നതിൽക്കവിഞ്ഞ് ഒരു മോഹവും അയാൾക്കുണ്ടായിരുന്നില്ല. എന്നാൽ ഭാവിയെ സംബന്ധിച്ച സകല സ്വപ്നങ്ങളും തകർത്ത് ദൈവം അയാളുടെ ജീവിതത്തിൽ ഇടപെട്ടു. ഇനിയും ഇരുപത് തികയാത്ത ആ യഹൂദയുവാവ് വിളികേട്ട് പകച്ചു, അല്ല അക്ഷരാർത്ഥത്തിൽ ഞെട്ടിവിറച്ചു.

മാതാവിന്റെ ഉദരത്തിൽ രൂപം കൊള്ളുന്നതിനുമുമ്പ് അറിഞ്ഞ്, തന്റെ ശുശ്രൂഷയ്ക്കായി ദൈവം മാറ്റി നിർത്തിയിരിക്കുകയാണെന്ന അറിവ് അയാൾക്ക് ധൈര്യമല്ല, സംഭ്രമമാണ് നല്കിയത്. ഇസ്രായേലിനു മാത്രമല്ല, ജനതകൾക്ക് പ്രവാചകനായിട്ടാണ് ദൈവം തന്നെ നിയോഗിക്കുന്നത് എന്ന തിരിച്ചറിവ് സ്വന്തം ബലഹീനതയും ഭീരുത്വവും ഏറ്റുപറയാൻ അയാളെ പ്രേരിപ്പിച്ചു; **ദൈവമായ കർത്താവേ, ഞാൻ കേവലം ബാലനാണ്; സംസാരിക്കാൻ എനിക്ക് പാടവമില്ല** (ജറെ.1:6). പക്ഷേ ദൈവത്തിന് ഇതൊന്നും ഒരു പ്രതിബന്ധമല്ല എന്ന് ഉടനെ അയാൾ അറിഞ്ഞു; തുടർന്ന് ഏല്പിക്കപ്പെടാൻ പോകുന്ന ദൗത്യത്തിന്റെ ഭാരത്തെക്കുറിച്ചുള്ള ഒരു സൂചനയും. തന്റെ അധരത്തിൽ സ്പർശിച്ച് ഹൃദയത്തിൽ നിക്ഷേപിച്ച വചനത്തിന്റെ ഏകദേശ രൂപംപോലും അപ്പോൾ അയാൾക്ക് മനസ്സിലായിട്ടുണ്ടാവില്ല. **പിഴുതെറിയാനും ഇടിച്ചു തകർക്കാനും തകിടം മറിക്കാനും പണിതുയർത്താനും നട്ടുവളർത്താനുംവേണ്ടി ഇന്നിതാ ജനതകളുടെയും രാജ്യങ്ങളുടെയുംമേൽ നിന്നെ ഞാൻ അവരോധിച്ചിരിക്കുന്നു** (ജറെ. 1:10).

ഏതോ ഭീകരമായ ഒരു നാശം ജനത്തിനുമേൽ പതിക്കാൻ പോകുന്നു; ആ ദുരന്തം മുൻകൂട്ടി അറിയിക്കുന്ന ധൂമകേതുവായി ജറുസലെമിനുമുകളിൽ മിന്നി നില്ക്കാനാണ് വിളി എന്ന തിരിച്ചറിവ് ജറെമിയായിൽ ജനിപ്പിച്ച ഭയം ചെറുതല്ല. ഈ ദൗത്യനിർവ്വഹണത്തിൽ താൻ ഒറ്റയ്ക്കായിരിക്കും, മാത്രമല്ല സകല ശക്തികൾക്കും എതിരേ നില്ക്കാനാണ് താൻ നിയോഗിക്കപ്പെട്ടിരിക്കുന്നത് എന്നും ഒരുൾവിളിയെന്നപോലെ അയാൾക്ക് ബോധ്യമായി. **ദേശത്തിനു മുഴുവനും, യൂദായിലെ രാജാക്കന്മാർക്കും പ്രഭുക്കന്മാർക്കും പുരോഹിതർക്കും ദേശവാസികൾക്കുമെതിരേ, അപ്രതിരോധ്യമായ നഗരവും ഇരുമ്പുതൂണും പിച്ചളമതിലും ആയി ഇന്ന് നിന്നെ ഞാൻ ഉറപ്പിക്കും** (ജറെ.1:18). വിളിയുടെ ലക്ഷ്യവും സ്വഭാവവും പകൽ വെളിച്ചംപോലെ വ്യക്തമായി.

വെയിലിൽ ഉരുകുന്ന മെഴുകുപോലെ, ഇളംകാറ്റിൽ ഉലയുന്ന തളിരിലകൾ പോലെ ദുർബ്ബലനും ലോലഹൃദയനുമായ താൻ എങ്ങനെ ഇരുമ്പുതൂണാകും? കൗമാരത്തോട് ഇനിയും വിടപറയാത്ത

താൻ എങ്ങനെ മാതൃരാജ്യത്തിന്റെ സകല ശക്തികളെയും ഒരുമിച്ചു നേരിടും? മറുപടിയും ദൈവം തന്നെ നല്കി; **അവർ നിന്നോട് യുദ്ധം ചെയ്യും; എന്നാൽ വിജയിക്കുകയില്ല. നിന്റെ രക്ഷയ്ക്ക് ഞാൻ കൂടെയുണ്ട് എന്ന് കർത്താവ് അരുളിച്ചെയ്യുന്നു** (ജറെ.1:19).

ബി.സി. 626ൽ ആരംഭിച്ച ആ പ്രവാചകദൗത്യം നാല്പതു വർഷം ദീർഘിച്ചു. നിറവേറരുതേ എന്ന് ഉള്ളുരുകി പ്രാർത്ഥിച്ചു കൊണ്ട് നടത്തിയ ദുരന്തപ്രവചനങ്ങൾ ഒന്നൊഴിയാതെ എല്ലാം താൻ വിഭാവനം ചെയ്തതിന്റെ നൂറിരട്ടി ഭീകരതയോടെ നിറവേറുന്നത് കാണാനുള്ള ദൗർഭാഗ്യവും അയാൾക്കുണ്ടായി. അതിനിടയിൽ എത്രയെത്ര എതിർപ്പുകൾ, ഒറ്റപ്പെടുത്തലുകൾ, ആക്രമണങ്ങൾ, ശാരീരിക പീഡനങ്ങൾ, ആന്തരികസംഘർഷങ്ങൾ! ഒരു മനുഷ്യന് താങ്ങാവുന്ന പരിധികൾക്കപ്പുറമായിരുന്നു ഇതെല്ലാം; പ്രത്യേകിച്ചും ജറെമിയായെപ്പോലെ സൗമ്യനും ശാന്തശീലനുമായ ഒരുവന്. പല തവണ പതറി; എന്നാലും അയാൾ തകർന്നുവീണില്ല. കാരണം കൂടെയുണ്ടാകും എന്നുപറഞ്ഞ കർത്താവ് വാക്കു പാലിച്ചു.

ഇസ്രായേൽ ജനം കണ്ട ഏറ്റം വലിയ മതനവീകരണത്തിന്റെ കാലത്താണ് ജറെമിയായ്ക്ക് പ്രവാചകനാകാനുള്ള വിളി ലഭിച്ചത്. ബി.സി. 640ൽ രാജാവായി അഭിഷേകം ചെയ്യപ്പെട്ട ജോസിയ സമൂലമായ ഒരു മതനവീകരണത്തിന് തുടക്കം കുറിച്ചു. മുൻഗാമികൾ നിർമ്മിച്ച പൂജാഗിരികളും വിഗ്രഹങ്ങളും തകർത്തു; ദൈവാരാധന ജറുസലെമിൽ മാത്രമായി നിജപ്പെടുത്തി; അതിലൂടെ ബഹുദൈവാരാധനകൾക്കുള്ള പഴുതടച്ചു. അതുവരെ നടപ്പിലാകാതിരുന്ന പല നിയമങ്ങളും, ജൂബിലിവർഷത്തിൽ സമ്പൂർണ്ണമോചനം നല്കണം എന്നതുൾ പ്പെടെ, സമൂഹത്തിൽ നടപ്പിലാക്കാൻ ശ്രമിച്ചു. യാഹ്വേ വിശ്വാസത്തിന്റെ വലിയൊരു നവോത്ഥാനത്തിൽ പങ്കുചേരാനായിരുന്നു ജറെമിയായ്ക്ക് ആദ്യമേ ലഭിച്ച ദൗത്യം. അത് സന്തോഷത്തോടെ നിർവ്വഹിച്ചു എന്ന് ജറെമിയാതന്നെ സാക്ഷ്യപ്പെടുത്തുന്നുണ്ട്. **അങ്ങയുടെ വചനങ്ങൾ കണ്ടെത്തിയപ്പോൾ ഞാൻ അവ ഭക്ഷിച്ചു. അവ എനിക്ക് ആനന്ദാമൃതമായി; എന്റെ ഹൃദയത്തിന് സന്തോഷവും** (ജറെ. 15:16).

മധുവിധുവിന്റേതുപോലെ മധുരമായ പ്രവാചകത്വത്തിന്റെ ഈ ആദ്യനാളുകൾ അധികം ദീർഘിച്ചില്ല. 609ൽ ജോസിയാ കൊല്ലപ്പെട്ടു. അസീറിയായ്ക്ക് സഹായമെത്തിക്കാൻ സൈന്യവുമായി തിരക്കിട്ട് നീങ്ങിയ ഈജിപ്തു രാജാവ് ഫറവോ നെക്കോയെ തടഞ്ഞു നിർത്താനുള്ള ശ്രമത്തിലാണ് ജോസിയായ്ക്ക് മെഗിദ്ദോയിൽവച്ച് ജീവൻ നഷ്ടപ്പെട്ടത്. അതോടെ യൂദായിലെ മതനവീകരണം അവസാനിച്ചു; ജെറെമിയായ്ക്ക് സമാധാനത്തിന്റെ നാളുകളും. പിന്നെ അങ്ങോട്ട് എതിർപ്പുകൾ, വിലക്കുകൾ, ഭീഷണികൾ, പീഡനങ്ങൾ... പ്രേമം നടിച്ച് കൂടെ കൊണ്ടുപോയി ബലാൽക്കാരം ചെയ്ത് നശിപ്പിച്ചതിനു ശേഷം കാമുകനാൽ ഉപേക്ഷിക്കപ്പെട്ട യുവതിയുടേതുപോലെയാണ് തന്റെ അവസ്ഥ എന്ന് ജറെമിയാ വിലപിക്കുമ്പോൾ അയാൾ കടന്നുപോയ ആന്തരികസംഘർഷം എത്ര വലുതെന്ന് ഊഹിക്കാനേ കഴിയൂ; **കർത്താവേ, അങ്ങ് എന്നെ വഞ്ചിച്ചിരിക്കുന്നു; ഞാൻ വഞ്ചിതനായി. അങ്ങ് എന്നേക്കാൾ ശക്തനാണ്. അങ്ങ് വിജയിച്ചിരിക്കുന്നു** (ജറെ.20:7).

രക്ഷിക്കാൻ കൂടെയുണ്ടായിരിക്കും എന്ന് തുടക്കത്തിലേ നല്കിയ ഉറപ്പ് കർത്താവ് പാലിക്കുന്നില്ല എന്നു തോന്നിയ അനേകം അവസരങ്ങൾ ജറെമിയായ്ക്കുണ്ടായി. രാജാവിനും പുരോഹിതന്മാർക്കും കൊട്ടാരം പ്രവാചകന്മാർക്കും എതിരേ ഒറ്റയ്ക്ക് നിൽക്കേണ്ടിവന്നു. താൻ എഴുതിയ വചനച്ചുരുൾ രാജാവു തന്നെ കീറി തീയിലിട്ടു (**ജറെ. 36**). നാശം ആസന്നമായി രിക്കുന്നു എന്ന് പ്രവചിച്ചതിന്റെപേരിൽ കൊല്ലാൻ ശ്രമിച്ചു (26:8); ദീർഘകാലത്തേക്ക് തടവിലാക്കി (37); കൊല്ലാൻവേണ്ടി പൊട്ടക്കിണറ്റിൽ താഴ്ത്തി (38:1–13). ദൈവനാമത്തിൽ പ്രവചിക്കരുത് എന്ന് പല തവണ താക്കീതുകളുണ്ടായി. നേതാക്കന്മാരടക്കം ജനം മുഴുവൻ തനിക്കെതിരേ തിരിഞ്ഞിരിക്കുന്നു എന്ന് ജറെമിയായ്ക്ക് വ്യക്തമായി. അവരോട് പറയാനായി ദൈവം നല്കുന്ന വചനം ആശ്വാസത്തിന്റേതോ സന്തോഷത്തിന്റേതോ അല്ല, മറിച്ച് സമൂല നാശത്തിന്റേതാണ്. അതിനാലായിരിക്കാം പ്രവാചകവൃത്തി തന്നെ ഉപേക്ഷിക്കാം എന്ന് ജറെമിയാ കരുതിയത്.

**കർത്താവിന്റെ വചനം എനിക്ക് ഇടവിടാത്ത നിന്ദനത്തിനും പരിഹാസത്തിനും കാരണമായി** (ജറെ.20:8). കാരണം വായ് തുറ

ക്കുമ്പോഴൊക്കെ അക്രമം, നാശം എന്നാണ് വിളിച്ചുപറയേണ്ടി വരുന്നത്. അങ്ങനെ 'അക്രമം, നാശം' എന്ന് ആളുകൾ ജറെമി യായെ വിളിക്കാൻ തുടങ്ങി. അതിനാൽ **അവിടുത്തെപ്പറ്റി ഞാൻ ചിന്തിക്കുകയില്ല. അവിടുത്തെ നാമത്തിൽ മേലിൽ ഞാൻ സംസാരിക്കുകയില്ല എന്ന് ഞാൻ പറഞ്ഞു** (ജറെ.20:9). എന്നാൽ ദൗത്യത്തിൽനിന്ന് ഒളിച്ചോടാനുള്ള ഈ ശ്രമത്തിന് ദൈവം അയാളെ അനുവദിക്കുന്നില്ല. അധരങ്ങളിൽ സ്പർശിച്ച് ഹൃദയത്തിൽ നിക്ഷേപിച്ച വചനം ദഹിപ്പിക്കുന്ന തീക്കട്ടയാണെന്ന് അന്ന് മനസ്സിലാക്കിയില്ല. എന്നാൽ ഇപ്പോൾ അതാണനുഭവം. **ഹൃദയത്തെ ദഹിപ്പിക്കുന്ന അഗ്നി എന്റെ അസ്ഥികൾക്കുള്ളിൽ അടച്ചിട്ടിരിക്കുന്നതുപോലെ എനിക്കനുഭവപ്പെട്ടു. അതിനെ അടക്കാൻ ശ്രമിച്ചു; ഞാൻ തളർന്നു. എനിക്ക് സാധിക്കുന്നില്ല** (ജറെ 20:9).

സ്വന്തം ഇഷ്ടത്തിനും താൽപര്യങ്ങൾക്കും വിരുദ്ധമായി പറയാനും പ്രവർത്തിക്കാനും നിർബന്ധിതനാകുന്ന പ്രവാചകൻ; ദുഃഖപൂരിതമാണയാളുടെ ഹൃദയം. ജനത്തോടുള്ള സ്നേഹവും അവർ അനുഭവിക്കാൻ പോകുന്ന ദുരന്തം നേരിൽക്കണ്ട് ഉളവാകുന്ന ഭയവും, അത് ഒഴിവാക്കാൻ കഴിയുമായിരുന്നു എന്ന അവബോധവും എന്നാൽ മാനസാന്തരത്തിന് തയ്യാറാകാത്ത ജനത്തിന്റെ ഹൃദയകാഠിന്യം ഏല്പിച്ച കനത്ത നിരാശയും ജറെമിയായെ അതികഠിനമായ ആന്തരികസംഘർഷത്തിലും ദുഃഖത്തിലും ആഴ്ത്തി.

**വേദന, അസഹ്യമായ വേദന! ഞാൻ വേദനയാൽ പുളയുന്നു! എന്റെ ഹൃദയഭിത്തികൾ തകരുന്നു! നെഞ്ചിടിക്കുന്നു! നിശ്ശബ്ദനായിരിക്കാൻ എനിക്ക് വയ്യ!** (ജറെ. 4:19). വൻ സുനാമിത്തിരകൾ പോലെ ആഞ്ഞടിക്കുന്ന ദുരിതങ്ങൾ തന്റെ നാടിനെ വിഴുങ്ങുന്നതുകണ്ട് ഭയവിഹ്വലനായ പ്രവാചകൻ. **ശമനമില്ലാത്ത ദുഃഖത്തിലാണ് ഞാൻ; കദനഭാരം ഹൃദയത്തെ മഥിക്കുന്നു. എന്റെ ജനത്തിന്റെ വിലാപം ദേശത്തെങ്ങും മാറ്റൊലിക്കൊള്ളുന്നത് നിങ്ങൾ കേൾക്കുന്നില്ലേ?** (8: 18-19). **എന്റെ ശിരസ്സ് ഒരു കണ്ണീർത്തടാകവും കണ്ണുകൾ അശ്രുധാരയുമായിരുന്നെങ്കിൽ, എന്റെ ജനത്തിന്റെ പുത്രിയുടെ നിഹതന്മാരെ ഓർത്ത് ഞാൻ രാപകൽ കരയുമായിരുന്നു. മരുഭൂമിയിൽ എനിക്കൊരു വഴിയമ്പലം ലഭിച്ചിരുന്നെങ്കിൽ, ഞാൻ എന്റെ ജനത്തെ വിട്ട് അകന്നുപോകുമായിരുന്നു**

(9:1–2). എന്നാൽ ഇതൊന്നും പ്രവാചകന് ലഭിച്ചില്ല. ദൗത്യം അതിന്റെ അവസാനംവരെ നിർവ്വഹിച്ചേ മതിയാകൂ!

എല്ലാ ക്ലേശങ്ങൾക്കും പീഡനങ്ങൾക്കും നടുവിലും വിളിച്ച കർത്താവ് തന്നെ കൈവെടിഞ്ഞില്ല എന്ന് പ്രവാചകൻ തിരിച്ചറിഞ്ഞു. കൊച്ചുകുഞ്ഞ് തന്റെ അമ്മയുടെ മടിയിലിരുന്ന് കരഞ്ഞ് പരാതികൾ പറയുന്നതുപോലെ പ്രവാചകൻ വിലപിച്ചെങ്കിലും ദൗത്യം ഉപേക്ഷിച്ചുപോയില്ല; ദൈവം അയാൾക്ക് എന്നും കൂട്ടായുണ്ടായിരുന്നു. തടവറയിൽ അടച്ചപ്പോൾ ഭക്ഷണം കൊടുക്കാൻ ദൈവം തന്നെ രാജാവിനെ പ്രേരിപ്പിച്ചു. അധികാരികൾ കൊല്ലാൻ ശ്രമിച്ചപ്പോൾ അതിനു തടയിട്ടു (**26:7–24**). കിണറ്റിലെ ചെളിയിൽ താഴ്ത്തിയവനെ ദൈവം ഇടപെട്ട് പൊക്കിയെടുത്തു (38:7–13). അവസാനം കത്തിയെരിയുന്ന നഗരത്തിൽനിന്ന്, തകർന്നുവീണ മതിലുകൾക്കിടയിലൂടെ, അടിമകളാക്കപ്പെട്ട ജനം നിരനിരയായി ബാബിലോണിലേക്ക് നീങ്ങിയപ്പോൾ തടവിൽനിന്ന് മോചിക്കപ്പെട്ട ജറെമിയായെ ബാബിലോൺ രാജാവ് തന്നെ സ്വതന്ത്രനാക്കി.

ദൈവം വാക്കു പാലിച്ചു. ഇരുമ്പുതൂണും പിച്ചളമതിലും പോലെ ഉറച്ചുനിൽക്കാൻ പ്രവാചകന് കരുത്ത് നല്കി. ഇതാണ് ദൈവം; ഇതാണ് ദൈവത്തിന്റെ വചനം. വിളിക്കുന്നവൻ വിശ്വസ്തനാണ്. അവൻ വാക്ക് പാലിക്കും; ഇടവഴിയിൽ ഉപേക്ഷിക്കുകയില്ല. നുണ പറഞ്ഞ് വഞ്ചിക്കുകയോ വ്യർത്ഥമായ വാഗ്ദാനങ്ങൾ നല്കി മിഥ്യാധാരണകൾ ഉണർത്തുകയോ ഇല്ല, ഏൽപ്പിക്കുന്ന ദൗത്യവും അതിന്റെ നിർവ്വഹണത്തിൽ നേരിടാൻ പോകുന്ന ക്ലേശങ്ങളും അപകടങ്ങളും വ്യക്തമായി എടുത്തുകാട്ടിക്കൊണ്ടാണ് ദൈവം വിളിക്കുന്നത്. വിളി സ്വീകരിക്കുന്നവനിൽനിന്ന് ഒന്നേ ദൈവം പ്രതീക്ഷിക്കുന്നുള്ളൂ: വിശ്വസ്തത.

പ്രയാസങ്ങളുണ്ടാകാം; കണ്ണീരൊഴുകാം; നിലവിളി ഉയരാം. ഇനി നിന്റെ നാമത്തിൽ ഞാൻ വായ് തുറക്കില്ലെന്ന് ശഠിക്കാം. എന്നാൽ തീക്കട്ട വിഴുങ്ങിയവന് വായടച്ചിരിക്കാനാവില്ല. ദൈവവിളി സ്വീകരിച്ച പ്രവാചകന് നിശ്ശബ്ദത പാലിക്കാനാവില്ല; ജനഹിതമനുസരിച്ച് വചനം വളച്ചൊടിക്കാനും കഴിയില്ല. അന്നും, ഇന്നും എന്നും പ്രവാചകൻ നേരിടുന്ന വെല്ലുവിളിയാണിത്. സമൂഹത്തിൽ

നടമാടുന്ന അക്രമവും അനീതിയും പല ഓമനപ്പേരുകളിൽ നടക്കുന്ന വിഗ്രഹാരാധനയും കണ്ടില്ലെന്ന് നടിക്കാനാവില്ല. മനുഷ്യരെ പ്രീതിപ്പെടുത്തി സ്വന്തം സുഖവും ലാഭവും സുരക്ഷിതത്വവും ഉറപ്പിക്കാൻ ഭംഗിവാക്ക് പറയാനുമാവില്ല. അതൊക്കെ വ്യാജപ്രവാചകരുടെ അടയാള ങ്ങളാണ്.

ദൈവം നല്കിയിരിക്കുന്ന വിശുദ്ധ നിയമങ്ങളുടെ വെളിച്ചത്തിൽ ജനത്തിന്റെ, അത് എത്ര വലിയവനോ ചെറിയവനോ ആകട്ടെ, പാപങ്ങൾ തുറന്നുകാട്ടി മാനസാന്തരത്തിന് ക്ഷണിക്കാ നും മനസ്സും പ്രവൃത്തിയും മാറ്റുന്നില്ലെങ്കിൽ നാശം സുനിശ്ചിതമാണെന്ന് ഉറക്കെ പ്രഘോഷിക്കാനും പ്രവാചകന് കഴിയണം. അത് ജീവന്റെ സംരക്ഷണത്തിനു വേണ്ടിയാവാം; കുടുംബങ്ങളുടെ പവിത്രത കാത്തുസൂക്ഷിക്കാൻവേണ്ടിയാവാം. ദൈവം സൃഷ്ടിച്ച ഭൂമിയിൽ സകല മനുഷ്യർക്കും ജീവിക്കാനും വളരാനുമുള്ള അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനു വേണ്ടിയാവാം. പുതിയ പേരുകളിൽ പ്രത്യക്ഷപ്പെടുന്ന വിഗ്രഹങ്ങളുടെ മുഖംമൂടികൾ അഴിച്ചുമാറ്റാനാവാം. ആകാശത്തിലൂടെ വരുന്ന ആധുനികയക്ഷികളുടെ തനിനിറം വെളിവാക്കി ജനങ്ങൾക്ക് പ്രത്യേകിച്ചും യുവതലമുറയ്ക്ക് താക്കീത് നല്കുന്നതിന് വേണ്ടിയാവാം.

കേവലം ബാലനാണ്, സംസാരിക്കാൻ പാടവമില്ല എന്നു പറഞ്ഞ് ഒഴിഞ്ഞുമാറാൻ ശ്രമിക്കരുത്. ജറെമിയായുടെ കാലത്ത് ഇസ്രായേൽജനം നേരിട്ടതിനേക്കാൾ എത്രയോ ഭീകരമായ വിപത്തിന് മുമ്പിലാണ് ഇന്ന് മനുഷ്യസമൂഹം നില്ക്കുന്നത് എന്ന് തിരിച്ചറിയണം. വാരിക്കൂട്ടാനുള്ള ആർത്തിയുടെയും ആസ്വദിച്ചുതീർക്കാനുള്ള ആസക്തികളുടെയും ഫലമെന്തെന്ന് ഇടിവെട്ടുപോലെ ദിഗന്തങ്ങളിൽ മുഴങ്ങുന്നത് കേൾക്കാനും മനസ്സിലാകുംവിധം ആവർത്തിക്കാനും പ്രവാചകന് കടമയുണ്ട്. സത്യം പറഞ്ഞാൽ ഒറ്റപ്പെട്ടുപോകുമോ എന്ന ഭയം വേണ്ടാ. വിളിച്ചവൻ കൂടെയുണ്ട്; സംരക്ഷിക്കാൻ, അവസാനംവരെ. **ഇതാ, നിന്റെ രക്ഷയ്ക്ക് ഞാൻ കൂടെയുണ്ട് എന്ന് കർത്താവരുളിച്ചെയ്യുന്നു** (ജറെ. 1:19)



***കർത്താവ് എന്നോട് ചോദിച്ചു, ജറെമിയാ, നീ എന്തു കാണുന്നു? ജാഗ്രതാവൃക്ഷത്തിന്റെ ഒരു ശാഖ– ഞാൻ മറുപടി പറഞ്ഞു. അപ്പോൾ കർത്താവ് അരുളിച്ചെയ്തു: നീ കണ്ടത് ശരി. എന്റെ വചനം നിവർത്തിക്കാൻ ഞാൻ ജാഗ്രതയോടെ കാത്തിരിക്കുന്നു*** *(ജറെ.1:11–12).*

# 16

# ജാഗ്രതാവൃക്ഷം

കാറ്റിന്റെ ശീൽക്കാരം കേട്ടാണ് പുറത്തേക്ക് നോക്കിയത്. അപ്പോൾ ഇളകിയാടുന്ന ഒരു മരം. അതിന്റെ ശാഖകൾ കാറ്റിൽ തകർന്നു വീഴുമെന്ന് തോന്നി. അതൊരു ബദാം മരമായിരുന്നു. മരത്തിനുചുവട്ടിൽ ഭക്ഷണം പാകം ചെയ്യുന്ന നാടോടികൾ. മൂന്ന് കല്ലുനാട്ടി ഉണ്ടാക്കിയ അടുപ്പിൽ തിളയ്ക്കുന്ന ഗോതമ്പുകഞ്ഞി. അപ്പോഴാണ് ഒരു കല്ല് ചരിഞ്ഞത്; കൂടെ കലവും. കലത്തിലുണ്ടായിരുന്ന തിളയ്ക്കുന്ന കഞ്ഞി നിലത്തേക്ക് ഒഴുകി. അത്ര അസാധാരണമായതൊന്നും ഈ സംഭവത്തിലുണ്ടാകേണ്ടതല്ല. എന്നാൽ കർത്താവിന്റെ വിളി കേട്ട് തരിച്ചുനിന്ന യുവാവായ ജറെമിയായുടെ ഉള്ളിൽ ഒരു കൊള്ളിയാൻ മിന്നി.

ബദാം മരം എന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്യു ന്നത് ഹീബ്രുവിൽ 'ഷാഖെദ്' എന്ന വാക്കാണ്. അത് ഒരു ക്രിയാരൂപ

ത്തിൽനിന്ന് രൂപംകൊണ്ട നാമമാണ്. ക്രിയാപദം ആകട്ടെ 'ഷാഖാദ്' ഉണരുക, ഉണർന്നിരിക്കുക, ജാഗ്രത പാലിക്കുക, ജാഗ്രതയോടെ കാത്തിരിക്കുക എന്നൊക്കെയാണ് ഈ വാക്കിനർത്ഥം. ശീത കാലത്തെ ദീർഘമായ ഉറക്കത്തിൽനിന്ന് ആദ്യം ഉണരുന്ന മരമായ തിനാലാവാം ഹീബ്രു ഭാഷയിൽ ഈ പേരുണ്ടായത്. വാക്കിന്റെ ഉറവിടം എന്തായാലും അർത്ഥം വ്യക്തമാണ്. സൂക്ഷ്മതയോടെ നോക്കിയിരിക്കുന്ന മരം! കാറ്റിൽ ഉലയുന്ന ബദാം മരത്തിന്റെ ശാഖ ജറെമിയായ്ക്ക് നല്കിയ സന്ദേശമിതാണ്. ദൈവത്തിന്റെ വചന ത്തിന് മാറ്റമില്ല. അത് പൂർത്തിയാവുക തന്നെ ചെയ്യും. അത് പൂർത്തിയാക്കാൻ കർത്താവ് തന്നെ ശ്രദ്ധിക്കും.

ഇതോടൊപ്പം അടുപ്പിൽ ചരിയുന്ന കലവും ശ്രദ്ധേയമായി. തെക്കുഭാഗത്തുണ്ടായിരുന്ന കല്ലാണ് വഴുതി മാറിയത്. അതിനാൽ പാത്രം ചരിഞ്ഞത് വടക്കുനിന്ന് തെക്കോട്ട്. ഇതാണ് നടുക്കം സൃഷ്ടി ക്കുന്ന അവബോധമായത്. **ദേശത്തു വസിക്കുന്നവരെ മുഴുവൻ ഗ്രസിക്കുന്ന ദുരന്തം വടക്കുനിന്ന് തിളച്ചൊഴുകും** (ജറെ. 1:14–15). ജനതകൾക്ക് പ്രവാചകനാകാൻ ജനനത്തിനുമുമ്പേ നിയോഗിക്ക പ്പെട്ടവന് പറയാനുള്ളതെന്തെന്ന് ഈ രണ്ട് ദൃശ്യങ്ങൾ വ്യക്തമാക്കി. തുടർന്നുള്ള ദിവസങ്ങൾ ജറെമിയായ്ക്ക് അതിഭീകരമായ ആന്ത രിക സംഘർഷത്തിന്റെയും ഭയത്തിന്റെയും നാളുകളായിരുന്നു. വരാൻപോകുന്ന ദുരന്തങ്ങൾ ആ യുവമനസ്സിനെ രാപകൽ വേട്ട യാടി.

“ഞാൻ ഭൂമിയിലേക്ക് നോക്കി; അത് രൂപരഹിതവും ശൂന്യ വുമായിരുന്നു. ഞാൻ ആകാശത്തേക്ക് നോക്കി; പ്രകാശം കെട്ടു പോയിരുന്നു. ഞാൻ മലമുകളിലേക്ക് നോക്കി; അവ വിറപൂണ്ടി രുന്നു. കുന്നുകളെല്ലാം ഇളകി ഉലയുന്നുണ്ടായിരുന്നു” (ജറെ. 4:23 –24). മാറ്റമില്ലാത്ത ശിക്ഷാവിധി അതിന്റെ സർവ്വഭീകരതയോടും കൂടെ കണ്ട പ്രവാചകന് നിശ്ശബ്ദനായിരിക്കാൻ കഴിഞ്ഞില്ല. കർത്താവിന്റെ വചനം നിറവേറുകതന്നെ ചെയ്യും എന്ന ബോധ്യം വിളിച്ചുപറയുകയാണ് തന്റെ ദൗത്യം എന്ന് അയാൾ അറിഞ്ഞു. അത് അയാൾ നിർവ്വഹിക്കുകയും ചെയ്തു. എന്നാൽ ആസന്നമായി രിക്കുന്ന നാശം മാത്രമായിരുന്നില്ല പ്രവാചകന് വിളിച്ചുപറയാനു

ണ്ടായിരുന്നത്. ജാഗ്രതയോടെ കാത്തിരിക്കുന്ന ദൈവം ശിക്ഷിച്ച് നശിപ്പിക്കുകയല്ല, ശുദ്ധീകരിക്കുകയാണെന്ന് ജറെമിയ തിരിച്ചറിഞ്ഞു.

ബി.സി. 598ൽ ബാബിലോൺ സൈന്യം യൂദായെ ആക്രമിച്ചു. ജറുസലെം കീഴടക്കി. അനേകരെ തടവുകാരാക്കി ബാബിലോണിലേക്ക് കൊണ്ടുപോയി. കനത്ത കപ്പം ഈടാക്കി. അങ്ങനെ ജറെമിയായിലൂടെ മുൻകൂട്ടി അറിയിച്ച വടക്കുനിന്നുള്ള ദുരന്തം തിളച്ചൊഴുകി. ഇതുകൊണ്ട് എല്ലാം അവസാനിച്ചു എന്ന് കരുതിയവർക്ക് തെറ്റി. രണ്ടുവർഷം കഴിഞ്ഞപ്പോൾ ബാബിലോൺ കിഴക്ക് മേദിയായുമായി യുദ്ധത്തിലേർപ്പെട്ടു. അതിനാൽ ഇനി അവർ അധികാരം സ്ഥാപിക്കാൻ മടങ്ങിവരില്ലെന്ന് കരുതിയ യൂദാ നേതാക്കന്മാർ കപ്പം കൊടുക്കൽ നിർത്തി. ഈജിപ്തുമായി സഖ്യം ചെയ്തു. ബാബിലോൺ തിരിച്ചു വന്നാൽ ചെറുത്തു നിൽക്കാം എന്ന് വ്യാമോഹിച്ചു. അനേകം പ്രവാചകന്മാർ ഈ നിലപാടിനെ പിന്താങ്ങി മാത്രമല്ല, ബാബിലോണിലേക്ക് കൊണ്ടുപോയ പ്രവാസികളും കൊള്ള മുതലും താമസിയാതെ തിരിച്ചെത്തും എന്നും അവർ പ്രവചിച്ചു.

ഈ സാഹചര്യത്തിൽ ജറെമിയാ തികച്ചും ഒറ്റയ്ക്കായി. ബാബിലോണിനെ ധിക്കരിക്കുന്നത് ആത്മഹത്യാപരമാണെന്ന് ഹൃദയം തകർന്ന്, തൊണ്ടകീറി, വിളിച്ചു പറഞ്ഞെങ്കിലും അധികാരികൾ കേൾക്കാൻ തയ്യാറായില്ല. ജറെമിയാ ബാബിലോണിന്റെ ചാരനായി മുദ്രകുത്തപ്പെട്ടു. തത്ഫലമായി പ്രഹരവും (ജറെ 20:2) തടവറയും വധഭീഷണിയും (26) വധശ്രമവും (38) എല്ലാം നേരിടേണ്ടിവന്നു. എന്നാൽ ഇതു മാത്രമായിരുന്നില്ല ജറെമിയ കണ്ട ജാഗ്രതാവൃക്ഷത്തിന്റെ ശാഖയിൽനിന്ന് കിട്ടിയ സന്ദേശം.

ജറുസലെമിന്റെ നാശത്തിനും പ്രവാസത്തിനും അപ്പുറം ഭാസുരമായൊരു ഭാവി പ്രവാചകൻ സ്വപ്നം കണ്ടു. ഇടിച്ചു തകർക്കാനും പിഴുതെറിയാനും മാത്രമല്ല, നട്ടുവളർത്താനും പണിതുയർത്താനും കൂടിയാണ് താൻ വിളിക്കപ്പെട്ടിരിക്കുന്നത് എന്ന അവബോധം പുതിയ ഉടമ്പടിയെക്കുറിച്ചുള്ള പ്രവചനമായി പുറത്തുവന്നു. **ഇസ്രായേൽ ഗോത്രത്തോടും യൂദാ ഗോത്രത്തോടും ഞാൻ ഒരു പുതിയ ഉടമ്പടി ചെയ്യുന്ന ദിവസം ഇതാ വരുന്നു... ഞാൻ എന്റെ നിയമം**

**അവരുടെ ഉള്ളിൽ നിക്ഷേപിക്കും; അവരുടെ ഹൃദയത്തിൽ എഴുതും. ഞാൻ അവരുടെ ദൈവവും അവർ എന്റെ ജനവുമായിരിക്കും...** (ജറെ. 31: 31–33). ഇത് ദൈവത്തിന്റെ വാഗ്ദാനമാണ്. ശിക്ഷയെക്കുറിച്ചുള്ള താക്കീതുകൾ വകവയ്ക്കാതിരുന്നവർ ശിക്ഷയനുഭവിച്ചു. 588 ൽ മടങ്ങിവന്ന ബാബിലോൺ സൈന്യം ജറുസലെം നഗരത്തിന് ഉപരോധം ഏർപ്പെടുത്തി. ഒന്നരവർഷം ദീർഘിച്ച ഉപരോധത്തിന്റെ അവസാനം കോട്ടകൾ തകർത്ത് ശത്രുസൈന്യം നഗരം കീഴടക്കി. ദേവാലയം അഗ്നിക്കിരയാക്കി. അടിമകളാക്കപ്പെട്ട ആയിരങ്ങൾ പ്രവാസത്തിലേക്ക് നീങ്ങി. എന്നാൽ അത് അവസാനമായിരുന്നില്ല. ശിക്ഷയാൽ ശുദ്ധീകരിക്കപ്പെട്ട ഒരു ജനത്തെ ദൈവം വീണ്ടും കടാക്ഷിക്കും; അനുഗ്രഹിക്കും.

പുതിയ ഉടമ്പടിക്ക് ചില പ്രത്യേകതകളുണ്ട്. അത് ഹൃദയത്തിൽ എഴുതിയതായിരിക്കും. ഉടമ്പടിയുടെ പ്രമാണങ്ങൾ പുറമെ നിന്നുവരുന്ന കല്പനകളല്ല, കൽപലകയിൽ എഴുതിയ നിയമങ്ങളല്ല, മറിച്ച് ദൈവം തന്നെ നല്കുന്ന ആന്തരികപ്രചോദനങ്ങളായിരിക്കും. അതാണ് ഹൃദയഫലകത്തിൽ എഴുതുന്ന ആത്മാവിന്റെ പ്രമാണം. ഈ ഉടമ്പടി നിരുപാധികവും ശാശ്വതവുമായിരിക്കും. അതനുസരിക്കാൻ ദൈവം തന്നെ ശക്തി നല്കും. ഒരിക്കലും റദ്ദാക്കപ്പെടുകയുമില്ല.

ഈ വാഗ്ദാനം പൂർത്തിയാക്കാൻ ദൈവംതന്നെ ജാഗ്രതയോടെ ശ്രദ്ധിക്കുമെന്ന് ജാഗ്രതാവൃക്ഷത്തിന്റെ ചിത്രം ഉറപ്പു നല്കുന്നു. ജറെമിയാ അത് വിശ്വസിച്ചു; ആ വിശ്വാസം അയാൾക്ക് ശക്തിയുടെ ഉറവിടമായി; പ്രത്യാശയുടെയും. ഇരുപത്തേഴ് നൂറ്റാണ്ടു കഴിഞ്ഞിട്ടും അനേകർക്ക് പ്രത്യാശയും പ്രചോദനവുമായി ആ പ്രവാചകദർശനം ഇന്നും തുടരുന്നു. ബദാം മരത്തിന്റെ ശാഖ കാറ്റിൽ ഉലയുന്നതും അടുപ്പിലിരുന്ന കലം മറിയുന്നതും കണ്ട ജറെമിയായ്ക്ക് ആ സാധാരണ സംഭവങ്ങൾ വലിയൊരു വെളിപാടിന് നിമിത്തമായി. സാധാരണമെന്നും അപ്രധാനവും അപ്രസക്തവും എന്നും നാം എഴുതിത്തള്ളുന്ന കാര്യങ്ങളിലൂടെ ആയിരിക്കാം ദൈവം വലിയ വെളിപ്പെടുത്തലുകൾ നല്കുന്നത്. അത് തിരിച്ചറിയാൻ ശ്രദ്ധയോടെ കാതോർക്കണം.

നാം പ്രതീക്ഷിക്കുന്ന വിധത്തിലായിരിക്കുകയില്ല ദൈവം നമ്മുടെ ജീവിതത്തിലേക്ക് കടന്നുവരുന്നത്. ജനശ്രദ്ധ പിടിച്ചുപറ്റുന്ന വലിയ അത്ഭുതങ്ങളിലൂടെ ആയിരിക്കുകയില്ല ദൈവം ചരിത്ര ത്തിൽ ഇടപെടുന്നത്. ഉണങ്ങുന്ന പുല്ലിലും വറ്റുന്ന ഉറവയിലും വരണ്ടുപോകുന്ന അരുവികളിലും ആസന്നമായി രിക്കുന്ന നാശ ത്തെക്കുറിച്ചായിരിക്കാം താക്കീതുകൾ നല്കുന്നത്. അതുപോലെ തന്നെ, വിടരുന്ന പൂവിലും ജനിക്കുന്ന ശിശുവിലും പുഞ്ചിരിപൊഴി യുന്ന മുഖങ്ങളിലും ദൈവത്തിന്റെ രക്ഷാകരവും ഒരിക്കലും അസ്ത മിക്കാത്തതുമായ സ്നേഹവും തിരിച്ചറിയാൻ കഴിയണം. സ്നേഹം വിദ്വേഷത്തേക്കാളും ജീവൻ മരണത്തേക്കാളും ശക്തമാണെന്ന തിരിച്ചറിവ് നമുക്ക് ലഭിക്കുന്നതും ജാഗ്രതയോടെ നമുക്ക് മുകളിൽ വിരിഞ്ഞുനിൽക്കുന്ന ദൈവത്തിന്റെ പരിപാലനയിൽനിന്നാണ്.

അതുതന്നെയാണ് ജാഗ്രതാവൃക്ഷത്തിന്റെ സന്ദേശം. അതി നാൽ ഭയം വേണ്ടാ. കർത്താവിൽ ദൃഢമായി വിശ്വസിക്കുക; അച ഞ്ചലമായി ആശ്രയിക്കുക. **എന്നെ വിളിക്കുക, ഞാൻ മറുപടി നല്കും. നിന്റെ ബുദ്ധിക്കതീതവും മഹത്തും നിഗൂഢവുമായ കാര്യങ്ങൾ ഞാൻ നിനക്ക് വെളിപ്പെടുത്തും** (ജറെ.33:3). കാരണം **നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശ ത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത്... നിങ്ങൾ എന്നെ അന്വേ ഷിക്കും; പൂർണഹൃദയത്തോടെ അന്വേഷിക്കുമ്പോൾ എന്നെ കണ്ടെത്തും** (ജറെ.29:11-13).





*'അപ്പോൾ സൂസന്ന ഉച്ചത്തിൽ നിലവിളിച്ചു... കർത്താവ് അവളുടെ നിലവിളി കേട്ടു... ദാനിയേൽ എന്നുപേരുള്ള ഒരു ബാലന്റെ പരിശുദ്ധമായ ആത്മാവിനെ കർത്താവ് ഉണർത്തി. അവൻ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. ഇവളുടെ രക്തത്തിൽ എനിക്ക് പങ്കില്ല' (ദാനി.13:42-46).*

# 17

# കർത്താവ് കാണുന്നുണ്ട്

വിശുദ്ധിയുടെ പര്യായമായിരുന്നു അവൾ- സൂസന്ന. കളങ്കമില്ലാത്തവൾ എന്നാണ് പേരിനർത്ഥം. പേര് അന്വർത്ഥമാക്കുന്നതായിരുന്നു അവളുടെ ജീവിതം. മാതാപിതാക്കൾ അവളെ മോശയുടെ നിയമങ്ങൾ കണിശമായി പഠിപ്പിച്ചിരുന്നു; അതനുസരിക്കാൻ അഭ്യസിപ്പിച്ചിരുന്നു. ആത്മാവിന്റെ നൈർമ്മല്യം അവളുടെ ശരീരത്തെ സുന്ദരമാക്കി. ബാബിലോണിലേക്ക് നാടുകടത്തപ്പെട്ട ഇസ്രായേൽക്കാരിൽ ഒരുവനായ യൊവാക്കിമിന്റെ ഭാര്യ സൂസന്ന. സകലർക്കും ആദരണീയമായ വ്യക്തിത്വത്തിനുടമ കുലീനമായ പെരുമാറ്റം. ആതിഥ്യമര്യാദയിൽ മികച്ച അവളെ സർവ്വരും ആദരിച്ചു. എന്നിട്ടും അരുതാത്തത് സംഭവിച്ചു.

ധനികനായ യൊവാക്കിമിന്റെ വീട്ടിൽ ധാരാളം സന്ദർശകർ വന്നിരുന്നു. വീടിന്റെ ഒരു ഭാഗം കോടതിയായി ഉപയോഗിച്ചിരുന്നു.

പരാതികൾ ഉള്ളവർ അവിടെ വരും. ന്യായാധിപന്മാർ വിധി പ്രസ്താവിക്കും. എന്നാൽ ഇത്തവണ അവരുടെ വിധി കേട്ട ജനം നടുങ്ങി. ഗൃഹനാഥയും വിശുദ്ധയെന്നു ജനം അംഗീകരിച്ചിരുന്നവളുമായ സൂസന്നയ്ക്കെതിരെയാണ് അവർ വിധി പ്രസ്താവിച്ചത്. വധശിക്ഷ! കുറ്റം? വ്യഭിചാരം. തങ്ങൾ നേരിൽക്കണ്ടു എന്ന് ന്യായാധിപന്മാർ തന്നെ സാക്ഷ്യം നല്കി. രണ്ടുപേരുടെ സാക്ഷ്യം നിയമപ്രകാരം സാധുവായി പരിഗണിക്കപ്പെട്ടു. കുറ്റം ആരോപിച്ചതും സാക്ഷ്യം നല്കിയതും വിധി പ്രസ്താവിച്ചതും എല്ലാം ആ രണ്ടുപേർ. ആരോപണം കേട്ട ജനം ലജ്ജിച്ചുതലതാഴ്ത്തി, നിശ്ശബ്ദരായി. തങ്ങൾ തോട്ടത്തിൽ ഉലാത്തുമ്പോൾ ഉദ്യാനത്തിലേക്ക് വന്ന സൂസന്ന തോഴിമാരെ തിരിച്ചയച്ചതിനുശേഷം ഉദ്യാനവാതിലടച്ചു. ഒളിച്ചുനിന്ന ഒരു യുവാവ് അവളോടൊത്തു ശയിച്ചു. ഇത് കണ്ട തങ്ങൾ ഒച്ചവച്ച് ഓടിച്ചെന്നപ്പോഴേക്കും അയാൾ കടന്നുകളഞ്ഞു.

മറ്റാരും സാക്ഷികളില്ലാത്ത സാഹചര്യം. ന്യായാധിപന്മാരുടെ വിവരണം വിശ്വസിക്കാൻ നിർബന്ധിതമായ ജനം. എല്ലാ വിധത്തിലും അകപ്പെട്ട സൂസന്ന. അവൾക്കുവേണ്ടി വാദിക്കാൻ ആരുമില്ല. സംഭവത്തെക്കുറിച്ച് അവളുടെ ഭാഷ്യം അവതരിപ്പിക്കാൻ അനുവാദം ലഭിച്ചില്ല; ആരും ചോദിച്ചതുമില്ല. വിധി ഉടനെ ഉണ്ടായി. കല്ലെറിഞ്ഞുകൊല്ലുക! ഇനി ഒന്നും പ്രതീക്ഷിക്കാനില്ല. ചെയ്യാത്ത കുറ്റത്തിന് വധശിക്ഷയനുഭവിക്കാൻ വിധിക്കപ്പെട്ട ഹതഭാഗ്യയായ സൂസന്നയ്ക്ക് ഇനി ഒന്നേ അവശേഷിച്ചിട്ടുള്ളൂ. നിലവിളി. അവൾ സ്വരമുയർത്തി നിലവിളിച്ചു. തന്റെ നിരപരാധിത്വം ഉച്ചത്തിൽ വിളിച്ചുപറഞ്ഞു.

ദാനിയേലിന്റെ പുസ്തകം 13-ാം അദ്ധ്യായത്തിൽ നിറഞ്ഞുനിൽക്കുന്ന ഒരു വ്യക്തിത്വമാണ് സൂസന്ന. ബി.സി രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ രചിക്കപ്പെട്ട ദാനിയേലിന്റെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന പല കഥകളിൽ ഒന്നാണ് സൂസന്നയുടേത്. ഇസ്രായേലിന്റെ വിശ്വാസത്തനിമ നഷ്ടമാകത്തക്കവിധത്തിൽ കടന്നുകയറുന്ന യവനസംസ്കാരത്തിനെതിരേ പിടിച്ചുനിൽക്കാനും പ്രലോഭനങ്ങളെയും പീഡനങ്ങളെയും ചെറുക്കാനും പ്രേരിപ്പിക്കുക ഈ പുസ്തകത്തിന്റെ ഒരു മുഖ്യലക്ഷ്യമാണ്. ഉടമ്പടിയുടെ നിയമ

ങ്ങളോട് വിശ്വസ്തത പുലർത്താൻവേണ്ടി പീഡനങ്ങൾ ഏൽക്കാനും മരണംപോലും സ്വീകരിക്കാനും തയ്യാറാകുന്നവരെ ദൈവം അത്ഭുതകരമായി രക്ഷിക്കും എന്ന വിശ്വാസമാണ് പുസ്തകത്തിന്റെ ആദ്യത്തെ ആറദ്ധ്യായങ്ങളിൽ വിവിധങ്ങളായ ഉദാഹരണങ്ങളിലൂടെ കൈമാറുന്നത്. 7–12 അദ്ധ്യായങ്ങൾ അപ്പോകലിപ്റ്റിക് ശൈലിയിൽ യുഗാന്തത്തെക്കുറിച്ച് പ്രതിപാദിക്കുന്നു. അവിടെയും വിശ്വാസത്തിൽ ഉറച്ചുനിൽക്കാൻ പ്രേരണ നല്കുന്നുണ്ട്. ജീവൻ തന്നെ വിലകൊടുത്തും കർത്താവിന്റെ നിയമം അനുസരിക്കണം. അതിന് തയ്യാറാകുന്നവരെ കർത്താവ് സംരക്ഷിക്കും എന്ന സന്ദേശമാണ് സൂസന്നയുടെ കഥയിലൂടെ വി. ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത്.

സൂസന്നയുടെ സൗന്ദര്യത്തിൽ ആകൃഷ്ടരായ ന്യായാധിപന്മാർ ഏതുവിധേനയും അവളെ സ്വന്തമാക്കാൻ ആഗ്രഹിച്ചു. അതിനായി അവസരം കാത്തിരുന്നു. ഭവനത്തിലെ സമ്മേളനത്തിനുശേഷം സഭ പിരിഞ്ഞപ്പോൾ സൂസന്ന പതിവുപോലെ ഉദ്യാനത്തിൽ ഉലാത്താൻ പോയി. ന്യായാധിപന്മാർ നേരത്തെതന്നെ ഉദ്യാനത്തിൽ കയറി ഒളിച്ചിരുന്നു. തോഴിമാർ വാതിലടച്ച് പുറത്തുപോയ നിമിഷം അവർ സൂസന്നയെ സമീപിച്ചു. തങ്ങളോടൊത്തു ശയിക്കാൻ നിർബന്ധിച്ചു. തങ്ങളുടെ ഇംഗിതത്തിന് വഴങ്ങിയില്ലെങ്കിൽ വ്യഭിചാരക്കുറ്റം ആരോപിച്ച് അവളെ വധിക്കും എന്ന് ഭീഷണിപ്പെടുത്തി. രക്ഷപ്പെടാൻ മാർഗ്ഗമില്ല എന്നുമനസ്സിലാക്കിയ സൂസന്ന പാപത്തേക്കാൾ മരണമാണ് മെച്ചം എന്ന് തീരുമാനിച്ചു. ഉച്ചത്തിൽ നിലവിളിച്ചു. കേൾക്കാൻ മുകളിൽ ഒരാളുണ്ട് എന്ന് വിശ്വസിക്കുന്നതുകൊണ്ടാണല്ലോ നിലവിളിക്കുന്നത്. ഓടിക്കൂടിയ വീട്ടുകാരുടെ മുമ്പിൽ ന്യായാധിപന്മാർ തങ്ങളുടെ കള്ളക്കഥ അവതരിപ്പിച്ചു. പിറ്റേന്ന് സഭ കൂടി വിധി പ്രസ്താവിച്ചു. കല്ലെറിഞ്ഞു കൊല്ലാനായി അവളെ കൊലക്കളത്തിലേക്ക് നയിച്ചു.

എന്നാൽ സൂസന്ന കുലുങ്ങിയില്ല. തന്റെ ദൈവം തന്നെ കൈവിടില്ല എന്ന് അവൾ ഉറച്ചുവിശ്വസിച്ചു. മരിക്കേണ്ടിവന്നാലും പാപം ചെയ്യില്ല. അപ്പോൾ മരണം തന്നെ ദൈവസന്നിധിയിലേക്കുള്ള പ്രവേശനമാകും. അവൾ വീണ്ടും നിലവിളിച്ചു. നിരപരാധിത്വം

വിളിച്ചറിയിച്ചു. എല്ലാം കാണുന്നവനായ ദൈവത്തിന്റെ കൈകളിൽ തന്റെ ജീവൻ ഭരമേൽപ്പിച്ചു. അവന് ഇഷ്ടമുള്ളത് എന്നോടു ചെയ്തുകൊള്ളട്ടെ.

തന്നിൽ ആശ്രയിക്കുന്നവരെ ദൈവം കൈവിടില്ല എന്ന് ഉടനെ തെളിവായി. ദൈവം എല്ലാം കാണുന്നുണ്ട്. തന്റേതായ സമയത്ത് ഇടപെടുകയും ചെയ്യും. കൊലക്കളത്തിലേക്കുള്ള വഴിയിൽ ഒരു ബാലനിലൂടെയാണ് ദൈവം ഇടപെട്ടത്. 'ദൈവം എന്റെ വിധിയാളൻ' എന്നാണ് അവന്റെ പേരിനർത്ഥം– ദാനിയേൽ. ന്യായമായ വിചാരണകൂടാതെ, ആവശ്യത്തിന് തെളിവുകളില്ലാതെ, ഇതുവരെ ഏറ്റം ആദരണീയയും വിശുദ്ധയുമായി കരുതപ്പെട്ടിരുന്ന ഒരു ഗൃഹനാഥയെ വധിക്കാൻ എടുത്ത തീരുമാനത്തിന്റെ സാധുതയെ അവൻ ചോദ്യം ചെയ്തു. കുറ്റം ആരോപിച്ചതും സാക്ഷ്യം നല്കിയതും വിധി പറഞ്ഞതും എല്ലാം ഈ രണ്ടുപേർ. എന്തൊരാധികാരികതയാണതിനുള്ളത്? അവരെ വിശ്വസിക്കാൻ കഴിയുമോ?

ജനം തങ്ങളുടെ അവിവേകം തിരിച്ചറിഞ്ഞു. വിചാരണശാലയിലേക്ക് എല്ലാവരും തിരിച്ചുനടന്നു. ന്യായാധിപന്മാരെ കുറ്റാരോപിതരാക്കി. ദാനിയേൽ വിചാരണ ചെയ്തു. അവരുടെതന്നെ നാവുകൊണ്ട് അവരുടെ കള്ളസാക്ഷ്യം തെളിയിച്ചു. നിരപരാധിയായ സൂസന്നയ്ക്ക് അവർ വിധിച്ച ശിക്ഷ അവരുടെമേൽ ജനം നടപ്പിലാക്കി. എല്ലാം കാണുന്ന ദൈവം തക്കസമയത്ത് ഇടപെട്ട്, നീതി നടപ്പിലാക്കി. നിരപരാധിക്ക് ജീവൻ തിരിച്ചുകിട്ടി. കള്ളസാക്ഷികൾ തങ്ങളുടെ കുറ്റത്തിന് തക്ക ശിക്ഷ ഏറ്റുവാങ്ങി.


സുപ്രധാനമായ ചില ഗുണപാഠങ്ങൾ ഉൾക്കൊള്ളുന്നുണ്ട് ഈ കഥയിൽ. എന്തു വിലകൊടുത്തും വിശ്വാസം കാത്തുസൂക്ഷിക്കണം; ദൈവത്തിന്റെ പ്രമാണങ്ങൾ അനുസരിക്കണം. അതിന് ശ്രമിക്കുന്നവരെ കർത്താവുതന്നെ കാത്തുപാലിക്കും. ഇതാണ് ഏറ്റം വ്യക്തമായ പാഠം. ദാമ്പത്യവിശ്വസ്തത, ലൈംഗികവിശുദ്ധി– ഇതും കഥയുടെ കേന്ദ്രസ്ഥാനത്തുനിൽക്കുന്നു. കുടുംബബന്ധങ്ങൾ ശിഥിലമാവുകയും ലൈംഗികാസക്തി എല്ലാ അതിരുകളെയും ലംഘിക്കുകയും ചെയ്യുന്ന ആധുനിക കാലഘട്ടത്തിൽ സൂസന്ന ഒരു പ്രകാശഗോപുരമായി നിലകൊള്ളുന്നു. 'എല്ലാത്തരത്തിലും

ഞാൻ അകപ്പെട്ടു. ഞാൻ സമ്മതിച്ചാൽ അതെന്റെ മരണമാണ്. സമ്മതിച്ചില്ലെങ്കിൽ നിങ്ങളുടെ കയ്യിൽനിന്ന് രക്ഷപ്പെടുകയില്ല. കർത്താവിന്റെ മുമ്പിൽ പാപം ചെയ്യുന്നതിനേക്കാൾ നിങ്ങൾക്ക് വഴങ്ങാതെ നിങ്ങളുടെ പിടിയിൽപ്പെടുന്നതാണ് ഞാൻ ഇഷ്ടപ്പെടുന്നത്' (ദാനി .13:22-23). കർത്താവിന്റെ കയ്യിൽ ഏല്പിച്ച ജീവൻ കർത്താവുതന്നെ കാത്തു. ഇത് കഥയുടെ ഒരുവശം.

അതോടൊപ്പം നീതിന്യായ സംവിധാനം എത്ര മാത്രം അധഃപതിക്കാമെന്നും ഭോഗാസക്തി മനുഷ്യനെ ഏതറ്റംവരെ ക്രൂരനാക്കാമെന്നും ഈ കഥ പഠിപ്പിക്കുന്നുണ്ട്. ദൈവത്തിന്റെ നിയമങ്ങൾ പഠിപ്പിക്കാനും ജനത്തെ ദൈവത്തിന്റെ വഴിയിലൂടെ നടത്താനും നീതിയും ന്യായവും നാട്ടിൽ നടപ്പിലാക്കാനുമായി തിരഞ്ഞെടുക്കപ്പെട്ട ശ്രേഷ്ഠന്മാർതന്നെ ഇത്ര ഹീനമായി അധഃപതിക്കുകയും അല്പംപോലും കരുണയോ ദൈവഭയമോ ഇല്ലാതെ നിരപരാധിയെ വധിക്കാൻ തീരുമാനിക്കുകയും ചെയ്യുന്നത് തികച്ചും ഭയാനകം എന്നേ പറയാനാവൂ.

എന്നാൽ ഇത് രണ്ടായിരത്തി ഇരുനൂറുവർഷം മുമ്പ് രചിച്ച കഥയിലെ മാത്രം പ്രമേയമല്ലല്ലോ. എല്ലാവർക്കും പ്രത്യേകിച്ച് ജനത്തെ നയിക്കാൻ നിയുക്തരായിരിക്കുന്ന നേതാക്കൾക്കും, ദൈവം നല്കുന്ന വലിയൊരു താക്കീതും ഈ കഥയിലുണ്ട്, കേൾക്കാതെ പോകരുത്. എല്ലാം കാണുന്ന ദൈവം മനുഷ്യന്റെ ഗൂഢവിചാരങ്ങളും നിയോഗങ്ങളും പോലും കാണുന്നു, അറിയുന്നു. അതിനാൽ ജാഗ്രത പാലിക്കണം. നിരപരാധരെ കുറ്റം വിധിക്കുകയും നിസ്സഹായരെ നിശിപ്പിക്കുകയും ചെയ്യുന്നവർ, അവർ സമൂഹത്തിൽ എത്രമാത്രം ഉന്നതരാണെങ്കിലും ദൈവത്തിന്റെ ശിക്ഷാവിധി ഏറ്റുവാങ്ങേണ്ടിവരും. നിർഭയരായി കർത്താവിൽ ആശ്രയിക്കുക. അവിടുത്തെ വഴിയിൽ നടക്കുക. വഴി മാറി നടക്കുന്നവർ ഭയപ്പെടണം.





***മരണത്തിന്റെ നിഴൽവീണ താഴ്വരയിലൂടെയാണ് ഞാൻ നടക്കുന്നതെങ്കിലും, അവിടുന്ന് കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടുകയില്ല. അങ്ങയുടെ ഊന്നുവടിയും ദണ്ഡും എനിക്ക് ഉറപ്പേകുന്നു*** *(സങ്കീ.23:4).*

# 18

# മരണത്തിന്റെ താഴ്‌വരയിൽ...

അനുദിന ജീവിതാനുഭവങ്ങളിലൂടെയാണ് മനുഷ്യൻ ദൈവത്തെ കണ്ടെത്തുന്നത്. മുൻവിധികൾ കൂടാതെ തുറവിയുള്ള ഹൃദയം കാത്തുസൂക്ഷിക്കുന്നവർക്ക് ഓരോ അനുഭവവും ദൈവാനുഭവമായി മാറാം. ഇസ്രായേൽ ജനത്തിന്റെ പൂർവ്വപിതാക്കന്മാർ ഇടയന്മാരായിരുന്നു. അബ്രാഹവും ഇസഹാക്കും യാക്കോബും പിന്നെ പന്ത്രണ്ടു ഗോത്രപിതാക്കന്മാരും ആടുമേയിച്ച് നടന്നവരാണ്. ഈജിപ്തിലെ അടിമത്തത്തിൽനിന്ന് ജനത്തെ മോചിപ്പിച്ച നേതാവായ മോശയും ഇടയനായിരുന്നു. ഇസ്രായേലിന്റെ ഏറ്റം വലിയ രാജാവും ഭാവിരാജാക്കന്മാരുടെയെല്ലാം പിതാവുമായ ദാവീദും ഇടയൻതന്നെ. അവർക്കെല്ലാം ദൈവം ഇടയനായി അനുഭവപ്പെട്ടു.

ഇടയന്മാരുടെ പാരമ്പര്യം കാത്തുസൂക്ഷിക്കുന്ന ഒരു ജനം തങ്ങളെ നയിക്കുന്ന ദൈവത്തെ ഇടയനായി കാണുന്നത് തികച്ചും സ്വാഭാവികം. ഒരു നല്ല ഇടയൻ തന്റെ ആടുകളെ എപ്രകാരം നയി

ക്കുന്നുവോ അതുപോലെയാണ് ദൈവം തങ്ങളെ നയിക്കുന്നത് എന്നവർ ഗ്രഹിച്ചു; വിശ്വസിച്ചു. ഈ വിശ്വാസം പ്രകടമാക്കുന്ന ഒരു പ്രാർത്ഥനാഗാനമാണ് 23-ാം സങ്കീർത്തനം. **കർത്താവാണ് എന്റെ ഇടയൻ; എനിക്കൊന്നിനും കുറവുണ്ടാവുകയില്ല** എന്ന വിശ്വാസപ്രഖ്യാപനത്തോടെ ആരംഭിക്കുന്ന സങ്കീർത്തനം ദൈവത്തിലുള്ള ആശ്രയബോധം ഏറ്റു പറയുന്നു.

150 സങ്കീർത്തനങ്ങളിൽ ഏറ്റം മനോഹരമായ ഗാനമായി പലരും ഇതിനെ കരുതുന്നു; മനഃപാഠമാക്കി ഉരുവിടുന്നു. ഇസ്രായേൽ ജനവും ദൈവവും തമ്മിലുള്ള ബന്ധം മാത്രമല്ല, ദൈവവും ഓരോ മനുഷ്യവ്യക്തിയും തമ്മിലുള്ള ഗാഢവും വ്യക്തിപരവുമായ ബന്ധവും ഈ സങ്കീർത്തനത്തിന്റെ പ്രമേയമാണ്. ആവശ്യമായതെല്ലാം നല്കി പരിപാലിക്കുകയും അപകടങ്ങളിൽനിന്ന് കാത്തുസൂക്ഷിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ കരുണാർദ്രസ്നേഹമാണ് ഈ സങ്കീർത്തനത്തിൽ വഴിഞ്ഞൊഴുകുന്നത്. സങ്കീർത്തകന്റെ ചരിത്ര പശ്ചാത്തലം മനസ്സിലാക്കുന്നത് കീർത്തനത്തിലെ ആശയം വ്യക്തമാക്കാൻ സഹായിക്കും.

പച്ചപ്പുല്ല് തഴച്ചുവളരുന്ന ഇടുങ്ങിയ സമതലമാണ് ജോർദ്ദാൻ നദീതടം. ആടുകൾക്ക് ധാരാളം നല്ല തീറ്റ; നദിയിൽനിന്ന് ആവശ്യത്തിന് വെള്ളവും കുടിക്കാം. എന്നാൽ ഈ നദീതടത്തിൽ അപകടങ്ങൾ പതിയിരിക്കുന്നുണ്ട്. സിംഹവും ചെന്നായുംപോലുള്ള ഹിംസ്രജന്തുക്കൾ നിരന്തരമായ ഭീഷണിയാണ്. ആടുകളെ മോഷ്ടിക്കാൻ വരുന്ന കള്ളന്മാർ മറ്റൊരു ഭീഷണി. ഉയർന്ന മലകളുടെ ഇടയിലൂടെയാണ് ജോർദ്ദാൻ നദിയൊഴുകുന്നത്. നദിയുടെ ഇരുവശവും ഉയർന്നുനിൽക്കുന്ന പാറക്കെട്ടുകളുടെ നിഴൽ എപ്പോഴും നദീതടത്തിൽ വീഴും. ഏതുസമയത്തും ഉണ്ടാകാവുന്ന അപകടത്തിന്റെ പ്രതീകമായി ഈ നിഴൽ പരിഗണിക്കപ്പെട്ടു. അങ്ങനെ സമൃദ്ധമായ പുല്ലും ധാരാളം ജലവുമുള്ള നദീതടം മരണത്തിന്റെ നിഴൽ വീണ താഴ്വരയായി, കവി ഭാവനയിൽ.

ഇവിടെയാണ് സങ്കീർത്തകന്റെ വിശ്വാസം പ്രകട മാകുന്നത്. കർത്താവ് മേയ്ക്കുന്ന ആടുകളെ ഒരു വന്യമൃഗത്തിനും ദ്രോഹിക്കാനാവില്ല; ഒരു കള്ളനും പിടിച്ചു കൊണ്ടുപോകാൻ കഴിയില്ല. ആടുകൾ അതിവേഗം പുല്ലു തിന്ന് വയർനിറയ്ക്കുകയാണ് സാധാ

രണ ചെയ്യുക. കാരണം എപ്പോഴാണ് വന്യമൃഗങ്ങളുടെ ആക്രമണ മുണ്ടാവുക എന്നറിയില്ല. വയർ നിറച്ചതിനുശേഷം ഏതെങ്കിലും സുരക്ഷിതസ്ഥാനത്തുകിടന്ന് അയവിറക്കുകയാണ് പതിവ്. എന്നാൽ പച്ചയായ പുൽത്തകിടിയിൽത്തന്നെ ആടുകൾ വിശ്രമി ക്കുന്നു. കാരണം കർത്താവ് ഇടയനായതിനാൽ ഒന്നിനെയും ഭയ പ്പെടാനില്ല; അതിനാൽത്തന്നെ തിരക്കുമില്ല.

ഇടയന്റെ കയ്യിൽ രണ്ടുവടിയുണ്ടാകും. ഒരറ്റം വളഞ്ഞ, സാമാ ന്യം നീളമുള്ളതാണ് ഒരു വടി. ഇതിനെയാണ് സാധാരണ മായി 'ഇടയന്റെ വടി' എന്നുവിശേഷിപ്പിക്കുന്നത്. കുന്നും മലയും കയറി ഇറങ്ങി നടക്കുമ്പോൾ വീഴാതിരിക്കാൻ കുത്തി നടക്കുന്നതിനാണ് ഈ വടി ഉപയോഗി ക്കുക. മാത്രമല്ല, വഴി തെറ്റി നടക്കുന്ന ആടിന്റെ കാലിനോ കഴുത്തിനോ പിടിച്ച് നേർവഴിയിലേക്ക് നയിക്കാനും കൂട്ടം വിട്ടുപോകുന്നതിനെ ആട്ടിൻകൂട്ടത്തിലേക്ക് തിരിയെ കൊണ്ടു വരാ നും വടിയുടെ വളഞ്ഞ അറ്റം ഉപയോഗിക്കും. രണ്ടാമത്തെ വടി വാസ്തവത്തിൽ ഒരായുധമാണ്. വന്യമൃഗങ്ങൾക്കും കള്ളന്മാർക്കും എതിരേ പൊരുതാൻ ഉപയോഗിക്കുന്ന ഗദപോലൊരായുധം. ഇതി നെയാണ് 'ദണ്ഡ്' എന്ന് വിശേഷിപ്പിക്കുന്നത്. സാധാരണ വടി കയ്യിൽ പിടിക്കുമ്പോൾ ഗദ ചുമലിൽ തൂക്കിയിരിക്കും.

ഈ പ്രതീകങ്ങളുടെ പശ്ചാത്തലത്തിൽ സങ്കീർത്തകന്റെ നിർഭ യത്വം മനസ്സിലാക്കാൻ കഴിയും. ഏതെല്ലാം അപകടം നിറഞ്ഞ സാഹചര്യത്തിലൂടെയാണ് കടന്നുപോകുന്നതെങ്കിലും കർത്താ വിൽ ആശ്രയിക്കുന്നവർ ഭയപ്പെടുകയില്ല. കാരണം കൂട്ടംവിട്ട്, വഴി തെറ്റി അലയാതിരിക്കാൻ കർത്താവിന്റെ വടി കാവലുണ്ട്. ഏത് ശത്രു വന്നാലും എന്നെ സംരക്ഷിക്കാൻ ശക്തനാണ് കർത്താവായ ദൈവം. അതിനാൽ ഒന്നിനെയും, ആരെയും, ഭയപ്പെടാതെ, സമാ ധാനത്തിൽ, സന്തോഷമായി ജീവിക്കാൻ കഴിയും.

ഒരേ ഒരു കാര്യമാണ് ഈ നിർഭയത്വത്തിന്റെയും സമാധാന ത്തിന്റെയും അടിസ്ഥാനമായി സങ്കീർത്തകൻ എടുത്തു പറയുന്നത്. 'കർത്താവ് കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടുകയില്ല'. സർവ്വ ശക്തനായ കർത്താവ് കൂടെയുള്ളപ്പോൾ പിന്നെ ആരെ ഭയപ്പെടണം? മൂവായിരം വർഷങ്ങൾക്കുമുമ്പ് ജീവിച്ച ദാവീദിന്റെ മാത്രം വിശ്വാ

സവും അനുഭവവുമല്ല, എക്കാലത്തും ഏവർക്കും പ്രസക്തമായൊരു സത്യമാണിത്. കർത്താവ് കൂടെയുണ്ട് എന്ന അവബോധമുണ്ടാകണം. ബൈബിളിലൂടെ സ്വയം വെളിപ്പെടുത്തുന്ന ദൈവത്തിന്റെ ഒരു സവിശേഷതയാണ് കൂടെ നടക്കുക. എന്നത് പറുദീസായിൽ ആദിമാതാപിതാക്കളുടെ കൂടെ ദൈവം നടന്നു. പാപം വഴി ദൈവിക സാന്നിധ്യം നഷ്ടപ്പെടുത്തി പറുദീസായ്ക്ക് പുറത്തായവരെത്തേടി ദൈവം വന്നു. 'കൂടെ വസിക്കുന്ന ദൈവം' എന്നാണല്ലോ എമ്മാനുവേൽ എന്ന് അവൻ വെളിപ്പെടുത്തിയപേരിന്റെ അർത്ഥം. അതൊരു വാഗ്ദാനമായിരുന്നു (**ഏശ 7:14**), യേശുവിൽ പൂർത്തിയായ വാഗ്ദാനം (**മത്താ 1:23**). രണ്ടോ മൂന്നോപേർ അവന്റെ നാമത്തിൽ ഒരുമിച്ചുകൂടുന്നിടത്ത് അവരുടെ കൂടെ അവനുണ്ടായിരിക്കും (**മത്താ 18:20**). ലോകാവസാനംവരെ നമ്മോടുകൂടെ ഉണ്ടായിരിക്കും എന്ന വാഗ്ദാനത്തോടെയാണ് ഉത്ഥിതൻ വിടവാങ്ങുന്നത് (**മത്താ 28:20**). ദുഃഖവും നിരാശയും പരാജയബോധവും ചവച്ചിറക്കി, തർക്കിച്ചും വാദിച്ചും വിഷാദത്തോടെ, തളർന്ന പാദങ്ങളും തകർന്ന ഹൃദയവുമായി എമ്മാവൂസിലേക്ക് നടന്നുനീങ്ങിയ ശിഷ്യന്മാരുടെകൂടെ അവൻ നടന്നു. അപ്പോൾ അവരുടെ ഭയമകന്നു; ദുഃഖം മറഞ്ഞു, നാഥാ, കൂടെ വസിച്ചാലും എന്നവർ പ്രാർത്ഥിച്ചു.

ഇതുതന്നെയാണ് ഇന്നും സംഭവിക്കുക. അവൻ കൂടെയുണ്ട് എന്നറിയണം; വിശ്വസിക്കണം. പോരാ, അവന്റെകൂടെ നടക്കാൻ ശ്രമിക്കണം. അവൻ നയിക്കുന്ന വഴിയേ, അവന്റെ പിന്നാലെ നടന്നാലേ നിർഭയരായി ജീവിക്കാൻ കഴിയൂ. അവൻ കൂടെയുണ്ട്; അവനോടുകൂടെ ആയിരിക്കാൻ ശ്രമിക്കണം. അപ്പോൾ ഒരു ശത്രുവിനും നമ്മെ ഭയപ്പെടുത്താനാവില്ല. മരണത്തിന്റെ നിഴൽ വീണ താഴ്‌വരയിലൂടെയാണ് നടക്കുന്നത് എങ്കിലും ഭയം വേണ്ടാ; മരണത്തിനും അപ്പുറം, നിത്യജീവനിലേക്ക്, നിത്യസന്തോഷത്തിലേക്ക് നയിക്കാൻ കഴിയുന്നവനാണ് നമ്മെ നയിക്കുന്ന നല്ല ഇടയൻ. നമുക്ക് ജീവൻ സമൃദ്ധമായുണ്ടാകുന്നതിനുവേണ്ടി സ്വന്തജീവൻ ബലിയായി സമർപ്പിക്കുകയും ഉത്ഥാനത്തിലൂടെ ജീവൻ വീണ്ടും സ്വീകരിക്കുകയും ചെയ്ത യേശുവാണ് പറയുന്നത്: 'ഭയപ്പെടേണ്ടാ' (**യോഹ 10:10–18**). അതിനാൽ സങ്കീർത്ത കനോടൊപ്പം നമുക്കും പറയാം – അവിടുന്ന് കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടുകയില്ല.



***രാത്രിയിലെ ഭീകരതയെയും പകൽ പറക്കുന്ന അസ്ത്രത്തെയും നീ ഭയപ്പെടേണ്ടാ*** *(സങ്കീ 91:5).*

# 19

# *രാത്രിയിലെ ഭീകരത*

ഒട്ടും തന്നെ താല്പര്യത്തോടെയല്ല ഞാൻ ആ യാത്രയ്ക്ക് പോയത്. ഉറ്റ സുഹൃത്തായ അച്ചൻ നിർബന്ധിച്ചപ്പോൾ വരില്ല എന്നു പറയാൻ മടി തോന്നി. എന്നാലും ഇത്ര വലിയൊരു ദുരന്തത്തിൽ കൊണ്ടെത്തിക്കും എന്നുകരുതിയല്ല ആ കാർ യാത്ര തുടങ്ങിയത്. സംഭവങ്ങളെല്ലാം ഇന്നലെ നടന്നതുപോലെ കൃത്യമായി ഓർക്കുന്നു. എന്നെ അത്രയേറെ പിടിച്ചു കുലുക്കിയതായിരുന്നു ആ കാറപകടം.

1970 ഡിസംബർ 23-ാം തിയതി, റോമിൽ പഠിക്കുന്ന കാലം. ക്രിസ്മസ് അവധിക്ക് ഇറ്റലിയിലെ ഏതെങ്കിലും ഒരു പള്ളിയിൽ ശുശ്രൂഷകളിൽ സഹായിക്കാൻ പോവുക പതിവായിരുന്നു. ഇത്തവണ വടക്കെ ഇറ്റലിയിൽ ആൽപ്സ് പർവ്വതനിരയുടെ അടുത്ത്, കോമോ എന്ന പട്ടണത്തിനടുത്തുള്ള ഒരു ചെറിയ ഗ്രാമത്തിലാണ് ശുശ്രൂഷകൾക്കായി പോകാൻ ഒരുങ്ങിയിരുന്നത്. നേരത്തെതന്നെ

ട്രെയിൻ ടിക്കറ്റ് ബുക്കുചെയ്തു. യാത്രയുടെ രണ്ടുദിവസംമുമ്പ് കൂട്ടുകാരൻ ജോസഫ് കാപ്പിലച്ചൻ പറഞ്ഞു. അവർ നാലുപേർ വടക്കേ ഇറ്റലിയിലെ പല ഇടവകകളിലായി ശുശ്രൂഷകൾക്ക് പോകുന്നുണ്ട്. ഞാൻ കൂടെ പോരുകയാണെങ്കിൽ അവർക്ക് സന്തോഷമായിരിക്കും.

കാറിനാണ് യാത്ര. ആ വർഷത്തെ വേനൽക്കാല അവധിക്കാലത്ത് ജർമ്മനിയിലെ ഒരു ഫാക്ടറിയിൽ ജോലി ചെയ്തു കിട്ടിയ കാശു കൊണ്ട് അവർ ഒരു കാർ വാങ്ങിയിരുന്നു. കാർ എന്നു പറഞ്ഞാൽ അത്ര സാധാരണ കാറൊന്നുമല്ല. ഒരു മെർസിഡസ് ബെൻസ്. ഒരു കുഴപ്പമേയുള്ളൂ; കാർ ഒത്തിരി പഴയതാണ്. ഡ്രൈവിംഗിന്റെ കാര്യത്തിൽ ജോസഫച്ചൻ ഒരു വിദഗ്ദ്ധനാണ്; സാഹസികതയിലാണെങ്കിൽ മുൻപന്തിയിൽ. അതിന് രണ്ടു കൊല്ലം മുമ്പ് ഒരു പഴയ വെസ്പ 150 സ്കൂട്ടറുമായി റോമിൽ നിന്ന് ലണ്ടൻ വരെയും തിരിച്ച് ലൂർദ്ദു വഴി റോം വരെയും ഏതാണ്ട് ആറായിരത്തിൽപരം കിലോമീറ്റർ യാത്ര ചെയ്തതാണ് ആൾ. കാറുമായുള്ള യാത്രയിലും നല്ല പരിചയമുണ്ട്. എങ്കിലും ഞാൻ കൂട്ടുണ്ടെങ്കിൽ നന്നായിരുന്നു എന്ന് നിർബന്ധിച്ചപ്പോൾ വഴങ്ങി. ട്രെയിൻ ടിക്കറ്റ് റദ്ദാക്കി സംഘത്തിന്റെകൂടെ കൂടി.

റോമിൽനിന്ന് യാത്ര പുറപ്പെടാൻ പ്രതീക്ഷിച്ചതിനേക്കാൾ വൈകി. ഓട്ടം തുടങ്ങിയപ്പോഴാണ് പഴയ കാറിന്റെ ബലഹീനതകൾ ഒന്നിനുപുറകെ ഒന്നായി പുറത്തു വന്നത്. വേഗത നൂറു കിലോമീറ്ററിൽ കൂടില്ല. നൂറു കിലോമിറ്റർ ഓടിച്ചാൽ 20 ലിറ്റർ പെട്രോൾ കുടിക്കും. സാരമില്ല എന്ന് കരുതി. കൂട്ടുകാർ രണ്ടുപേരെ അവർ പോകേണ്ടിയിരുന്ന ഇടവകകളിലാക്കി. നേരം വൈകി. ഇനി ഞങ്ങൾ മൂന്നുപേർ ബാക്കി. സന്ധ്യക്കുമുമ്പേ മിലാനിലെത്താം. അവിടെ നിന്ന് ട്രെയിനിന് രാത്രി പത്തിനുമുമ്പായി ഇടവകയിൽ എത്താം എന്ന എന്റെ പദ്ധതി പാളി. അലക്സാണ്ട്രിയാ എന്ന പട്ടണത്തിൽനിന്ന് പുറപ്പെടുമ്പോൾ രാത്രി എട്ടു മണികഴിഞ്ഞു. സാധാരണഗതിയിൽ രണ്ടുമണിക്കൂറിൽ താഴെ മതി മിലാനിലെത്താൻ. അതിനാൽ അന്നു രാത്രി കൂട്ടുകാരുടെ കൂടെ തങ്ങി പിറ്റേന്ന് രാവിലെ ഇടവകയിലേക്ക് പോകാം എന്നു കരുതി സമാധാനത്തോടെ യാത്ര തുടർന്നു.

ഞാനായിരുന്നു വണ്ടി ഓടിച്ചിരുന്നത്. ഒരു പത്തു മിനിറ്റു കഴിഞ്ഞപ്പോൾ വഴി കാണാൻ പ്രയാസം. മൂടൽ മഞ്ഞ് കനത്തു. തണുപ്പ് മൈനസ് പത്തിലെത്തി. ഞങ്ങളുടെ വണ്ടിയിൽ ചൂടാക്കാനുള്ള സംവിധാനം തകരാറിലാണ്. അകത്തിരുന്ന് മരവിക്കാൻ തുടങ്ങിയതല്ല പ്രശ്നം. വണ്ടിയുടെ ചില്ലിൽ മഞ്ഞ് കട്ട പിടിച്ചു തുടങ്ങി. മുമ്പേ പോകുന്ന വണ്ടികളുടെ പിന്നിലെ ലൈറ്റും എതിരേ വരുന്നവയുടെ ഹെഡ്‌ലൈറ്റും അല്ലാതെ ഒന്നും കാണാൻ കഴിയുന്നില്ല. വണ്ടി സൈഡാക്കി സ്റ്റിയറിംഗ് കൂട്ടുകാരനെ ഏല്പിച്ചു. ഏതാണ്ട് പതിനഞ്ചു മിനിറ്റു കഴിഞ്ഞപ്പോൾ അദ്ദേഹം സുല്ലിട്ടു. അപ്പോൾ ഏകദേശം ഒമ്പതുമണി.

ഇനിയും 150 കിലോമീറ്റർ ഓടണം മിലാനിലെത്താൻ. നേരം വെളുക്കുന്നതു വരെ വഴിയരുകിൽ ഒതുക്കിയിടാനും വയ്യ എന്ന് പത്തു മിനിറ്റുകൊണ്ട് ബോധ്യമായി. 100-150 കിലോമീറ്റർ വേഗത്തിൽ ചീറി പായുന്ന വണ്ടികളിൽ ഏതെങ്കിലും വന്ന് ഇടിക്കാൻ സാധ്യതയേറെ. ഇറ്റലിയിലെ ഓട്ടോ സ്ത്രാദായാണ്. ഓരോ ദിശയിലേക്കും ഈ രണ്ടു വാഹനങ്ങൾക്ക് സമാന്തരമായി പോകാനും അപകടപ്പെട്ടാൽ വണ്ടി നിർത്താനുംവേണ്ടി മൂന്ന് ട്രാക്കുകൾ അതിൽ ഏറ്റം വലത്തുള്ള എമർജൻസി ട്രാക്കിൽ പത്തുമിനിറ്റ് കഴിച്ചപ്പോൾ ഇനി അവിടെ കിടക്കുന്നത് ഒട്ടും സുരക്ഷിതമല്ല എന്ന് ബോധ്യപ്പെട്ടു. മുന്നോട്ടു പോയേ തീരൂ! ജോസച്ചൻ വണ്ടിയെടുക്കാൻ തയ്യാറല്ല. അവസാനം ഞാൻ തന്നെ ഓടിക്കാമെന്ന് തീരുമാനിച്ചു. വേഗത കുറച്ച്, വളരെ ശ്രദ്ധിച്ച് ഏകദേശം അരമണിക്കൂർ ഓടിച്ചു.

അപ്പോഴാണ് ഭയപ്പെട്ടിരുന്നത് സംഭവിച്ചത്. പിന്നിൽ നിന്ന് ഹോണടി; വണ്ടി സഡൻ ബ്രേക്ക് ചെയ്യുന്നതിന്റെ കാതടപ്പിക്കുന്ന ശബ്ദം. ഒപ്പം ഒരിടിയും. ഞങ്ങളുടെ വണ്ടി തെറിച്ചു. എനിക്ക് നിയന്ത്രിക്കാൻ കഴിയുന്നില്ല. ബ്രേക്ക് പെഡലിൽ ആഞ്ഞു ചവിട്ടി; ഹാൻഡ് ബ്രേക്ക് പിടിച്ചു വലിച്ചു. എന്നിട്ടും വണ്ടി മുന്നോട്ടുതന്നെ പോകുന്നു എന്ന തോന്നൽ. കാര്യം കൂട്ടുകാരോട് പറഞ്ഞു. വാതിൽ തുറന്ന് ചാടി രക്ഷപ്പെട്ടോളൂ! വാതിൽ തുറന്നപ്പോഴല്ലേ പൂരം!

ഞങ്ങളുടെ വണ്ടി നിശ്ചലം. എതിരേ പോകുന്ന വണ്ടികളുടെ പ്രകാശം സൃഷ്ടിച്ച തോന്നലായിരുന്നു ഞങ്ങളുടെ വണ്ടി ഓടുക

യാണെന്നത്. ഇറങ്ങി നോക്കുമ്പോഴാണ് അപകടത്തിന്റെ ഭീകരത മനസ്സിൽ പതിഞ്ഞത്. ഞങ്ങൾ നില്ക്കുന്നത് 'പോ' നദിയുടെ മുക ളിലുള്ള ഒരു പാലത്തേൽ. ഇടി യുടെ ആഘാതം കൊണ്ട് ഞങ്ങളുടെ കാർ തിരിഞ്ഞ് രണ്ട് ട്രാക്കുകൾക്കുകുറുകെ നില്ക്കുന്നു. തൊട്ടു പിന്നിൽ ഞങ്ങളെ ഇടിച്ചുതെറിപ്പിച്ച കൂറ്റൻ ലോറി!

എന്തുചെയ്യണം എന്നറിയാതെ സ്തംഭിച്ചുനിൽക്കുമ്പോൾ ലോറിക്കാരന്റെ കൂസലില്ലാത്ത ആജ്ഞ. ഇത് പാലമാണ്; വണ്ടി വേഗം മാറ്റിയിട്ട് വഴി ഫ്രീയാക്ക്. പാലത്തിൽ നിന്ന് മാറിയതിനു ശേഷം ബാക്കി കാര്യങ്ങൾ ചർച്ച ചെയ്യാം. കാര്യങ്ങൾ പന്തിയല്ല എന്നുതോന്നിയതിനാൽ ലോറിയുടെ നമ്പർ കുറിച്ചെടുത്തു. കാറിന്റെ പിൻഭാഗം പൂർണ്ണമായും ചളുങ്ങിയെങ്കിലും ചക്രം ഉരുളാൻ പ്രയാസമുണ്ടായില്ല. ശ്രദ്ധിച്ച് ഞങ്ങൾ വണ്ടിതിരിച്ച് മുന്നോട്ടെടുക്കാൻ ശ്രമിച്ചപ്പോഴേക്കും ലോറിക്കാരൻ കടന്നു കളഞ്ഞു.

ശേഷിച്ചിരുന്ന 50 കിലോമീറ്റർ ഭയത്തോടും ശ്രദ്ധയോടും കൂടെ, മുമ്പേ പോകുന്ന ലോറിയുടെ പിന്നിലെ പ്രകാശത്തെ പിൻതുടർന്ന് വണ്ടിയോടി. ടോൾ ഗെയ്റ്റിൽ എത്തുമ്പോൾ രാത്രി ഒരുമണി. നേരം വെളുക്കുന്നതുവരെ അവിടെ കാറിനകത്ത് വിശ്ര മിച്ചു. ഡിസംബർ 24 സൂര്യനുദിച്ചത് കൂടുതൽ തണുപ്പ് സമ്മാനി ച്ചുകൊണ്ടാണ്. നിർത്തിയിട്ടകാർ പിന്നെ തള്ളി സ്റ്റാർട്ട് ചെയ്തു. ഇൻഷുറൻസ് കമ്പനിയുടെ വിലയിരുത്തലിൽ വണ്ടിയുടെ വിലയേ ക്കാൾ കൂടുതൽ പണിക്കൂലിയാകും എന്നതിനാൽ അവർ നിശ്ചയിച്ച തുക തന്ന് വണ്ടി അവർ ഏറ്റെടുക്കാൻ തീരുമാനമായത് രണ്ടാഴ്ച കഴിഞ്ഞാണ്. കഥയവസാനിക്കുമ്പോൾ കാറിടിച്ചത് ലാഭമായി; വാങ്ങാൻ കൊടുത്തതിനേക്കാൾ 25% കൂടുതലായിരുന്നു ഇൻഷു റൻസ് കമ്പനി നിശ്ചയിച്ച തുക.

പച്ച കെടാതെ മനസ്സിൽ തങ്ങിനിൽക്കുന്ന ഈ സംഭവത്തെ ക്കുറിച്ച് ചിന്തിക്കുമ്പോഴെല്ലാം ഓർമ്മ വരുന്ന ഒരു ബൈബിൾ വാക്യമാണ് തലക്കെട്ടായി കുറിച്ചത് (സങ്കീ. 91:5). 1970 ക്രിസ്മസിന്റെ തലേന്ന് പോ നദിയുടെ അടിത്തട്ടിൽ അവസാനി ക്കേണ്ടതായിരുന്നു ഞങ്ങൾ മൂന്നു പേരുടെ ജീവിതം. 'ഇരുട്ടിൽ സഞ്ചരിക്കുന്ന മഹാ മാരി' അന്ന് ഞങ്ങൾക്ക് ഭാരമേറിയ ഒരു ചരക്കുവണ്ടിയുടെ

രൂപത്തിലാണ് പ്രത്യക്ഷപ്പെട്ടത്. ഞങ്ങളുടെ കാറിന്റെ പിന്നിലെ ലൈറ്റ് കത്താതിരുന്നിട്ടോ അതോ പിറകെ വന്ന ലോറി ഡ്രൈവർ അത് കാണാഞ്ഞിട്ടോ ആയിരിക്കാം ഞങ്ങളെ ഇടിച്ചത്. എന്നാൽ അയാൾ അത്ര ശക്തമായി ചവിട്ടി നിർത്താൻ ശ്രമിച്ചില്ലായിരുന്നെങ്കിൽ തീർച്ച യായും ഞങ്ങളുടെ കാർ താഴെ ഒഴുകുന്ന നദിയിൽ നിപതിക്കുമായിരുന്നു എന്നത് തീർച്ച. അതു പോലെ ഞങ്ങൾ രണ്ട് ട്രാക്കും ബ്ലോക്കു ചെയ്തുനിന്നപ്പോൾ ഒരു വണ്ടിയും വന്നിടിക്കാതിരുന്നതും അത്ഭുതമായി കരുതുന്നു. ഒന്നേ പറയാനുള്ളൂ, ദൈവം കാത്തു!

'രാത്രിയിലെ ഭീകരത' എന്ന് സങ്കീർത്തകൻ പറയുന്നത് ഉപദ്രവകാരികളായ തിന്മയുടെ ശക്തികളെക്കുറിച്ചാണ്. രാത്രിയിൽ ഇരതേടിയിറങ്ങുന്ന വന്യജീവികളിൽ (**സങ്കീ. 104:19–20**) തുട ങ്ങുന്നു ഈ ഭയം. പൈശാചിക ശക്തികളുടെ വിഹാരസമയമായി രാത്രിയെ പരിഗണിക്കുന്നതിന്റെ പിന്നിൽ ഈ അനുഭവമുണ്ടാകും. പകൽ പറക്കുന്ന അസ്ത്രമാകട്ടെ വേനൽക്കാലത്തുണ്ടാകുന്ന സൂര്യാഘാതത്തിന്റെ പശ്ചാത്തലത്തിൽ രൂപപ്പെട്ട വിശ്വാസമാകാം. ഉത്ഭവവും ഉറവിടവും എന്തു തന്നെ ആയാലും ദൈവം നല്കുന്ന സന്ദേശത്തിൽ സംശയമില്ല. ഭയപ്പെടേണ്ടാ, ദൈവകരം നിന്നെ സംരക്ഷിച്ചു കൊള്ളും – യാത്ര തുടങ്ങുമ്പോൾ ദൈവകൃപയ്ക്കായി യാചിക്കാനും യാത്രയിൽ ദൈവകൃപയിൽ ആശ്രയിക്കാനും യാത്ര കഴിഞ്ഞ് സുരക്ഷിതരായി ലക്ഷ്യസ്ഥാനത്തെത്തുമ്പോൾ നന്ദി പറയാനും മറക്കാതിരിക്കുക. ഒപ്പം, ജീവിതം തന്നെ ഒരു യാത്രയാണെന്നും അവിടുത്തെ തുണയും കൃപയും എപ്പോഴും ആവശ്യമാണെന്നും ഓർത്തിരിക്കുക!





*'നിന്റെ വഴികളിൽ നിന്നെ കാത്തുപാലിക്കാൻ അവിടുന്ന് തന്റെ ദൂതന്മാരോട് കല്പിക്കും. നിന്റെ പാദം കല്ലിന്മേൽ തട്ടാതിരിക്കാൻ അവർ നിന്നെ കൈകളിൽ വഹിച്ചുകൊള്ളും' (സങ്കീ. 91:11–12).*

# 20

# താങ്ങുന്ന കരങ്ങൾ

എത്രയോ തവണ ആവർത്തിച്ച് പ്രാർത്ഥിച്ചിട്ടുള്ളതാണ് ഈ സങ്കീർത്തന വചനങ്ങൾ. സീറോ മലബാർസഭയിലെ കാനോന നമസ്കാരത്തിൽ പ്രഭാതപ്രാർത്ഥനയുടെ ഭാഗമായി എല്ലാദിവസവും രാവിലെ പ്രാർത്ഥിക്കുന്നതാണിത്. ദേവാലയ ഗോപുരമുകളിൽ നിന്ന് താഴേക്കു ചാടി തന്റെ അത്ഭുതശക്തി തെളിയിക്കാൻ യേശുവിനെ വെല്ലുവിളിച്ച പ്രലോഭകൻ ഉദ്ധരിച്ചതുമാണ് ഈ വചനം. എന്നാലും 1971 ഒക്ടോബർ മാസത്തിലെ ഒരു സായാഹ്നത്തിൽ അനുഭവിച്ചതുപോലെ അത്ര വ്യക്തമായി ഈ വാക്കുകളുടെ അർത്ഥം അതിന് മുമ്പോ പിമ്പോ അറിഞ്ഞിട്ടില്ല; അനുഭവിച്ചിട്ടുമില്ല.

വളരെ യാദൃശ്ചികമായിട്ടാണ് സഹപാഠിയായ അറയ്ക്കപ്പടവിൽ ജോർജച്ചൻ ഒരു ആശയം അവതരിപ്പിച്ചത്. ഞങ്ങൾ റോമിൽ പഠിക്കുന്ന കാലം. ചെക്കോസ്ലോവാക്കിയൻ സഭയുടെ വകയായുള്ള കൊള്ളേജിയോ നെപ്പോമുച്ചേനോ (Callegio Nepomuceno) എന്ന സ്ഥാപനത്തിലാണ് ഞങ്ങൾ താമസിച്ചിരുന്നത്. റോമിൽനിന്ന് ഏക

ദേശം 70 കിലോമീറ്റർ വടക്കായി, തീവൊളി(Tivoli) എന്നറിയപ്പെടുന്ന സുപ്രസിദ്ധ പാർക്കിൽനിന്ന് അധികം അകലെയല്ലാതെ ഞങ്ങളുടെ ഒരു സുഹൃത്ത് മാത്യു തൊണ്ടാംകുഴിയിലച്ചൻ ഒരിടവകയിൽ താമസിക്കുന്നുണ്ട്. ഡോക്ടറൽ തീസിസ് തീർക്കാനുള്ള ശ്രമത്തിലാണദ്ദേഹം. റോമിൽനിന്നനുവദിച്ച സ്കോളർഷിപ്പ് തീർന്നതിനാൽ ഇടവകയിൽ താമസിക്കുകയാണ്. രാവിലെ ദിവ്യബലിയും ഞായറാഴ്ചകളിലെ ശുശ്രൂഷകളും ചെയ്തുകൊടുത്താൽ മതി. താമസവും ഭക്ഷണവും സൗജന്യം. ഏകദേശം ഒന്നരമണിക്കൂർ യാത്ര ചെയ്താൽ എത്താവുന്ന ദൂരമേയുള്ളൂ. അച്ചനെ കണ്ട്, അത്താഴം കഴിഞ്ഞ് മടങ്ങുക.

ഈ യാത്രയുടെ പിന്നിൽ ജോർജച്ചന് വേറൊരു ലക്ഷ്യം കൂടി ഉണ്ടായിരുന്നു. ആയിടയ്ക്ക് അദ്ദേഹം ഒരു ചെറിയ കാർ വാങ്ങിയിരുന്നു. ചെറുത് എന്നുപറഞ്ഞാൽ അന്നും ഇന്നും നിരത്തിൽ ഓടുന്നതിൽ ഏറ്റം ചെറിയ കാർ ഒരു ഫിയറ്റ് 500. 'മൂട്ട' എന്നാണതിന്റെ ഓമനപ്പേര്. ഞങ്ങൾ റോമിൽ ചെല്ലുന്ന കാലത്ത് ഏറ്റം കൂടുതൽ പ്രചാരത്തിലുണ്ടായിരുന്ന കാറാണത്. വില 5000ക. സംശയിക്കേണ്ട, തെറ്റിയതല്ല, പുതിയ കാറിന് വെറും അയ്യായിരം രൂപ. നാലുപേർക്ക് സുഖമായിരിക്കാം. രണ്ടു ഡോറേ ഉള്ളൂ. ഒരു ലിറ്റർ പെട്രോളിന് ഏകദേശം 25 കിലോമീറ്റർ കിട്ടും. ജോർജച്ചന് വെറും ആയിരം രൂപയ്ക്കാണ് രണ്ടുപേർ ഉപയോഗിച്ച ആ കാർ കിട്ടിയത്. ഒരു ലിറ്റർ പെട്രോളിന് അന്ന് ഒരു രൂപയേ റോമിൽ വിലയുള്ളൂ.

നാട്ടിൽനിന്ന് ഡ്രൈവിംഗ് ലൈസൻസ് എടുത്തതാണെങ്കിലും റോമിൽ ഓടിച്ച് പരിചയമായില്ല. അതുകൊണ്ട് ഈ യാത്ര ഒരു ഡ്രൈവിംഗ് പരിശീലനം കൂടിയാക്കാം എന്നു കരുതി. മറ്റു രണ്ട് കൂട്ടുകാരും കൂടെ ചേർന്നു. അങ്ങനെ ഞങ്ങൾ നാലുപേർ, ഉച്ചയൂണും കഴിഞ്ഞ് ഏതാണ്ട് രണ്ടുമണിയോടെ യാത്ര തിരിച്ചു. അങ്ങോട്ടു പോകുമ്പോൾ പകലായിരിക്കും. ഉച്ച കഴിഞ്ഞ സമയമായതിനാൽ ട്രാഫിക്കും കുറവായിരിക്കും. ഇങ്ങോട്ട് പോരുമ്പോൾ രാത്രിയാകും; വഴിയിൽ തിരക്കും കൂടും. അതിനാൽ അങ്ങോട്ട് ജോർജച്ചൻ ഓടിക്കും; തിരിച്ച് ഞാനും ഇതായിരുന്നു ധാരണ.

യാത്ര നന്നായിരുന്നു. വഴിക്ക് തീവൊളി പാർക്കും കണ്ടു. മനോ

ഹരമായ ജലധാരകൾ, വിവിധയിനം മരങ്ങൾ, പൂക്കൾ. കാഴ്ച യെല്ലാം കഴിഞ്ഞ് യാത്ര തുടർന്നു. മെയിൻ റോഡിൽനിന്ന് തിരി യേണ്ട സ്ഥലമടുത്തു. വഴിയിൽ ബോർഡ് കണ്ടപ്പോൾ വേഗത കുറയ്ക്കാൻ പറഞ്ഞു. പക്ഷേ ബ്രേക്കിനുപകരം കക്ഷി ആക്സ ലറേറ്ററിൽ കാലമർത്തി. ഏകദേശം 80 കി.മീ വേഗത. തിരിയേണ്ട കവലയായി. ബ്രേക്കു ചെയ്യാൻ ആവർത്തിച്ച് പറഞ്ഞെങ്കിലും ഫൾ സ്പീഡിൽ വണ്ടി വലത്തേക്ക് തിരിച്ചു. വഴിയിലേക്ക് കയറി. വഴി യുടെ വലതുവശത്ത് ഏകദേശം 20 മീറ്റർ താഴെയായി വയലാണ്. വയലിലേയ്ക്ക് പോകാതിരിക്കാൻ കമ്പിവേലിയുണ്ട്. വേലിയിൽ മുട്ടും എന്ന് തോന്നിയപ്പോൾ നേരെ ഇടത്തേക്ക് തിരിച്ചു. ഇടത് ഒരു മതിലാണ്. വീണ്ടും വലത്തേക്ക് വണ്ടി വെട്ടിച്ചു. അപ്പോഴും പാദം ആക്സലറേറ്ററിൽ അമർന്നുതന്നെ. പിന്നെ എന്ത് സംഭവിച്ചു എന്നറിയില്ല.

ഞങ്ങൾ കണ്ണടച്ചു തുറന്നപ്പോൾ ഒന്നും കാണാൻ കഴിയുന്നില്ല. ഏതാനും നിമിഷങ്ങൾക്കുശേഷമാണ് മനസ്സിലാകുന്നത്. വണ്ടി വയലിൽ തല കുത്തി നിൽക്കുകയാണെന്ന്. ചക്രങ്ങൾ നാലും മുക ളിൽ. ഡോർ തുറക്കാൻ കഴിയുന്നില്ല. ആകെ ചളുങ്ങി, ജാമായി. എങ്ങനെ പുറത്തുകടക്കും എന്നാലോചിച്ച് വ്യാകുലപ്പെടുമ്പോൾ മുന്നിൽനിന്ന് ഒരു സ്വരം– ഇതാ മുന്നിലൂടെ ഇറങ്ങിപ്പോരൂ! ഞങ്ങ ളുടെ അഭ്യാസം കണ്ട് പകച്ച രണ്ട് ചെറുപ്പക്കാർ സ്കൂട്ടർ നിർത്തി യിട്ട് വയലിലേക്ക് ഇറങ്ങിവന്നതാണ്. കാറിന്റെ മുമ്പിലെ ചില്ല് പൂർണ്ണമായും തകർന്നു പോയിരുന്നു. അത് ഉപകാരമായി. ഏറെ പ്രയാസം കൂടാതെ ഞങ്ങൾ മൂന്നുപേർ ഫ്രണ്ടിലൂടെ പുറത്തിറങ്ങി. ജോർജച്ചൻ സ്റ്റിയറിംഗിന്റെ അടിയിൽ തളർന്നുകിടക്കുകയാണ്.

എന്തെങ്കിലും സംഭവിച്ചുവോ എന്നു ഭയന്നു. ഇറങ്ങിപ്പോരാൻ പറഞ്ഞപ്പോൾ മറുപടി: ‘എടോ തിരക്കുകൂട്ടാതെ, ഞാൻ അല്പമൊ ന്നു വിശ്രമിച്ചിട്ട് ഇറങ്ങാം’ എതായാലും സമാധാനമായി– ആർക്കും ഒരു പോറൽപോലും ഏറ്റില്ല. വണ്ടി പൂർണ്ണമായും തകർന്നു. ഇനി എന്തുചെയ്യും? മൂന്നുപേരെയും ആ വഴി വന്ന ലൈൻബസിന് കയറ്റി മത്തായിയച്ചന്റെയടുത്തേയ്ക്കയച്ചു. റോമിലെ ഒരു വർക്ക്ഷോപ്പി ലേക്ക് ഫോൺ ചെയ്ത് ആളെ വരുത്തി. അവർ കൊണ്ടുവന്ന വാട കക്കാറിൽ ഞാൻ യാത്ര തുടർന്നു, മത്തായിയച്ചന്റെ അടുത്തേക്ക്.

ജോർജച്ചന്റെ കാറ് 50 രൂപ വിലയിട്ട് അവർ എടുത്തു. ആ അമ്പത് ക വാടകക്കാറുമായി വന്നതിന്റെ ചിലവിനത്തിൽ വകയിരുത്തി.

ഓർക്കുമ്പോൾ ഇപ്പോഴും മനസ്സ് നടുങ്ങുന്നു. എത്ര തവണ തകിടം മറിഞ്ഞാണ് കാർ താഴെ വയലിൽ തലകുത്തി ലാന്റു ചെയ്തത്! മറിയുന്നതിനിടയിൽ പെട്രോൾ ടാങ്കു പൊട്ടി. പ്രദേശം മുഴുവൻ പെട്രോളിൽ കുതിർന്നു. ഒരു തീപ്പൊരി ഉണ്ടായാൽ മതിയായിരുന്നു എല്ലാം ചാമ്പലാകാൻ. ഇത്ര തവണ മറിഞ്ഞിട്ടും ആർക്കും ഒരു പോറൽപോലുമുണ്ടാകാതെ ആരാണ് കാത്തത്? 91-ാം സങ്കീർത്തനത്തിൽ കർത്താവ് നല്കുന്ന ഉറപ്പിന്റെ അർത്ഥം അന്ന് തിരിച്ചറിഞ്ഞു. ആ അറിവിന്റെ നന്ദിയും നനവും ഒട്ടും കുറയാതെ മനസ്സിൽ സൂക്ഷിക്കുന്നു.

അപകടമുണ്ടായപ്പോൾ ആളുകൾക്ക് ആപത്ത് സംഭവിക്കാതെ കാത്തത് കർത്താവിന്റെ കരമാണെന്നതിൽ യാതൊരു സംശയവുമില്ല. ദൈവത്തിന്റെ ഈ കരുതൽ തന്നെയല്ലേ ദൂതന്മാരോട് കല്പിക്കും, അവർ കരങ്ങളിൽ താങ്ങിക്കൊള്ളും എന്ന് പറയുമ്പോൾ അർത്ഥമാക്കുന്നത്? തകിടം മറിഞ്ഞ വണ്ടിയിൽ ഇരുന്നവർക്ക് മുറിവേൽ ക്കാതെ കാത്തതുമാത്രമല്ല, ഒന്നോർത്താൽ ഏത് നിമിഷവും എല്ലാ നിമിഷവും ശക്തമായ ആ കരങ്ങൾ താങ്ങി നിർത്തുന്നതുകൊണ്ടല്ലേ നാമൊക്കെ ഇങ്ങനെ സന്തുഷ്ടരും സുരക്ഷിതരുമായി കഴിയുന്നത്! അപകടത്തിൽ താങ്ങുന്ന കൈകൾ തന്നെയാണ് അപകടമുണ്ടാകാതെ കാത്തുസൂക്ഷിക്കുന്നതും.

ഓരോ യാത്രയും കഴിഞ്ഞ് സുരക്ഷിതരായി ലക്ഷ്യസ്ഥാനത്തെത്തി ക്കഴിയുമ്പോൾ താങ്ങിനിർത്തിയ, വഴി നടത്തിയ, ആ കരങ്ങളെക്കുറിച്ച് ഓർക്കണം. നമ്മുടെയെല്ലാം ജീവിതംതന്നെ ഒരു യാത്രയല്ലേ? പിതാവിന്റെ ഭവനത്തിലേക്കുള്ള തീർത്ഥയാത്ര. ഈ യാത്രയിൽ അപകടങ്ങൾ പതിയിരിക്കുന്ന കവലകളുണ്ടാവാം; വിഴുങ്ങാൻ വായ് പിളർന്നു നിൽക്കുന്ന ചതിക്കുഴികളുണ്ടാവാം. അവന്റെ ശക്തമായ കരങ്ങളാണ് നമുക്ക് അഭയം. അത് മറക്കാതിരിക്കാം. ഓരോ ദിവസവും പ്രഭാതത്തിൽ 91-ാം സങ്കീർത്തനം അല്പംകൂടെ ശ്രദ്ധയോടെ, ഭക്തിയോടെ, നന്ദിയോടെ പ്രാർത്ഥിക്കാം.



***അല്പവിശ്വാസികളെ, നിങ്ങളെന്തിന് ഭയപ്പെടുന്നു? അവൻ എഴുന്നേറ്റ്, കാറ്റിനെയും കടലിനെയും ശാസിച്ചു. വലിയ ശാന്തതയുണ്ടായി*** *(മത്താ 8:26).*

# 21
# മുങ്ങുന്ന തോണിയിൽ

ഇങ്ങനെ ഒരു കെണിയിൽപ്പെടുമെന്ന് ഗുരുവിന്റെകൂടെ തോണിയിൽ കയറിയ ശിഷ്യന്മാരിൽ ആരും കരുതിയിട്ടുണ്ടാവില്ല. ഗുരുവിന്റെ വാക്കുകൾ അവർക്ക് വലിയ സന്തോഷം നല്കി. അവന്റെ അത്ഭുതപ്രവൃത്തികൾ അവരെ വിസ്മയഭരിതരാക്കി. പിന്നെ ഒന്നും ചിന്തിച്ചില്ല. അക്കരയ്ക്കുപോകാം എന്ന് അവൻ പറഞ്ഞപ്പോൾ കൂടെ കയറി. അവർക്ക് ചിരപരിചിതമായ സ്ഥലമാണിത് – ഗലീലിക്കടൽ. അതിന്റെ ഓരോ മുക്കും മൂലയും അവർക്കറിയാം. അവിടെയാണ് അവരുടെ ജീവിതം മുഴുവൻ ചിലവഴിച്ചിരുന്നത്. എന്നാൽ ഈ യാത്രയിലുണ്ടായതുപോലൊരപകടം അവർക്ക് ഇതിനുമുമ്പ് നേരിടേണ്ടിവന്നിട്ടില്ല.

'കടൽ' എന്നത് ഒരു ഭംഗി വാക്കാണ്. കേവലം 25 കി.മീ. നീളവും ഏറ്റം കൂടിയത് 13 കി.മീ. വീതിയുമുള്ള ഒരു ഉൾനാടൻ

തടാകമാണ് ഗലീലിക്കടൽ എന്ന പേരിൽ അറിയപ്പെടുന്നത്. പാല സ്തീനായുടെ വടക്കൻ പ്രവിശ്യയായ ഗലീലിയിൽ ആയതിനാൽ ഗലീലിക്കടൽ, (ഗ്ലീലാക്കടൽ - ഗ്ലീലാ എന്നത് സുറിയാനി) എന്നറിയ പ്പെടുന്നു. ഹേറോദേസ് അന്തിപ്പാസ് റോമൻ ചക്രവർത്തി തിബേരി യൂസിന്റെ ബഹുമാനാർത്ഥം ആ തടാകത്തിന്റെ തെക്കു പടിഞ്ഞാ റുതീരത്ത് ഒരു നഗരം നിർമ്മിച്ച് 'തിബേരിയാസ്' എന്നു പേരിടുക യും ഗലീലിയുടെ തലസ്ഥാനം അങ്ങോട്ടു മാറ്റുകയും ചെയ്ത തിനാൽ തിബേരിയാസ് തടാകം എന്നു പേരുണ്ടായി. മുകൾഭാഗം വീതികൂടിയും താഴ്ഭാഗം വീതികുറഞ്ഞ് ശുഷ്കിച്ചും ഇരിക്കുന്ന തിനാൽ തടാകത്തിന് ഒരു കിന്നരത്തിന്റെ ആകൃതിയുണ്ട്. കിന്നര ത്തിന്റെ ഹീബ്രുവാക്കിൽ നിന്നാണ് ഗെനേസറത്ത് എന്ന പേരുണ്ടാ യത്. നാലുപേരുകളിലും അറിയപ്പെട്ടിരുന്ന ഈ ചെറിയ തടാക ത്തിന് ഒരു വലിയ പ്രത്യേകതയുണ്ടായിരുന്നു.

ഉയർന്ന മലകളാൽ ചുറ്റപ്പെട്ടതാണ് ഈ തടാകം. മലകൾക്കിട യിൽ ഒരു വിടവുണ്ട്. ആ വിടവിലൂടെയാണ് ജോർദ്ദാൻ നദി വട ക്കുനിന്ന് തെക്കോട്ടൊഴുകുന്നത്. നദിയൊഴുകുന്ന ഈ വിടവിലൂടെ ചിലപ്പോൾ ശക്തമായ കാറ്റുവീശും. അത് തടാകത്തെ ഇളക്കി മറിക്കും. പൊതുവേ ശാന്തമായ ഗലീലിത്തടാകം അപ്പോൾ ഭീകര രൂപം പ്രാപിക്കും. വീശിയടിക്കുന്ന കാറ്റിന്റെ ശക്തിയിൽ ഉയർന്ന ലറുന്ന തിരകൾ തോണികളെ തല്ലിത്തകർക്കും. ഇപ്രകാരം ഒരു സംഭവമാണ് സമാന്തര സുവിശേഷങ്ങൾ മൂന്നും വിവരിക്കുന്നത്. തോണി തുഴയുന്ന ശിഷ്യന്മാരെല്ലാം വെള്ളത്തിൽ നല്ല പരിചയ മുള്ളവരാണെങ്കിലും ഇപ്പോൾ തങ്ങളുടെ ജീവൻതന്നെ അപകട ത്തിലായിരിക്കുന്നു എന്ന് അവർ ഭയന്നു.

കൊടുങ്കാറ്റിൽപ്പെട്ട് തോണി ഉലയുന്നു, ഏതുനിമിഷവും തിരമാ ലകൾ അതിനെ വിഴുങ്ങിക്കളയും എന്നുതോന്നി. അപ്പോഴും ഗുരു അമരത്ത് തലയിണയിൽ തലവച്ച് ശാന്തമായി ഉറങ്ങുകയാണ്. അത് ശിഷ്യന്മാർക്ക് മനസ്സിലായില്ല; തങ്ങൾ തടാകത്തിൽ മുങ്ങിച്ചാകാൻ പോകുമ്പോൾ ഗുരുവിനെങ്ങനെ ഇത്ര നിസംഗനാവാൻ കഴിയും? അവർ ഗുരുവിനെ വിളിച്ചുണർത്തി. അവരുടെ ഭയവും നൈരാ ശ്യവും മാത്രമല്ല, ഗുരുവിന്റെ നിസ്സംഗതയിലുള്ള രോഷവും അമർഷ

വും ധ്വനിപ്പിക്കുന്നതാണ് മർക്കോസ് രേഖപ്പെടുത്തുന്ന അവരുടെ നിലവിളി: **ഗുരോ, ഞങ്ങൾ നശിക്കാൻ പോകുന്നു. നീ അത് ഗൗനിക്കുന്നില്ലേ?** (മർക്കോ 4:38).

ഗുരു ഉണർന്നു. കാറ്റിനെ ശാസിച്ചു. കടൽ ശാന്തമായി. അതിനുശേഷമാണ് ശിഷ്യന്മാരോട് ചോദിക്കുന്നത്: **നിങ്ങൾ ഭയപ്പെടുന്നതെന്ത്?** (മർക്കോ 4:40). അതും അവർക്ക് മനസ്സിലായില്ല. കൊടുങ്കാറ്റിൽ തോണി തകർന്ന് മരിക്കാൻ പോകുമ്പോൾ ആരാണ് ഭയപ്പെടാതിരിക്കുക? പക്ഷേ അവർ മറന്നുപോയ ചില കാര്യങ്ങളുണ്ടായിരുന്നു. 1. ഗുരുവാണ് തങ്ങളെ ഈ കടലിലേക്ക് വിളിച്ചിറക്കിയത്; ഗുരുവിനെ അനുസരിച്ചും അനുഗമിച്ചുമാണ് തങ്ങൾ ഈ കടൽ യാത്ര തുടങ്ങിയത് എന്നവർക്ക് കൃത്യമായറിയാം. ഗുരു പറഞ്ഞതനുസരിച്ചാണ് യാത്ര ചെയ്യുന്നതെങ്കിൽ ഗുരുതന്നെ അവരെ സംരക്ഷിക്കും എന്ന് ഉറച്ചു വിശ്വസിക്കണം. 2. തോണി മുങ്ങിയാൽ തങ്ങൾ മാത്രമല്ല ഗുരുവും തങ്ങളോടൊപ്പം മുങ്ങും എന്ന് അവർ ചിന്തിക്കണമായിരുന്നു. ഗുരു അമരത്ത്, ഉറങ്ങുകയാണെങ്കിലും ഗുരു തങ്ങളോടൊപ്പമുണ്ടെന്നും ഏതു പ്രതിസന്ധിയെയും അപകടത്തെയും മറികടക്കാൻ ശക്തനാണ് ഗുരു എന്നും അവർ ഇനിയും അറിയേണ്ടതുണ്ട്, അഥവാ ലഭിച്ച അറിവ് അനുസ്മരിക്കേണ്ടതുണ്ട്.

അതിനാൽ ഭയം വേണ്ടാ; ഗുരു തോണിയിലുണ്ടെങ്കിൽ ആ തോണി തീരത്തണയുക തന്നെ ചെയ്യും. വഴിയിൽ അപകടങ്ങളുണ്ടാവാം. മറികടക്കാനാവില്ല എന്നു തോന്നുന്ന പ്രതിസന്ധികളെ നേരിടേണ്ടിവരാം. അപ്പോഴെല്ലാം ഓർക്കണം, എന്റെ ജീവിതമാകുന്ന തോണിയുടെ അമരത്തിരിക്കുന്നത് ഞാനല്ല, കാറ്റിന്റെയും കടലിന്റെയും സ്രഷ്ടാവും അധിനാഥനുമായ കർത്താവു തന്നെയാണ്. ശിഷ്യന്മാർ ഭയപ്പെടുന്നതിന് ഒരു പ്രധാനകാരണം ഗുരുനാഥൻ തന്നെ സൂചിപ്പിക്കുന്നുണ്ട്. **നിങ്ങൾക്ക് വിശ്വാസമില്ലേ?** (മർക്കോ.4:40). മത്തായി ഈ ആശയം മറ്റൊരു വിധത്തിലാണവതരിപ്പിക്കുന്നത്; 'അല്പവിശ്വാസികളേ' എന്ന അഭിസംബോധനയിൽ അവരുടെ ഭയത്തിന്റെ അടിസ്ഥാനകാരണം കാണാം.

വിശ്വാസരാഹിത്യമാണ് ഭയത്തിന്റെ മൂലകാരണം എന്ന് യേശു ഇവിടെ പഠിപ്പിക്കുന്നു. എന്നെ സൃഷ്ടിച്ച് പരിപാലിക്കുന്ന ദൈവം

കൂടെയുള്ളപ്പോൾ ഞാൻ എന്തിന് ഭയപ്പെടണം? അവിടുന്ന് അറിയാതെയും അനുവദിക്കാതെയും എനിക്ക് ഒന്നും സംഭവിക്കുകയില്ല. അതിനാൽ എനിക്ക് സംഭവിക്കുന്നതെല്ലാം എന്റെ നന്മയ്ക്കായി ദൈവം അനുവദിക്കുന്നതാണെന്ന് ഞാൻ വിശ്വസിക്കണം, അറിയണം. അപ്പോൾ ഏതു കൊടുങ്കാറ്റടിച്ചാലും ഞാൻ ഭയപ്പെടുകയില്ല. കർത്താവ് കൂടെയുള്ളപ്പോൾ എനിക്ക് ഒരാപത്തും വരികയില്ല. ഈ ബോധ്യം ശിഷ്യന്മാർക്ക് നല്കുന്നതിനുവേണ്ടിത്തന്നെയാവണം ഉഗ്രമായ കൊടുങ്കാറ്റുണ്ടാകാൻ ഇടവരുത്തിയതും ആടി ഉലയുന്ന തോണിയിൽ യേശു കിടന്നുറങ്ങിയതും. കാറ്റും കടലും ശാന്തമായപ്പോൾ അവർ യേശുവിന്റെ ശക്തി തിരിച്ചറിഞ്ഞു. കടൽ എന്നതുപോലെ അവരുടെ മനസ്സും ശാന്തമായി. ശിഷ്യന്മാരുടെ വ്യക്തിജീവിതത്തിൽ ഉണ്ടായതും ഇന്നും എല്ലാ ശിഷ്യന്മാർക്കും ഉണ്ടാകേണ്ടതുമായ ഒരനുഭവമായി മർക്കോസും ലൂക്കായും ഈ സംഭവം ചിത്രീകരിക്കുമ്പോൾ, ഒരു പടികൂടി കടന്ന് മത്തായി ഈ സംഭവത്തിന് സഭാത്മകവും യുഗാന്തോന്മുഖവുമായ ഒരു മാനം നല്കുന്നു.

കൊടുങ്കാറ്റ് എന്നർത്ഥമുള്ള ലൈലാപ്സ് (lailaps) എന്ന വാക്കാണ് മർക്കോസും ലൂക്കായും ഉപയോഗിച്ചിരിക്കുന്നത്. അതാണ് സാധാരണമായി ഉപയോഗിക്കേണ്ടതും. എന്നാൽ മത്തായി അതിനുപകരം ഭൂമികുലുക്കം എന്നർത്ഥമുള്ള സെയ്സ് മോസ് (seismos) എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. സാധാരണ കൊടുങ്കാറ്റോ ചുഴലിക്കൊടുങ്കാറ്റോ അല്ല, സകലതും തകർന്നടിയാൻ ഇടയാക്കുന്ന, സർവ്വനാശം വിതയ്ക്കുന്ന സാക്ഷാൽ ഭൂകമ്പം തന്നെയാണിവിടെ സംഭവിക്കുന്നത് എന്നുപറയുമ്പോൾ സുവിശേഷകൻ എന്തോ വളരെ പ്രധാനപ്പെട്ട ഒരു സന്ദേശം കൈമാറാൻ ആഗ്രഹിക്കുന്നു എന്നുവ്യക്തം.

ശിഷ്യസമൂഹത്തിന്റെ അനുദിനജീവിതത്തിലുണ്ടായ ഒരു സാധാരണ സംഭവം മാത്രമല്ല ഇത്. ക്രിസ്തുവിന്റെ സഭ തന്നെ ചരിത്രത്തിൽനിന്ന് അപ്രത്യക്ഷമായേക്കാം എന്ന ഭയം ജനിപ്പിക്കുന്ന ഒരു സംഭവമായി സുവിശേഷകൻ ഇതിനെ ചിത്രീകരിക്കുന്നു. ഇപ്രകാരമുള്ള അനേകം പ്രതിസന്ധികൾ സഭയുടെ ജീവിതത്തിലുണ്ടായിട്ടുണ്ട്. അതിൽ ആദ്യത്തേതായിരുന്നു, വിജാതീയരെ സ്വീകരി

ക്കാൻ തുടങ്ങിയപ്പോൾ സഭ നേരിട്ട പ്രതിസന്ധി. സഭയുടെ നെടുന്തൂണുകളായ പത്രോസും പൗലോസും തമ്മിൽപ്പോലും ശക്തമായ ആശയവ്യത്യാസവും രൂക്ഷമായ സംഘട്ടനവും ഉണ്ടാകാൻ അത് കാരണമായി (**ഗലാ 2:11–14**). ആദ്യത്തെ സാർവ്വത്രിക സൂനഹദോസിലാണ് ഈ പ്രതിസന്ധി മറികടന്നത്. സഭയെ ഉള്ളിൽനിന്ന് പിളർക്കാൻ പോരുന്ന ഒരു ഭൂമികുലുക്കംപോലെ ആയിരുന്നു ഈ പ്രതിസന്ധി.

മറുകരയിലേക്കുള്ള യാത്രാമദ്ധ്യേ ആണ് ഈ പ്രതിസന്ധി ഉണ്ടായതെന്നതും പ്രത്യേകം ശ്രദ്ധേയമാണ്. സുപരിചിത തീരമായ യഹൂദജനതയുടെ ഇടയിൽനിന്ന് വിജാതീയരുടെ അടുക്കലേക്ക് സുവിശേഷവുമായി പോകുന്നത് അക്കരയ്ക്കുള്ള യാത്രയായി കാണാം. ഈ സംഭവത്തിനുശേഷം യേശുവും ശിഷ്യന്മാരും ചെന്നെത്തുന്നത് പിശാചുക്കൾ ചങ്ങലപൊട്ടിച്ചഴിഞ്ഞാടി, അലറി നടക്കുന്ന ഗദറായരുടെ നാട്ടിലാണ്. സുവിശേഷ പ്രഘോഷകർ നേരിടാൻ പോകുന്ന പൈശാചിക ശക്തികളുടെ ഒരു സൂചനയും കടലിലെ ഭൂമികുലുക്കത്തിൽ കാണാൻ കഴിയും.

ഓരോ വ്യക്തിയുടെയും ജീവിതം അക്കരയ്ക്കുള്ള ഒരു യാത്രയാണെന്ന് മറക്കാതിരിക്കാൻ ഈ സംഭവം പ്രേരിപ്പിക്കുന്നു. കൊടുങ്കാറ്റുകൾ പതിയിരിക്കുന്ന, പൈശാചിക ശക്തികൾ വിലങ്ങ് തകർത്തലറിയാടുന്ന വഴികളിലൂടെയാണ് ആ യാത്ര. പിതൃഭവനത്തിലെത്തുംവരെ ആ യാത്ര തുടരണം. അപകടങ്ങളിൽപെടാതെ, ഭയത്തിനുകീഴടങ്ങാതെ, ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരണമെങ്കിൽ രണ്ടു കാര്യങ്ങൾ ആവശ്യമാണ്. 1. യേശു കൂടെയുണ്ട് എന്നറിയണം; യേശുവിന്റെ കൂടെയാണ് യാത്ര എന്ന് ഉറപ്പു വരുത്തണം. 2. യേശുവിൽ വിശ്വസിക്കണം. അവന്റെ കൈകളിൽ എന്റെ ജീവിതം സമർപ്പിക്കണം, അവിടെ അത് സുരക്ഷിതമാണെന്ന് ഉറച്ചു വിശ്വസിക്കണം. അവിശ്വാസവും അല്പവിശ്വാസവും വെടിഞ്ഞ് പൂർണ്ണവിശ്വാസത്തിലേക്കും സമ്പൂർണ്ണസമർപ്പണത്തിലേക്കും വളരാനുള്ള വിളിയും യേശുവിന്റെ ചോദ്യത്തിലുണ്ട്: 'അല്പവിശ്വാസികളേ, നിങ്ങൾ എന്തിന് ഭയപ്പെടുന്നു?' വിശ്വസിക്കുമ്പോൾ ശാന്തതയുണ്ടാകും, ഹൃദയത്തിലും സമൂഹത്തിലും.



***മകളേ, ധൈര്യമായിരിക്കുക;***
***നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു***
*(മത്താ 9:22).*

# 22

# രക്ഷിക്കുന്ന വിശ്വാസം

ഇത്ര വലിയൊരപകടത്തിലേക്കാണ് താൻ നടന്നുനീങ്ങുന്നത് എന്ന് ആ സാധു സ്ത്രീ ഒരിക്കലും വിചാരിച്ചിരുന്നില്ല. പന്ത്രണ്ടു വർഷമായി താൻ സഹിക്കുന്ന രോഗത്തിൽ നിന്നും നേരിടുന്ന മാനസിക പീഡനങ്ങളിൽ നിന്നും മുക്തി നേടണം എന്ന ഏക ആഗ്രഹമേ അവൾക്കുണ്ടായിരുന്നുള്ളൂ. താൻ രോഗിയാണെന്ന കാര്യം പുറത്താരും അറിയരുത്. ആരും അറിയാതെ, ആരാലും ശ്രദ്ധിക്കപ്പെടാതെ എങ്ങനെയെങ്കിലും ഗുരുവിന്റെയടുത്തെത്തണം; ആ തിരുവസ്ത്രത്തിന്റെ വിളുമ്പിൽ ഒന്നു തൊടണം. അതോടെ തന്റെ രോഗം പൂർണ്ണമായും മാറും എന്ന് അവൾ ഉറച്ചു വിശ്വസിച്ചു. ഗുരുവിനെക്കുറിച്ച് അതുവരെ കേട്ട വിവരങ്ങൾ ഈ വിശ്വാസത്തിന് കരുത്ത് പകർന്നു. അങ്ങനെ ഉറച്ച വിശ്വാസത്തോടെയാണ് അവൾ പിന്നിൽ നിന്നു വന്ന് ഗുരുവിന്റെ വസ്ത്രത്തിൽ തൊട്ടത്.

വിശ്വാസം സഫലമായി. പന്ത്രണ്ട് വർഷമായി തന്നെ നിരന്തരം അലട്ടിയിരുന്ന രോഗം തൽക്ഷണം മാറിയെന്ന് അവൾ അറിഞ്ഞു. സന്തോഷമായി. നന്ദിയോടെ, ഹൃദയത്തിൽ നിറയുന്ന സമാധാനത്തോടെ ഇനി വീട്ടിലേക്ക് മടങ്ങാം. വന്നതുപോലെ തന്നെ ആരും അറിയാതെ തിരിച്ചു പോകാം എന്നു കരുതുമ്പോഴാണ് സപ്തനാഡികളെയും തളർത്തുന്ന വെള്ളിടിപോലെ ഗുരുശബ്ദം മുഴങ്ങിയത്: 'ആരാണെന്റെ വസ്ത്രത്തിൽ തൊട്ടത്?' കേട്ടവർക്ക് ഒന്നും മനസ്സിലായില്ല. ശിഷ്യന്മാർക്ക് ഇതൊരു തമാശയായേ തോന്നിയുള്ളൂ.

ആരാണ് നിന്നെ തൊടാത്തത്? ജനക്കൂട്ടം നിനക്ക് ചുറ്റിലും തിക്കി ഞെരുക്കുമ്പോൾ ആരാണ് എന്റെ വസ്ത്രത്തിൽ തൊട്ടത് എന്ന ചോദ്യത്തിന് എന്ത് പ്രസക്തി? പക്ഷേ യേശു ഒരു തമാശ പറഞ്ഞതല്ല എന്ന് സൗഖ്യം പ്രാപിച്ച സ്ത്രീ അറിഞ്ഞു. ആരാണത് ചെയ്തതെന്നറിയാൻ തിരിഞ്ഞുനിന്ന് ചുറ്റും നോക്കുന്ന ഗുരുവിന്റെ കണ്ണിൽനിന്ന് ഒളിച്ചിരിക്കാൻ തനിക്ക് കഴിയില്ല എന്നവൾ മനസ്സിലാക്കി. ഇനി എന്ത്? എന്ത് ശിക്ഷയാണ് തനിക്ക് ലഭിക്കാൻ പോകുന്നത്? കാരണം, വലിയൊരപരാധമാണ് താൻ ചെയ്തത് എന്ന അവബോധം അവളുടെ യഹൂദ മനസ്സിന്റെ ആഴങ്ങളിലേക്ക് കിനിഞ്ഞിറങ്ങി.

തന്നെപ്പോലെയുള്ളവർ വീടിനു പുറത്തിറങ്ങരുത് എന്ന നിയമം അവൾക്ക് നന്നായറിയാം. ലേവ്യരുടെ പുസ്തകത്തിൽ ശുദ്ധിയെയും അശുദ്ധിയെയുംകൂറിച്ച് പ്രതിപാദിക്കുന്നിടത്ത് രക്തസ്രാവം മൂലമുണ്ടാകുന്ന അശുദ്ധിയെക്കുറിച്ച് വ്യക്തമായി പറയുന്നുണ്ട്. **സ്ത്രീക്ക് ഋതുകാല ത്തല്ലാതെ വളരെ ദിവസത്തേക്ക് രക്തസ്രാവമുണ്ടാവുകയോ,.. രക്തസ്രാവം നീണ്ടുനിൽക്കുകയോ ചെയ്താൽ... ആ ദിവസങ്ങളിലെല്ലാം അവൾ അശുദ്ധയായിരിക്കും** (ലേവ്യ 15:25). അവൾ കിടക്കുന്ന കിടക്കയും ഇരിക്കുന്ന ഇരിപ്പിടവും നടക്കുന്ന വഴിയും, എന്നുവേണ്ടാ അവൾ തൊടുന്നതും അവളെ തൊടുന്നതുമായ സകലതും അശുദ്ധമാകും എന്ന് നിയമം തുടർന്ന് പഠിപ്പിക്കുന്നു. അതിനാൽ ആരുമായും സമ്പർക്കമില്ലാതെ മുറിയിൽ തനിച്ചിരിക്കണം എന്നാണ് നിയമം അനുശാസിക്കുന്നത്. ഈ നിയമം താൻ ലംഘിച്ചിരിക്കുന്നു. മാത്രമല്ല, ഗുരു അത് കണ്ടുപിടിച്ചു;

ജനമധ്യത്തിൽ പരസ്യമാക്കാൻ പോകുന്നു എന്ന തിരിച്ചറിവ് അവളെ ഭയാക്രാന്തയാക്കി.

മനഃപൂർവ്വമല്ല, ആരെയും അശുദ്ധരാക്കണമെന്ന ആഗ്രഹ മുണ്ടായിരുന്നില്ല. സമ്പത്തു മുഴുവൻ വൈദ്യന്മാർക്ക് കൊടുത്ത്, കഴിഞ്ഞ പന്ത്രണ്ടുവർഷമായി ചികിത്സിച്ചിട്ടും ഭേദമാകാതെ ഒന്നിനൊന്ന് മോശമായിക്കൊണ്ടിരുന്ന രോഗത്തിൽനിന്ന് മുക്തി കിട്ടണം എന്ന ഒറ്റ ആഗ്രഹമേ അവൾക്കുണ്ടായിരുന്നുള്ളൂ. അത് അത്ര വലിയൊരു തെറ്റാണോ? സൗഖ്യം പ്രാപിച്ച തന്നെ, വന്നതു പോലെ ആരുമറിയാതെ തിരിച്ചുപോകാൻ അനുവദിക്കാ മായിരുന്നല്ലോ. പിന്നെ എന്തിനീ നാടകം? ആരെയൊക്കെ താൻ അശുദ്ധരാക്കി എന്നറിയില്ല. മനപൂർവ്വമല്ലാതെ എത്രയോ പേരെ തൊട്ടും തിക്കിയുമാണ് ഗുരുവിന്റെ പിന്നിലെത്തിയത്. വസ്ത്ര ത്തിൽ തൊടുകവഴി താൻ ഗുരുവിനെയും അശുദ്ധനാക്കിയോ?

ഇനി എന്ത് പ്രതിവിധി? എന്ത് ശിക്ഷയാകും ഗുരു വിധിക്കുക? സമൂഹത്തെ മുഴുവൻ അശുദ്ധരാക്കിയതിന്റെ പേരിൽ കല്ലെറിഞ്ഞു കൊല്ലാൻതന്നെ കല്പിച്ചെന്നും വരാം. സ്വീകരിക്കുകയല്ലാതെ വേറെ മാർഗ്ഗമില്ല. എന്നാലും ശിക്ഷയേല്ക്കുന്നതിനുമുമ്പ് ഒന്നു ചെയ്യണം. തന്റെ ചരിത്രം മുഴുവൻ പൊതുജനം കേൾക്കെ ഗുരു വിന്റെ മുമ്പിൽ വിളിച്ചുപറയണം. ഇനി ഒന്നും മറച്ചു വയ്ക്കാനില്ല. കഴിഞ്ഞ പന്ത്രണ്ടുവർഷങ്ങളായി താൻ അനുഭവിച്ച ദുരിതങ്ങൾ, ഒറ്റപ്പെടുത്തലുകൾ, പരിഹാസങ്ങൾ, കുറ്റാരോപണങ്ങൾ, വൈദ്യ ന്മാരുടെ പക്കൽനിന്നുണ്ടായ ചൂഷണങ്ങൾ, വ്യർത്ഥമായ പരീക്ഷ ണങ്ങൾ – എല്ലാം എല്ലാവരും അറിയട്ടെ. ഇതുപോലൊരു ദുർവിധി ഇനി ഒരു സ്ത്രീക്കും ഉണ്ടാകരുത്.

ദുരനുഭവങ്ങൾ മാത്രമല്ല പറയാനുള്ളത്. യേശുവിനെക്കുറിച്ച് താൻ കേട്ട കാര്യങ്ങൾ, ആ വാർത്ത തന്നിലുണർത്തിയ വിശ്വാസം. കരിന്തിരി കത്തുന്ന ജീവനാളത്തെ വീണ്ടും ജ്വലിപ്പിച്ച പ്രത്യാശ, അതിനുവേണ്ടി നേരിടേണ്ടിവന്ന പ്രതിബന്ധങ്ങൾ, മറികടക്കേണ്ടി യിരുന്ന ഭയം, എടുക്കേണ്ടിവന്ന സാഹസം – എല്ലാം വിളിച്ചു പറയ ണം. പോരാ, ഇതിന്റെയെല്ലാം ഫലം പന്ത്രണ്ടു വർഷമായി ഒരു വൈദ്യനും സുഖപ്പെടുത്താൻ കഴിയാതിരുന്ന രോഗം താൻ ഗുരു

വിന്റെ വസ്ത്രത്തിന്റെ വിളുമ്പിൽ ഒന്നുതൊട്ട നിമിഷം അപ്രത്യക്ഷമായ അത്ഭുതം– അതും എല്ലാവരും അറിയണം. ഇതെല്ലാം കേട്ട ശേഷം ഗുരുവോ സമൂഹമോ ആരും എന്തുവിധിയും പ്രഖ്യാപിച്ചുകൊള്ളട്ടെ. ഇങ്ങനെ ഒരു തീരുമാനത്തോടെയാണ് അവൾ മുന്നോട്ടുവന്ന് ഗുരുപാദത്തിൽ പ്രണമിച്ചത്.

ഭയം അവളെ വിട്ടുമാറിയിരുന്നില്ല; ഗുരുശബ്ദം കേട്ടപ്പോൾ ഉണ്ടായ ഞെട്ടലും വിറയലും ഒട്ടും കുറഞ്ഞിട്ടില്ല. എന്നാലും അവൾ കമിഴ്ന്ന് വീണ് സത്യം മുഴുവൻ തുറന്നുപറഞ്ഞു. താൻ ഇപ്രകാരമൊരു രോഗിയായിരുന്നു എന്ന് ജനമധ്യത്തിൽ പരസ്യമാക്കി തന്നെ അവഹേളിക്കാൻ വേണ്ടിയാണോ ഗുരു ഈ ചോദ്യം ഉന്നയിച്ചത് എന്ന് അവൾ ചിന്തിച്ചുവോ? സുവിശേഷകൻ പറയുന്നില്ല. എന്നാൽ അവൾ തികച്ചും ഭയന്നുവിറച്ചു എന്ന് എടുത്ത് പറയുന്നുണ്ട്. **ആ സ്ത്രീ തനിക്ക് സംഭവിച്ചതറിഞ്ഞ്, ഭയന്നുവിറച്ച്, അവന്റെ കാൽക്കൽ വീണ് സത്യം തുറന്നുപറഞ്ഞു** (മർക്കോ.5:33).

അപ്പോഴാണ് ഒട്ടും പ്രതീക്ഷിക്കാത്ത ഗുരുവചനം സാന്ത്വനമായി, പ്രോത്സാഹനമായി, ശാന്തിയായി പെയ്തിറങ്ങുന്നത്: **മകളേ, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാനത്തോടെ പോവുക. വ്യാധിയിൽ നിന്ന് വിമുക്തയായിരിക്കുക** (മർക്കോ. 5:34). ജായ്റോസ് എന്ന സിനഗോഗധികാരിയുടെ അന്ത്യശ്വാസം വലിക്കുന്ന മകളെ സുഖപ്പെടുത്താൻ തിരക്കിട്ടു പോകുമ്പോഴാണ് താൻ ഗുരുവിനെ തടഞ്ഞുനിർത്തിയത് എന്ന് അവൾക്കറിയില്ലായിരുന്നു. അപ്രതീക്ഷിതമായ ഈ സമയതാമസംമൂലം പെൺകുട്ടി മരിച്ചു, ഇനി ഗുരുവിനെ എന്തിന് ബുദ്ധിമുട്ടിക്കണം എന്ന ചോദ്യവുമായി വേലക്കാർ വന്നപ്പോൾ മാത്രമാണ് സാഹചര്യത്തിന്റെ ഗൗരവം അവൾ മനസ്സിലാക്കിയത്. എന്നാൽ ഗുരുവിന്റെ വാക്കിൽ അസ്വസ്ഥതയുടെയോ അപ്രിയത്തിന്റെയോ ലാഞ്ചനപോലുമില്ല.

'മകളേ' എന്ന ആ വിളിയിൽ തന്റെ ആകുലതകളും ഉത്ക്കണ്ഠകളും അപകർഷതാബോധവും നിരാശയും എല്ലാം, സൂര്യപ്രകാശത്തിൽ മഞ്ഞുതുള്ളിപോലെ, പ്രകാശത്തിന്റെ സാന്നിധ്യത്തിൽ അന്ധകാരംപോലെ അലിഞ്ഞ് അപ്രത്യക്ഷമായി. ആരാണ് തന്നെ അവസാനമായി, ഇത്ര വാത്സല്യത്തോടെ മകളേ എന്നുവിളിച്ചത്

എന്ന് ഓർമ്മിച്ചെടുക്കാൻ അവൾ ഏറെ ബുദ്ധിമുട്ടിയിട്ടുണ്ടാകും. അടുത്തറിയാവുന്നവർക്കെല്ലാം താൻ ഒരു നികൃഷ്ട ജീവിയായിരുന്നു, നിശ്ചിതമായ അകലം പാലിക്കേണ്ട അശുദ്ധ വസ്തു. എന്നാൽ ഇവിടെ ഗുരു തന്നെ മകളേ എന്നുവിളിക്കുന്നു. അതിൽപരം എന്തൊരു സ്നേഹം, എന്തൊരാദരവ്, എന്തൊരംഗീകാരമാണ് വേണ്ടത്?

അവളുടെ ഭയമകന്നു. കുറ്റബോധം തീയിൽ മെഴുകുപോലെ ഉരുകി മറഞ്ഞു. 'ധൈര്യമായിരിക്കുക' എന്ന ഗുരുമൊഴി അവൾക്ക് ശാന്തി നല്കി. ഇനി ആരുടേയും മുമ്പിൽനിന്ന് ഒളിച്ചോടേണ്ടതില്ല. ദൈവത്തിന്റെ മകൾ എന്ന നിലയിൽ വിലപ്പെട്ടവളാണ് താൻ എന്ന ആത്മാവ ബോധം അവളിൽ ഉണർന്നു. ഇനി നിവർന്നു നടക്കാം; ആരെയും നേരിടാം; എവിടെയും നിർഭയം കയറിച്ചെല്ലാം. കാരണം ഗുരുവാണ് തന്നെ മകളായി അംഗീകരിച്ച് ധൈര്യം പകർന്നത്. എന്നാൽ, ഇതുമാത്രമല്ല ഗുരു നല്കുന്നത്.

'നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു'. ഇത് ശരീരത്തിൽ ലഭിച്ച സൗഖ്യത്തെ മാത്രമല്ല സൂചിപ്പിക്കുന്നത്. രക്ഷ എന്നത് ശാരീരിക സൗഖ്യത്തിനപ്പുറം മനുഷ്യന്റെ സമഗ്രമായ, നിത്യമായ രക്ഷയെയും സൂചിപ്പിക്കുന്നു. ദൈവം മനുഷ്യനായി, നസ്രത്തിലെ യേശുവായി ചരിത്രത്തിലേക്ക് കടന്നുവന്നതിന്റെ ആത്യന്തിക ലക്ഷ്യം അതായിരുന്നു - മനുഷ്യന് നിത്യരക്ഷ നല്കുക. അതു തന്നെയാണ് ദൈവികജീവനിൽ പങ്കാളിയാക്കുക എന്നു പറയുന്നതും. മകളേ എന്ന വിളിയിൽ ഈ സത്യത്തിന്റെ സൂചനയുണ്ട്. വെറും ഒരു ഭംഗിവാക്കോ, സ്നേഹസൂചകമായ അഭിസംബോധനാരൂപമോ മാത്രമല്ല അത്. വിശ്വാസത്തിലൂടെ അവൾക്ക് ലഭിച്ച വലിയ ദാനമാണ് ദൈവപുത്രീസ്ഥാനം. യേശു അത് ഏറ്റുപറയുന്നു; പരസ്യമായി പ്രഖ്യാപിക്കുന്നു.

ഈ തിരിച്ചറിവ്, താൻ ദൈവത്തിന് പ്രിയപ്പെട്ട മകളാണെന്നും, രോഗത്തിൽനിന്ന് ദൈവം തനിക്ക് പൂർണ്ണമായ മുക്തി നല്കിയിരിക്കുന്നു എന്നുമുള്ള അവബോധം അവൾക്ക് ശാശ്വതമായ സമാധാനം നല്കും. ഇനി അവൾക്കു പോകാം– തന്റെ അനുദിന ജീവിതത്തിലേക്ക്. ആരെയും ഭയക്കാതെ, അപകർഷതാബോധത്താൽ

കുനിയാതെ ജീവിതപാതയിൽ അവൾക്ക് മുന്നേറാം. അവൾ ദൈവത്തിന്റെ മകളാണ്. പരസ്യമായി അധിക്ഷേപിക്കാനും ശിക്ഷിക്കാനുമായിരിക്കും ഗുരുതന്നെ കണ്ടുപിടിച്ച് മുന്നിൽ നിർത്തിയത് എന്ന സംശയം പോലും ഇനി വേണ്ടാ. ശിക്ഷിക്കാനല്ല സമ്മാനിക്കാനാണ്; ശാസിക്കാ നല്ല പ്രശംസിക്കാനാണ് ഗുരുതന്നെ കണ്ടുപിടിച്ചുവിളി ച്ചത് എന്നവൾ തിരിച്ചറിഞ്ഞു. താൻ ചെയ്തത് തെറ്റല്ല, ധീരമായ ഒരു വിശ്വാസപ്രകടനമായിരുന്നു എന്ന ഗുരുവിന്റെ വീക്ഷണം അവൾക്ക് നല്കിയ സന്തോഷത്തിന്റെയും ആത്മാഭിമാനത്തിന്റെയും ആത്മനിർവൃതിയുടെയും ആഴമളക്കാൻ ആർക്കു കഴിയും?

ഇതുതന്നെയാണ് ഇന്നും സംഭവിക്കുന്നത്. മാറാരോഗമെന്ന് വൈദ്യന്മാർ വിധിയെഴുതുന്നത് മാറാതിരിക്കണമെന്നില്ല. അശുദ്ധരെന്ന് സമൂഹം മുദ്രകുത്തുന്നവർ അശുദ്ധരായിരിക്കണ മെന്നില്ല. ദീർഘകാലം നീണ്ടു നിൽക്കുന്ന രോഗം ദൈവശാപത്തിന്റെ അടയാളമോ പൂർവ്വികരുടെ പാപത്തിന്റെ ഫലമോ ആകണമെന്നുമില്ല. വിശ്വാസത്തോടെ അടുത്തു വരിക. പ്രതിസന്ധികളെ മറികടക്കുക. പ്രതിഷേധങ്ങളെ അവഗണിക്കുക. വിശ്വാസം വഴി അവന്റെ വസ്ത്രാഞ്ചലത്തിൽ സ്പർശിക്കുക അവൻ സൗഖ്യം നല്കും. ഇന്ന് അവന്റെ വസ്ത്രത്തിന്റെ വിളുമ്പിൽ തൊടുകയല്ല, അവനെ മുഴുവനായി ഹൃദയത്തിൽ സ്വീകരിക്കാൻ കഴിയും. അതല്ലേ വി. കുർബ്ബാനയിൽ സംഭവിക്കുന്നത്? ആകയാൽ ധൈര്യമായിരിക്കുക; നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു.





***ദൂതൻ അവളോട് പറഞ്ഞു: മറിയമേ, നീ ഭയപ്പെടേണ്ടാ; ദൈവ സന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു***
*(ലൂക്കാ 1:30).*

# 23

# ഭയമകറ്റുന്ന കൃപ

രക്ഷാചരിത്രത്തിന്റെ നിർണ്ണായകമായ ദശാസന്ധിയിലാണവൾ നില്ക്കുന്നത്- മറിയം. പഴയനിയമം പുതിയ നിയമത്തിന് വഴി മാറുന്നിടത്ത്, അഥവാ പഴയനിയമം പുതിയ നിയമത്തിൽ പൂർത്തിയാകുന്ന വഴിത്തിരിവിൽ ദൈവം അവളെ പ്രതിഷ്ഠിച്ചു. തന്റെ തിരുപ്പുത്രനെ രക്ഷകനായി സ്വീകരിക്കാൻ ലോകത്തിൽ വഴിയൊരുക്കാനായി പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ഇസ്രായേൽ ജനത്തിന്റെ മുഴുവൻ പ്രതീകവും വിശ്വസ്തയായ പ്രതിനിധിയുമായി ദൈവം അവളെ കാത്തുപാലിച്ചു. മാത്രമല്ല, മനുഷ്യനായി അവതരിക്കുന്ന ദൈവപുത്രന്റെ അമ്മയും അവനിലൂടെ രൂപം കൊള്ളുന്ന പുതിയ ദൈവജനമായ സഭയുടെ മാതാവും മാതൃകയുമായി നസ്രത്തിൽ നിന്നുള്ള ആ ഗ്രാമീണ കന്യകയെ തിരഞ്ഞെടുത്തു. ഈ തിരഞ്ഞെടുപ്പ് അറിയിക്കാനും അവളുടെ സമ്മതം

ആരായാനും വേണ്ടി അയയ്ക്കപ്പെട്ട ദൈവദൂതന്റെ ആശംസയാണ് അവളെ അസ്വസ്ഥയും പര്യാകുലയുമാക്കിയത്. അത് തികച്ചും സ്വാഭാവികമായിരുന്നു. ദൈവദൂതദർശനം തന്നെ ഭയമുളവാക്കുന്നതാണ് എന്ന് എത്രയോ തവണ ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നു! ദൈവത്തിന്റെ വിശുദ്ധിയിലും മഹത്വത്തിലും പങ്കുചേരുന്നവരാണ് ദൈവദൂതന്മാർ. അവരുടെ ദർശനം ദൈവിക സാന്നിധ്യത്തെ അനുസ്മരിപ്പിക്കുന്നു. കത്തിജ്വലിച്ചിട്ടും എരിഞ്ഞു ചാമ്പലാകാത്ത മുൾപ്പടർപ്പിൽ പ്രത്യക്ഷപ്പെട്ട ദൈവദൂതന്റെ സാമിപ്യത്തിൽ ഭയന്ന് മുഖം മറയ്ക്കുന്ന മോശ (**പുറ.3:2–6**) ഈ അനുഭവത്തിൽ ഒറ്റപ്പെട്ട വ്യക്തിയല്ല. ദൈവിക സാന്നിധ്യത്തിലേക്ക് കടന്നുവരുന്നവരുടെയെല്ലാം അനുഭവം ഇതുതന്നെയാണ് (**പുറ 19:16;ഏശ6:5; എസെ.1:28**). എന്നാൽ ഇവിടെ മറിയത്തെ ഭയപ്പെടുത്തുന്നത് ദൈവദൂതന്റെ സന്നിധ്യത്തേക്കാൾ ഉപരി ദൂതന്റെ അഭിവാദനമാണ്.

"ദൈവകൃപ നിറഞ്ഞവളേ സ്വസ്തി" എന്ന് വിവർത്തന ആശംസയുടെ അർത്ഥം മുഴുവൻ വ്യക്തമാക്കുന്നില്ല. "ദൈവകൃപ നിറഞ്ഞവൾ" എന്ന ബൈബിൾ വിവർത്തനം പ്രാർത്ഥനയിലേക്ക് വന്നപ്പോൾ "നന്മ നിറഞ്ഞവൾ" എന്നായി. രണ്ടും സുവിശേഷ വാക്യത്തിന്റെ ധ്വനി മുഴുവൻ വ്യക്തമാക്കാൻ അപര്യാപ്തമാണ്. 'കയ്രേ കെക്കരിത്തോമെനേ' എന്നാണ് ഗ്രീക്ക് മൂലം. 'കയ്രേ' എന്നാൽ 'സന്തോഷിച്ചാലും' എന്നർത്ഥം. ഇത് ഒരു ആശംസ യാണ്. ദൈവം നല്കുന്ന സന്തോഷമാണിത്. അഥവാ, ദൈവത്തി ന്റെ പ്രത്യേകമായ ഒരു ദാനവും പ്രവൃത്തിയും ശ്രോതാവിൽ ഉളവാക്കേണ്ട ആനന്ദം. ദൈവം നിന്നെ പ്രത്യേകം തിരഞ്ഞെടുത്തിരിക്കുന്നു; തന്റെ സ്നേഹം നിന്റേമേൽ സമൃദ്ധമായി ചൊരിഞ്ഞിരിക്കുന്നു; അതിനാൽ സന്തോഷിക്കുക.

ഈ ആനന്ദത്തിന് നിദാനമായി എടുത്ത് കാട്ടുന്നതാണ് 'കെക്കരിത്തോമെനേ' എന്ന വിശേഷണം. 'കൃപ' എന്നർത്ഥമുള്ള കാരിസ് എന്ന നാമവുമായി ബന്ധപ്പെട്ട ഒരു വിശേഷണമാണിത്. കൃപയ്ക്ക് പാത്രീഭൂതയായവൾ, അഥവാ പ്രത്യേക കൃപ ലഭിച്ചവൾ എന്നാണ് വാച്യാർത്ഥം. ഇത് ഒരു തിരഞ്ഞെടുപ്പിനെയും ഒപ്പം ഒരു ദൗത്യത്തെയും സൂചിപ്പിക്കുന്നു.

ദൈവം ആരെയെങ്കിലും ഒരു പ്രത്യേക ദൗത്യത്തിനായി തിരഞ്ഞെടുക്കുമ്പോൾ അതിന് ആനുപാതികമായ കൃപയും നല്കുന്നു. ദൈവം നല്കുന്ന ദാനങ്ങളുടെയെല്ലാം ആകെ ത്തുകയാണ് കൃപ; അഥവാ എല്ലാ ദാനങ്ങളുടെയും അടിസ്ഥാനവും ഉറവിടവുമാണ് കൃപ. അതുതന്നെയാണ് മറിയത്തിന്റെ അസ്വസ്ഥതയുടെയും ഭയത്തിന്റെയും കാരണം. എന്തൊരു ദൗത്യമാണ് തന്നെ ഏല്പിക്കാൻ പോകുന്നത് എന്ന ചിന്തയായിരിക്കാം "ഈ അഭിവാദനത്തിന്റെ അർത്ഥമെന്ത്" എന്ന് സുവിശേഷകൻ മറിയത്തിന്റെ സ്വഗതമായി രേഖപ്പെടുത്തുന്നത്. ദൗത്യത്തിന്റെ വിശദാംശങ്ങൾ വിവരിക്കുന്നതിനുമുമ്പേ ദൂതൻ വീണ്ടും ഉറപ്പുനല്കുന്നു; **നീ ഭയപ്പെടേണ്ടാ, കാരണം ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു** (ലൂക്കാ 1:30).

"കൃപ കണ്ടെത്തിയിരിക്കുന്നു" എന്ന പ്രഖ്യാപനം മറിയത്തിന്റെ എന്തെങ്കിലും ഒരു പ്രവൃത്തിയെയോ പ്രവൃത്തിയുടെ ഫലത്തെയോ അല്ല സൂചിപ്പിക്കുന്നത്. സെമിറ്റിക് ഭാഷാ ശൈലിയുടെ ഒരു പ്രത്യേകതയാണിത്. ദൈവം നിന്റേമേൽ വലിയ കൃപ ചൊരിഞ്ഞിരിക്കുന്നു. അത് ദൈവത്തിന്റെ സൗജന്യമായ ദാനമാണ്. ഈ അവബോധം ഭയത്തിൽനിന്ന് മോചനം നല്കുന്നു. ദൈവത്തിന്റെ സൗജന്യമായ തിരഞ്ഞെടുപ്പും ദാനവും അതുൾക്കൊള്ളുന്ന ദൗത്യവും എല്ലാം മറിയത്തിന് ആനന്ദത്തിന് നിദാനമാകണം; ഭയം അകറ്റണം.

തുടർന്ന് നല്കുന്ന വിശദീകരണം മറിയം ഏറ്റെടുക്കാൻ പോകുന്ന ദൗത്യത്തിന്റെ പ്രാധാന്യവും അതുൾക്കൊള്ളുന്ന അപകടങ്ങളും സഹനങ്ങളും സംബന്ധിച്ച ചില സൂചനകൾ നല്കുന്നുണ്ട്. അവൾ ദൈവപുത്രന്റെ മാതാവാകണം; രക്ഷകൻ എന്നർത്ഥമുള്ള യേശു എന്ന പേര് അവൾ തന്റെ പുത്രന് നല്കണം. പ്രവചനങ്ങളുടെ മുഴുവൻ പൂർത്തികരണമായിരിക്കും ആ മകൻ. കന്യകയായിരിക്കെത്തന്നെ താൻ ദൈവപുത്രനെ ഗർഭം ധരിക്കും; അത് ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ പ്രത്യേക പ്രവർത്തനഫലമായിരിക്കും എന്നിങ്ങനെ ദൂതൻ നല്കുന്ന വിശദീകരണങ്ങൾ തന്റെ മുമ്പിൽ അവതരിപ്പിച്ചിരിക്കുന്ന ദൗത്യത്തിന്റെ പ്രാധാന്യവും അതിന്റെ പൂർത്തീകരണത്തിനായി നേരിടേണ്ടി വരുന്ന പ്രയാസങ്ങളും സഹനങ്ങളും എത്രയെന്ന ഒരു ഏകദേശ രൂപമെങ്കിലും മറിയത്തിന്

നല്കിയിട്ടുണ്ടാവും. എത്രയോ കഠിനമായിരുന്നു അവൾ നേരിടേണ്ടിവന്ന പരീക്ഷണങ്ങൾ; എത്രയോ ക്രൂരമായിരുന്നു അവൾ കടന്നുപോകേണ്ടിയിരുന്ന പ്രതിസന്ധികൾ, മാനസിക പീഡനങ്ങൾ!

ജോസഫ് എന്നുപേരായ നസ്രത്തിലെ തച്ചനുമായി വിവാഹവാഗ്ദാനം ചെയ്തിരുന്ന കന്യകയാണ് മറിയം. വരനറിയാതെ, താൻ ഗർഭിണിയാവുക എന്നാൽ നേരിടാൻ പോകുന്ന അപകടങ്ങളെക്കുറിച്ച് അജ്ഞയല്ല അവൾ. ഇപ്രകാരം ഒരു സാഹചര്യത്തിൽ എന്താണ് സംഭവിക്കുക എന്ന് നിയമാവർത്തന പുസ്തകത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്: യുവതിയിൽ കന്യാത്വത്തിന്റെ അടയാളം കണ്ടില്ലെങ്കിൽ അവർ ആ യുവതിയെ അവളുടെ പിതൃഭവനത്തിന്റെ വാതിൽക്കൽ കൊണ്ടുപോവുകയും അവളുടെ നഗരത്തിലെ പുരുഷന്മാർ അവളെ കല്ലെറിഞ്ഞ് കൊല്ലുകയും ചെയ്യണം (നിയമാ 22: 20–21). ഇത്തരം മാരകമായ പ്രതിസന്ധിയിലൂടെ ആയിരിക്കും തുടക്കം. തുടർന്ന് അങ്ങോട്ടുള്ള പ്രയാണത്തിൽ എന്തെന്തു ഭീകരതകൾ– അപകടങ്ങൾ! പൂർണ്ണഗർഭിണിയായിരിക്കെ ഏകദേശം 130 കിലോമീറ്റർ അകലെയുള്ള ബത്‌ലേഹമിലേക്കു യാത്ര, പ്രസവിക്കാൻ ഇടം കിട്ടാതെ കന്നുകാലികളുടെ ഗുഹയിൽ അഭയം, ഹൃദയം പിളർക്കുന്ന വാളിനെക്കുറിച്ചുള്ള പ്രവചനം, ശിശുവിന്റെ ജീവൻ രക്ഷിക്കാനായി ഒളിച്ചോട്ടം, അഭയാർത്ഥി ജീവിതം, അവസാനം മത–രാഷ്ട്രീയ കോടതികൾ കുറ്റക്കാരനെന്ന് വിധിച്ച് കുരിശിൽ തറയ്ക്കപ്പെട്ട മകന്റെ കുരിശിൻ ചുവട്ടിൽ– എന്റെ ദൈവമേ, എന്റെ ദൈവമേ എന്തേ എന്നെ കൈ വെടിഞ്ഞു എന്ന മകന്റെ നിലവിളി കേട്ട് നിസ്സഹായയായി നില്ക്കേണ്ടി വരിക – ഇതെല്ലാം ആരംഭത്തിലേ വ്യക്തമായിട്ടില്ലെങ്കിലും ചില സൂചനകൾ ദൈവദൂതസന്ദേശത്തിൽ കാണാം. അതിനാൽത്തന്നെ ‘മറിയമേ നീ ഭയപ്പെടേണ്ടാ” എന്ന ശക്തി പകരുന്ന വചനം ഏറെ പ്രസക്തമാകുന്നു.

മറിയമേ എന്ന അഭിസംബോധനയുടെ സ്ഥാനത്ത് എന്റെ പേര് ചേർത്ത് വായിച്ചാൽ ഈ വചനം എനിക്ക് നല്കുന്ന സന്ദേശമെന്തെന്ന് ഗ്രഹിക്കാൻ സഹായിക്കും. മറിയത്തിനെന്നതുപോലെ ഓരോ മനുഷ്യവ്യക്തിക്കും ദൈവം കൃപ നല്കുന്നുണ്ട്; ഓരോരുത്തരെയും ഏല്പിക്കുന്ന ദൗത്യം പൂർണ്ണമായി നിറവേറ്റാൻ ആവശ്യമായ കൃപ. അതിനാൽ ഭയപ്പെടേണ്ടാ; **“നിനക്ക് എന്റെ കൃപ**

**മതി"** (2 കോറി 12:9) എന്ന ദൈവവചനം പൗലോസ് അപ്പസ്തോലനു മാത്രമല്ല, നമുക്കെല്ലാവർക്കും പ്രസക്തമാണ്. വിളിച്ച് വഴി നടത്തുന്നവൻ ഒരിക്കലും കൈവിടുകയില്ല. ഞാൻ ദൈവത്തിന്റെ കരം പിടിക്കുന്നു എന്നതിനേക്കാൾ ദൈവം എന്റെ കയ്യിൽ പിടിച്ചിരിക്കുന്നു എന്നതാണ് പ്രധാനം. ആ കരത്തിൽ നിന്ന് ആരും എന്നെ പിടിച്ചു മാറ്റില്ല; കുതറി മാറാൻ ഞാൻ ശ്രമിക്കരുത്. അതിനാൽ ധൈര്യമായിരിക്കുക; "ഭയപ്പെടേണ്ട, ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു."





***അവർ അവനെ നിർബന്ധിച്ചു കൊണ്ട് പറഞ്ഞു: ഞങ്ങളോടുകൂടെ താമസിക്കുക. നേരം വൈകുന്നു. പകൽ അസ്തമിക്കാറായി. അവൻ അവരോടുകൂടെ താമസിക്കാൻ കയറി. അവരോടൊപ്പം ഭക്ഷണത്തിനിരുന്നപ്പോൾ അവൻ അപ്പം എടുത്ത് ആശീർവ്വദിച്ച് മുറിച്ച് അവർക്കു കൊടുത്തു. അപ്പോൾ അവരുടെ കണ്ണുകൾ തുറക്കപ്പെട്ടു. അവർ അവനെ തിരിച്ചറിഞ്ഞു***

*(ലൂക്കാ 24:29-31).*

# 24

# എമ്മാവൂസ്

നിരാശരായിരുന്നു അവർ; ഭയചകിതരും. എല്ലാം നഷ്ടപ്പെട്ടവർ. പടുത്തുയർത്തിയ ആകാശക്കോട്ടകൾ ചീട്ടുകൊട്ടാരംപോലെ തകർന്നടിഞ്ഞു. പ്രതീക്ഷകൾ എല്ലാം അസ്തമിച്ചു; അല്ല, തല്ലിത്തകർക്കപ്പെട്ടു. ഗാഗുൽത്തായിലെ കുരിശിൽ എരിഞ്ഞടങ്ങിയത് അവരുടെ സ്വപ്നങ്ങളായിരുന്നു. റോമാക്കാരുടെ ക്രൂരമായ അടിമത്തത്തിൽ കഴിയുന്ന, നൂറ്റാണ്ടുകളായി സ്വാതന്ത്ര്യം നഷ്ടപ്പെട്ട ഒരു ജനതയുടെ സമ്പൂർണ്ണവിമോചനമായിരുന്നു അവർ സ്വപ്നം കണ്ടത്. നസ്രത്തിൽ നിന്നുവന്ന ആ തച്ചൻ സ്വപ്നങ്ങൾക്ക് ചിറകുകൾ നല്കി. ദാവീദിന്റെ രാജ്യം പുനഃസ്ഥാപിക്കപ്പെടാൻ പോകുന്നു എന്ന തോന്നൽ ശക്തിപ്പെട്ടു. ഓശാന വിളികൾക്ക് മദ്ധ്യേ കഴുതപ്പുറത്ത് ജെറുസലേമിലേക്ക് പ്രവേശിച്ചപ്പോൾ അവൻ തന്നെയാണ് പ്രവാചകന്മാർ സ്വപ്നം കണ്ടതും തങ്ങൾ നൂറ്റാണ്ടുകളായി കാത്തി

രുന്നവനുമായ ദാവീദിന്റെ പുത്രൻ എന്ന് ഉറച്ചുവിശ്വസിച്ചു. അവൻ അത് തിരുത്തിയില്ല. പ്രോത്സാഹിപ്പിച്ചതേയുള്ളൂ. എന്നിട്ട്?

എത്ര പെട്ടെന്നാണ് എല്ലാം തകർന്നടിഞ്ഞത്! വിജയശ്രീലാളിതനായ രാജാവിനെപ്പോലെ പട്ടണത്തിൽ പ്രവേശിച്ചവനെ നാലു നാൾ കഴിഞ്ഞപ്പോൾ കലാപകാരിയായ അടിമയെപ്പോലെ, ചുമലിൽ കുരിശും ചുമത്തി. അവൻ കടന്നുവന്ന അതേ വഴികളിലൂടെ പുറത്തേക്ക് നയിച്ചു. തലയോടിടം എന്നർത്ഥമുള്ള ഗോൽഗൊഥായിൽ ഉയർത്തി നാട്ടിയ കുരിശിൽകിടന്ന് “എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തേ നീ എന്നെ കൈവിട്ടു?” എന്നു നിലവിളിച്ചുകൊണ്ട് അവൻ ജീവൻ വെടിഞ്ഞപ്പോൾ ഒരു യുഗം അസ്തമിക്കുകയായിരുന്നു. ഒപ്പം തങ്ങളുടെ പ്രതീക്ഷകളും. നട്ടുച്ചയ്ക്ക് സൂര്യൻ ഇരുണ്ടു. ദൈവം അയച്ച ജീവന്റെ പ്രകാശം കുത്തിക്കെടുത്തിയ മനുഷ്യൻ അന്ധകാരത്തിൽ അമർന്നു. പ്രതീക്ഷകൾ അസ്തമിക്കുക മാത്രമല്ല, തങ്ങളുടെ ജീവനും അപകടത്തിലാണെന്ന് യേശുശിഷ്യർ തിരിച്ചറിഞ്ഞു.

കലാപകാരിയായി മുദ്രകുത്തി കുരിശിൽ തറച്ചു കൊല്ലപ്പെട്ടവന്റെ അനുയായികൾക്കുവേണ്ടി പട്ടാളം വേട്ട തുടങ്ങും. ഇനി എവിടെ പോയി ഒളിക്കും? അല്ല എന്തിന് ഒളിക്കണം? ജീവന്റെ തന്നെ അർത്ഥം നഷ്ടപ്പെട്ടു; ജീവിക്കാനുള്ള ആഗ്രഹവും ! ജറുസലെമിൽനിന്ന് ഏകദേശം പതിനൊന്നു കിലോമീറ്റർ (അതാണ് അറുപത് സ്താദിയോൺ) അകലെയുള്ള എമ്മാവൂസിലേക്കുപോയ ആ രണ്ട് ശിഷ്യന്മാരുടെ മാനസികാവസ്ഥ ഏതാണ്ട് ഇങ്ങനെയാണ് സുവിശേഷകനായ ലൂക്കാ ചിത്രീകരിക്കുന്നത്. തമ്മിൽത്തമ്മിൽ വാദിച്ചും തർക്കിച്ചും സാവകാശം നടന്ന അവരുടെ മ്ലാനമായ മുഖം ഉള്ളിൽ നിറഞ്ഞുകവിയുന്ന ദുഃഖത്തിന്റെയും ഭയത്തിന്റെയും കണ്ണാടിയായിരുന്നു. അവരുടെ അടുക്കലേക്കാണ് ഒരു അപരിചിതനെപ്പോലെ യേശു കടന്നുവന്നത്.

കൂടെ നടക്കുന്ന അപരിചിതനെ തിരിച്ചറിയാൻ കഴിയാത്ത വിധം അവരുടെ കണ്ണുകൾ മൂടപ്പെട്ടിരുന്നു. സാവകാശമാണ് യേശു അവരുടെ ഹൃദയത്തിനുള്ളിലേക്ക് കടന്നത്. അപരിചിതനെപ്പോലെ ഒരു ചോദ്യം; എന്തിനെക്കുറിച്ചാണ് നിങ്ങൾ ഇത്ര ഗൗരവമായി

സംസാരിക്കുന്നത്? അടക്കിവച്ചിരുന്ന ദുഃഖത്തിന്റെ കയ്പ്പുനീർ ഹൃദയത്തിന്റെ വക്കുപൊട്ടി പുറത്തേക്കൊഴുകാൻ നിമിത്തമായി ഈ ചോദ്യം. എല്ലാം അവർ പങ്കുവച്ചു, തുറന്നുപറഞ്ഞു. തങ്ങളുടെ പ്രതീക്ഷകൾ, സ്വപ്നങ്ങൾ, മോഹങ്ങൾ, തുടർന്ന് ആശംഭംഗങ്ങൾ, നിരാശകൾ, ദുഃഖങ്ങൾ, ഭയങ്ങൾ. ആരോടെന്നറിയാതെ, എന്തെന്ന റിയാതെ എല്ലാം അവർ നിരത്തി വച്ചു. തങ്ങളുടേതായ പ്രത്യേകം ഒരു കാഴ്ചപ്പാടിലൂടെയാണ് അവർ സംഭവങ്ങളെല്ലാം കണ്ടതും വിശദീകരിച്ചതും വിലയിരുത്തിയതും. അതല്ലേ അവർക്കു കഴിയൂ! കൂടെ നടന്ന അപരിചിതൻ എല്ലാം ക്ഷമയോടെ കേട്ടു. ഉള്ളിലുണ്ടാ യിരുന്നത് മുഴുവൻ പറയാൻ അവരെ പ്രോത്സാഹിപ്പിച്ചു. എല്ലാം പറഞ്ഞുതീർന്ന് ശാന്തമായപ്പോഴാണ് അപരിചിതന്റെ മറുചോദ്യം.

"ക്രിസ്തു ഇതെല്ലാം സഹിച്ച് മഹത്വത്തിലേക്ക് പ്രവേശിക്കേ ണ്ടിയിരുന്നില്ലേ?" (ലൂക്കാ 24:26). രണ്ടു വിശേഷണങ്ങളാണ് ആ അപരിചിതൻ അവർക്ക് നല്കിയത്: "ഭോഷന്മാർ, പ്രവാചകന്മാർ പറഞ്ഞിട്ടുള്ളത് വിശ്വസിക്കാൻ കഴിയാത്തവിധം ഹൃദയം മന്ദീഭവി ച്ചവർ". തുടർന്ന് വന്നത് ലളിതമായ പ്രബോധനമാണ്. അവരെ മഥി ച്ചിരുന്ന ദുഃഖത്തിന്റെയും നിരാശയുടെയും വേരുകൾ പിഴുതുകള യുന്ന വ്യാഖ്യാനം. നസ്രായനായ യേശുവിൽ സംഭവിച്ചതൊന്നും ആകസ്മികമായിരുന്നില്ല. എല്ലാം പ്രവാചകന്മാർവഴി ദൈവം മുൻ കൂട്ടി അറിയിച്ചിരുന്നതാണ്. തല തകർക്കുന്നവന്റെ കുതികാലിൽ സർപ്പം ഏൽപ്പിക്കുന്ന പരിക്കുമുതൽ എത്രയെത്ര പ്രതീകങ്ങൾ, മുന്നറിയിപ്പുകൾ. യേശുവിൽ നിറവേറിയത് ദൈവത്തിന്റെ രക്ഷാകര പദ്ധതിയായിരുന്നു. എന്നാൽ ഇതൊന്നും അവസാനമല്ല, പുതു യുഗത്തിന്റെ തുടക്കമാണെന്ന് അവർ തിരിച്ചറിയണം.

അവൻ വ്യാഖ്യാനിച്ചുകൊടുത്തപ്പോൾ പ്രവചനങ്ങൾ നിറ വേറുന്നത് കൺമുന്നിൽ കാണാൻ അവർക്കു കഴിഞ്ഞു. അവരുടെ കണ്ണുകൾ തുറന്നു, അഥവാ ഒരു പുതിയ കാഴ്ചയും കാഴ്ചപ്പാടും അവർക്കു ലഭിച്ചു. ആ പുതിയ വെളിച്ചത്തിൽ എല്ലാം വ്യക്തമായി അവർ കണ്ടു. ബലിവിറകുമായി മലകയറിയ ഇസഹാക്കിൽ (ഉത്പ.22) കുരിശുമായി ഗോൽഗൊഥാ കയറിയ യേശുവിനെ അവർ കണ്ടു. ഈജിപ്തിൽവച്ച് സംഹാരദൂതനിൽനിന്ന് രക്ഷ നല്കിയ

പെസഹാക്കുഞ്ഞാടിലും (പുറ.12) പാപപരിഹാരദിനത്തിൽ ജനത്തിന്റെ മുഴുവൻ പാപവും പേറി മരുഭൂമിയിലേക്ക് പോകുന്ന ബലിയാടിലും (16:7-10) സർവ്വോപരി ജനത്തിന്റെ പാപം ഏറ്റെടുത്ത് സ്വജീവൻ പരിഹാര ബലിയായി അർപ്പിക്കുന്ന സഹനദാസനിലും (ഏശ.52: 13-53:12). യേശുവിന്റെ നിഴൽവീഴുന്നത് അവർ കണ്ടു. എന്തേ എന്നെ ഉപേക്ഷിച്ചു എന്ന് നിലവിളിക്കുന്ന സങ്കീർത്തകനിൽ (സങ്കീ. 22) കുരിശിൽ നിന്നുയർന്ന നിലവിളിയുടെ പ്രതിധ്വനി അവർ കേട്ടു. ഒന്നും യാദൃശ്ചികമായിരുന്നില്ല എന്നവർ തിരിച്ചറിഞ്ഞു.

സമയം പോയതറിഞ്ഞില്ല; ദൂരം പിന്നിട്ടതും. പെട്ടെന്നാണ് സ്ഥലകാലബോധമുണ്ടായത്. സന്ധ്യയാവുന്നു. ചക്രവാളങ്ങളിൽ ഇരുൾ പരക്കുന്നു. തങ്ങളുടെ ഉള്ളിൽനിന്ന് സാവധാനം അകലുന്ന ഇരുട്ട് പ്രപഞ്ചത്തിൽ മുഴുവൻ വ്യാപിക്കുന്നതായി അവർ കണ്ടു. ഒപ്പം തങ്ങൾ ലക്ഷ്യസ്ഥാനത്തെത്തിയിരിക്കുന്നുവെന്നും. വീടടുത്തു, ഇനി? അപരിചിതൻ യാത്ര തുടരുകയാണെന്നു തോന്നി. എങ്ങോട്ട്? ഈ ഗ്രാമം വിട്ടാൽ പിന്നെ രാത്രിയിൽ വിശ്രമിക്കാൻ അടുത്തെങ്ങും വേറൊരു ഗ്രാമമില്ല. ഈ വഴിപോക്കൻ എങ്ങോട്ടു പോകും? പിന്നെ മറ്റൊന്നും ചിന്തിച്ചില്ല. ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നാണ് ആ ക്ഷണം ഉയർന്നത്: ഞങ്ങളോടുകൂടെ വസിക്കുക".

ഇപ്രകാരമൊരു ക്ഷണത്തിന് അവരെ പ്രേരിപ്പിച്ച ചേതോവികാരം എന്തെന്ന് ബൈബിൾ വ്യാഖ്യാതാക്കൾക്കു തർക്കിക്കാം. അവന്റെ വാക്കുകൾ നല്കിയ ആശ്വാസവും സന്തോഷവും അവാച്യമായ സമാധാനവും ഇനിയും കേൾക്കാൻ പ്രേരിപ്പിച്ചതിനാലാണ് അവർ ക്ഷണിക്കുന്നതെന്ന് ഒരു മതം. "നാഥാ കൂടെ വസിച്ചാലും". ഇതൊരപേക്ഷയാണ്; അല്ല ഹൃദയത്തിന്റെ അടിത്തട്ടിൽ വരുന്ന ഒരു നെടുവീർപ്പാണ്. സമയം സന്ധ്യയാകുന്നു; ചുറ്റിലും ഇരുൾ പടരുന്നു, ഉള്ളിലും. അതിനാൽ ഇരുളകറ്റുന്ന പ്രകാശമായി, ദുഃഖം മാറ്റുന്ന സാന്ത്വനമായി, ധൈര്യം പകരുന്ന കരുത്തും പ്രത്യാശയുമായി കൂടെ വസിക്കണമേ! ഞങ്ങളെ തനിയേ വിട്ടുപോകരുതേ. നീ കൂടെയുള്ളപ്പോൾ ഞങ്ങൾക്കു ഭയമില്ല; ദുഃഖവുമില്ല. നിന്റെ കൂടെ നടന്നപ്പോൾ ഞങ്ങൾ ഞങ്ങളെത്തന്നെ മറന്നു. ഈ സാന്നിദ്ധ്യം എപ്പോഴും കൂടെയുണ്ടായിരിക്കണം. ഇതാവാം കൂടെ

വസിക്കാൻ ക്ഷണി ക്കുന്നതിന്റെ കാരണം. എന്നാൽ ഇതുമാത്രമല്ല.

അപരിചിതൻ ഈ രാത്രിയിൽ തനിച്ച് എങ്ങോട്ടുപോകും? അടുത്തെങ്ങും വേറെ വീടില്ല; ആൾത്താമസമില്ല. ഇരുൾ നിറഞ്ഞ വഴിയിലൂടെ അയാൾക്ക് എങ്ങോട്ടാണ് പോകാൻ കഴിയുക? ഇരുട്ടിൽ എന്തു സംഭവിക്കും? എവിടെ അയാൾക്ക് വിശ്രമസങ്കേതം കിട്ടും? ഭക്ഷണം ആരു കൊടുക്കും? ഇല്ല, ഈ അപരിചിതനെ ഇങ്ങനെ രാത്രിയിൽ വഴിയിൽ ഉപേക്ഷിക്കാൻ പാടില്ല. ഒന്നേ ചെയ്യേണ്ടതുള്ളൂ. അയാളെ സ്വന്തം വീട്ടിലേക്ക് സ്വീകരിക്കുക; ഭക്ഷണം പങ്കുവയ്ക്കുക. വിശ്രമിക്കാൻ ഇടം കൊടുക്കുക. നേരം വെളുക്കുമ്പോൾ യാത്ര തുടർന്നു കൊള്ളട്ടെ! ഇതും ക്ഷണിക്കാൻ പ്രേരിപ്പിച്ച കാരണമാകാം.

ഈ രണ്ടു സാധ്യതകളിൽ ഒന്നുമാത്രം തിരഞ്ഞെടുക്കണമെന്നില്ല. രണ്ടുമാകാം. എന്തിനുവേണ്ടിയാണ് സുവിശേഷകൻ ലൂക്കാ ഈ സംഭവം ഇത്ര മനോഹരമായി വിവരിച്ചത് എന്ന ചോദ്യം കൂടുതൽ പ്രസക്തമാണ്. എന്ത് സന്ദേശമാണ് ഇതിൽനിന്ന് ലഭിക്കുന്നത് എന്ന ചിന്തയാണ് പരമപ്രധാനം. തുടർന്നു നല്കുന്ന വിവരണം അതിനുള്ള ഉത്തരമാണ്. ക്ഷണം സ്വീകരിച്ച്, കൂടെ വസിക്കാൻ വീട്ടിൽ പ്രവേശിച്ച അപരിചിതൻ, വിരുന്നുകാരനെപ്പോലെയല്ല ആതിഥേയനായ ഗൃഹനാഥനെപ്പോലെയാണ് പ്രവർത്തിക്കുന്നത്. അവൻ അപ്പമെടുത്ത് ആശീർവ്വദിച്ച് മുറിച്ച് അവർക്ക് കൊടുത്തു. അപ്പോഴാണ് അവരുടെ കണ്ണിനെ മൂടിയിരുന്ന തിമിരം അകന്നത്. അവർക്ക് കാഴ്ച തെളിഞ്ഞു, അവർ അവനെ തിരിച്ചറിഞ്ഞു. ആ നിമിഷം അവൻ അപ്രത്യക്ഷനായി (ലൂക്കാ 24:30–31).

അപ്പം മുറിക്കലിലാണ് അവർ ഗുരുവിനെ തിരിച്ചറിഞ്ഞത്. ആ തിരിച്ചറിവിലേക്ക് നയിക്കുന്നതായിരുന്നു വഴിയിൽവച്ച് അവൻ നല്കിയ തിരുവചനവ്യാഖ്യാനം. അർത്ഥമറിയാതെ വായിച്ചുപോയിരുന്ന തിരുവചനങ്ങളുടെ പൊരുൾ തിരിച്ചറിഞ്ഞത് അപ്പം മുറിക്കലിലാണ്. ആ തിരിച്ചറിവിന് ഒരു കണ്ണുതുറക്കൽ ആവശ്യമായിരുന്നു. തങ്ങളുടെതന്നെ ദുഃഖങ്ങളിലും മോഹഭംഗങ്ങളിലും ഭയങ്ങളിലും ആണ്ടുപോയവർക്ക് വചനങ്ങളുടെ പൊരുളറിയാനോ കൂടെ നടക്കുന്ന ഗുരുനാഥനെ തിരിച്ചറിയാനോ കഴിഞ്ഞില്ല. എന്നാൽ

ഗുരുനാഥന്റെ സാന്നിധ്യം തിരിച്ചറിഞ്ഞ നിമിഷത്തിൽ മറ്റൊന്നുകൂടി അവർ അറിഞ്ഞു. **അവൻ വിശുദ്ധലിഖിതം വിശദീകരിച്ചുകൊണ്ട് നമ്മോട് സംസാരിച്ചപ്പോൾ നമ്മുടെ ഹൃദയം ജ്വലിച്ചിരുന്നില്ലേ?** (ലൂക്കാ 24:32).

ഈ അനുഭവം രണ്ടായിരം വർഷംമുമ്പ് എമ്മാവൂസിലേക്ക് പോയ ആ രണ്ട് ശിഷ്യന്മാർക്ക് മാത്രമുണ്ടായ ഒരനുഭവമായി ചുരുക്കരുത്. ഇന്നും, എന്നും എല്ലാവർക്കും ഉണ്ടാകണം എന്ന് ദൈവം ആഗ്രഹിക്കുന്നതാണ് ഈ ക്രിസ്ത്യനുഭവം. അതിന്റെ കേന്ദ്രമാണല്ലോ വിശുദ്ധ കുർബാന. അപ്പംമുറിക്കൽ എന്നാണ് ആദിമക്രൈസ്തവർ അതിനെ വിശേഷിപ്പിക്കുന്നത്. വചനം മുറിച്ച് പങ്കുവച്ചതിനുശേഷമാണ് അപ്പം മുറിച്ചിരുന്നത്. ഇത് രണ്ടും ഒരുമിച്ചുപോകുന്നു, പോകണം. അതുകൊണ്ടാണല്ലോ വിശുദ്ധ കുർബാനയെക്കുറിച്ച് വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ എഴുതിയ അപ്പസ്തോലിക ലേഖനത്തിന് 'മാനെ നൊബിസ്കും ദോമിനെ' (കർത്താവേ കൂടെ വസിക്കണമേ) എന്ന പേര് കൊടുത്തത്.

ക്ഷണം അവൻ സ്വീകരിക്കും, സംശയം വേണ്ടാ. അവൻ കൂടെ നടക്കുമ്പോൾ ക്ഷീണം അറിയില്ല; അവൻ കൂടെ വസിക്കുമ്പോൾ ഭയമകലും. ഹൃദയം ജ്വലിക്കും. ജീവിതത്തിന് അർത്ഥവും ലക്ഷ്യവുമുണ്ടെന്ന് തിരിച്ചറിയും. സംഭവിച്ചതൊന്നും യാദൃശ്ചികമായിരുന്നില്ല. എല്ലാം ദൈവം അറിഞ്ഞ്, അനുവദിച്ചതുകൊണ്ടു മാത്രം സംഭവിച്ചതാണ്. ഇനി ഒന്നേ ചെയ്യേണ്ടൂ. അവന്റെ വചനത്തിന് ഹൃദയം തുറക്കുക. കണ്ണും കാതും തുറന്നുതരണമേ എന്ന് പ്രാർത്ഥിക്കുക. അവനെ ഹൃദയത്തിലേക്ക് ക്ഷണിക്കുക. അപരിചിതനെ വീട്ടിൽ സ്വീകരിക്കാൻ തയ്യാറായപ്പോഴാണ് അവർക്ക് യേശുവിനെ അതിഥിയായി ലഭിച്ചത്. അവൻ അപ്പം മുറിച്ചുകൊടുത്തപ്പോഴാണ് അവരുടെ കണ്ണ് തുറന്നത് എന്ന് മറക്കാതിരിക്കാം. വി. കുർബ്ബാനയിലൂടെ അവൻ നമ്മുടെ മദ്ധ്യേ വസിക്കുന്നു; ഹൃദയത്തിലേക്ക് വരുന്നു. ഇനി നാം ഏകരല്ല; അനാഥരുമല്ല. 'നാഥാ കൂടെ വസിച്ചാലും' എന്ന പ്രാർത്ഥന സഫലമാകുന്ന ഇടമാണ് എമ്മാവൂസ്. 'ചൂടുറവ' എന്നാണ് പേരിനർത്ഥം തണുത്തുറഞ്ഞ ഹൃദയത്തെ അത് ചൂടുപിടിപ്പിക്കും. അതാണ് വചനം; അതാണ് കുർബ്ബാന.



***എന്റെ പിതാവിന്റെ വാഗ്ദാനം നിങ്ങളുടെമേൽ ഞാൻ അയയ്ക്കുന്നു. ഉന്നതത്തിൽനിന്ന് ശക്തി ധരിക്കുന്നതുവരെ നഗരത്തിൽത്തന്നെ വസിക്കുവിൻ*** *(ലൂക്കാ 24:49).*

# 25

# ഉന്നതത്തിൽ നിന്ന് ശക്തി

എത്ര പെട്ടെന്നാണ് ദിവസങ്ങൾ കടന്നുപോയത്! ഉത്ഥിതനായ നാഥനെ ആദ്യമായി കണ്ടുമുട്ടിയിട്ട് നാല്പത് ദിനരാത്രങ്ങൾ കഴിഞ്ഞു എന്ന് വിശ്വസിക്കാനായില്ല. അവൻ കൂടെ നടന്നപ്പോൾ മണിക്കൂറുകളും ദിവസങ്ങളും കടന്നുപോയതറിഞ്ഞില്ല. അപ്പോൾ ഹൃദയം ഭയമറിഞ്ഞില്ല; ശരീരം ക്ഷീണവും. എല്ലാം എത്ര മനോഹര മായിരുന്നു! ഇപ്പോൾ ഇതാ നാഥൻ വീണ്ടും തങ്ങളെ വിട്ടുപിരിയാൻ പോകുന്നു എന്ന തിരിച്ചറിവ് അവരെ വീണ്ടും ഭയത്തിലാഴ്ത്തി. വിരഹദുഃഖം അവരുടെ മിഴികളിൽ തെളിഞ്ഞു. അപ്പോഴാണ് വീണ്ടും ഒരു വാഗ്ദാനവും ഒപ്പം ഒരു നിർദ്ദേശവും.

പിതാവിന്റെ വാഗ്ദാനം എന്ന് വിശേഷിപ്പിക്കുന്നത് സഹായ കനായ പരിശുദ്ധാത്മാവിനെയാണ്. ആത്മാവ് വരും, ശക്തിയും ചൈതന്യവുമായി, പ്രകാശവും ഉൾക്കാഴ്ചയുമായി; ദുഃഖമകറ്റുന്ന

സാന്ത്വനമായി; ധൈര്യം പകരുന്ന സാന്നിധ്യമായി. അതിനുവേണ്ടി അവർ കാത്തിരിക്കണം. ദൂരവും കാലവും ഒരു ദൂരദർശിനിയിലൂടെയെന്നവണ്ണം ഒതുക്കിപ്പറയുക ലൂക്കായുടെ രചനയുടെ ഒരു സവിശേഷതയാണ്. സുവിശേഷത്തിലെ വിവരണങ്ങൾ വായിച്ചാൽ തോന്നും ഉത്ഥിതനെ ആദ്യം കണ്ട അന്നുതന്നെയാണ് സ്വർഗ്ഗാരോഹണം സംഭവിച്ചതെന്ന്. എന്നാൽ അപ്പസ്തോലപ്രവർത്തനങ്ങളിലെ വിവരണപ്രകാരം ഉത്ഥാനം കഴിഞ്ഞ് നാല്പതുദിവസം യേശു അവർക്ക് പലപ്പോഴായി പ്രത്യക്ഷപ്പെടുകയും ആവശ്യമായ പ്രബോധനങ്ങളും നിർദ്ദേശങ്ങളും നല്കുകയും ചെയ്തതിനുശേഷമാണ് സ്വർഗ്ഗാരോഹണം ചെയ്തത് (അപ്പ. 1:3). ആ നിർദ്ദേശങ്ങളിൽ ഒന്നായിരുന്നു അവർ ജറുസലെമിൽത്തന്നെ കഴിയണം എന്നത്.

എന്നാൽ, ജെറുസലെമിലെ അവരുടെ വാസത്തിന് ഒരു പരിധിയുണ്ടായിരുന്നു; സുപ്രധാനമായ ഒരു ലക്ഷ്യവും. **എന്നിൽ നിന്നു നിങ്ങൾകേട്ട പിതാവിന്റെ വാഗ്ദാനം കാത്തിരിക്കുവിൻ** (അപ്പ. 1:4). ജറുസലേം ഒരു സ്ഥിരവാസസ്ഥലമല്ല; കാത്തിരിപ്പിന്റെയും കണ്ടുമുട്ടലിന്റെയും സ്ഥലമാണ്. സുവിശേഷത്തിന്റെ അവതരണത്തിൽ യേശുവിന്റെ യാത്രയുടെ ലക്ഷ്യമായിരുന്നു ജെറുസലേം. എന്നാൽ അപ്പസ്തോലപ്രവർ ത്തനങ്ങളിൽ പുതിയ തുടക്കത്തിന്റെ സ്ഥലമാണ് ജെറുസലേം. അവിടെനിന്ന് തുടങ്ങി യൂദയായും സമറിയായും കടന്ന് ലോകാതിർത്തികൾവരെ സുവിശേഷവുമായി ശിഷ്യന്മാർ പോകണം. ആകാംഷയോടെ, ദാഹത്തോടെ സുവിശേഷം സ്വീകരിക്കാൻ സന്നദ്ധമായ ഒരു ലോകത്തിലേക്കല്ല നാഥൻ അവരെ അയയ്ക്കുന്നത്. ഗുരുവിന് ലഭിച്ചതിനേക്കാൾ ഒട്ടും മെച്ചമായിരിക്കുകയില്ല ലോകം അവർക്കു നല്കുന്ന സ്വീകരണം. എതിർപ്പും അവഹേളനവും തിരസ്ക്കരണവും പീഡനവും, പോരാ ക്രൂരമായ മരണം തന്നെയും അവർ ഏറ്റുവാങ്ങേണ്ടിവരും.

ആഗോള സുവിശേഷവൽക്കരണത്തിന്റെ ഒരു രൂപരേഖ വരച്ചുകാട്ടുമ്പോൾ അതിന് അവരെ പ്രാപ്തരാക്കുന്ന ശക്തികേന്ദ്രം എന്തായിരിക്കുമെന്നും ഗുരുനാഥൻ വ്യക്തമാക്കുന്നുണ്ട്: **പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും. ജറുസലേമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾവരെയും നിങ്ങൾ എനിക്കു സാക്ഷികളാ**

**യിരിക്കുകയും ചെയ്യും** (അപ്പ.1:8). ശിഷ്യന്മാർക്ക് ഉൽക്കണ്ഠ ഏറെയുണ്ട്. ഭാവിയെ സംബന്ധിച്ച അവരുടെ സ്വപ്നങ്ങൾ യേശുവിന്റേതിനോട് ഇനിയും പൂർണ്ണമായും അനുരൂപപ്പെട്ടില്ല. നഷ്ടബോധവും ഭയവും അവരെ വിട്ടുമാറിയിട്ടുമില്ല. ഇസ്രായേലിന് രാജ്യം പുനഃസ്ഥാപിച്ചുകിട്ടുന്നത് ഇപ്പോൾത്തന്നെ ആയിരിക്കും എന്ന് കരുതാനും അവർക്ക് കഴിഞ്ഞു. ഗലീലിയിൽനിന്ന് ജറുസലെമിലേക്ക് വരുന്ന വഴിയിൽ അവർ കണ്ട ദാവീദിന്റെ സാമ്രാജ്യത്തെ ചുറ്റിപ്പറ്റിയ സ്വപ്നങ്ങളും തങ്ങൾക്ക് ലഭിക്കാവുന്ന അധികാരസ്ഥാനങ്ങളെക്കുറിച്ചുള്ള മോഹങ്ങളും വീണ്ടും ചിറകു വിടർത്താൻ തുടങ്ങുമ്പോഴാണ് നാഥന്റെ ശക്തമായ താക്കീതും തുടർന്നുള്ള നിർദ്ദേശങ്ങളും.

പിതാവ് നിശ്ചയിച്ചിരിക്കുന്ന സമയവും കാലവും അന്വേ ഷിച്ചു പോകേണ്ടതില്ല. ദൈവം രഹസ്യമായി വച്ചിരിക്കുന്ന കാര്യങ്ങൾ രഹസ്യമായിത്തന്നെ ഇരിക്കട്ടെ. ശിഷ്യർ ചെയ്യേണ്ടത് ഒന്നേ ഉള്ളൂ. യേശുവിന് സാക്ഷികളാകുക. ആ സാക്ഷ്യം ലോകം മുഴുവൻ എത്തിക്കുക. ലോകം സ്വീകരിച്ചാലും തിരസ്കരിച്ചാലും യേശുവിന് സാക്ഷ്യം വഹിക്കുക– അതാണ്, അത് മാത്രമാണ് ശിഷ്യർക്ക് നാഥൻ നല്കുന്ന ഉത്തരവാദിത്വം. കാര്യമായ വിദ്യാഭ്യാസമോ, സാമ്പത്തിക – രാഷ്ട്രീയ ശക്തിയോ സ്വാധീനമോ ഒന്നുമില്ലാത്ത, ഗലീലിയിൽനിന്നുള്ള ആ ഗ്രാമീണർ എപ്രകാരമാണ് ഇത്ര വിശാലവും ക്ലേശപൂർണ്ണവും അപകടകരവുമായ ഒരു ദൗത്യം നിർവ്വഹിക്കുക? അവരുടെ ഉള്ളിൽ ഉയർന്ന ഈ ചോദ്യത്തിനുള്ള ഉത്തരമാണ് 'ഉന്നതത്തിൽനിന്നുള്ള ശക്തി".

സുവിശേഷ പ്രഘോഷണ ദൗത്യത്തിൽ ശിഷ്യരെ നയിക്കുന്നതും സഹായിക്കുന്നതും ഏതെങ്കിലും ഭൗതിക സംവിധാനങ്ങളോ ശക്തിസ്രോതസുകളോ ആയിരിക്കുകയില്ല. കേട്ടതു മുഴുവൻ അവർ അപ്പോൾ ഗ്രഹിച്ചോ എന്നു സംശയിക്കണം. എന്നാൽ അവർ ഒന്നു ചെയ്തു. ഗുരുനാഥന്റെ നിർദ്ദേശപ്രകാരം അവർ തീക്ഷ്ണമായ പ്രാർത്ഥനയിൽ മുഴുകി, കാത്തിരുന്നു – എത്രനാൾ എന്നറിയാതെ. യേശുവിന്റെ അമ്മ അവർക്കു മദ്ധ്യേ ഉണ്ടായിരുന്നു, തുണയായി, പ്രചോദനമായി. അപ്പസ്തോലന്മാർ പതിനൊന്നുപേർ **ഏകമനസ്സോടെ യേശുവിന്റെ അമ്മയായ മറിയത്തോടും മറ്റു സ്ത്രീക**

**ളോടും അവന്റെ സഹോദരരോടുമൊപ്പം പ്രാർത്ഥനയിൽ മുഴുകിയിരുന്നു** (അപ്പ.1:14).

പെട്ടെന്നാണത് സംഭവിച്ചത്. **കൊടുങ്കാറ്റടിക്കുന്നതുപോലുള്ള ഒരു ശബ്ദം പെട്ടെന്ന് ആകാശത്തുനിന്നുണ്ടായി. അത് അവർ സമ്മേളിച്ചിരുന്ന വീടുമുഴുവൻ നിറഞ്ഞു. അഗ്നിജ്വാലകൾ പോലുള്ള നാവുകൾ തങ്ങൾ ഓരോരുത്തരുടെയുംമേൽ വന്നുനിൽക്കുന്നതായി അവർ കണ്ടു. അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു. ആത്മാവ് കൊടുത്ത ഭാഷണവരമനുസരിച്ച് അവർ വിവിധ ഭാഷകളിൽ സംസാരിക്കാൻ തുടങ്ങി** (അപ്പ 2:2-4). പിതാവിന്റെ വാഗ്ദാനം എന്തെന്ന് അപ്പോൾ അവർ അനുഭവിച്ചറിഞ്ഞു. ഹോറെബിലെ ഗുഹയിൽ ഒളിച്ചിരുന്ന ഏലിയാ കേട്ട മൃദുസ്വരമല്ല ഇവിടെ; സകല പ്രതിബന്ധങ്ങളെയും തല്ലിത്തകർത്തു മുന്നേറുന്ന കൊടുങ്കാറ്റിന്റെ ശക്തിയാണ് അവർക്ക് ചുറ്റും ഇരമ്പിയത്, വീടിനെ പ്രകമ്പനം കൊള്ളിച്ചത്. സകല കറകളും ഉരുക്കി നീക്കുന്ന അഗ്നിജ്വാലകൾ അവരുടെ ഉള്ളിൽ നിറഞ്ഞു. തീനാവുകളുടെ രൂപത്തിൽ ഉന്നതത്തിൽ നിന്നു വന്ന ശക്തി അവരുടെ നാവിന്റെ കെട്ടഴിച്ചു; ഹൃദയത്തെ മഥിച്ചിരുന്ന ഭയത്തിന്റെ മഞ്ഞുമലയുരുക്കി. ഒറ്റ നിമിഷംകൊണ്ട് അവർ പുതിയ മനുഷ്യരായി.

ബാഹ്യസാഹചര്യങ്ങളിൽ ഒരു മാറ്റവും സംഭവിച്ചിട്ടില്ല; മാറ്റമുണ്ടായത് അവരുടെ ഉള്ളിലാണ്. അത് പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയായിരുന്നു. ഉന്നതത്തിൽനിന്നുള്ള ശക്തിയെന്തെന്ന് അവർ ഉള്ളിൽ നിന്നറിഞ്ഞു. ഇനി അവർക്ക് ഭയമില്ല; സംശയങ്ങളില്ല; ലൗകികാധികാരത്തെ സംബന്ധിച്ച ദിവാസ്വപ്നങ്ങളോ വ്യർത്ഥമോഹങ്ങളോ ഇല്ല. ആത്മാവിന്റെ അഗ്നി വിഴുങ്ങിയവർക്ക് ഇനി വാ പൂട്ടിയിരിക്കാനാവില്ല. തങ്ങൾ നേരിൽ കണ്ടതും കേട്ടതും അനുഭവിച്ചറിഞ്ഞതുമായ സത്യം പുരമുകളിൽ കയറിനിന്ന് വിളിച്ചു പറയാൻ അവർക്ക് മടിയില്ല. ഉള്ളിൽ നിറഞ്ഞ സന്തോഷം സ്തുതിപ്പുകളായി ഉയർന്നു.

കേവലം ഒരു വേലക്കാരിയുടെ വാക്കുകേട്ട് ഭയന്ന് ഗുരുവിനെ മൂന്നാവർത്തി തള്ളിപ്പറഞ്ഞ വലിയ മുക്കുവൻ ഇപ്പോൾ ആയിരങ്ങളുടെ മുമ്പിൽ നിവർന്നുനിന്ന് പ്രഘോഷിച്ചു: നിങ്ങൾ കുരിശിൽ

തറച്ചുകൊന്നവനെ ദൈവം ഉയിർപ്പിച്ചു, ഞങ്ങൾ അതിന് സാക്ഷികളാണ്. കേട്ടവർ വിസ്മയിച്ചു. എവിടെനിന്നു കിട്ടി ഇവർക്ക് ഈ ധൈര്യം? ആരാണ് ഇത്ര മനോഹരമായി, ബോധ്യം നല്കുന്ന വിധത്തിൽ പ്രസംഗിക്കാൻ ഇവരെ പഠിപ്പിച്ചത്? അപ്പസ്തോലന്റെ വാക്കുകൾ കേൾവിക്കാരുടെ ഹൃദയത്തെ തൊട്ടു, അല്ല കീറിമുറിച്ചു. തങ്ങളുടെ പാപത്തിന്റെ കാഠിന്യം അവർ തിരിച്ചറിഞ്ഞു. അവരുടെ ഹൃദയം നുറുങ്ങി. എവിടെ കിട്ടും മോചനം? അവർ തിരക്കി. ആരാണ് ഈ മാനസാന്തരത്തിലേക്ക് അവരെ നയിച്ചതെന്ന് പത്രോസിനറിയാം. അത് താനല്ല, നാഥൻ വാഗ്ദാനം ചെയ്തിരുന്ന ഉന്നതത്തിൽ നിന്നുള്ള ശക്തിയാണ്: **പശ്ചാത്തപിക്കുവിൻ... യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം സ്വീകരിക്കുവിൻ. പരിശുദ്ധാത്മാവിന്റെ ദാനം നിങ്ങൾക്കും ലഭിക്കും** (അപ്പ. 2:38-39).

പന്തക്കുസ്താദിവസം ശിഷ്യരുടെമേൽ വന്നു നിറഞ്ഞ പരിശുദ്ധാത്മാവ് അവരെ നയിച്ചു; ശക്തിപ്പെടുത്തി. ലോകാതിർത്തികൾ വരെ സുവിശേഷ പ്രഘോഷണം ഇന്നും തുടരുന്നു; പ്രതിബന്ധങ്ങൾ പരിഗണിക്കാതെ, ഭീഷണികൾക്കുമുന്നിൽ ഭയന്നു പിന്മാറാതെ, ജീവൻ പോലും നഷ്ടപ്പെടുത്താൻ തയ്യാറായി ക്രിസ്തുശിഷ്യർ ഇന്നും സുവിശേഷ സാക്ഷ്യം തുടരുന്നു. ഉന്നതത്തിൽ നിന്നുള്ള ശക്തിയാണ് അവരെ പ്രചോദിപ്പിക്കുന്നതും വഴി നടത്തുന്നതും.

പക്ഷേ, കാലക്രമത്തിൽ ഉന്നതത്തിൽനിന്നുള്ള ശക്തിയേക്കാൾ ഭൗതിക ശക്തികളുടെ കൂട്ടുപിടിക്കാനുള്ള പ്രലോഭനം ക്രിസ്തുശിഷ്യരിൽ പ്രത്യക്ഷപ്പെട്ടു; പ്രത്യേകിച്ചും കോൺസ്റ്റന്റൈൻ ചക്രവർത്തി ക്രിസ്തുമതത്തെ റോമിന്റെ ഔദ്യോഗികമതമായി പ്രഖ്യാപിക്കുകയും അനേകം ആനുകൂല്യങ്ങളും സ്ഥാനമാനങ്ങളും നല്കുകയും ചെയ്തതോടെ. ലൗകിക പ്രലോഭനങ്ങൾക്കു വഴങ്ങിയപ്പോൾ ഉന്നതത്തിൽ നിന്നുള്ള ശക്തി അനുഭവവേദ്യമല്ലാതായി; അഥവാ അത് അത്രതന്നെ ആവശ്യമുള്ളതായി തോന്നിയില്ല. ഫലം ഇന്ന് നാം വ്യക്തമായും കാണുന്നു. ഭീകരമായ വിശ്വാസത്തകർച്ച. ആദ്യമേ വിശ്വാസം ക്ഷയിച്ചു, ആചാരാനുഷ്ഠാനങ്ങൾ കുറെക്കാലത്തേക്ക് തുടർന്നു. സാവധാനം അവ അർത്ഥശൂന്യമായി അനുഭവപ്പെടാൻ തുടങ്ങി. ഒരു കാലത്ത് നൂറുശതമാനവും ക്രിസ്ത്യാനിക

ളായിരുന്ന പല രാജ്യങ്ങളിലും ഇന്ന് വിരലിൽ എണ്ണാൻമാത്രം അവശേഷിക്കുന്നു.

ക്രിസ്തുവിന് നിരക്കാത്ത മൂല്യങ്ങൾ സഭയ്ക്കുള്ളിലും സ്ഥാനം പിടിച്ചു. സമ്പത്തും അധികാരവും സ്ഥാനമാനങ്ങളും ലക്ഷ്യങ്ങളായി മാറിയപ്പോൾ അവയുടെ പിന്നിലെ ശക്തി ദൈവത്തിന്റേതല്ല, പിശാചിന്റേതാണെന്ന് പലപ്പോഴും മറന്നു– ഫലമോ? മനോഹരങ്ങളായ ദേവാലയങ്ങൾ ശൂന്യമായി, പലതും സൂപ്പർമാർക്കറ്റുകളും വിനോദശാലകളുമായി പരിവർത്തനപ്പെട്ടു. ദൈവിക നിയമങ്ങളെ കാറ്റിൽ പറത്തി പുതിയൊരു സംസ്കാരം ലോകത്തെ കീഴടക്കാൻ തുടങ്ങി : ഉപഭോഗസംസ്കാരം. എല്ലാറ്റിനും വിലയിടുന്ന, എല്ലാറ്റിനേയും കച്ചവടക്കണ്ണിലൂടെ കാണുന്ന മാമോന്റെ സംസ്കാരം. ചിത്തഭ്രമം ബാധിച്ച ചിലർ തങ്ങളുടെ വലിപ്പം കാണിക്കാൻവേണ്ടി പടുകൂറ്റൻ ദേവാലയങ്ങൾ പണിതുയർത്താനും ഗംഭീരൻ ജാഥകളും പെരുന്നാളുകളും നാടിനെ വിറപ്പിക്കുന്ന കരിമരുന്ന് കാലപ്രകടനങ്ങളും നടത്താനും പ്രേരിപ്പിക്കുമ്പോൾ അതിന് വഴങ്ങുന്ന മതാധികാരികളും ഈ സംസ്കാരത്തിന്റെ ഇരകളായി മാറുന്നു. തങ്ങളുടെ ശക്തിയുടെ ഉറവിടം മറക്കുന്നു.

യേശു വാഗ്ദാനം ചെയ്തത് ഉന്നതത്തിൽനിന്നുള്ള ശക്തിയാണ് – അത് ഹൃദയപരിവർത്തനത്തിലൂടെ ജീവിതനവീകരണത്തിലേക്കും സമൂഹപരിവർത്തനത്തിലേക്കും നയിക്കുന്ന ശക്തിയാണ്. ആഡംബരങ്ങളും ആർഭാടങ്ങളും വഴി വലുപ്പം കാണിക്കാൻ ശ്രമിക്കുന്ന അല്പത്വത്തിന്റെ, ആന്തരികശൂന്യതയുടെ ചൈതന്യമല്ല യേശു നല്കുന്നത്. അവൻ തരുന്ന ശക്തി സ്വീകരിക്കാൻ, സംഭരിക്കാൻ, വീണ്ടും ഊട്ടുശാലയിലേക്ക് മടങ്ങണം. യേശുവിന്റെ അമ്മയോടും ഇതരശിഷ്യരോടുംകൂടെ പ്രാർത്ഥനയിൽ മുഴുകണം, കാത്തിരിക്കണം. ഇത് വ്യക്തികൾക്കും സമൂഹം മുഴുവനും ബാധകമാണ്. ചെന്നായ്ക്കൾ ചുറ്റി വളഞ്ഞ് ആക്രമിക്കുന്ന കുഞ്ഞാടിന്റെ അവസ്ഥയിലായിട്ടില്ലേ ഇന്ന് സഭ? ഉന്നതത്തിൽനിന്നുള്ള ശക്തിക്കുമാത്രമേ ഇവിടെ നമ്മെ നേർവഴിക്കു നയിക്കാനാവൂ. പ്രതിബന്ധങ്ങളെ തരണം ചെയ്ത് സുവിശേഷ പ്രഘോഷണദൗത്യം വിശ്വസ്തതയോടെ, കാര്യക്ഷമവും ഫലപ്രദവുമായ വിധത്തിൽ നിർവ്വ

ഹിക്കാൻ പിതാവിന്റെ വാഗ്ദാനമായ പരിശുദ്ധാത്മാവിനുമാത്രമേ സഭയെ ശക്തിപ്പെടുത്താൻ കഴിയൂ. ദൈവം വാക്കുപാലിക്കും, സംശയം വേണ്ട; നാം വിശ്വാസത്തോടെ അനുസരിച്ചാൽ മതി. വ്യക്തികൾക്കും സഭാസമൂഹങ്ങൾക്കും അതിനുള്ള കൃപ നാഥൻ നല്കട്ടെ എന്നു പ്രാർത്ഥിക്കാം.





***നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ടാ. ദൈവത്തിൽ വിശ്വസിക്കുവിൻ. എന്നിലും വിശ്വസിക്കുവിൻ*** *(യോഹ 14:1).*

# 26

# ഹൃദയം അസ്വസ്ഥമാകേണ്ടാ

കഴിഞ്ഞ ഏതാനും ദിവസങ്ങളായി യേശുവിന്റെ പ്രവർത്തന ശൈലിയിലും സംസാരത്തിലും കാര്യമായ ചില മാറ്റങ്ങൾ അവർ ശ്രദ്ധിക്കുന്നു. യഹൂദനേതാക്കന്മാർ പലതവണ വധിക്കാൻ ശ്രമിച്ച് പരാജയപ്പെട്ടപ്പോൾ സാൻഹദ്രിൻ സംഘം സമ്മേളിച്ച് ഗുരുവിനെതിരേ വധശിക്ഷ പ്രഖ്യാപിച്ചു. അന്ന് ഗുരു ജറുസലെം വിട്ടുപോയതാണ്, ഒരു വിധത്തിൽ പറഞ്ഞാൽ ഒളിവിൽ കഴിയുകയായിരുന്നു. അവന്റെ തലയ്ക്ക് നേതാക്കൾ വില നിശ്ചയിച്ചുകഴിഞ്ഞിരുന്നു (**യോഹ 11:57**). എന്നാൽ പെട്ടെന്നാണ് ഗുരു ജറുസലെമിലേക്ക് വീണ്ടും വന്നത്. ഒട്ടും പ്രതീക്ഷിക്കാത്തവിധത്തിൽ രാജകീയമായ നഗരപ്രവേശനം. അത് അനേകം പ്രവചനങ്ങളെ അനുസ്മരിപ്പിക്കും വിധം കഴുതപ്പുറത്ത്. ഗുരു തന്നെയാണ് മുൻകൈ എടുത്തത്. ഹോസാന വിളിച്ച ജനങ്ങളെ വിലക്കാൻ ആവശ്യപ്പെട്ട നേതാക്കന്മാ

രെയാണ് ഗുരു വിലക്കിയത്, ഇവർ നിശ്ശബ്ദരായാൽ കല്ലുകൾ ആർത്തുവിളിക്കും എന്നു പറഞ്ഞുകൊണ്ട് (**ലൂക്കാ 19:40**).

ആഘോഷപൂർണ്ണമായ നഗരപ്രവേശനത്തിന്റെ തലേരാത്രി ബഥാനിയായിലെ തൈലാഭിഷേകവും അതിന് ഗുരു നല്കിയ വ്യാഖ്യാനവും അവരെ തികച്ചും അത്ഭുതസ്തബ്ധരാക്കി. **എന്റെ ശവസംസ്കാരദിനത്തിനായി ഇത് ചെയ്തുവെന്ന് അവൾ കരുതിക്കൊള്ളട്ടെ** (യോഹ 12:7). വിലയേറിയ സുഗന്ധതൈലം പാത്രത്തോടെ പാദങ്ങളിൽ കമിഴ്ത്തിയ ധൂർത്തിനെ വിമർശിച്ച ശിഷ്യർക്ക് കിട്ടിയത് കഠിനശാസനം. എന്തേ ഇങ്ങനെ? എല്ലാവരും രാജത്വത്തെയും ആസന്നമായിരിക്കുന്ന വിമോചനത്തെയും കുറിച്ച് ചിന്തിക്കുമ്പോൾ ഗുരുനാഥൻ ശവസംസ്ക്കാരത്തെക്കുറിച്ച് പറയുന്നു? അവർക്ക് മനസ്സിലായില്ല.

ജനക്കൂട്ടം ഒലിവുചില്ലകൾ ഉയർത്തിവീശി ഓശാന പാടിയപ്പോൾ ഗുരുനാഥൻ കരഞ്ഞതും **(ലൂക്കാ 19:41–44**) അവർക്ക് ഗ്രഹിക്കാനായില്ല. നഗരത്തിൽ പ്രവേശിച്ച ഗുരു നേരേ പോയത് ദേവാലയത്തിലേക്കാണ്. എന്താണവൻ അവിടെ ചെയ്തത്? ഗുരു തികച്ചും അക്രമാസക്തമായ നിലയിൽ പെരുമാറിയോ? ചാട്ടവാർ ചുഴറ്റി, മേശകൾ തട്ടിമറിച്ച്, മൃഗങ്ങളെ ആട്ടിയോടിച്ചും പക്ഷികളെ കൂടു തുറന്നുവിട്ടും, നാണയങ്ങൾ വാരിവിതറിയും കച്ചവടക്കാർ ക്കെതിരേ ആക്രോശിച്ചത് അക്രമം എന്നല്ലാതെ എങ്ങനെ വിശേഷിപ്പിക്കും? രണ്ടുംകല്പ്പിച്ചുകൊണ്ടുള്ള ഒരു പോക്കാണിത് എന്നവർക്കു തോന്നി.

തുടർന്നുള്ള ദിവസങ്ങളിൽ ദേവാലയങ്കണത്തിൽ വച്ച് നേതാക്കളുമായുണ്ടായ വാദപ്രതിവാദങ്ങളിൽ ഗുരുവിന്റെ സ്വരം പരുഷമായി; വാക്കുകൾക്ക് മൂർച്ച കൂടി. ശിക്ഷാവിധിയുടെ ധ്വനി മുഴങ്ങി. നേതാക്കന്മാരുടെ ശത്രുത മൂർദ്ധന്യത്തിലെത്തി. ഏതു നിമിഷവും അവർ ഗുരുവിനെ ഉന്മൂലനം ചെയ്യാം എന്ന നിലവന്നു. ഈ സാഹചര്യത്തിലാണ് പെസഹാ ആഘോഷം. ഇത് ഗുരുവിനോടൊത്തുള്ള തങ്ങളുടെ അവസാനത്തെ പെസഹാ ആയിരിക്കുമെന്ന് അവർക്കു തോന്നി. ആർക്കെങ്കിലും സംശയം അവശേഷിച്ചിട്ടുണ്ടെങ്കിൽ അതും മാറ്റുന്നതാണ് ഗുരുവിന്റെ വചനങ്ങൾ. **പീഡയനുഭവിക്കുന്ന**

**തിനുമുമ്പ് നിങ്ങളോടുകൂടെ ഈ പെസഹാ ഭക്ഷിക്കുന്നതിന് ഞാൻ അത്യധികം ആഗ്രഹിച്ചു** (ലൂക്കാ 22:15).

ഗലീലിയിൽനിന്നുള്ള യാത്രാമദ്ധ്യേ തന്റെ മരണത്തെക്കുറിച്ച് ഗുരു പല തവണ സൂചിപ്പിച്ചെങ്കിലും അന്നത് അത്ര കാര്യമാക്കിയില്ല; മനസ്സിലാക്കിയതുമില്ല. എന്നാൽ ഈ രാത്രി തികച്ചും വ്യത്യസ്തമാണ്. ഗുരുനാഥൻ ഒരടിമയെപ്പോലെ തങ്ങളുടെമുമ്പിൽ മുട്ടുകുത്തി പാദങ്ങൾ കഴുകിയത് ഒട്ടും മനസ്സിലാക്കാനാവാത്ത പ്രവൃത്തിയായിരുന്നു. തൊട്ടു പിന്നാലെവന്ന വാക്കുകൾ അക്ഷരാർത്ഥത്തിൽ അവരുടെ സപ്തനാഡികളും തളർത്തി; **നിങ്ങളിൽ ഒരുവൻ എന്നെ ഒറ്റിക്കൊടുക്കും** (യോഹ 13:21). പേര് പറഞ്ഞില്ലെങ്കിലും ചെറിയൊരടയാളത്തിലൂടെ ആരായിരിക്കും ഒറ്റുകാരൻ എന്ന് യേശു സൂചിപ്പിച്ചു. അപ്പം സ്വീകരിച്ചതിനുശേഷം പണം സൂക്ഷിപ്പുകാരനായ ശിഷ്യൻ പുറത്തേക്കുപോയി – ഇരുട്ടിലേക്ക് (**യോഹ 13:26–30**). യൂദാസ് മാത്രമല്ല, ശിഷ്യസമൂഹം ഒന്നടങ്കംതന്നെ ഉപേക്ഷിക്കുമെന്നും ശിഷ്യപ്രമുഖൻ ഈ രാത്രി തന്നെ മൂന്നുതവണ തള്ളിപ്പറയും എന്നും ഗുരു പറഞ്ഞപ്പോൾ ശിഷ്യന്മാർ അസ്വസ്ഥരായില്ലെങ്കിലേ അത്ഭുതമുള്ളൂ. ഈ സാഹചര്യത്തിലാണ് ശക്തി പകരുന്ന ഗുരുവചനം: **നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ടാ** (യോഹ 14:1).

ശിഷ്യന്മാരുടെ ഭയവും ഉത്ക്കണ്ഠകളും ഗുരുവിന് നന്നായി അറിയാം. ഇനിയും മൂന്നുവർഷമായിട്ടില്ല അവരെ വീടുകളിൽ നിന്നും ജോലി സ്ഥലങ്ങളിൽനിന്നും വിളിച്ചിറക്കിയിട്ട്. കൂടെ കൊണ്ടുനടന്നു പഠിപ്പിച്ച കാര്യങ്ങളുടെ ഒരംശം പോലും അവർക്ക് ഗ്രഹിക്കാൻ കഴിഞ്ഞി ട്ടില്ല. ദാവീദിന്റെ പുത്രനായ മിശിഹാരാജാവ് സ്ഥാപി ക്കാൻ പോകുന്ന രാജ്യത്തിലെ പ്രമുഖസ്ഥാനങ്ങൾക്കായി മത്സരിക്കുന്ന അവർക്ക് (**മർക്കോ 9:33–37;10:35–37**) ആസന്നമായിരിക്കുന്ന പീഡാസഹനവും മരണവും ഒരു പ്രഹേളികയായിരുന്നു. എത്ര തവണ ആവർത്തിച്ചിട്ടും കുരിശിന്റെ അനിവാര്യത അവർക്ക് ഗ്രഹിക്കാനായില്ല. പക്ഷേ ഗുരുവിനറിയാം, ഏതാനും മണിക്കൂറുകൾക്കകം അവർ തനിച്ചാകും. ഭയം അവരെ വേട്ടയാടും. അവരുടെ ഭയമകറ്റണം; ശക്തി പകരണം; ഉറച്ചുനിൽക്കാൻ ധൈര്യവും. അതിനുവേണ്ടിയാണ് ദീർഘമായൊരു ഉപദേശം അവർക്ക് നൽകുന്നത്.

യേശുവിന്റെ വിടവാങ്ങൽ പ്രസംഗം എന്ന് സാധാരണ വിശേഷിപ്പിക്കാറുള്ള യോഹ 14-16 അദ്ധ്യായങ്ങളിൽ ഈ ഒരു പ്രമേയം അനേകം തവണ, പലതരത്തിൽ ആവർത്തിക്കുന്നുണ്ട്. ഹൃദയം അസ്വസ്ഥമാകാതിരിക്കാൻ യേശു ആദ്യമേ നല്കുന്ന നിർദ്ദേശം വിശ്വാസമാണ്. **ദൈവത്തിൽ വിശ്വസിക്കുവിൻ; എന്നിലും വിശ്വസിക്കുവിൻ** (യോഹ 14:1). വിശ്വാസത്തെ സംബന്ധിച്ച സുപ്രധാനമായ മൂന്നു ചോദ്യങ്ങളുണ്ട്; ആരെ വിശ്വസിക്കണം? എന്തു വിശ്വസിക്കണം? എന്തുകൊണ്ട് വിശ്വസിക്കണം? ഇതിനെല്ലാം ഗുരുനാഥൻ തന്നെ ഉത്തരവും നല്കുന്നുണ്ട്.

എന്നെ വിശ്വസിക്കുവിൻ എന്നല്ല ഗുരു പറയുന്നത്. ഒരാളെ വിശ്വസിക്കുക എന്നാൽ അയാൾ പറയുന്നത് സത്യമാണെന്ന് അംഗീകരിക്കുകയാണ് മുഖ്യം. എന്നാൽ ഇവിടെ അതുമാത്രമല്ല. യോഹന്നാൻ ഗ്രീക്കു ഭാഷയിൽ അവതരിപ്പിച്ചിരിക്കുന്ന വിശ്വസിക്കാനുള്ള ആഹ്വാനത്തിന് ഒരു സവിശേഷതയുണ്ട്. ദൈവ ത്തിൽ - എന്നിൽ എന്നാണ് വിവർത്ത നം. ഇവിടെയും അർത്ഥം പൂർണ്ണമായും വ്യക്തമാവുകയില്ല. 'ഇൽ' എന്ന് വിവർത്തനം ചെയ്യുന്നത് ഗ്രീക്കിലെ രണ്ട് വ്യത്യസ്ത പ്രത്യയങ്ങളാണ്. 'എൻ' (ഇൽ) എന്നതാണ് ഒന്ന്. ഇത് ഒരു നിശ്ചലാവസ്ഥയെ സൂചിപ്പിക്കുന്നു. ഗ്ലാസ്സിൽ വെള്ളം; പാത്രത്തിൽ അരി - മുതലായവ ഉദാഹരണം. "എന്നിൽ വിശ്വാസം അർപ്പിക്കുവിൻ" എന്നാകാം ഇതായിരുന്നു പ്രത്യയമെങ്കിൽ അർത്ഥം. എന്നാൽ യോഹന്നാൻ ഉപയോഗിക്കുന്നത് 'എയിസ്' (eis) എന്ന പ്രത്യയമാണ്. ഇത് ഒരു ചലനാത്മകതയെ സൂചിപ്പിക്കുന്നു. 'ഏയ്ക്ക്' (into) എന്നാണ് വാച്യാർത്ഥം.

"ദൈവത്തിലേക്ക് വിശ്വസിക്കുക" എന്ന് വിവർത്തനം ചെയ്യാൻ ഭാഷാനിയമങ്ങൾ അനുവദിക്കുന്നില്ല. എന്നാൽ അതാണ് പ്രയോഗത്തിന്റെ വാച്യാർത്ഥം. ഇത് ഒരിക്കൽ മാത്രം ചെയ്തതിനുശേഷം നിഷ്ക്രിയമായിരിക്കുന്ന ഒരു നിശ്ചലാവസ്ഥ (static) അല്ല, മറിച്ച്, നിരന്തരം ചെയ്തുകൊണ്ടിരിക്കുന്ന പ്രവൃത്തിയാണ്; ചലനാത്മകാവസ്ഥ (dynamic). ദൈവത്തിൽ സ്വയം സമർപ്പിക്കുക; ദൈവത്തെ ആശ്രയിക്കുക, അവിടുത്തെ കരങ്ങളിൽ പൂർണ്ണമായി വിട്ടുകൊടുക്കുക എന്നാണ് ഈ പ്രയോഗത്തിനർത്ഥം. അപ്പോൾ ആരെ

വിശ്വസിക്കണം, എന്തുകൊണ്ട് വിശ്വസിക്കണം എന്ന ചോദ്യങ്ങൾക്ക് ഉത്തരമായി. ദൈവത്തെ വിശ്വസിക്കണം, യേശുവിനെയും. പോരാ ശിഷ്യരുടെ ജീവിതം ദൈവകരങ്ങളിൽ പൂർണ്ണമായി സമർപ്പിക്കണം. അതിന് യേശുവിനെയും വിശ്വസിക്കണം. വള്ളവും വലയും വിട്ട് ഇറങ്ങിയപ്പോൾ ഇതാണവർ ചെയ്തത്. ആ മനോഭാവം തുടർന്നും കാത്തു സൂക്ഷിക്കണം; ആ തീരുമാനത്തിൽ ഉറച്ചു നിൽക്കണം.

എന്താണ് വിശ്വസിക്കേണ്ടത് എന്ന് തുടർന്ന് വിശദീകരിക്കുന്നു: **എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്... ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിക്കഴിയുമ്പോൾ ഞാൻ ആയിരിക്കുന്നിടത്ത് നിങ്ങളും ആയിരിക്കേണ്ടതിന് ഞാൻ വീണ്ടും വന്ന് നിങ്ങളെയും കൂട്ടിക്കൊണ്ടു പോകും** (യോഹ 14:2-3). ഇവിടെ വീണ്ടും പല ചോദ്യങ്ങൾ ഉയർന്നുവരാം. എന്താണ്, അഥ വാ എവിടെയാണ് പിതാവിന്റെ ഭവനം? എന്താണ് വാസസ്ഥലങ്ങൾ? എങ്ങനെയാണ് യേശു സ്ഥലമൊരുക്കുന്നത്? എപ്പോഴാണിനി മടങ്ങിവരുക? എന്നിങ്ങനെ.

പിതാവിന്റെ ഭവനം എന്നാൽ ഏതെങ്കിലും ഭൗതികമോ പദാർത്ഥപരമോ ആയ ഒരു കെട്ടിട സമുച്ചയമൊന്നുമല്ല. മറിച്ച്, പിതാവിന്റെ ഹൃദയമാണ്, അഥവാ പിതാവുതന്നെയാണ്. പാപംവഴി മനുഷ്യന് നഷ്ടപ്പെട്ട പറുദീസാ എന്ന് ബൈബിളിന്റെ ഭാഷയിൽ ഇതിനെ വിശേഷിപ്പിക്കാം (ഉത്പ 2-3). ദൈവവുമായുള്ള അഭേദ്യവും സുദൃഢവും ശാശ്വതവുമായ ഐക്യമാണിത് സൂചിപ്പിക്കുന്നത്. വാസസ്ഥലം എന്നാൽ ഓരോ വ്യക്തിക്കും പുനഃസ്ഥാപിച്ചുകിട്ടുന്ന ദൈവത്തോടുള്ള ഈ ഐക്യമാണ്. സ്ഥലം ഒരുക്കുകയെന്നാൽ പിതാവിന്റെയടുക്കലേക്ക് വഴി തുറക്കുക, ബന്ധം പുനഃസ്ഥാപിക്കുക, ദൈവമക്കളുടെ സ്ഥാനത്തേക്ക് മനുഷ്യരെ ഉയർത്തുക എന്നൊക്കെ അർത്ഥമാകാം. സ്ഥലം ഒരുക്കാൻ യേശു പോകുന്നു എന്നതിന്റെ അർത്ഥം നഷ്ടപ്പെട്ടു പോയ ദൈവ-മനുഷ്യബന്ധം പുനഃസ്ഥാപിക്കാനായി യേശു പിതൃസന്നിധിയിലേക്ക് പോകുന്നു എന്നത്രെ. ഇത് സംഭവിക്കുന്നത് കുരിശുമരണവും ഉത്ഥാനവും സ്വർഗ്ഗാരോഹണവും വഴി ആയിരിക്കും. ഇതിനെയാണ്

യേശുവിന്റെ മഹത്വീകരണം എന്നു വിശേഷിപ്പിക്കുന്നത്. അതിനാലാണ് യേശു ഒരു പോകലിനെക്കുറിച്ച് പറയുന്നത്.

യോഹന്നാന്റെ അവതരണത്തിൽ യേശുവിന്റെ കുരിശുമരണം തന്നെയാണ് മഹത്വീകരണം. കുരിശിൽ ഉയർത്തപ്പെടുന്നത് പിതാവിന്റെ സന്നിധിയിലേക്ക് പ്രവേശിക്കുന്നതിന്റെ സൂചനയും പ്രതീകവുമാണ്. **ഞാൻ ഭൂമിയിൽനിന്ന് ഉയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരെയും എന്നിലേക്കാകർഷിക്കും. അവൻ ഇത് പറഞ്ഞത് ഏതുവിധത്തിലുള്ള മരണമാണ് വരിക്കാൻ പോകുന്നത് എന്ന് സൂചിപ്പിക്കാനാണ്** (യോഹ12: 32-33). **മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ തന്നിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ടാകേണ്ടതിന് മനുഷ്യപുത്രനും ഉയർത്തപ്പെടേണ്ടിയിരിക്കുന്നു** (യോഹ 3:14). ഈ മഹത്വീകരണമാണ് ശിഷ്യന്മാർക്ക് നല്കുന്ന ഉറപ്പ്. കുരിശുമരണത്തിലൂടെ പിതാവിന്റെ സന്നിധിയിലേക്ക്, ഹൃദയത്തിലേക്ക്, ഉയർത്തപ്പെടുന്ന യേശു തന്നെ വിശ്വസിച്ച് അനുഗമിക്കുന്നവർക്ക് വഴി തുറന്നുതരുന്നു.

ഇതുതന്നെയാണ് ധൈര്യം നല്കുന്ന വാഗ്ദാനം. യേശു മരണം വഴി ശാരീരികമായി അദൃശ്യനാകുമെങ്കിലും അവിടുന്ന് അകന്നുപോവുകയല്ല, പുതിയൊരുവിധത്തിൽ, കൂടുതൽ ഗാഢമായി, ശിഷ്യരോടുകൂടെ ഉണ്ടായിരിക്കും. അതിനാൽ തൽക്കാലം നേരിടാൻ പോകുന്ന പീഡനങ്ങളും മരണവുംപോലും അവരുടെ ഹൃദയത്തെ തളർത്തിക്കളയരുത്. പിതാവായ ദൈവത്തിന്റെ കൈകളിലേക്ക് യേശുവിന്റെ കരങ്ങൾവഴി ജീവിതം പൂർണ്ണമായി അർപ്പിക്കുക. അത് എന്നേക്കും സുരക്ഷിതമായിരിക്കും. മരണംപോലും ഭയപ്പെടേണ്ട ഒന്നല്ല; ശൂന്യതയിലേക്കുള്ള പ്രയാണവുമല്ല മരണം; മറിച്ച് പിതാവിന്റെ ഹൃദയത്തിലേക്കുള്ള കടന്നുപോകലാണ്; അല്ല പിതൃഹൃദയത്തിൽ എന്നേക്കും വസിക്കുന്നതിന്റെ തുടക്കമാണ്. പിതാവിന്റെ ഭവനത്തിലേക്ക് പോകാൻ എന്തിന് ഭയപ്പെടണം?

സ്ഥലം ഒരുക്കിക്കഴിയുമ്പോൾ യേശു വീണ്ടും വന്ന് ശിഷ്യരെയും കൂട്ടിക്കൊണ്ടു പോകും എന്ന വാഗ്ദാനവും വിശ്വസിക്കണം. ഈ ലോകവാസം ശാശ്വതമല്ല; ഒരു കടന്നുപോകൽ മാത്രമാണ്. വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോകാൻ വരുന്ന നാഥന്റെ വരവിനു

വേണ്ടിയുള്ള കാത്തിരിപ്പാണ്. നിഷ്ക്രിയമായിട്ടല്ല, അവന്റെ വാക്കുകളനുസരിച്ച്, അവൻ കാണിച്ചുതന്ന വഴിയേ, അവൻ സ്നേഹിച്ചതുപോലെ സ്നേഹിച്ചുകൊണ്ട് സഞ്ചരിക്കണം. അതാണ് ക്രിസ്തീയ ജീവിതം. അതിനാൽ ശിഷ്യന്മാർക്ക് ഭയം വേണ്ടാ; അസ്വസ്ഥതയും വേണ്ടാ. കാത്തിരിപ്പിൽ മടുപ്പ് തോന്നരുത്; അലസതയുമരുത്. നാഥൻ വരുന്നതുവരെ ക്ഷമയോടെ, പ്രത്യാശയോടെ കാത്തിരിക്കുക. ശിഷ്യൻ തനിച്ചല്ല എന്നും ഓർക്കണം. അതിന് ഗുരുനാഥൻ ഉറപ്പ് തന്നിട്ടുണ്ട് (**യോഹ 14:16–18**).

എപ്പോഴാണവൻ മടങ്ങിവരുക? ഈ മടങ്ങിവരവിനെ മുഖ്യമായും രണ്ടുവിധത്തിൽ കാണാൻ കഴിയും. രക്ഷാചരിത്രം അതിന്റെ പരിസമാപ്തിയിലെത്തുമ്പോൾ സംഭവിക്കുന്ന മഹത്വപൂർണ്ണമായ രണ്ടാം വരവാണ് ഒന്ന്. അതിനെ യുഗാന്തമെന്ന് വിശേഷിപ്പിക്കാം. എന്നാൽ അതു മാത്രമല്ല, ഓരോ വ്യക്തിയുടെയും ജീവിതാന്തവും യേശു വിന്റെ മടങ്ങിവരവായി കാണണം. ക്രിസ്തുശിഷ്യനെ സംബന്ധിച്ച് മരണം പിതൃസന്നിധിയിലേക്ക് കൂട്ടിക്കൊണ്ടുപോകാൻ ഗുരുനാഥൻ വരുന്നതാണ്. ഒരുക്കത്തിന്റെ കാലം കഴിഞ്ഞ് ഒരുക്കപ്പെട്ട വാസസ്ഥലത്തേക്ക് പ്രവേശിക്കലാണ് മരണം. അതിനുവേണ്ടിയാണ് ശിഷ്യർ കാത്തിരിക്കുന്നത്.





***ഞാൻ പിതാവിനോട് അപേക്ഷിക്കുകയും എന്നേക്കും നിങ്ങളോടു കൂടെ ആയിരിക്കാൻ മറ്റൊരു സഹായകനെ അവിടുന്ന് നിങ്ങൾക്ക് തരികയും ചെയ്യും** (യോഹ. 14:16).*

# 27

# സഹായകൻ

ആധുനികമനുഷ്യൻ നേരിടുന്ന ഏറ്റം വലിയ ഒരു പ്രശ്നമാണ് ഏകാന്തത. **മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല, അവനു ചേർന്ന ഇണയെ ഞാൻ നല്കും** (ഉത്പ.2:18) എന്ന സ്രഷ്ടാവിന്റെ ആത്മഗതം തന്നെ ഏകാന്തതയുടെ കാഠിന്യത്തിലേക്ക് വിരൽ ചൂണ്ടുന്നു. സ്ത്രീയും പുരുഷനുമായി സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ദൈവത്തിന്റെ മുഖം വഹിക്കുന്ന സമൂഹജീവിയാണെന്നത് ബൈബിളിന്റെ ആദ്യതാളിൽത്തന്നെ കാണുന്ന പഠനമാണ് (ഉത്പ. 1:26–27). മൂന്നാളുകളുടെ ഒരു കൂട്ടായ്മയാണ് ദൈവം. ദൈവത്തിന്റെ ഏകത്വവും ത്രിത്വവും വെളിപ്പെടുത്തപ്പെട്ട സത്യമാണ്, സകല വെളിപാടുകളുടെയും അടിസ്ഥാനവും. ഇതുതന്നെയാണ് മനുഷ്യന്റെയും സ്വഭാവം. പരസ്പരം അറിയുകയും സ്നേഹിക്കുകയും പങ്കുവയ്ക്കുകയും ചെയ്യുന്ന വ്യക്തികളുടെ കൂട്ടായ്മയാണ് മനുഷ്യസമൂഹം.

എന്നാൽ ഈ അടിസ്ഥാനഭാവത്തിനുതന്നെ ക്ഷയം സംഭവിക്കുന്നു. ആദം ഭാര്യയെ തള്ളിപ്പറയുകയും കായേൻ സഹോദരനെ വധിക്കുകയും ചെയ്യുന്നിടത്ത് ഈ കൂട്ടായ്മ തകരുന്നത് നാം കാണുന്നു; ഉള്ളിൽ ഏകാന്തതയും ഭയവും നിറയുന്നതും. **അവിടുത്തെ സന്നിധിയിൽനിന്ന് ഞാൻ ഒളിച്ചു നടക്കണം... കാണുന്നവരെല്ലാം എന്നെ കൊല്ലാൻ നോക്കും** (ഉത്പ. 4:14) എന്ന കായേന്റെ വിലാപത്തിൽ ദൈവത്തിൽനിന്നും സഹജീവികളിൽ നിന്നും അകന്ന് ഏകാന്തതയുടെ തടവറയിൽ കഴിയുന്ന മനുഷ്യന്റെ ചിത്രം തെളിയുന്നു.

മനുഷ്യചരിത്രത്തോളം തന്നെ പഴക്കമുണ്ട് ഏകാന്തതയുടെ ചരിത്രത്തിനും. ഏകാന്തതയെ മറികടക്കാൻ എത്രയോ മാർഗ്ഗങ്ങൾ മനുഷ്യൻ കണ്ടുപിടിക്കുന്നു! സമ്പർക്കമാധ്യമങ്ങളുടെ കാര്യത്തിൽ കഴിഞ്ഞകാലങ്ങളെയെല്ലാം നാം ബഹുദൂരം പിന്നിട്ട് മുന്നേറിയിരിക്കുന്നു. ശാസ്ത്ര സാങ്കേതിക വിദ്യയിലൂടെ സമ്പർക്കസാദ്ധ്യത ഇന്ന് വിരൽത്തുമ്പിൽ എത്തിച്ചിരിക്കുന്നു. ഭൗതികദൂരം ഒരു പ്രശ്നമേയല്ല. എത്ര ആയിരം കിലോമീറ്റർ അകലെ കഴിയുന്നവരേയും തത്സമയം കാണാം; നേരിട്ടു കണ്ടു സംസാരിക്കാം. സമ്പർക്കത്തിന്റെ അനന്തവിശാലമായ ചക്രവാളമാണ് മുന്നിൽ തുറന്നിരിക്കുന്നത്.

എന്നാലും, ഉള്ളിന്റെയുള്ളിൽ എന്നത്തേക്കാളേറെ ശൂന്യതയും ഏകാന്തതയും അനുഭവപ്പെടുന്നു എന്ന സത്യം നാം തിരിച്ചറിയുന്നു, വലിയ ഞെട്ടലോടെ. മൊബൈലും ഇന്റർനെറ്റും വഴി മണിക്കൂറുകൾ സംഭാഷണം നടത്തുമ്പോഴും ഹൃദയങ്ങൾ എത്രയോ അകലെയാണ്! ആരാണ് മറ്റേ അറ്റത്തുള്ളതെന്നറിയാതെ സംഭാഷണങ്ങൾ സൗഹൃദങ്ങളാകുന്നു; ബന്ധങ്ങൾ വളരുന്നു. ആസക്തികൾ ഉണരുന്നു. യാഥാർത്ഥ്യം തിരിച്ചറിയുമ്പോഴേക്കും എല്ലാ നഷ്ടപ്പെട്ടു കഴിഞ്ഞു എന്ന അവബോധം. ഒരു വഴിയേ പലപ്പോഴും അവശേഷിപ്പിക്കുന്നുള്ളൂ – ആത്മഹത്യ!

അകലെനിന്നുള്ള ആകർഷകമായ ബന്ധങ്ങൾ യാഥാർത്ഥവും ശാശ്വതവുമായ ശാന്തിയും സന്തോഷവും നല്കുന്നില്ല; ഏകാന്തതയ്ക്ക് പരിഹാരമാകുന്നില്ല എന്ന് തിരിച്ചറിയാത്തവർ വിരളം. ഇനി അടുത്തുള്ളവർ തന്നെ എന്റെ ഏകാന്തതയ്ക്ക് പരിഹാരമാകുമോ? ആർക്കും സഹായിക്കാൻ കഴിയാത്ത എത്ര യോ സാഹചര്യ

ങ്ങൾ, ആർക്കും മനസ്സിലാക്കാനാവാത്ത സങ്കീർണ്ണ പ്രശ്നങ്ങൾ, ആരോടും പങ്കുവയ്ക്കാൻ കഴിയാത്ത എത്രയെത്ര ഏകാന്ത ദുഃഖങ്ങൾ! ഒന്നോർത്താൽ എല്ലാ മനുഷ്യരും അനുഭവിക്കുന്നില്ലേ ഇതുപോലുള്ള ഏകാന്തത? അനുഭവത്തിന്റെ തീവ്രതയിൽ ഏറ്റക്കുറച്ചിലുണ്ടാവാം; പക്ഷേ ഏകാന്തത എല്ലാവരുടെയും ഉള്ളിൽ തളംകെട്ടിക്കിടക്കുന്നുണ്ട്. പലവിധത്തിൽ മനുഷ്യൻ ഈ ഏകാന്തതയെ അകറ്റാൻ ശ്രമിക്കും. വിനോദങ്ങളാവാം, ബന്ധങ്ങളാവാം, തീവ്രമായ പ്രവർത്തനങ്ങളാവാം. എന്തുമാകട്ടെ, ബാക്കിപത്രമായി ഏകാന്തത അവശേഷിക്കും. എന്താണിതിന് പ്രതിവിധി?

അന്ത്യ അത്താഴവേളയിലെ വിടവാങ്ങൽ പ്രസംഗത്തിന്റെ ഒരു മുഖ്യപ്രമേയമായിരുന്നു ഈ ഏകാന്തതയും അതിന് നാഥൻ നല്കുന്ന പ്രതിവിധിയും. ശിഷ്യന്മാർ നേരിടുന്നത് ഏകാന്തത മാത്രമല്ല എന്ന് ഗുരുവിനറിയാം. മണിക്കൂറുകൾക്കകം അരങ്ങേറാൻ പോകുന്ന ഭീകരസംഭവങ്ങൾ ഒരു ദുരന്തമായി അവർക്കനുഭവപ്പെടും. തങ്ങൾക്ക് എല്ലാം നഷ്ടപ്പെട്ടു എന്ന അവബോധം മാത്രമല്ല, ശേഷിച്ചിരിക്കുന്ന ജീവൻതന്നെ അപകടത്തിലാണെന്നും അവർ തിരിച്ചറിയും. 'കുഞ്ഞുമക്കളേ' എന്നുവിളിച്ചുകൊണ്ട് അവരോട് സംസാരിക്കുമ്പോൾ ഗുരുനാഥൻ അവരുടെ ആകുലതകളും ഭയവും അറിയുന്നുണ്ട് എന്ന് വ്യക്തമാക്കുകയാണ്. കുരിശുമെടുത്ത് പിന്നാലെ വരാൻ താത്പര്യമുള്ളവർ മാത്രം കൂടെപ്പോന്നാൽ മതിയെന്ന് യാത്രാമദ്ധ്യേ പലതവണ പറഞ്ഞതാണെങ്കിലും ഭയപ്പെട്ടവയെല്ലാം ഉടനെ സംഭവിക്കാൻ പോകുന്നു എന്ന തിരിച്ചറിവിൽ ഭയന്നുവിറയ്ക്കുന്ന അവർക്ക് ശക്തിയും ധൈര്യവും പകരുകയാണ് നാഥന്റെ വാക്കുകൾ.

ഗുരുനാഥൻ തങ്ങളെ വിട്ടുപോകുന്നു; അല്ല ക്രൂരമായ വധത്തിലൂടെ തങ്ങളിൽനിന്ന് എടുക്കപ്പെടാൻ പോകുന്നു. ഇനി തങ്ങൾ തനിച്ചാണ് എന്ന അവബോധമാണ് ഭയത്തിന്റെ ഒരു മുഖ്യകാരണം. ഞങ്ങൾക്കിനി ആരാണ് തുണ? സഹായത്തിനായി ഞങ്ങൾ ആരെ സമീപിക്കും? മുമ്പൊരിക്കൽ ഈ ചോദ്യം അവർ ചോദിച്ചതാണ്. അത്ഭുതകരമായി അപ്പം വർദ്ധിപ്പിച്ച് അനേകായിരങ്ങളെ തൃപ്തരാക്കിയതിന്റെ പിറ്റേന്ന് കഫർണാമിൽവച്ച് നടന്ന സംഭാ

ഷണത്തിന്റെ അവസാനം യേശുവിനെതേടി വന്നവരെല്ലാം തന്നെ വിട്ടുപോയി, അനേകം ശിഷ്യന്മാരും. കാരണം അവന്റെ പ്രബോധനം സ്വീകരിക്കാൻ തങ്ങളാരും നരഭോജികളല്ല എന്നതായിരുന്നു അവരുടെ നിലപാട്. ഈ സാഹചര്യത്തിലാണ് നിങ്ങളും വിട്ടുപോകാൻ ആഗ്രഹിക്കുന്നുവോ എന്ന ചോദ്യത്തിന് **ഞങ്ങൾ ആരുടെ അടുത്തേക്ക് പോകും?** (യോഹ. 6:68) എന്ന് അപ്പസ്തോലന്മാരുടെ വക്താവ് എന്ന നിലയിൽ പത്രോസ് ഉത്തരം നല്കിയത്.

ഇല്ല, അവർക്കുപോകാൻ വേറെ ഇടമില്ല. ഗുരുവിന്റെ പിന്നാലെ ഇറങ്ങിത്തിരിച്ചവർക്ക് ഇനി മറ്റൊരു പോക്കിനിടമില്ല. പക്ഷേ ഗുരു പോയിക്കഴിയുമ്പോൾ? അതിനാണ് യേശു മറുപടി നല്കുന്നത്. താൻ വിളിച്ചിറക്കി കൂടെ കൊണ്ടുനടന്ന ശിഷ്യന്മാരെ പാതിവഴിയിൽ ഉപേക്ഷിച്ചിട്ടു പോകില്ല. **എന്നേക്കും നിങ്ങളോടുകൂടെ ആയിരിക്കാൻ മറ്റൊരു സഹായകനെ അവിടുന്ന് നിങ്ങൾക്ക് തരുകയും ചെയ്യും** (യോഹ 14: 16). അവർ സഹായം തേടി എങ്ങോട്ടും പോകേണ്ടതില്ല. സഹായകനായി ദൈവത്തിന്റെ ആത്മാവ് അവരുടെ അടുത്തേക്ക് വരും. യേശു പ്രാർത്ഥിക്കും; പിതാവ് സഹായകനെ അയയ്ക്കും. താൻ പോയെങ്കിലേ സഹായകൻ വരൂ എന്നും യേശു അവരെ അനുസ്മരിപ്പിച്ചു (യോഹ 16:7). മുമ്പുതന്നെ യേശു ഇത് സൂചിപ്പിച്ചിരുന്നതാണ്. **എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽനിന്ന്... ജീവജലത്തിന്റെ അരുവികൾ ഒഴുകും... അതുവരെയും ആത്മാവ് നല്കപ്പെട്ടിട്ടില്ലായിരുന്നു. എന്തെന്നാൽ യേശു അതുവരെയും മഹത്വീകരിക്കപ്പെട്ടിരുന്നില്ല** (യോഹ.7: 38-39).

യേശുവിന്റെ പ്രാർത്ഥനയ്ക്ക് മറുപടിയായി പിതാവയയ്ക്കുന്ന പരിശുദ്ധാത്മാവിനെ 'സഹായകൻ' എന്നാണ് വിശേഷിപ്പിക്കുന്നത്. 'പാരാക്ലേത്തോസ്' എന്നാണ് ഗ്രീക്കുമൂലം. അടുത്തേക്ക് വിളിക്കുക എന്നർത്ഥമുള്ള ' പാരാകലേയിൻ' എന്ന ക്രിയാധാതുവിൽനിന്നാണ് പാരാക്ലേത്തോസ് എന്ന നാമത്തിന്റെ ഉത്ഭവം. അടുത്തേക്ക് വിളിക്കപ്പെട്ടവൻ എന്നാണ് വാച്യാർത്ഥം. ഇതുതന്നെയാണ് 'ആദ് വൊക്കാത്തൂസ്' (Advocatus) എന്ന ലത്തീൻ വാക്കിന്റെയും അർത്ഥം. ഇതിൽനിന്നാണല്ലോ അഡ്വൊക്കേറ്റ് (Advocate) എന്ന ഇംഗ്ലീഷ് വാക്കിന്റെ ഉത്ഭവം. സഹായത്തിനായി അടു

ത്തേക്ക് വിളിച്ചുവരുത്തുന്നവൻ, അഥവാ സഹായത്തിനായി അടുത്തുനിൽക്കുന്നവൻ എന്നാണ് വാക്കിനർത്ഥം. ശിഷ്യന്മാർക്ക് ഭയം വേണ്ടാ; ഏകാന്തതയും വേണ്ടാ. കാരണം ദൈവത്തിന്റെ ആത്മാവു തന്നെ അവർക്ക് സഹായകനായുണ്ടാവും. എപ്പോഴെങ്കിലും വന്നിട്ടു പോകുന്ന വിരുന്നുകാരന്റെ ഒരു നൈമിഷികസാന്നിധ്യമല്ലത്. എന്നും കൂടെ വസിക്കുന്നവനാകും ദൈവത്തിന്റെ ആത്മാവ്.

കൂടെ വസിക്കുന്ന ദൈവാത്മാവ് എന്തുചെയ്യും എന്നും യേശു വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. എന്നും കൂടെ ആയിരിക്കും. **അവൻ നിങ്ങളോടൊത്ത് വസിക്കുന്നു; നിങ്ങളിൽ ആയിരിക്കുകയും ചെയ്യും** (യോഹ 14:17). വെറും സാമീപ്യമല്ല, ആന്തരിക സാന്നിദ്ധ്യമാണിത്. എന്റെ ഉള്ളിൽ വസിക്കുന്നു. എന്നെ ഉള്ളിൽനിന്ന് നയിക്കുന്നു; പ്രചോദിപ്പിക്കുന്നു; ആശ്വസിപ്പിക്കുന്നു; ശക്തിപ്പെടുത്തുന്നു. നിത്യമായ, ഒരിക്കലും പിരിയാത്ത ആന്തരിക സാന്നിദ്ധ്യം, ശക്തിയുടെ ഉറവിടം – അതായിരിക്കും യേശു അയയ്ക്കുന്ന സഹായകനായ ആത്മാവ്.

**എല്ലാ കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോട് പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ അനു സ്മരിപ്പിക്കുകയും ചെയ്യും** (യോഹ 14:26). കൂടെ നടന്ന് കുറഞ്ഞ കാലത്തിനിടയ്ക്ക് യേശു ചെയ്തതും പറഞ്ഞതും പഠിപ്പിച്ചതും എല്ലാം അവർക്ക് മനസ്സിലായിട്ടില്ല. അതിനാൽ ഒരു തുടർപരിശീലനം ആവശ്യമാണ്. സാവധാനമേ ശിഷ്യർ ക്രിസ്തു രഹസ്യത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങൂ. അത് നൂറ്റാണ്ടുകൾ നീളുന്ന ഒരു പ്രക്രിയ ആയിരിക്കും. യേശുവിന്റെ കൂടെ നടന്ന അപ്പസ്തോലന്മാരിൽ തുടങ്ങിയ ഈ പ്രബോധനപ്രക്രിയ അവരുടെ അടിസ്ഥാനത്തിൽ പണിയപ്പെട്ട സഭയിൽ തുടരും, യുഗാന്തം വരെ. യേശു പഠിപ്പിച്ചത് മനസ്സിലാക്കാൻ സഹായിക്കും; കേട്ടുമറന്നത് അനുസ്മരിപ്പിക്കും. തന്നെയുമല്ല **സത്യാത്മാവ് വരുമ്പോൾ നിങ്ങളെ സത്യത്തിന്റെ പൂർണ്ണതയിലേക്ക് നയിക്കും... വരാനിരിക്കുന്ന കാര്യങ്ങൾ അവൻ നിങ്ങളെ അറിയിക്കും** (യോഹ 16:13–14). യേശു തുടങ്ങി വച്ച പ്രവൃത്തിയുടെ തുടർച്ചയായിരിക്കും പരിശുദ്ധാത്മാവ് നിർവ്വഹിക്കുന്നത്.

മൂന്നുകാര്യങ്ങൾ പ്രത്യേകം എടുത്തുകാട്ടുന്നുണ്ട്. **അവൻ**

**വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തെ ബോധ്യപ്പെടുത്തും** (യോഹ 16:8). യേശുവിനെ തിരസ്കരിച്ചതാണ് പാപം. യേശു സാക്ഷാൽ ദൈവപുത്രനും ലോകരക്ഷകനും ആണെന്നും യേശുവിനെ തിരസ്ക്കരിക്കുന്നത് ദൈവത്തെ തിരസ്കരിക്കലാണെന്നും പരിശുദ്ധാത്മാവാണ് ബോദ്ധ്യം നല്കുന്നത്. ഇതുതന്നെയാണ് പാപബോധം. മരണവും ഉത്ഥാനവും വഴി യേശു പിതാവിന്റെ സന്നി ധിയിൽ പ്രവേശിക്കുക വഴി മനുഷ്യന് നീതികരണം ലഭ്യമായിരിക്കുന്നു. യേശുവിനെ തിരസ്ക്കരിച്ചതുവഴി ലോകം തന്റെ മേൽത്തന്നെ വിധി പ്രസ്താവിക്കുകയായിരുന്നു എന്ന ബോദ്ധ്യവും പരിശുദ്ധാത്മാവ് നല്കും. ഈ ത്രിവിധബോധ്യങ്ങളും പരിശുദ്ധാത്മാവ് നല്കുന്ന സഹായം തന്നെ.

ശിഷ്യസമൂഹത്തിന്റെ ജീവിതത്തിലുടനീളം ഈ സഹായകന്റെ സാന്നിദ്ധ്യം ഉണ്ടായിരിക്കും. നമ്മെ ദൈവമക്കളാക്കുന്ന പരിശുദ്ധാത്മാവുതന്നെ ദൈവഹിതം അനുസരിച്ച് ജീവിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും സഹായിക്കും (റോമാ 8:14-17,26). പീഡനങ്ങളിൽ ആശ്വാസം പകരും; യേശുവിന് സാക്ഷ്യം നല്കാൻ ധൈര്യവും പറയാൻ വാക്കുകളും നല്കും (**മത്താ 10:20**). ആദ്യ പന്തക്കുസ്താദിവസംമുതൽ ഇന്നുവരെ യേശുവിന്റെ ശിഷ്യർ അനുഭവിക്കുന്നതാണ് ഈ യാഥാർത്ഥ്യം കൊടുങ്കാറ്റിന്റെ ആരവത്തോടെവന്ന് തീനാവുകളായി ശിഷ്യരിൽ പ്രവേശിച്ച ദൈവാത്മാവ് എന്നും സഹായകനായി കൂടെയുണ്ട്. വഴി നടത്തുന്നു; ശക്തി പകരുന്നു. ഒരിക്കലും വിടാതെ ഉള്ളിൽ വസിക്കുന്നു. യേശു നല്കിയ സഹായവും പ്രചോദനവും എല്ലാം തുടർന്നു നല്കുന്നവനാണ് ഈ 'മറ്റൊരു സഹായകൻ'. പിന്നീട് വന്ന ഏതെങ്കിലും ഒരു മനുഷ്യനാണ് ഈ 'സഹായകൻ' എന്ന് ചിലർ സ്ഥാപിക്കാൻ ശ്രമിക്കുന്നത് അബദ്ധവും തികഞ്ഞ ഭോഷത്വവുമാണെന്നേ പറയാനാകൂ!

യേശുവിൽ പ്രവർത്തിച്ച അതേ ചൈതന്യം, അതേ ശക്തി, അതേ ആത്മാവ് എന്നിലും വസിക്കുന്നെങ്കിൽ പിന്നെ ഞാൻ ആരെ ഭയപ്പെടണം? ഇനി ഏകാന്തതയെ ഭയക്കരുത്. എനിക്ക് സഹായത്തിനാരുമില്ല, എന്നെ ആരും മനസ്സിലാക്കുന്നില്ല എന്നും പറയരുത്.

ഉൾക്കണ്ണുകൾ തുറക്കുക. നീ തേടുന്ന സഹായകൻ, കൂട്ടുകാരൻ അങ്ങകലെയല്ല, നിന്റെ ഹൃദയത്തിൽത്തന്നെയുണ്ട്. അതിനാൽ ഉള്ളിലേക്കു കടക്കുക. നിന്റെ ഉള്ളിൽ വസിക്കുന്ന ആത്മാവിന്റെ സാന്നിധ്യത്തിലേക്ക്, പോരാ, ത്രിയേക ദൈവത്തിന്റെ സാന്നിദ്ധ്യ ത്തിലേക്ക് കടന്നുവരിക. അപ്പോൾ സകല ഭയങ്ങളും വിട്ടുപോകും. ഹൃദയത്തിൽ ശാന്തിയും സമാധാനവും സന്തോഷവും നിറയും. **ഇത് ഞാൻ നിങ്ങളോട് പറഞ്ഞത് എന്റെ സന്തോഷം നിങ്ങളിൽ കുടികൊള്ളാനും നിങ്ങളുടെ സന്തോഷം പൂർണ്ണമാകാനും വേണ്ടി യാണ്** (യോഹ 15:11).





***രാത്രിയിൽ കർത്താവ് ദർശനത്തിൽ പൗലോസിനോട് പറഞ്ഞു: ഭയപ്പെടേണ്ടാ, നിശ്ശബ്ദനായിരിക്കാതെ പ്രസംഗിക്കുക. എന്തെന്നാൽ ഞാൻ നിന്നോടുകൂടെയുണ്ട്. ആരും നിന്നെ ആക്രമിക്കുകയോ ഉപദ്രവിക്കുകയോ ഇല്ല***

*(അപ്പ. 18:9-10).*

# 28

# മരണം നേട്ടം

തികച്ചും അവിശ്വസനീയമായിരുന്നു ആ യുവാവിൽ വന്ന മാറ്റം. സർവ്വകലാശാല നഗരമായ ടാർസൂസിൽ റോമൻ പൗരനായി ജനിച്ച് ഗ്രീക്ക് തത്വചിന്തകളിലും സാഹിത്യത്തിലും അവഗാഹം നേടിയ ആ യഹൂദയുവാവ് സ്വന്തം ജനത്തിന്റെ മതവിശ്വാസ ത്തിലും ദൈവശാസ്ത്രത്തിലും ഉപരിപഠനത്തിനായി ജറുസലെമിൽ എത്തി, അന്ന് ഏറ്റം പ്രസിദ്ധ ഗുരുവായിരുന്ന ഗമാലിയേലിന്റെ പാദാന്തികത്തിലിരുന്ന് വിജ്ഞാനം ആർജിച്ചവൻ-സാവൂൾ. യവന ചിന്തയും യഹൂദമതപഠനവും, തീക്ഷ്ണമതിയായ ആ യുവാവിനെ ഒരു തീവ്രവാദിയാക്കി; പോരാ ഒരു മതഭ്രാന്തനും ഭീകരനുമാക്കി മാറ്റി.

സത്യം എന്നു ബോധ്യപ്പെട്ട കാര്യത്തിനുവേണ്ടി സർവ്വതും ത്യജിക്കാൻ തയ്യാറായിരുന്നു അയാൾ. യഹൂദമതത്തിൽത്തന്നെ

തീക്ഷ്ണമതികൾ എന്നറിയപ്പെട്ടിരുന്ന ഫരിസേയ വിഭാഗത്തിൽപ്പെട്ട ഒരുവൻ. തന്റെ വിശ്വാസത്തിനുവേണ്ടി എന്തു ത്യാഗവും സഹിക്കാനും ഏതറ്റംവരെയും പോകാനും അയാൾക്ക് മടിയില്ല. തന്റെ മതത്തിനുവേണ്ടി, മതവിശ്വാസത്തിനും ബോധ്യങ്ങൾക്കും വേണ്ടി, ആരെയും എതിരിടാനും കൊല്ലാനുംവേണ്ടി വന്നാൽ മരിക്കാനും ഒരുക്കം. ഒരു മതഭീകരന്റെ സർവ്വ ലക്ഷണങ്ങളും തികഞ്ഞ യുവ തീവ്രവാദി. യഹൂദമതാധികാരികൾ കുറ്റക്കാരനെന്ന് കണ്ട്, സമുന്നതകോടതിയായ സാൻഹദ്രിൻ വധശിക്ഷ വിധിച്ച്, ശിക്ഷ നടപ്പിലാക്കാൻവേണ്ടി റോമാക്കാർക്ക് ഏല്പിച്ചുകൊടുത്ത, ആ നസ്രത്തിലെ തച്ചൻ – യേശു, അവനാണ് യഹൂദമതം നേരിടുന്ന ഏറ്റം വലിയ ഭീഷണിയെന്ന് സാവൂൾ കരുതി.

ദൈവദൂഷണക്കുറ്റത്തിന് വധിക്കപ്പെട്ട നസ്രായന്റെ അനുയായികൾ യഹൂദമതത്തിന്റെ ഐക്യത്തിനു മാത്രമല്ല, നിലനിൽപ്പിനു തന്നെ ഭീഷണിയാണെന്ന് അവൻ മനസ്സിലാക്കി. പരമ്പരാഗത യഹൂദരും വിജാതീയരിൽനിന്ന് മാനസാന്തരപ്പെട്ട് യഹൂദമതം സ്വീകരിച്ച വിജാതീയരും ഒരുപോലെ ഈ നസ്രായന്റെ അനുയായികളായി മാറിക്കൊണ്ടിരുന്നു. ജറുസലെമിൽ മാത്രമല്ല പാലസ്തീനായ്ക്ക് പുറത്തും ഇവർ തങ്ങളുടെ പുതിയ വിശ്വാസവുമായി യഹൂദരുടെ ഇടയിൽ പിളർപ്പുണ്ടാക്കുന്നു. ഈ പാഷണ്ഡതയെ മുളയിലേ നുള്ളിക്കളയണം എന്ന ഉറച്ച തീരുമാനം എടുത്ത സാവൂൾ അതിനുവേണ്ടി കഠിനമായി അദ്ധ്വാനിച്ചു.

ഫലം ഉടനെ പ്രത്യക്ഷമായി. വാദിച്ചുതോല്പിക്കാൻ കഴിയാത്തത്ര അറിവും ജ്ഞാനവും സംസാരപാടവവും ഉണ്ടായിരുന്ന സ്റ്റീഫനെ കല്ലെറിഞ്ഞു കൊല്ലുന്നതിനു മുൻകൈ എടുത്തത് സാവൂളാണ്. ശരിയായ ദിശയിലാണ് തന്റെ നീക്കം എന്ന് അയാൾക്ക് അനുഭവപ്പെട്ടു. വീടുതോറും കയറി ക്രിസ്ത്യാനികളെ പിടിച്ച് വലിച്ചിറക്കി തുറുങ്കിലിലടച്ചു. പീഡനം രൂക്ഷമാക്കി. ഭയചകിതരായ ക്രിസ്ത്യാനികൾ ചിതറി. ജറുസലെമിൽനിന്ന് പലായനം ചെയ്തു. ഈ ഭൂമുഖത്ത് ഒരു ക്രിസ്ത്യാനിപോലും അവശേഷിക്കരുത്. ക്രിസ്തു എന്ന പേരിൽ നസ്രത്തിലെ തച്ചൻ അറിയപ്പെടരുത്. അവന്റെ ഓർമ്മപോലും തുടച്ചുനീക്കണം എന്ന നിർബന്ധത്തോ

ടെയാണ്, സാൻഹദ്രിൻ സംഘത്തിന്റെ അധികാരപത്രവുമായി അയാൾ സർവ്വ സന്നാഹങ്ങളോടുംകൂടെ ദമാസ്കസ് നഗരത്തിലേക്ക് കുതിച്ചത്. ഒരേയൊരു ലക്ഷ്യമേ കൺമുന്നിലുള്ളൂ. ക്രിസ്തുമതത്തെ ഉന്മൂലനം ചെയ്യുക, ഇസ്രായേലിൽനിന്ന് മാത്രമല്ല, ലോകത്തു നിന്നുതന്നെ ഈ പാഷണ്ഡത തുടച്ചുമാറ്റുക.

പക്ഷേ എത്ര പെട്ടെന്നാണ് എല്ലാം തകിടം മറിഞ്ഞത്! നഗരകവാടത്തിനടുത്തുവച്ച്, നീലാകാശത്തുനിന്ന് വെള്ളിടി വെട്ടി. എന്തു സംഭവിച്ചു എന്നറിയുന്നതിനുമുമ്പേ, സാവൂൾ നിലംപതിച്ചു. ആയിരം സൂര്യൻ ഒന്നിച്ച് കണ്ണിലടിച്ചതുപോലെ! പ്രകാശത്തിന്റെ കാഠിന്യത്താൽ കാഴ്ച നഷ്ടപ്പെട്ടു. ഒരു നിമിഷാർദ്ധത്തിൽ തന്റെ കണ്ണിൽ പതിച്ച ആ പ്രകാശം – എന്താണത്? കാതുകൾക്ക് വിശ്വസിക്കാനായില്ല ആ ശബ്ദം, തന്നെ പേരു ചൊല്ലി വിളിക്കുന്ന ശബ്ദം. സാവൂൾ, സാവൂൾ നീ എന്തിന് എന്നെ പീഡിപ്പിക്കുന്നു? (അപ്പ. 9:4). ആരാണിത്? എന്താണിത്? വ്യക്തിയോ ശക്തിയോ? മാലാഖയോ പിശാചോ? ആരാണ് നീ? മറുപടി ഉടനെ വന്നു: നീ പീഡിപ്പിക്കുന്ന യേശുവാണ് ഞാൻ! (അപ്പ. 9:5).

ഇപ്പോൾ കണ്ണിന്റെ കാഴ്ച മാത്രമല്ല സാവൂളിന് നഷ്ടപ്പെട്ടത്. താൻ ചവിട്ടി നില്ക്കുന്ന ഭൂമി കാൽക്കീഴിൽ പിളരുന്നതുപോലെ, ആഴമളക്കാനാവാത്ത അഗാധഗർത്തത്തിലേക്ക് താണുപോകുന്നതുപോലെ ഒരനുഭവം. തന്റെ ലോകം കീഴ്മേൽ മറിയുന്നതായി ആ യുവാവിന് തോന്നി. ഇതുവരെ സത്യമെന്ന് കരുതി, കൊല്ലാനും ചാകാനും തയ്യാറായി, ഇറങ്ങിത്തിരിച്ചതെല്ലാം നുണ മാത്രം! ഭീകരമായൊരു വഞ്ചനയ്ക്ക് താൻ ഇരയായിരുന്നു എന്ന തിരിച്ചറിവ്. വ്യാജപ്രവാചകനും ദൈവദൂഷണം എന്ന് മുദ്രകുത്തി കുരിശിലേറ്റിയ ആ നസ്രത്തിലെ തച്ചൻ, യേശു അവൻ മരിച്ചിട്ടില്ല? ഇപ്പോൾ, ഇവിടെ ഈ ഡമാസ്കസിന്റെ പടിവാതിൽക്കൽ ഇടിമിന്നൽപോലെ, ആയിരം സൂര്യന്റെ ശോഭയോടെ തന്റെ മുമ്പിൽ? പോരാ താൻ അവനെ പീഡിപ്പിക്കുന്നു? താൻ പീഡിപ്പിച്ച, പ്രഹരിച്ച, വധിച്ച ഓരോ ക്രിസ്ത്യാനിയിലും അവൻ ജീവിക്കുന്നു. ഉൾക്കൊള്ളാനാവാത്ത, ബുദ്ധികൊണ്ട് ഗ്രഹിക്കാനോ യുക്തികൊണ്ട് അളക്കാനോ സാധ്യമല്ലാത്ത ഒരു വെളിപ്പെടുത്തൽ.

അത് അവനെ തീർത്തും അന്ധനാക്കി. ഒരു ജീവിതം ഇവിടെ ഈ നഗരവാതിൽക്കൽ അവസാനിക്കുകയായി. താൻ സത്യമെന്ന് കരുതിയിരുന്നതെല്ലാം മിഥ്യ ആയിരുന്നെന്നും നേട്ടമെന്നു കരുതിയിരുന്നതെല്ലാം യഥാർത്ഥത്തിൽ നഷ്ടമായിരുന്നെന്നും പുണ്യം എന്നു കരുതി ചെയ്തതെല്ലാം കഠിനപാപമായിരുന്നു എന്നും ആ നിമിഷാർദ്ധത്തിൽ അയാൾ തിരിച്ചറിഞ്ഞു. ഒറ്റ നിമിഷംകൊണ്ട് അയാൾക്ക് എല്ലാം നഷ്ടപ്പെട്ടു. തികച്ചും ശൂന്യമാകുന്ന ഒരനുഭവം! അവിടെയാണ് പുതിയൊരു തുടക്കം. യഹൂദതീവ്രവാദിയായ സാവൂളിൽ നിന്ന് ക്രിസ്തുവിന്റെ തീക്ഷ്ണമതിയായ അപ്പസ്തോലൻ പൗലോസിന്റെ ജനനം. തുടർന്നനുഭവിച്ച മൂന്നുദിവസത്തെ അന്ധത ഈ സമൂല പരിവർത്തനത്തിന്റെ സൂചനയും അടയാളവുമാണ്.

അനനിയാസ് വന്ന് തലയിൽ കൈവച്ച് പ്രാർത്ഥിച്ചപ്പോൾ സാവൂളിന്റെ കണ്ണിൽ നിന്ന് ചെതുമ്പൽ പോലെ അടർന്നുവീണത് അവനെ ബാധിച്ചിരുന്ന മതഭ്രാന്തിന്റെ തിമിരമായിരുന്നു. ഇനി എല്ലാം അവൻ പുതിയൊരു വെളിച്ചത്തിൽ കാണും; പുതിയൊരു കാഴ്ചപ്പാടിൽ സ്വീകരിക്കും. ഇനി ആരോടും ശത്രുതയില്ല; പകയോ വിദ്വേഷമോ ഇല്ല. ആരെയും കൊല്ലാനെന്നല്ല, നുള്ളി നോവിക്കാൻ പോലും അയാൾക്ക് കഴിയില്ല. അതൊക്കെ കടന്നുപോയ പഴയ ജീവിതത്തിന്റെ സവിശേഷതകളായിരുന്നു. ഇനി ഒന്നേ ആഗ്രഹമുള്ളൂ; ഒരേയൊരു ലക്ഷ്യമേയുള്ളൂ. യേശുവിനെ അറിയണം, അവന്റെ സഹനത്തിൽ പങ്കുചേരണം, അവന്റെ പുനരുത്ഥാനത്തിന്റെ ശക്തി തിരിച്ചറിയണം. അവനോടൊന്നിച്ചായിരിക്കണം. താൻ കണ്ട് അറിഞ്ഞ യേശുവിനെ ലോകം മുഴുവൻ പ്രഘോഷിക്കണം. താൻ ആയിരുന്നതുപോലെ അജ്ഞതയിലും അന്ധതയിലും കഴിയുന്ന സകലരും ക്രിസ്തുവിനെ അറിയണം; അതിനുവേണ്ടിമാത്രമാണ് ഇനി ജീവിക്കുന്നത്.

എ.ഡി. 36ലാണ് സാവൂളിന്റെ മാത്രമല്ല, സഭയുടെയും ലോകത്തിന്റെ തന്നെയും ചരിത്രത്തെ നിർണ്ണായകമായി സ്വാധീനിച്ച ഈ സംഭവം. തുടർന്നുള്ള മുപ്പത് വർഷങ്ങൾ ലോകം കണ്ടത് ഏറ്റം വലിയ പ്രേഷിതന്റെ പ്രവർത്തനങ്ങളായിരുന്നു. എത്രയെത്ര യാത്രകൾ! 'തലയിൽ തീയും കാലിൽ ചിറകും' എന്നതുപോലെ ക്രിസ്തു

വിനെ ഉള്ളിൽ വഹിച്ച് ആത്മാവിന്റെ അഗ്നിയാൽ നിരന്തരം നയിക്കപ്പെട്ട ഒരു പ്രേഷിതജീവിതം. ഒന്നിനെയും ആരെയും ഭയമില്ല. എന്തും സഹിക്കാനും മരണം വരിക്കാനും സന്നദ്ധം. തിരസ്കരണങ്ങളിൽ മനം തളരാതെ, എതിർപ്പുകളെ ഭയപ്പെടാതെ, ഭീഷണികളെ വകവയ്ക്കാതെ ആത്മാവു നയിക്കുന്ന വഴിയിലൂടെ എപ്പോഴും മുന്നോട്ട്.

സഫലമായി ആ ജീവിതം. മറ്റാരെയുംകാൾ കൂടുതൽ യേശുവിനെ അറിയുകയും അറിയിക്കുകയും ചെയ്ത ഒരു ജീവിതം. റോമാ പട്ടണത്തിനുവെളിയിൽ 'വിയാ ആപ്പിയാ'(via appia) എന്നറിയപ്പെടുന്ന വഴിയിൽ, മൂന്നുറവകൾ എന്നർത്ഥമുള്ള ത്രെഫോന്താനെ (trefontane) എന്ന പേരുള്ള സ്ഥലത്തുവച്ച് (നിലത്തുവീണ തല രണ്ടു തവണ തെറിച്ചെന്നും അങ്ങനെ വീണ ഓരോ സ്ഥലത്തും അത്ഭുതകരമായി ഓരോ നീരുറവയുണ്ടായെന്നും ഈ പേരിന് പിന്നിലുള്ള ഐതിഹ്യം) ശിരച്ഛേദം ചെയ്യപ്പെടുന്ന, തുവരെ യേശുവിനെ പ്രതിയുള്ള തീക്ഷ്ണതയാൽ ആത്മാവിന്റെ അഗ്നിയാൽ ജ്വലിച്ചു നിന്നു ആ ജീവിതം. അപ്പസ്തോലന്റെതന്നെ വാക്കുകളിൽ ആ സാക്ഷ്യം കേൾക്കാം!

ദീർഘമായ കാരാഗൃഹവാസമനുഭവിച്ചു. എണ്ണമറ്റവിധം പ്രഹരമേറ്റു. പലതവണ മരണവക്ത്രത്തിലകപ്പെട്ടു. അഞ്ചുപ്രാവശ്യം യഹൂദരുടെ കൈകളിൽനിന്ന് ഒന്നു കുറയെ നാൽപത് അടിവീതം ഞാൻ കൊണ്ടു. മൂന്നു പ്രാവശ്യം വടികൊണ്ട് അടിക്കപ്പെട്ടു. ഒരിക്കൽ കല്ലേറിയപ്പെട്ടു. മൂന്നു പ്രാവശ്യം കപ്പലപകടത്തിൽ പെട്ടു. ഒരു രാത്രിയും ഒരു പകലും കടലിൽ ഒഴുകി നടന്നു. തുടരെത്തുടരെയുള്ള യാത്രകൾക്കിടയിൽ, നദികളിൽവച്ചും കൊള്ളക്കാരിൽനിന്നും എനിക്ക് അപകടങ്ങളുണ്ടായി.... (2 കോറി. 11: 21–29) യേശുവിനു വേണ്ടി ഏറ്റെടുക്കാൻ കഴിഞ്ഞ സഹനങ്ങളുടെ പട്ടിക അന്തമില്ലാതെ നീളുന്നു. ഇത് പരാതിയോ പരിദേവനങ്ങളോഅല്ല, തനിക്ക് എടുത്തുകാട്ടാനുള്ള പ്രശംസാപത്രങ്ങളും കീർത്തിമുദ്രകളുമായാണ് അപ്പസ്തോലൻ അവതരിപ്പിക്കുന്നത്.


ഡമാസ്കസിന്റെ പടിവാതിൽക്കൽ വച്ച് കണ്ടുമുട്ടിയ യേശു സാവൂളിനെ പൗലോസാക്കി; അവന് പുതിയ ജീവിതദർശനവും

ലക്ഷ്യവും നല്കി. അവന്റെ ഉള്ളിൽ ശക്തിയായി വസിച്ചു. ഇനി തനിക്ക് സ്വന്തമായൊരു ജീവിതമില്ല എന്ന് പൗലോസ് തിരിച്ചറിഞ്ഞു. ആദ്യം യഹൂദരുടെ സിനഗോഗിൽ; തിരസ്ക്കരിക്കപ്പെടുമ്പോൾ വിജാതീയരുടെ അടുക്കലേക്ക്. എല്ലായിടത്തും ഒന്നേ പറയാനുള്ളൂ; യേശുവാണ് ഏക കർത്താവ്. അവനിലാണ് അവനിൽ മാത്രമാണ് രക്ഷ. ഇനി യഹൂദനെന്നോ വിജാതീയനെന്നോ വ്യത്യാസമില്ല. എല്ലാവരും യേശുവിൽ ഒന്നായിരിക്കുന്നു. പോരാ; അവന്റെ ശരീരത്തിലെ അവയവങ്ങളായിരിക്കുന്നു. അവനാണ് ശിരസ്. നാം അവയവങ്ങൾ. അതിനാൽ ഒരവയവം വേദനിക്കുമ്പോൾ അവ നും വേദനിക്കുന്നു.

സ്ഥലകാലങ്ങൾക്കതീതമായ യേശുവിന്റെ സാന്നിധ്യം പൗലോസിനെ നിരന്തരം നയിച്ചു. ദർശനങ്ങളിലൂടെയും ശ്രവണങ്ങളിലൂടെയും വഴി നടത്തി. അടയാളങ്ങളും അത്ഭുതങ്ങളും വഴി പൗലോസിന്റെ സാക്ഷ്യങ്ങളെ സ്ഥിരീകരിച്ചു. യേശുവിനോട് ഒന്നായിത്തീർന്ന ഒരു ജീവിതം. "ഇനിമേൽ ഞാനല്ല ജീവിക്കുന്നത്; ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്. എന്റെ ഇപ്പോഴത്തെ ഐഹിക ജീവിതം, എന്നെ സ്നേഹിക്കുകയും എനിക്കുവേണ്ടി തന്നെത്തന്നെ ബലിയർപ്പിക്കുകയും ചെയ്ത ദൈവപുത്രനിൽ വിശ്വസിച്ചുകൊണ്ടുള്ള ജീവിതമാണ്" (ഗലാ 2:20). ആ ജീവിതത്തിൽ ഭയത്തിന് സ്ഥാനമില്ല; സ്വാർത്ഥമോഹങ്ങളില്ല. ജറുസലെം മുതൽ ഇല്ലിരിക്കോൺ വരെ, പോരാ റോമാവരെയും അതിനും അപ്പുറവും, ലോകാതിർത്തികൾവരെ യേശുവിനെ പ്രഘോഷിക്കാൻ മാത്രമായി ഉഴിഞ്ഞുവച്ചതായിരുന്നു ആ ജീവിതം. പൗലോസ് യൂറോപ്പിൽ ആദ്യമായി സുവിശേഷം പ്രസംഗിക്കുകയും സഭ സ്ഥാപിക്കുകയും ചെയ്ത നഗരമാണ് ഫിലിപ്പി. ആ സഭയ്ക്കെഴുതിയ ലേഖനത്തിലാണ് അപ്പസ്തോലൻ വികാരവായ്പോടെ, സ്നേഹാർദ്രതയോടെ, തന്റെ ഹൃദയം തുറക്കുന്നത്. തടവറയിൽ നിന്നാണ് ഈ ലേഖനം എഴുതിയത്. നാളെ ഒരു പക്ഷേ വധശിക്ഷ ലഭിച്ചേക്കും എന്നും അപ്പസ്തോലൻ കരുതുന്നു. മരണത്തെ മുന്നിൽ കണ്ടുകൊണ്ട് തടവറയിൽ കിടക്കുന്ന അപ്പസ്തോലൻ ഹൃദയം തുറക്കുന്നത് ഈ ലേഖനത്തിൽ കാണാം. എപ്പോഴും എന്നപോലെ ഇപ്പോഴും ക്രിസ്തു എന്റെ ശരീരത്തിൽ – ജീവിതം വഴിയോ മരണംവഴിയോ– മഹത്വ

പ്പെടണമെന്നും എനിക്ക് തീവ്രമായ ആഗ്രഹവും പ്രതീക്ഷയുമുണ്ട്. എനിക്ക് ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണ്... **എന്റെ ആഗ്രഹം മരിച്ച് ക്രിസ്തുവിനോടുകൂടെ ആയിരിക്കാനാണ്. കാരണം അതാണ് കൂടുതൽ ശ്രേഷ്ഠം** (ഫിലി. 1:20-23).

ക്രിസ്തു ആരെന്ന് തിരിച്ചറിഞ്ഞ നിമിഷംമുതൽ പൗലോസിന്റെ മനോഭാവമാണിത്. ഇതുതന്നെയാണ് ക്രിസ്തുവിനെ അടുത്തറിയുന്ന ഓരോ ശിഷ്യന്റെയും മനോഭാവം. ഒന്നിനെയും ഭയമില്ല. മരണം നേട്ടമായി കരുതുക. കാരണം ജീവിതത്തിന്റെ ലക്ഷ്യത്തിലേക്ക് തുറക്കുന്ന കവാടമാണ് മരണം. അതിലൂടെ കടക്കുന്നത് യേശുവിലേക്ക്. പിതാവിന്റെ ഹൃദയമാകുന്ന ഭവനത്തിലേക്കാണ്. അത് നിർഭയം യേശുവിന് സാക്ഷ്യം നല്കാൻ ശിഷ്യരെ പ്രേരിപ്പിക്കുന്നു; പ്രേരിപ്പിക്കണം. വിളിച്ചവൻ വിശ്വസ്തനാണ്; മരിച്ച് ഉത്ഥാനം ചെയ്തവൻ എന്നും എപ്പോഴും എവിടെയും കൂടെയുണ്ട്. അതിനാൽ ഭയപ്പെടേണ്ടാ, സുവിശേഷ പ്രഘോഷണം, വാക്കും പ്രവൃത്തിയും, സർവ്വോപരി ജീവിതവും വഴി തുടരാം.





***സ്നേഹത്തിൽ ഭയത്തിന് ഇടമില്ല; പൂർണ്ണമായ സ്നേഹം ഭയത്തെ ബഹിഷ്ക്കരിക്കുന്നു*** *(1 യോഹ 4:18).*

# 29

# സ്നേഹമാണ് പ്രതിവിധി

തികച്ചും ഭയചകിതനായിരുന്നു അയാൾ. ഉമിത്തീപോലെ ഹൃദയത്തെ നീറ്റുന്ന, ചുട്ടുപൊള്ളിക്കുന്ന കുറ്റബോധം. എത്രയോ തവണ ഗുരു താക്കീത് നല്കിയതാണ്. എന്നിട്ടും അത് സംഭവിച്ചു. ഒന്നല്ല മൂന്നു തവണ. അതും ഒരു ഔദ്യോഗിക വിചാരണയുടെ വേദിയിലോ വധശിക്ഷ വിധിക്കാൻ അധികാരമുള്ള ന്യായാധിപന്റെ മുമ്പിലോ അല്ല, വെറും ഒരു വാതിൽ കാവൽക്കാരിയുടെ മുമ്പിൽ അവനെ അറിയില്ല എന്ന് വെറുതെ അങ്ങ് പറയുകയല്ല; ശപഥം ചെയ്ത്, ദൈവനാമത്തിൽ ആണയിട്ട്. ഗുരു തിരിഞ്ഞുനോക്കിയപ്പോഴാണ് സുബോധമുണ്ടായത്. ഗുരുവിന്റെ താക്കീതുകൾ ഇടിവെട്ടുപോലെ ഉള്ളിൽ നടുക്കം സൃഷ്ടിച്ചത്. അന്ന് തുടങ്ങിയതാണ് ഈ കണ്ണീർ പ്രവാഹം. തലയോട്ടി കണ്ണീർ തടാകവും കണ്ണുകൾ ഉറവകളും ആയതുപോലെ. ഈ കണ്ണീരിന് തന്റെ അവിശ്വസ്ത

തയുടെ മാലിന്യം കഴുകിക്കളയാനാകുമോ? പക്ഷേ അതുകൊണ്ട് തീർന്നില്ലല്ലോ തന്റെ അവിശ്വസ്തതയും പരാജയങ്ങളും.

നിർണ്ണായക മുഹൂർത്തത്തിൽ ഒളിച്ചോടി ചോദ്യം ചെയ്തപ്പോൾ തള്ളിപ്പറഞ്ഞു. ഇതൊന്നും കാര്യമാക്കാതെ ഗുരു വീണ്ടും തന്നെ സ്വീകരിച്ചു. ഉത്ഥിതൻ ദർശനം നല്കി. തന്റെമേൽ ആത്മാവിനെ ഊതി; ശക്തിയും അധികാരവും നല്കി. എന്നിട്ടും, ഗുരു തന്നെ നേതാവായി നിശ്ചയിച്ച താൻ, മറ്റു ശിഷ്യരെയും കൂട്ടി വീണ്ടും ഇറങ്ങിത്തിരിച്ചു, പഴയ തൊഴിലിലേക്ക്. ഗുരുവിന്റെ വിളികേട്ട് ഒരിക്കൽ ഉപേക്ഷിച്ച വള്ളവും വലയുമായി ചിരപരിചിതമായ ഗലീലിത്തടാകത്തിലേക്ക് - മീൻപിടിക്കാൻ. ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രപിതാക്കന്മാരുടെ സ്ഥാനത്ത് തങ്ങൾ പന്ത്രണ്ടുപേരെ ഗുരുവാണ് പ്രത്യേകം തിരഞ്ഞെടുത്ത്, അപ്പസ്തോലന്മാർ എന്ന പേരു നല്കി, സുവിശേഷം പ്രഘോഷിക്കാൻ ഉത്തരവാദിത്വവും പാപം മോചിക്കാൻ അധികാരവും നല്കി അയച്ചത്. ആ പന്ത്രണ്ടുപേരിൽ മൂന്നുപേർക്ക് കൂടുതൽ പ്രാധാന്യം നല്കിയിരുന്നു. സെബദീപുത്രന്മാരായ യാക്കോബും യോഹന്നാനും, പിന്നെ താനും. ഗുരു ഏറ്റം അധികം സ്നേഹിച്ചതും വിശ്വാസം അർപ്പിച്ചതും നേതൃത്വം നല്കി ആദരിച്ചതും തന്നെ.

ആ താൻ തന്നെയാണിപ്പോൾ അപ്പസ്തോലഗണത്തെ തന്നെ വഴി തെറ്റിക്കുന്നത്, ചിതറിക്കുന്നത്. രാത്രി മുഴുവൻ കടൽ അരിച്ചുപെറുക്കിയിട്ടും ഒരു പൊടി മീൻപോലും കിട്ടാതെ വിശക്കുന്ന വയറും ഉറക്കച്ചടവുള്ള കണ്ണുകളും കാലിയായ വലകളുമായി ആ വെളുപ്പാൻ കാലത്ത് തോണിയിൽ തളർന്നിരിക്കുന്നത് തങ്ങൾ ഏഴുപേർ! ബാക്കി അഞ്ചു പേർക്കെന്തു പറ്റി? ഗുരുവിന്റെ സ്വപ്നം തല്ലിത്തകർത്തത് താൻ തന്നെയാണ്. ഗുരുവിനെ ഒറ്റിക്കൊടുത്തവൻ മരത്തിൽ തൂങ്ങി ജീവിതം പരിഹാരബലിയർപ്പിച്ചു. മറ്റാരെയും ദ്രോഹിച്ചില്ല; വഴി തെറ്റിച്ചതുമില്ല. ബാക്കി നാലുപേർ എവിടെയെന്നറിയില്ല. എന്നാൽ താനോ? സഭയാകുന്ന സൗധത്തിന്റെ മൂലക്കല്ലായിരിക്കണം എന്നു കരുതി പാറയെന്നാണ് ഗുരു തനിക്ക് പുതിയ പേര് നല്കിയത്. ഇപ്പോൾ ആ കെട്ടിടത്തിന്റെ അടിത്തറ ഇളക്കിയതും താൻ തന്നെ.

വിട്ടുപോന്ന വഴികളിലേക്ക് തിരിഞ്ഞുപോയിട്ട് കിട്ടിയത് വട്ടപ്പൂജ്യം! സമ്പൂർണ്ണ പരാജയം. അപ്പോഴാണ് അകലെ കരയിൽ നിന്നൊരു ശബ്ദം. മൂടൽ മഞ്ഞിനിടയിലൂടെ അവ്യക്തമായൊരു മനുഷ്യരൂപം! വള്ളത്തിന്റെ വലത്തുഭാഗത്ത് വലവീശാൻ ഉപദേശം. തികച്ചും അസാധ്യമെന്ന് കരുതിയത് സംഭവിച്ചു. വലനിറയെ മീൻ. എന്നിട്ടും കണ്ണ് തെളിഞ്ഞില്ല. അകലെ കരയിൽ മൂടൽമഞ്ഞിൽ മറഞ്ഞുനിൽക്കുന്നത് ഗുരുവാണെന്ന് യോഹന്നാൻ പറഞ്ഞപ്പോഴാണ് തിരിച്ചറിഞ്ഞത്. പിന്നെ ഒട്ടും വൈകിയില്ല. നഗ്നത മറയ്ക്കാൻ പുറങ്കുപ്പായം വാരിചുറ്റി കടലിലേക്ക് ചാടി, കുതിച്ചു നീന്തി കരയിലെത്തിയപ്പോൾ ഗുരു! അടുപ്പുകൂട്ടി, കനലിൽ ചുട്ട മീനും അപ്പവുമായി കരയിൽ– അമ്മയെപ്പോലെ. എങ്ങനെ ഗുരുവിനെ സമീപിക്കും? എങ്ങനെ ആ മുഖത്തുനോക്കും?

ചവുട്ടി നിൽക്കുന്ന ഭൂമി കാൽക്കീഴിൽ പിളർന്നുപോകുന്നതു പോലെ ഒരു തോന്നൽ – അതോ ആഗ്രഹമോ? മറ്റെല്ലാവരെക്കാളും ഉപരി തന്നെ സ്നേഹിച്ച്, തിരഞ്ഞെടുത്ത്, നേതൃത്വം ഏൽപ്പിച്ച ഗുരുവിന്റെ മുമ്പിൽ നിന്ന് ഭൂമി പിളർന്ന് തന്നെ മറച്ചിരുന്നെങ്കിൽ എന്ന് അയാൾക്ക് തോന്നിയിരിക്കുമോ? 'അറിയില്ല' എന്ന് ആണയിട്ടു പറഞ്ഞു. ഗുരു നല്കിയ താക്കീതുകൾ ഒന്നും കാര്യമായി പരിഗണിച്ചില്ല. ഗുരുവിനെ കുരിശിന്റെ പാതയിൽനിന്ന് പിന്തിരിപ്പിക്കാൻ ശ്രമിച്ചത് സ്നേഹം മൂലമായിരുന്നു; അതോ, തനിക്കും ആ വഴി പോകേണ്ടിവരും എന്ന് ഭയന്നിട്ടോ? അന്ന് സാത്താൻ എന്നാണ് ഗുരു വിളിച്ചത്. "**സാത്താനേ, എന്റെ മുന്നിൽ നിന്ന് പോകൂ! നീ എനിക്ക് പ്രതിബന്ധമാണ്. നിന്റെ ചിന്ത ദൈവികമല്ല, മാനുഷികമാണ്** (മത്താ 16:23). തന്നെ അനുഗൃഹീതനെന്നും പിതാവിന്റെ വെളിപാട് ലഭിച്ചവനും പാറയും സഭയുടെ അടിത്തറയും എന്നൊക്കെ എന്നൊക്കെ വിളിച്ചതിന്റെ തൊട്ടുപിന്നാലെയാണ് ഈ 'സാത്താൻ' പ്രയോഗം. അന്ന് ഒന്നും മനസ്സിലായില്ല

എല്ലാവരും തള്ളിപ്പറഞ്ഞാലും ഞാൻ തള്ളിപ്പറയില്ല എന്ന് അന്ത്യ അത്താഴവേളയിൽ ശപഥം ചെയ്തു പറഞ്ഞതാണ്. അത് വെറും വീമ്പിള ക്കലായിരുന്നോ? കുപ്പായം വിറ്റു വാള് വാങ്ങാൻ പറഞ്ഞപ്പോൾ ഇതാ ഇവിടെ രണ്ടെണ്ണം ഞങ്ങളുടെ കൈവശമുണ്ട് എന്നു പറഞ്ഞതും തന്റെ വിഡ്ഢിത്തത്തിന്റെ പ്രകടന

മായിരുന്നില്ലേ? സാത്താന്റെ ആക്രമണത്തെ ചെറുക്കാൻ ഇരുമ്പു വാളല്ല, വിശ്വാസവും വിനയവും പ്രാർത്ഥനയുമാണ് വേണ്ടതെന്ന് മനസ്സിലാക്കിയില്ല. അവസാനം പടയാളികൾ ഗുരുവിനെ ബന്ധിച്ചപ്പോൾ വാളെടുത്ത് വീശിയത് അതിലും വലിയ വിഡ്ഢിത്തം. ഉറക്കച്ചടവുകൊണ്ടോ, പരിചയക്കുറവുകൊണ്ടോ, കഴു ത്തിന് വെട്ടിയത് ചെവിയ്ക്കാണ് കൊണ്ടത്!

ഏതാണ്ട് മൂന്നരവർഷംമുമ്പ് ശൂന്യമായ വല നോക്കി നിരാശപ്പെട്ടിരുന്ന തന്റെ വള്ളത്തിലേക്ക് അപരിചിതനായി കടന്നു വന്ന്, അത്ഭുത കരമായി വല നിറച്ച് മീൻ നല്കിയ നിമിഷം മുതൽ കടന്നുപോന്ന വഴികൾ മുഴുവൻ അവന്റെ മനക്കണ്ണാടിയിലൂടെ ഒരു ചലച്ചിത്രംപോലെ കടന്നുപോയി. ഇപ്പോൾ ഈ വെളുപ്പാൻ കാലത്ത്, നിരാശയുടെ കായലോരത്ത്, പ്രാതലൊരുക്കി കാത്തിരിക്കുന്ന ഗുരു. എങ്ങനെ ആ മുഖത്തുനോക്കും? എന്തായിരിക്കും ഗുരു ചോദിക്കുക? എന്തുത്തരം പറയും? കുറ്റബോധവും നിരാശയും ഭയവും ഗ്രസിച്ച് കൂനിപ്പോയ മനുഷ്യൻ- തുടിക്കുന്ന ഹൃദയവും പതറുന്ന പാദങ്ങളും വിറയ്ക്കുന്ന ചുണ്ടുകളുമായി അവൻ നിന്നു. പാറയാകാൻ വിളിക്കപ്പെട്ടിട്ടും മെഴുകുപോലെ ഉരുകിപ്പോയ ശിമയോൻ! ഗലീലി തടാകതീരത്തെ യോഹന്നാന്റെ മകൻ, പാവം മീൻപിടുത്തക്കാരൻ, ശിമയോൻ!

ഭയം! അതായിരുന്നു പത്രോസിനെ വെറും ശിമയോനാക്കിയത്, പാറയെ ഉരുക്കിയത്. ആർത്തിരമ്പി കലി തുള്ളുന്ന കടലിൻ നടുവിലേക്ക് ഇറങ്ങിയത് ഗുരുവിന്റെ വിളി കേട്ടാണ്. അലറുന്ന തിരമാലകൾക്ക് മുകളിലൂടെയാണ് നടക്കുന്നതെന്ന് ചിന്തിച്ചതു പോലുമില്ല. പക്ഷേ ഒരു നിമിഷം, ഗുരുമുഖത്തുനിന്ന് കണ്ണും പതറി. അടുത്തനിമിഷം തിരിച്ചറിഞ്ഞു- താൻ നടുക്കടലിൽ താഴുകയാണ്.

ഭയം! അതാണ് കർത്താവേ രക്ഷിക്കണേ (മത്താ 14:30) എന്ന് അലറിക്കരയാൻ പ്രേരിപ്പിച്ചത്. കുരിശിന്റെ വഴിയിൽനിന്ന് ഗുരുവിനെ പിന്തിരിപ്പിക്കാൻ പ്രേരിപ്പിച്ചതിനും അവസാനം അറി യില്ല എന്ന് തള്ളിപ്പറഞ്ഞതിനും എല്ലാം ഒരേ ഒരു കാരണമേയുള്ളൂ: ഭയം- ഇപ്പോൾ വാവിട്ടു നിലവിളിക്കാൻ തോന്നും- ഭീരുവാണ്, ഞാൻ ഗുരോ! വെറും ഒരു പേടിത്തൊണ്ടൻ. എങ്ങനെ ഞാൻ നിന്റെ മുമ്പിൽ നിൽക്കും!

എന്നാൽ ഭയപ്പെട്ടതൊന്നുമല്ല സംഭവിച്ചത്. പ്രാതലൊരുക്കി കാത്തിരുന്നവൻ വയറുനിറയെ ഊട്ടി. ശകാരമോ, കുറ്റപ്പെടുത്തലോ ചോദ്യം ചെയ്യലോ ഒന്നുമില്ല. വഴിഞ്ഞൊഴുകുന്ന, വാത്സല്യം. അമ്മയെപ്പോലെ നിറച്ചൂട്ടുന്നവൻ. അതിനുശേഷമാണ് താൻ ഏറ്റം ഭയന്നിരുന്ന ചോദ്യം വന്നത്. എന്നാൽ എത്ര വ്യത്യസ്തമാണ് ആചോദ്യം – നീ എന്നെ സ്നേഹിക്കുന്നുവോ? പത്രോസ് എന്ന പുതിയ പേരല്ല, ശിമയോൻ എന്ന തന്റെ പഴയപേര്– അതാണ് ഗുരു വിളിക്കുന്നത്. തന്റെ കഴിവുകേടുകളും പരാജയങ്ങളും ഭയവും എല്ലാം അറിയാവുന്നതുകൊണ്ടല്ലേ ആ പഴയപേരുതന്നെ വിളിക്കുന്നത്? പണ്ട്, തുടക്കത്തിൽ തന്റെ വള്ളത്തിലേക്ക് ആദ്യമായി കടന്നുവന്നപ്പോഴെന്നതുപോലെ?

ആ ചോദ്യത്തിൽ ഒരു കൊളുത്തുണ്ട്. **ഇവരെക്കാൾ അധികമായി** (യോഹ 21:15). എല്ലാവരും നിന്നെ തള്ളിപ്പറഞ്ഞാലും ഞാൻ നിന്നെ തള്ളിപ്പറയില്ല (മത്താ 26:33) എന്ന തന്റെ വീരവാദത്തിലേക്കുള്ള ഒരു സൂചനയല്ലേ അത്? ശരിയാണ്. എല്ലാവരും ഗുരുവിനെ നിഷേധിച്ചു; ഏറ്റം കൂടുതലായി താൻ തന്നെ. ഇപ്പോൾ അതിന് ഒരു പ്രതിവിധിയാണ് തള്ളിപ്പറഞ്ഞവനെ വീണ്ടും ഏറ്റുപറയാൻ, വിഛേദിക്കപ്പെട്ട ബന്ധം പുനഃസ്ഥാപിക്കാൻ ഒരവസരം.

ഗുരുവിന് ഒന്നേ അറിയേണ്ടതുള്ളൂ! നീ എന്നെ സ്നേഹിക്കുന്നുവോ? സ്നേഹിക്കുന്നു എന്ന് മറുപടി പറഞ്ഞപ്പോൾ ഗുരു ചോദ്യം വീണ്ടും ആവർത്തിച്ചു, ഒന്നല്ല രണ്ടു തവണ. അതും മറ്റുള്ളവരുമായി ഒരു താരതമ്യം കൂടാതെ. മൂന്നാം വട്ടവും ഒരേ ചോദ്യം ആവർത്തിച്ചപ്പോൾ പിടിച്ചുനിൽക്കാനായില്ല. ഇതുവരെ ഉള്ളിൽ തളംകെട്ടി, അലയടിച്ചുയർന്ന ദുഃഖവും പശ്ചാത്താപവും കുറ്റബോധവും എല്ലാം ചിറപൊട്ടിയൊഴുകി, കണ്ണീരായി, ഹൃദയം തകർന്ന നിലവിളിയായി; **കർത്താവേ, നീ എല്ലാം അറിയുന്നു. ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നും നീ അറിയുന്നു** (യോഹ 21:17).

യേശുവിന്റെ ചോദ്യവും പത്രോസിന്റെ ഉത്തരവും അവതരിപ്പിക്കാൻ ഉപയോഗിക്കുന്ന ഗ്രീക്കുവാക്കുകൾ രണ്ടാണെന്ന നിരീക്ഷണം ശ്രദ്ധേയമാണ്. അഗപ്പാവോ (agapao) എന്ന ഗ്രീക്കു

വാക്കാണ് യേശുവിന്റെ ചോദ്യത്തിന് ഉപയോഗിച്ചിരിക്കുന്നത്. സ്നേഹത്തിന്റെ ഏറ്റം ഉന്നതമായ ഭാവത്തെയാണ് ഈ പദം സൂചിപ്പിക്കുന്നത്. അർഹത നോക്കാതെ, പ്രതിഫലം പ്രതീക്ഷിക്കാതെ, സ്നേഹിക്കപ്പെടുന്ന ആളിന്റെ സമഗ്രവും സമ്പൂർണ്ണവും ശാശ്വതവുമായ നന്മ മാത്രം ലക്ഷ്യം വച്ചുകൊണ്ട് സ്വതന്ത്രമായി നല്കുന്ന സ്നേഹം. ഇത് ഒരു നൈസർഗ്ഗിക വാസനയിൽനിന്ന് വരുന്നതല്ല; നിർബന്ധത്തിന് വഴങ്ങിയുണ്ടാകുന്ന തുമല്ല. ഉറച്ച ഒരു തീരുമാനത്തിന്റെ ഫലമാണ്. നീ എന്നെ വെറുത്താലും, ഉപേക്ഷിച്ചാലും, ഉപദ്രവിച്ചാലും, നശിപ്പിക്കാൻ ശ്രമിച്ചാലും ഞാൻ നിന്നെ സ്നേഹിക്കും. ഇതാണ് അഗാപ്പെ - ദൈവം സ്നേഹിക്കുന്ന സ്നേഹം; അല്ല, ദൈവം തന്നെ ആയ സ്നേഹം (യോഹ 4:8-16). ആദ്യത്തെ രണ്ടുതവണയും യേശുവിന്റെ ചോദ്യത്തിൽ ഈ പദമാണ് ഉപയോഗിച്ചിരിക്കുന്നത്.

എന്നാൽ പത്രോസിന്റെ മറുപടിയിൽ വരുന്നത് ഫിലേയിൻ (philein) എന്ന പദമത്രെ. ഇത് തികച്ചും മാനുഷികമായ, സ്വാഭാവികമായ സ്നേഹമാണ്. സുഹൃത്തുക്കൾ അഥവാ സ്നേഹിതന്മാർ തമ്മിലുള്ള സ്നേഹം. ഇതിന്റെ ഇഷ്ടം എന്നുവിളിക്കാം. 'എനിക്ക് നിന്നെ ഇഷ്ടമാണ്'. അറിയാതെ തന്നെ അല്പം സ്വാർത്ഥത ഇതിലുണ്ട്; ഒളിഞ്ഞുകിടക്കുന്ന ചില നിബന്ധനകളും പരിമിതികളും. ഇതിൽ ഒരു പാരസ്പര്യവുമുണ്ട്. നിനക്ക് എന്നെ ഇഷ്ടമാണ്, എനിക്ക് നിന്നെയും. ഈ സ്നേഹം പരസ്പരം ഉപകാരപ്രദവുമാണ്. ഈ തലത്തിനപ്പുറത്തേക്ക് ഉയരാൻ പത്രോസിന് കഴിയുന്നില്ല.

സ്നേഹിക്കുക എന്നു വിവർത്തനം ചെയ്യുന്ന മറ്റ് രണ്ട് ഗ്രീക്കു വാക്കുകൾ കൂടെയുണ്ട് സ്തേർഗോ (stergo) ആണ് ഒന്ന്. വാത്സല്യം എന്ന് ഇതിനെ വിവർത്തനം ചെയ്യാം. മാതാപിതാക്കൾക്ക് മക്കളോട് തോന്നുന്ന സ്നേഹം ഉദാഹരണം. രണ്ടാമത്തെ വാക്ക് 'ഈരോ', (ero- ഇതിൽനിന്നാണ് eros-eratic, എന്ന പദങ്ങളുടെ നിഷ്പത്തി). ഇതിനെ കാമം എന്ന് വിവർത്തനം ചെയ്യാം. കമിതാക്കൾ തമ്മിലുള്ള സ്നേഹമാണ് വിവക്ഷ. ഈ രണ്ട് വാക്കുകൾ ബൈബിളിലില്ല എന്നതും ശ്രദ്ധേയമത്രെ.

രണ്ടാം തവണയും 'എനിക്ക് നിന്നെ ഇഷ്ടമാണ്' എന്ന് പത്രോസ് പറഞ്ഞപ്പോൾ യേശുവിന്റെ ചോദ്യത്തിലെ വാക്ക് മാറി. അഗപ്പാവോ എന്ന ക്രിയയ്ക്കു പകരം പത്രോസ് ഉപയോഗിച്ച ഫീലോ എന്ന വാക്കു തന്നെ യേശുവും ഉപയോഗിച്ചു. അപ്പോഴാണ് പത്രോസ് ആകെ തകർന്നുപോയത്. കർത്താവേ, നീ എല്ലാം അറിയുന്നു. ഞാൻ നിന്നെ സ്നേഹിക്കുന്നു എന്നും നീ അറിയുന്നു.

ഇവിടെയാണ് പുതിയ തുടക്കം. ശകാരിച്ചോ ശിക്ഷിച്ചോ ഭീഷണിപ്പെടുത്തിയോ അല്ല യേശു ശിമയോനെ വീണ്ടും പത്രോസാക്കിയത്; ഭീരുവിന്റെ ഭയം അകറ്റി ശക്തി പകർന്നത്. മറിച്ചു സ്നേഹിച്ച് ശിഷ്യന്റെ ഉള്ളിൽ സ്നേഹത്തിന്റെ ഉറവു പൊട്ടിച്ചുകൊണ്ടാണ് ഗുരു അവനെ ധീരനാക്കിയത്. ഇനി അവന് ഭയമില്ല. ഒന്നിലും അവൻ പതറിയില്ല. ആരുമായും തന്നെ താരതമ്യം ചെയ്ത് അഹങ്കരിക്കുകയോ, അസൂയപ്പെടുകയോ, നിരാശനാവുകയോ ഇല്ല.

ഗുരുവിന്റെ സ്നേഹം അവന്റെ അവിശ്വസ്തതയുടെ മുറിവിൽ സാന്ത്വന-സൗഖ്യത്തിന്റെ തൈലമായി. ഭീരുത്വത്തിൽ ശക്തി പകരുന്ന തുണയായി.  ആ സ്നേഹം ഒരിക്കലും തന്നെ പിരിയില്ല എന്ന് അവന് ബോധ്യമായി. ഒറ്റിക്കൊടു ക്കലും തള്ളിപ്പറയലും ഓടിയൊളിക്കലും കുത്തി മുറിവേല്പിക്കലും ഒന്നും ആ സ്നേഹപ്രവാഹത്തെ തടഞ്ഞു നിർത്തില്ല എന്ന് പത്രോസ് തിരിച്ചറിഞ്ഞു. ആ തിരിച്ചറിവ് അവനിൽ സ്നേഹത്തിന്റെ ഉറവയായി. വറ്റിവരണ്ടുപോയ ഹൃദയത്തിൽ അത് ജീവൻ പകരുന്ന നീർച്ചാലായി.

ഇല്ല, ഇനി അവന് ഭയമില്ല. മറ്റുള്ളവർ അവന്റെ കൈകാലുകൾ ബന്ധിക്കുകയും ഇഷ്ടപ്പെടാത്തിടത്തേക്ക് ബലമായി പിടിച്ചുകൊണ്ടുപോവുകയും ചെയ്യുമ്പോഴും അവന് ഭയമില്ല. തിബേരിയാസ് കടൽത്തീ രത്ത്, മഞ്ഞിൽ കുളിച്ചുനിന്ന ആ പ്രഭാതത്തിൽ നാഥൻ തന്നിലേക്കൊഴുക്കിയ തന്റെ ഉള്ളിൽ നിഞ്ഞുകവിയാൻ ഇടയാക്കിയ, സ്നേഹധാര പത്രോസിന്റെ ഭയമകറ്റി. മുപ്പത്തഞ്ചുവർഷങ്ങൾക്കുശേഷം വത്തിക്കാൻ കുന്നിൽ നീറോയുടെ ഉദ്യാനത്തിൽ, തലകീഴായി കുരിശിൽ കിടക്കുമ്പോഴും ആ ഹൃദയം ഭയമറിഞ്ഞില്ല. കാരണം അവിടെ നിറഞ്ഞുതുളുമ്പി നിന്നത് സ്നേഹമാണ്-

പ്രതിഫലമിച്ഛിക്കാതെ തന്റെമേൽ കർത്താവ് ചൊരിഞ്ഞ സ്നേഹം; തന്നിൽനിന്നു തിരിച്ചു കർത്താവിലേക്കും സകല സഹജീവികളിലേക്കും ഒഴുകിയ സ്നേഹം.

അതെ, സ്നേഹമാണ് ഭയത്തിന് പ്രതിവിധി– അന്നും, ഇന്നും, എന്നും. കുഞ്ഞിനെ രക്ഷിക്കാൻ പിന്നാലെ കിണറ്റിലേക്ക് ചാടുന്ന അമ്മ ഭയം അറിയുന്നില്ല - കാരണം സ്നേഹമാണവളെ നയിക്കുന്നത്. സ്നേഹം ഭയം അറിയുന്നില്ല; ഭയപ്പെടുന്നവൻ സ്നേഹവും. പൂർണ്ണമായ സ്നേഹം ഭയമകറ്റുന്നു. സ്നേഹം മാത്രമാണ് ഭയത്തിനു പ്രതിവിധി. ശിമയോനെ വീണ്ടും പത്രോസാക്കിയ ഗുരുനാഥൻ നമ്മിലേക്കും ഭയമകറ്റുന്ന സ്നേഹം പകരട്ടെ; സ്നേഹത്തിലൂടെ നിർഭയം ജീവിക്കാൻ വരമരുളട്ടെ!





***എന്റെ സ്നേഹിതരേ, നിങ്ങളോടു ഞാൻ പറയുന്നു. ശരീരത്തെ കൊല്ലുന്നതിൽ കവിഞ്ഞ് ഒന്നും ചെയ്യാൻ കഴിയാത്തവരെ നിങ്ങൾ ഭയപ്പെടേണ്ടാ. എന്നാൽ നിങ്ങൾ ആരെ ഭയപ്പെടണം എന്നു ഞാൻ മുന്നറിയിപ്പുതരാം. കൊന്ന തിനുശേഷം നിങ്ങളെ നരകത്തിലേക്ക് തള്ളിക്കളയാൻ അധികാരമുള്ളവനെ ഭയപ്പെടുവിൻ. അതെ, ഞാൻ പറയുന്നു, അവനെ ഭയപ്പെടുവിൻ*** *(ലൂക്കാ 12:4-5).*

# 30

# ആരെ ഭയപ്പെടണം?

ബൈബിളിൽ നിരന്തരം മുഴങ്ങിക്കേൾക്കുന്ന ഒരു പല്ലവിയാണ് 'ഭയപ്പെടേണ്ടാ'. എന്നാൽ അതിന് വിപരീതമായി യേശുവിന്റെ തന്നെ ഒരു വചനം സുവിശേഷങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത് പലരെയും അത്ഭുതപ്പെടുത്താറുണ്ട്. എന്തേ ഒരാൾതന്നെ ഭയപ്പെടേണ്ടാ, എന്നും ഭയപ്പെടണം എന്നും പറയുന്നു? ഇതൊരു വൈരുദ്ധ്യമല്ലേ എന്നു തോന്നാം. അതോടൊപ്പം ആരെ ഭയപ്പെടണം എന്നാണ് യേശു പറയുന്നത് എന്ന കാര്യത്തിലും സംശയം നില നിൽക്കുന്നു. അതിനാൽ ഈ വാക്യം അടുത്ത് പരിശോധി ക്കേണ്ടതുണ്ട്.

പ്രേഷിതവേലയ്ക്കായി ഇറങ്ങിത്തിരിക്കുന്ന ശിഷ്യന്മാർ നേരിടാൻ പോകുന്ന അപകടങ്ങളെയും ഭീഷണികളെയും കുറിച്ച് പറയുന്നതിനിടയിലാണ് ചർച്ചാവിഷയമായ വാക്യം രേഖപ്പെടുത്തി യിരിക്കുന്നത്. ശരീരത്തെ കൊല്ലാൻ കഴിയുന്നത് മാനുഷികമായ

എതിരാളികളാണ്. യേശുവും തുടർന്ന് ഇന്നുവരെ ശിഷ്യഗണവും അനുഭവിച്ചറിഞ്ഞിട്ടുള്ള ഒരു യാഥാർത്ഥ്യമാണിത്. യേശുവിന്റെ ശിഷ്യർ ആയതുകൊണ്ടുമാത്രം പീഡനങ്ങൾക്കും ക്രൂരമായ മരണത്തിനും ഇരയാവുക യേശുവിന്റെ ശിഷ്യർക്ക് വിധിച്ചിട്ടുള്ള സമ്മാനമാണെന്ന് തോന്നും. എന്നാൽ അതിനെ ഭയപ്പെടാനില്ല. കാരണം മരണം അവസാനമല്ല, ദൈവത്തോടൊന്നിച്ചുള്ള സൗഭാഗ്യ കരമായ, ആനന്ദപ്രദമായ നിത്യജീവന്റെ തുടക്കമാണ്; അതിനാൽ യേശുവിനും സുവിശേഷത്തിനുംവേണ്ടി പീഡനങ്ങൾ ഏൽ ക്കേണ്ടി വരുമ്പോൾ ഭയപ്പെടേണ്ടാ, ദുഃഖിക്കുകയും വേണ്ടാ. മറിച്ച് സന്തോഷിച്ച് കുതിച്ചുചാടുവിൻ'' (ലൂക്കാ 6:20). അതിനാൽ ശാരീരിക പീഡനത്തെയും മരണത്തെയും ഭയപ്പെടേണ്ടതില്ല.

എന്നാൽ മരണത്തിനപ്പുറം ഒരു വിധിയുണ്ടെന്നും അവിടെവച്ച് നിത്യജീവൻ സമ്മാനമായോ നിത്യനാശം ശിക്ഷയായോ ലഭിക്കാൻ സാധ്യതയുണ്ട് എന്ന കാര്യം പ്രത്യേകം അനുസ്മരിപ്പിക്കുന്നു. കൊന്നതിനുശേഷം നരകത്തിലേക്ക് തള്ളിക്കളയാൻ അധികാ രമുള്ളവനെ ഭയപ്പെടണം എന്നാണ് യേശു ആവർത്തിച്ച് ഉദ്ബോ ധിപ്പിക്കുന്നത്. 'ഗേഹെന്നാ' എന്ന ഗ്രീക്കുപദമാണ് നരകം എന്ന് വിവർത്തനം ചെയ്യുന്നത്. ഇതിന് ഒരു ചരിത്ര പശ്ചാത്തലമുണ്ട്.

ഗേഹെന്നാ എന്നും ഗേഹിന്നോം എന്നും അറിയപ്പെടുന്ന വാക്കിന്റെ അർത്ഥം ഹിന്നോം താഴ്‌വര എന്നാണ്. ജറുസലെം നഗരത്തിന്റെ വടക്കുകിഴക്കായുള്ള ഒരു താഴ്‌വരയാണിത്. ഇസ്രായേലിലെ രാജഭരണ കാലത്ത് ഈ താഴ്‌വരയിൽ വിജാതീയ ദേവന്മാർക്കായി ബലിപീഠങ്ങൾ സ്ഥാപിച്ചിരുന്നു. ചില പ്രത്യേക സാഹചര്യങ്ങളിൽ അവിടെ നരബലി പോലും നടത്തിയിരുന്നു (2 രാജാ 21:5-6). പ്രവാചകന്മാർ വഴി കർത്താവ് അതിനെതിരേ ശക്ത മായ ശിക്ഷാവിധി അറിയിച്ചിരുന്നു (ജറെ.7:29-34). ബാബിലോൺ പ്രവാസത്തിൽനിന്ന് മടങ്ങിവന്ന് ജറുസലെം പുനരു ദ്ധരിക്കുകയും ദേവാലയം പണിയുകയും ചെയ്തവർ ഹിന്നോം താഴ്‌വര ഒരു മാലിന്യനിക്ഷേപ സ്ഥലമാക്കി മാറ്റി. ചപ്പുചവറുകൾ കൂട്ടിയിട്ട് കത്തിക്കും. അതിനാൽ എപ്പോഴും അവിടെ തീയുണ്ടാകും. കത്താതെ കിടക്കുന്ന നനഞ്ഞ മാലിന്യങ്ങളിൽ പുഴുക്കൾ

ഇഴഞ്ഞുനടക്കും. ഇത് നിത്യ ശിക്ഷയുടെ ഒരു പ്രതീകമായി. അവിടെ തീ കെടുകയില്ല; പുഴു ചാവുകയുമില്ല. ഇതിൽനിന്നാണ് നിത്യ ശിക്ഷയെ സൂചിപ്പിക്കാൻ ഗേഹെന്നാ എന്ന പദം ഉപയോഗിക്കാൻ തുടങ്ങിയത്.

പദോത്പത്തിയെക്കാൾ പ്രധാനം അത് സൂചിപ്പിക്കുന്ന യാഥാർത്ഥ്യമാണ്. ദൈവം മനുഷ്യനെ സൃഷ്ടിച്ചത് ദൈവികജീവനിൽ പങ്കുചേർന്ന്, ദൈവത്തോടൊന്നിച്ച് നിത്യം ജീവിക്കുന്നതിനു വേണ്ടിയാണ്. ഓരോ മനുഷ്യന്റെയും ആത്യന്തികമായ ആഗ്രഹവും അന്തർദാഹവും ഈ നിത്യസന്തോഷത്തിനുവേണ്ടിയത്രേ. എന്നാൽ ഈ ആഗ്രഹം സഫലമാകാതെ നിത്യനാശം ശിക്ഷയായി ലഭിക്കാൻ സാധ്യതയുണ്ട് എന്ന് യേശു അനുസ്മരിപ്പിക്കുന്നു. അതാണ് കൊന്നതിനുശേഷം നരക ത്തിൽ തള്ളിക്കളയുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

ആർക്കാണതിനധികാരമുള്ളത്? ഒരു മനുഷ്യനും ഈ അധികാരമില്ല എന്നത് വ്യക്തം. പിന്നെ ആർക്കാണീ അധികാരം? രണ്ട് സാധ്യതകൾ അവശേഷിക്കുന്നു. പിശാചും ദൈവവും. പിശാച്, സാത്താൻ എന്നൊക്കെ വിശേഷിപ്പിക്കുന്ന തിന്മയുടെ ശക്തിയെ ആണ് യേശു ഇവിടെ ഉദ്ദേശിക്കുന്നത് എന്ന് വ്യാഖ്യാനിക്കുന്നവരുണ്ട്. സാത്താൻ ആരംഭം മുതലേ നുണയനും കൊലപാതകിയുമാണ് (യോഹ 8:44)എന്ന യേശു വാക്യം തെളിവായി എടുത്തുകാട്ടാറുണ്ട്.

എന്നാൽ ഇവിടെ മരണമല്ല, മരണശേഷമുള്ള നിത്യവിധിയാണ് ചർച്ചാവിഷയം. മനുഷ്യന്റെമേൽ അന്തിമവിധി പ്രഖ്യാപിക്കാനുള്ള അധി കാരം പിശാചിനാണെന്ന് പറയുന്നതും ബൈബിളിന്റെ പൊതുവായ കാഴ്ചപ്പാടിന്റെ വെളിച്ചത്തിൽ അംഗീകരിക്കാനാവില്ല. വിധിയാളൻ ദൈവം തന്നെയാണ്. അതിനാൽ മനുഷ്യനെയും പിശാചിനെയുമല്ല ദൈവത്തെത്തന്നെയാണ് ഭയപ്പെടാൻ യേശു ആവശ്യപ്പെടുന്നത്. അപ്പോൾ ഇതുവരെ പഠിപ്പിച്ചതിനു വിരുദ്ധമാകില്ലേ ഈ പ്രബോധനം?

ഭയപ്പെടേണ്ടാ എന്ന നിരന്തരമായ ആഹ്വാനം ശരിയായ അർത്ഥത്തിൽ മനസ്സിലാക്കാൻ ഈ താക്കീത് നിർബന്ധിക്കുന്നു. എന്തു

ചെയ്താലും എങ്ങനെ ജീവിച്ചാലും കുഴപ്പമില്ല; ദൈവത്തിന്റെ കരുണയ്ക്ക് അറുതിയില്ല; അവിടുത്തെ സ്നേഹത്തിന് അതിരുകളില്ല. ഏതു കുറ്റവും പാപവും അവിടുന്ന് ക്ഷമിക്കും. അതിനാൽ ഇഷ്ടംപോലെ ജീവിച്ചുകൊള്ളൂ. ദൈവത്തിന്റെ കരുണയിൽ വിശ്വസിച്ച് ആശ്രയിച്ചാൽ മാത്രം മതി എന്ന ഒരു മനോഭാവത്തിന് തടയിടുന്നതാണ് ചർച്ചാവിഷയമായ ഗുരുവചനം.

**സ്നേഹത്തിൽ ഭയത്തിന് ഇടമില്ല; പൂർണ്ണമായ സ്നേഹം ഭയത്തെ ബഹിഷ്ക്കരിക്കുന്നു. കാരണം ഭയം ശിക്ഷയെക്കുറിച്ചാണ്. ഭയപ്പെടുന്നവൻ സ്നേഹത്തിൽ പൂർണ്ണനായിട്ടില്ല** (1 യോഹ 4:18) എന്ന യോഹന്നാന്റെ നിലപാട് ഈ പ്രബോധനത്തിന് വിരുദ്ധമല്ല. സ്നേഹത്തിൽ പൂർണ്ണത പ്രാപിച്ചവർ ഒരിക്കലും ദൈവഹിതത്തിന് വിരുദ്ധമായി പ്രവർത്തിക്കുകയില്ല. അതിനാൽ അവർക്ക് ഒന്നും ഭയപ്പെടാനില്ല. എന്നാൽ ഈ ഭൂമിയിലെ ജീവിതകാലത്ത് ആരാണ് ഈ പൂർണ്ണതയിൽ എത്തിയത്? താൻ എല്ലാ പ്രലോഭനങ്ങൾക്കും അതീതനാണെന്ന് ആർക്ക് പറയാൻ കഴിയും? ദൈവപുത്രനായ യേശുവിനെപ്പോലും. തിന്മയുടെ ശക്തി പ്രലോഭിപ്പിക്കുകയും ഒരു നിമിഷം പതറിപ്പോകുമോ എന്ന പ്രതീതി ജനിപ്പിക്കുകയും ചെയ്തെങ്കിൽ (പിതാവേ കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്ന് അകറ്റണമേ, എങ്കിലും എന്റെ ഹിതമല്ല, നിന്റെ ഹിതം നിറവേറട്ടെ! എന്ന പ്രാർത്ഥന ഉദാഹരണം) പാപത്താൽ ബലഹീനമാക്കപ്പെട്ട മനുഷ്യപ്രകൃതി സ്വന്തമാക്കിയിരിക്കുന്ന ആർക്കും അങ്ങനെ ഒരു വീരവാദം മുഴക്കാനാവില്ല.

അതിനാൽ ഭയപ്പെടണം. ഒന്നുമാത്രം. സ്വാർത്ഥതാത്പര്യങ്ങൾക്കു വേണ്ടിയോ, പ്രലോഭനങ്ങൾക്കുവഴിയോ, പീഡനങ്ങളെ ഭയന്നോ ദൈവഹിതത്തിന് വിരുദ്ധമായി പ്രവർത്തിച്ചുപോകുമോ എന്ന ഭയം ഉണ്ടായിരിക്കണം. വിശുദ്ധനായ ദൈവത്തിനെ മുമ്പിൽനിൽക്കാൻ അർഹതയില്ലാതാകത്തക്കവിധം പാപത്തിൽ വീണുപോകാൻ എല്ലാവർക്കും സാധ്യതയുണ്ട്. അതിനാലാണ് **പൂർവ്വാധികം ഭയത്തോടും വിറയലോടുംകൂടെ നിങ്ങളുടെ സ്വന്തം രക്ഷയ്ക്കുവേണ്ടി അധ്വാനിക്കുവിൻ** (ഫിലി. 2:12) എന്ന് പൗലോസ് അപ്പസ്തോലൻ ഉദ്ബോധിപ്പിക്കുന്നത്. സന്തോഷിക്കുവിൻ, ഭയപ്പെടേണ്ടാ എന്ന് നിരവധി തവണ ആവർത്തിച്ചു പറയുന്ന

ലേഖനത്തിൽത്തന്നെയാണ് ഈ ആഹ്വാനവും എന്ന കാര്യം മറക്കരുത്.

പരിശുദ്ധാത്മാവിന്റെ ഒരു ദാനമാണ് ദൈവഭയം എന്ന കാര്യവും ഓർത്തിരിക്കണം (ഏശ.11:2). ദൈവികസന്നിധിയിലേക്ക് കടന്നു വരുന്നവരെല്ലാം ഈ ഭയം അനുഭവിച്ചിരുന്നു. മോശയും (പുറ. 3:5-6) ഏശയ്യായും (ഏശ.6.:5) ഉദാഹരണങ്ങളാണ്. ഇത് പഴയനിയമ ത്തിലെ ദൈവചിത്രമാണെന്ന് പറഞ്ഞ് മാറ്റിവയ്ക്കാനാവില്ല. പുതിയനിയമത്തിലും ദൈവഭയത്തിനു പ്രത്യേക ഊന്നൽ നല്കുന്നുണ്ട്. **ജീവിക്കുന്ന ദൈവത്തിന്റെ കയ്യിൽ ചെന്നുവീഴുക വളരെ ഭയാനകമാണ്** (ഹെബ്രാ. 10:31). **ദൈവത്തിന് സ്വീകാര്യമായ ആരാധന ഭയഭക്ത്യാദരങ്ങളോടെ സമർപ്പിക്കാം. കാരണം, നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയാണ്** (ഹെബ്രാ. 12:28-29). ദൈവത്തി ന്റെ മുമ്പിൽ അവകാശവാദങ്ങൾക്ക് സ്ഥാനമില്ല. ഒരാൾ വിശ്വാസ ത്തിൽ, വിശുദ്ധിയിൽ ഉറച്ചുനിൽക്കുന്നെങ്കിൽ അത് ദൈവത്തിന്റെ പ്രത്യേക കൃപ ഒന്നുകൊണ്ടു മാത്രമാണ്. **ആകയാൽ അഹങ്കാരം വെടിഞ്ഞ് ഭയത്തോടെ വർത്തിക്കുക. ... ദൈവത്തിന്റെ കാരുണ്യ വും കാഠിന്യവും ശ്രദ്ധയിലിരിക്കട്ടെ** (റോമാ 11:22).

ദൈവഭയം നമ്മെ ശ്രദ്ധയുള്ളവരാക്കും. കർത്താവിന്റെ കല്പന കൾ അനുസരിക്കുന്നതിൽ ജാഗ്രത പാലിക്കാൻ പ്രേരിപ്പിക്കും. **കാരുണ്യം കാണിക്കാത്തവന്റെമേൽ കാരുണ്യരഹിതമായ വിധിയുണ്ടാകും. എങ്കിലും കാരുണ്യം വിധിയുടെമേൽ വിജയം വരിക്കും** (യാക്കോ.2:13). അതിനാൽ നിരാശ വേണ്ടാ. കർത്താവിന്റെ അനന്തമായ കരുണയിൽ ആശ്രയിക്കുമ്പോഴും അനുസരിക്കാൻ ശ്രദ്ധിക്കണം. ഏതെങ്കിലും തരത്തിൽ വീഴ്ചകൾ സംഭവിച്ചാൽ അനുതപിച്ച്, കുററം ഏറ്റുപറഞ്ഞ്, ധൂർത്തപുത്രനെപ്പോലെ മടങ്ങി വരണം. തുറന്ന ഹൃദയത്തോടെ പിതാവ് സ്വീകരിക്കും. എന്നാൽ മൂത്തപുത്രനെപ്പോലെ അവകാശവാദങ്ങളുമായി നിന്നാൽ ദൈവരാജ്യത്തിന് പുറത്തായിരിക്കും സ്ഥാനം. അതാണ് നരകം, അഥവാ ഗേഹെന്നാ. **അതിനാൽ ദൈവത്തിന്റെ ശക്തമായ കര ത്തിൻ കീഴിൽ താഴ്മയോടെ നിൽക്കുവിൻ... നിങ്ങളുടെ ഉത് കണ്ഠകളെല്ലാം അവിടുത്തെ ഏൽപ്പിക്കുവിൻ. അവിടുന്ന് നിങ്ങ ളുടെ കാര്യത്തിൽ ശ്രദ്ധാലുവാണ്** (1 പത്രോ.5:6-7).

ആരെ ഭയപ്പെടണം എന്നതിനെക്കുറിച്ച് എന്തെങ്കിലും സംശയം അവശേഷിക്കുന്നുണ്ടെങ്കിൽ അതുകൂടി ഇല്ലായ്മ ചെയ്യാൻമാത്രം വ്യക്തമാണ്. അന്തിമവിധിയെക്കുറിച്ച് യേശു നല്കിയ പ്രബോധനം. ജീവിതാന്ത്യത്തിൽ ഓരോ വ്യക്തിയും ദൈവികന്യായാസനത്തിനു മുമ്പിൽ നിൽക്കുകയും വിധിക്കപ്പെടുകയും ചെയ്യും. വിശ്വസ്തത പാലി ക്കാത്തവർ നിത്യനാശത്തിനുവിധിക്കപ്പെടും എന്ന് അനേകം ഉപമകളിലൂടെയും ഉപമകൾ കൂടാതെ നേരിട്ടും പഠിപ്പിച്ചതിനു ശേഷമാണ്' (ഉദാ.മത്താ 7:23;12:32;15:13;16:26;18:3-35; 21,41;22,1 3:25,12-30) അന്തിമ വിധിയെക്കുറിച്ച് സംശയത്തിനു പഴുതടച്ച് പഠിപ്പിക്കുന്നത്.

"മനുഷ്യപുത്രൻ എല്ലാ ദൂതന്മാരോടുംകൂടെ മഹത്വത്തിൽ എഴുന്ന ള്ളുമ്പോൾ തന്റെ മഹിമയുടെ സിംഹാസനത്തിൽ ഉപവിഷ്ഠനാകും. അവന്റെ മുമ്പിൽ എല്ലാ ജനതകളും ഒരുമിച്ചു കൂട്ടപ്പെടും... അവൻ അവരെ വേർതിരിക്കും... വലത്തു ഭാഗത്തുള്ള വരോട് അരുളിച്ചെയ്യും: എന്റെ പിതാവിനാൽ അനുഗ്രഹിക്ക പ്പെട്ടവരേ വരുവിൻ. ലോകസ്ഥാപനത്തിനുമുമ്പേ നിങ്ങൾക്കായി സജ്ജമാക്കപ്പെട്ടിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ... അനന്തരം അവൻ തന്റെ ഇടത്തുഭാഗത്തുള്ളവരോട് പറയും: ശപിക്കപ്പെട്ടവരേ, എന്നിൽ നിന്നകന്ന് പിശാചിനും അവന്റെ ദൂതന്മാർക്കുമായി സജ്ജമാക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ... ഇവർ നിത്യശിക്ഷയിലേക്കും നീതിമാന്മാർ നിത്യജീവ നിലേക്കും പ്രവേശിക്കും" (മത്താ 25:31-46).

അതിനാൽ സംശയം വേണ്ടാ. അവസാനം ഒരു വിധിയുണ്ടാകും. വിധിക്കുന്നത് മനുഷ്യപുത്രനായി അവതരിച്ച ദൈവപുത്രൻ, യേശു ക്രിസ്തുതന്നെ ആയിരിക്കും. നിത്യജീവൻ നഷ്ടപ്പെടാനുള്ള സാധ്യത യുണ്ട്. അതിനാൽ ഭയത്തോടും വിറയലോടുംകൂടെ നിത്യരക്ഷ യ്ക്കു വേണ്ടി അധ്വാനിക്കണം. ഭയം എന്തെങ്കിലും ഒരു കുറവോ കഴിവുകേടോ ശാപമോ ആയി പരിഗണിക്കരുത്. മനുഷ്യപ്രകൃ തിയുടെ തന്നെ ഭാഗമായി ദൈവം നല്കിയിരിക്കുന്ന ഒരു അടിസ്ഥാന വികാരമാണ് ഭയം. അപകടത്തിൽ ചെന്നു ചാടാതെ ശ്രദ്ധിക്കാൻ സഹായിക്കുകയാണ് ഭയത്തിന്റെ ലക്ഷ്യം. അതിലുപരി പരിശുദ്ധാത്മാവിന്റെ ഒരു ദാനമാണ് ദൈവഭയം. ദൈവഹിത

മനുസരിച്ച് ജീവിക്കാൻ പ്രേരിപ്പിക്കുകയും ദൈവസന്നിധിയിൽ ആദരവോടും ഭക്തിയോടുംകൂടെ ജീവിക്കാൻ സഹായിക്കുകയും ചെയ്യുകയാണ് ദൈവഭയത്തിന്റെ ലക്ഷ്യം. ഇത് രക്ഷാകരമായ ഭയമാണ്. അതിനാൽ ഭയപ്പെടേണ്ടാ എന്ന നിരന്തരമായ ഉദ്ബോധനം ജാഗ്രതയോടെ, ശ്രദ്ധയോടെ, വിശ്വസ്തതയോടെ വിനയത്തോടെ ജീവിക്കുന്നതിന് ഒരു കാരണവശാലും വിഘാതമാകരുത് എന്ന് ഈ താക്കീത് അനുസ്മരിപ്പിക്കുന്നു.






***നീ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ നിന്റെ കാതുകൾ പിന്നിൽനിന്ന്, ഒരു സ്വരം ശ്രവിക്കും; ഇതാണ് വഴി, ഇതിലേ പോവുക** (ഏശ 30:21).*

# 31

## ടോം-ടോം

രണ്ടായിരം മീറ്ററുകൾക്കുശേഷം ഹൈവേയിൽനിന്ന് ഇറങ്ങുക.. ഇതാ പുറത്തേക്കുള്ള വഴി - ഈ വഴിയേ പോവുക ... നിങ്ങ ളുടെ മുമ്പിൽ ഒരു വഴി വൃത്തം - വൃത്തത്തിൽ മൂന്നാമത്തെ വഴി വലത്തേക്ക്... ഇരുന്നൂറു മീറ്റർ കഴിയുമ്പോൾ വഴിക്കവല-കവലയിൽ ഇടത്തേക്ക്... നിങ്ങൾ ലക്ഷ്യസ്ഥാനത്തെത്തിയിരിക്കുന്നു".

പത്തുകൊല്ലം മുമ്പാണ് ഈ വിചിത്രമായ സ്വരം ഞാൻ ആദ്യമായി കേട്ടത്. ഒരു തീർത്ഥാടക സംഘത്തിന്റെ വഴികാട്ടിയായി യൂറോപ്പിലെ വിശുദ്ധ സ്ഥലങ്ങൾ കാണാൻ പോയതായിരുന്നു. ടൂറിസ്റ്റ് ബസിന്റെ മുമ്പിൽ, ഡ്രൈവറുടെ ഇടതുവശത്തുനിന്നാണ് ശബ്ദം വരുന്നതെന്ന് മനസ്സിലായി. ഒരിടത്ത് വണ്ടി നിർത്തിയപ്പോൾ ഈ അത്ഭുത പ്രതിഭാസത്തെക്കുറിച്ച് ഞാൻ ഡ്രൈവറോട് ചോദിച്ചു. ഡച്ചുകാരനായ അയാൾ ചിരിച്ചുകൊണ്ട് മറുപടി പറഞ്ഞു, ഇതാണ് ടോം-ടോം! ഇതെന്ത്? എനിക്ക് ഒന്നും മനസ്സി

ലായില്ല. ഡച്ചുകാരാണ് ഇതിനെ ടോം എന്നു വിളിക്കുക. ഇംഗ്ലീഷിൽ നാവി ഗേറ്റർ (navigator) എന്നു പറയും. ജർമ്മൻകാർ 'നാവി' എന്ന് ചുരുക്കും. ശാസ്ത്രീയമായ പേര് ജി.പി.എസ് (G.P.S. Global positioning system) ആഗോള സ്ഥലനിർണ്ണ യോപകരണം) എന്ന് അയാൾ വിശദീകരിച്ചുതന്നു.

ഇന്ന് ലോകമെമ്പാടും സർവ്വസാധാരണമായി ഉപയോഗിക്കുന്ന ഒരു യാത്രാ സഹായിയാണ് ടോം- ടോം. ഇന്ന് പല കാറുകളിലും കമ്പനി തന്നെ ഈ ഉപകരണം ഘടിപ്പിച്ചിരിക്കുന്നു. മൊബൈൽ ഫോണുകളിൽപ്പോലും ലഭ്യമാണ് ഈ യാത്രാ സഹായി. ഗതാഗത യോഗ്യമായ സകല വഴികളുടെയും ചിത്രങ്ങൾ സൂക്ഷിക്കുന്ന കൃത്രിമോപഗ്രഹങ്ങളാണ് ഈ ഉപകരണത്തിന് നിർദ്ദേശം നല്കുന്നത്. ഞാൻ ഇപ്പോൾ എവിടെയാണ്, ലക്ഷ്യത്തിലേക്ക് ഇനി എത്ര ദൂരമുണ്ട്, ഏതേത് വഴികളിലൂടെയാണ് സഞ്ചരിക്കേണ്ടത് എന്നിങ്ങനെ യാത്രയ്ക്കാവശ്യമായ സകല നിർദ്ദേശങ്ങളും ഈ ഉപകരണം നല്കുന്നു.

റോഡുകളുടെ ദൃശ്യപടം ഉപകരണത്തിന്റെ സ്ക്രീനിൽ തെളിയും. ആവശ്യമായ നിർദ്ദേശങ്ങൾ നമുക്ക് ഇഷ്ടമുള്ള ഭാഷയിൽ അത് നമ്മോട് പറയും, മാത്രമല്ല, വഴിയിൽ തടസ്സങ്ങൾ ഉണ്ടെങ്കിൽ ആ വഴി ഒഴിവാക്കാൻ വേണ്ട നിർദ്ദേശങ്ങൾ, ലക്ഷ്യസ്ഥാനത്തേക്ക് ഏറ്റം ഹ്രസ്വവും എളുപ്പമായ മാർഗ്ഗങ്ങൾ എന്നിങ്ങനെ ഏറെ സൗകര്യങ്ങൾ ഈ ഉപകരണം ഒരുക്കി ത്തരുന്നു. ഏതാണ്ട് നാൽപ്പത് വർഷങ്ങൾക്കുമുമ്പ് യൂറോപ്പിലെ പല രാജ്യങ്ങളിലൂടെയും കാറോടിച്ച അനുഭവം മനസ്സിൽ വന്നു. ഏതെല്ലാം മാപ്പുകൾ നോക്കിയാണ് അന്നു യാത്ര ചെയ്തത്! ഇന്ന് യാത്ര എത്ര എളുപ്പം, ഞാൻ ചിന്തിച്ചുപോയി.

ഈ ചിന്ത എന്നെ മറ്റൊരു തിരിച്ചറിവിലേക്ക് നയിച്ചു. ടോം–ടോം വ്യാപകമായ ഉപയോഗത്തിൽ വന്നിട്ട് പത്തു പതിനഞ്ച് വർഷമേ ആയിട്ടുള്ളൂ. ലോകജനസംഖ്യയിൽ ഭൂരിഭാഗത്തിനും ഈ ഉപകര ണത്തിന്റെ സഹായം ലഭ്യമല്ല. അതിനുംപുറമേ, ഈ ഉപകരണം തന്നെ വഴി തെറ്റിക്കുന്ന അനുഭവവും പിന്നീട് കാറോടിക്കുമ്പോൾ എനിക്കുണ്ടായി. ഉപകരണം പറഞ്ഞുതന്ന വഴികളിലൂടെ

കണിശമായി സഞ്ചരിച്ച്, ഒരിക്കൽ ചെന്നെത്തിയത് ഒരു കാടിനുമുന്നിൽ! കാറോടിക്കാവുന്ന വഴി അവസാനിച്ചു. മുന്നിൽ ഒറ്റയടിപ്പാതമാത്രം. ഉപകരണം പിന്നെയും പറഞ്ഞുകൊണ്ടിരുന്നു. മുന്നോട്ട്, മുന്നോട്ട്! ഉപകരണം ഉപേക്ഷിച്ച് മാപ്പു നോക്കി തിരിച്ചുപോരേണ്ടി വന്നു. മറ്റൊരിക്കൽ ആറുവരിപ്പാതയിലൂടെ മുന്നോട്ട് പോകുമ്പോൾ ഉപകരണത്തിന്റെ കല്പന. ഉടനെ പിൻതിരിയുക! എങ്ങനെ പിൻതിരിയാൻ? അവിടെയും വീണ്ടും ആശ്രയം മാപ്പുതന്നെ. മനുഷ്യനിർമ്മിതമായ ഉപകരണത്തിന് തെറ്റുപറ്റാം എന്ന പാഠം അതിൽനിന്ന് പഠിച്ചു. എന്നാൽ അതിനേക്കാൾ വിലപ്പെട്ടതാണ് ഇതിൽനിന്ന് പഠിച്ച മറ്റു ചില പാഠങ്ങൾ.

മനുഷ്യൻ വിക്ഷേപിച്ച ഉപഗ്രഹങ്ങളിൽ മനുഷ്യൻ തന്നെ നിക്ഷേ പിച്ചിരിക്കുന്ന ദിശാസംബന്ധിയായ വിവരങ്ങൾ മാത്രമേ കാണൂ. എന്നാൽ ഓരോ മനുഷ്യന്റെ ഉള്ളിലും ദൈവം ഒരു ടോം ടോം നിക്ഷേപിച്ചിട്ടുണ്ട്. അതിനെയാണ് നാം മനഃസാക്ഷിയെന്ന് വിളിക്കുക. ജീവിതത്തിന്റെ ഓരോ നിമിഷവും, തീരുമാനം എടുക്കേണ്ട ഓരോ അവസരത്തിലും ഉള്ളിൽനിന്ന് നിമന്ത്രിക്കുന്ന ദൈവത്തിന്റെ സ്വരം. ഇതിനെക്കുറിച്ചല്ലേ ഏതാണ്ട് 2750 വർഷങ്ങൾക്കു മുമ്പ് ജീവിച്ചിരുന്ന ഏശയ്യാ പ്രവാചകൻ പറഞ്ഞത്: **നീ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ നിന്റെ കാതുകൾ പിന്നിൽനിന്ന് ഒരു സ്വരം ശ്രവിക്കും; ഇതാണ് വഴി, ഇതിലേ പോവുക** (ഏശ 30:21). ഈ നിർദ്ദേശത്തിൽ ഒരിക്കലും പിഴവു പറ്റുകയില്ല. പക്ഷേ, നമ്മോടു സംസാരിക്കുന്ന ദൈവത്തിന്റെ സ്വരം തിരിച്ചറിയാൻ നമുക്ക് കഴിയണം.

ജീവിതത്തിന്റെ നാൽക്കവലകളിൽ തീരുമാനം എടുക്കാൻ കഴിയാതെ പകച്ചുനില്ക്കുമ്പോൾ ദൈവശബ്ദം നമുക്ക് വഴികാട്ടിയാകും. വഴിക്കവലകളിൽനിന്ന് ശ്രദ്ധിച്ചുനോക്കുക, പഴയ പാതകൾ അന്വേഷിക്കുക. നേരായ മാർഗ്ഗം തേടി അതിൽ സഞ്ചരിക്കുക (ജെറ. 6:16) എന്ന് പ്രവാചകനിലൂടെ അവിടുന്ന് ആഹ്വാനം ചെയ്യുന്നു. ഇടയൻ ആടുകളെ എന്നപോലെ ദൈവം തന്നിൽ ആശ്രയിക്കുന്നവരെ വഴി നടത്തും: തന്റെ നാമത്തെപ്രതി നീതിയുടെ പാതയിൽ എന്നെ നയിക്കുന്നു. **മരണത്തിന്റെ നിഴൽവീണ പാതയിലൂടെയാണ് ഞാൻ നടക്കുന്നതെങ്കിലും**

**അവിടുന്ന് കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടുകയില്ല** (സങ്കീ. 23:3-4). ഉചിതമായ തീരുമാനമെടുക്കാൻ ആത്മാർത്ഥമായി കർത്താവിലേക്ക് തിരിഞ്ഞ് പ്രാർത്ഥിക്കണം, സങ്കീർത്ത കനെപ്പോലെ: **കർത്താവേ, അങ്ങയുടെ മാർഗ്ഗങ്ങൾ എനിക്ക് മനസ്സി ലാക്കിത്തരണമേ, അങ്ങയുടെ പാതകൾ എന്നെ പഠിപ്പിക്കണമേ** (സങ്കീ.25:4).


ഇതുപോലൊരു പ്രാർത്ഥനയാണല്ലോ നമ്മുടെ പൂർവ്വി കർ പറഞ്ഞു തന്നത്: "അസതോമാ സദ്ഗമയാ, തമസോമാ ജ്യോതിർഗ മയാ, മൃത്യോർമാ അമൃതം ഗമയാ". ആയിരത്താണ്ടുകളായി മാനവഹൃദയങ്ങളിൽ നിന്നുയരുന്ന ഈ പ്രാർത്ഥനയ്ക്ക് മറുപടി ദൈവം തന്നു, **വഴിയും സത്യവും ജീവനും ഞാനാണ്** (യോഹ 14:6) എന്നു പറഞ്ഞ മനുഷ്യപുത്രനിലൂടെ. ഞാൻ ലോകത്തിന്റെ പ്രകാശമാണ്. **എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധ കാരത്തിൽ നടക്കുകയില്ല, അവന് ജീവന്റെ പ്രകാശമുണ്ടാ യിരിക്കും** (യോഹ 8:12) എന്ന് ഉറപ്പുനല്കിയ ഏക വ്യക്തിയാണ് ദൈവവചനം മനുഷ്യനായി അവതരിച്ച യേശുക്രിസ്തു.

ഈ ഉറപ്പ് മറ്റൊരു വാഗ്ദാനത്തിലൂടെ അവൻ ദൃഢപ്പെടുത്തി. ശിഷ്യരെ വഴി നടത്താനായി യേശു പിതാവിൽ നിന്ന് ഒരു സഹായ കനെ അയയ്ക്കും. ആ പരിശുദ്ധാത്മാവ് എല്ലാ കാര്യങ്ങളും പഠിപ്പിക്കും; ഉചിതമായ ദൈവഹിതത്തിന് അനുയോജ്യമായ തീരുമാനമെടുക്കാൻ സഹായിക്കും (യോഹ 14:26,16,12-15) മാത്രമല്ല; ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല, ഞാൻ നിങ്ങളുടെ അടുത്തേക്ക് വരും (യോഹ 14:18); **എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ അടുത്തുവന്ന് അവനിൽ വാസമുറപ്പിക്കുകയും ചെയ്യും** (യോഹ 14:23). പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈവം തന്നെ നമ്മുടെ ഉള്ളിൽ വസിച്ച്, വഴികാട്ടുമ്പോൾ എന്തിന് ഭയപ്പെടണം?

ഒന്നേ ചെയ്യേണ്ടതുള്ളൂ: ആ ദിവ്യസ്വരത്തിന് കാതോർക്കുക. എഴുത പ്പെട്ട ദൈവവചനമായ ബൈബിൾ ദൈവസ്വരം ശ്രവിക്കാ നുള്ള ഒരു മാർഗ്ഗമാണ്. രക്ഷയുടെ മാർഗ്ഗമായി അവിടുന്ന് സ്ഥാപിച്ച

സഭയുടെ ഔദ്യോഗിക പ്രബോധനങ്ങൾ ഈ കൂട്ടത്തിൽ ശ്രവിക്കണം. ഉള്ളിൽനിന്ന് കേൾക്കുന്ന സ്വരം ദൈവത്തിന്റേതോ, എന്റെ തന്നെ സ്വാർത്ഥതാല്പര്യങ്ങളുടേതോ, അതോ പ്രലോഭക നായ തിന്മയുടെ ശക്തിയുടേതോ എന്ന് അപ്പോൾ വിവേ ചിച്ചറിയാൻ കഴിയും. ടോം ടോം വഴി തെറ്റിച്ചപ്പോൾ കൈവശ മുണ്ടായിരുന്ന മാപ്പ് ശരിയായ വഴികാട്ടി; അത് സാധ്യമല്ലാതെ വന്നപ്പോൾ വഴിയിൽ കണ്ടവരോട് ചോദിച്ചു. പരിചയമുള്ളവർ നേരായ വഴി പറഞ്ഞുതന്നു. ഇതെല്ലാം ജീവിതവഴികളിലും പ്രസക്തമാണ്. അതിനാൽ സങ്കീർത്തകനോടൊപ്പം ഏറ്റുപറയാം. "**അങ്ങയുടെ വചനം എന്റെ പാദത്തിന് വിളക്കും പാതയിൽ പ്രകാശവുമാണ്**" (സങ്കീ. 119:105).





*ഒരു പുതിയ ആകാശവും*
*പുതിയ ഭൂമിയും ഞാൻ കണ്ടു.*
*പഴയ ആകാശവും പഴയ*
*ഭൂമിയും കടന്നുപോയി. കടലും*
*അപ്രത്യക്ഷമായി.... ഇതാ,*
*ദൈവത്തിന്റെ കൂടാരം*
*മനുഷ്യരോടുകൂടെ.*
*അവിടുന്ന് അവരോടൊത്തു*
*വസിക്കും. അവിടുന്ന് അവരുടെ*
*മിഴികളിൽനിന്ന് കണ്ണീർ*
*തുടച്ചുനീക്കും. ഇനി മരണം*
*ഉണ്ടായിരിക്കുകയില്ല. ഇനിമേൽ*
*ദുഃഖമോ മുറവിളിയോ*
*വേദനയോ ഉണ്ടാവുകയില്ല.*
*പഴയതെല്ലാം കടന്നുപോയി*
*(വെളി. 21: 1-4).*

# 32
# പുതിയ ആകാശം പുതിയ ഭൂമി

സോളമൻ പണികഴിപ്പിച്ച ദേവാലയത്തിന് ഒരു പ്രത്യേകത ഉണ്ടായിരുന്നു. വർഷത്തിൽ ഒരു ദിവസം, നമ്മുടെ കാലഗണന അനുസരിച്ച് സെപ്റ്റംബർ 21-ാം തിയതി, ഉദയസൂര്യന്റെ രശ്മി ദേവാലയത്തിൽ പതിക്കുന്നതാണ് ആ പ്രത്യേകത. അന്ന് ഒലിവു മലയുടെ പിന്നിൽനിന്ന് ഉദിച്ചുയരുന്ന സൂര്യന്റെ ആദ്യ കിരണം ജറുസലെം ദേവാലയത്തിന്റെ ചുറ്റുമതിലിലുള്ള കിഴക്കേ കവാട ത്തിലൂടെ അകത്തുകടന്ന്, ദേവാലയത്തിന്റെ പ്രധാനകവാട ത്തിനുമുമ്പിൽ നില്ക്കുന്ന ഭീമാകാരമായ രണ്ട് ഓട്ടു തൂണുകൾ ക്കിടയിലൂടെ, ദഹനപീഠത്തിനു മുകളിലൂടെ സഞ്ചരിച്ച്, വിശുദ്ധ സ്ഥലത്തിന്റെ കവാടവും അതിവിശുദ്ധ സ്ഥലത്തെ, ഉടമ്പടിയുടെ പേടകത്തിനുനേരെ മുമ്പിൽ, വിരിയിൽ പതിക്കും. അന്ന് മാത്രമേ ഇപ്രകാരം ഒരുനേർരേഖയിലൂടെ കടന്നു ഉദയരശ്മി

സഞ്ചരിക്കുകയുള്ളൂ. എപ്പോഴും അടഞ്ഞുകിടക്കുന്ന കിഴക്കേ കോട്ടവാതിൽ ഇതിനായി, അന്നു മാത്രം തുറക്കും.

ദൈവമായ കർത്താവ് കിഴക്കുനിന്ന് വന്ന് ദേവാലയത്തിൽ അതിവിശുദ്ധ സ്ഥലത്ത്, പേടകത്തിനുമുകളിൽ, കെരൂബുകളുടെ മദ്ധ്യേയുള്ള കൃപാസനത്തിൽ ഉപവിഷ്ഠനാകുന്നു എന്ന് അന്ന് ജനം വിശ്വസിച്ചു. ദൈവമായ കർത്താവിന്റെ സിംഹാസനാരോഹണദിനം പുതുവർഷത്തിന്റെ ആദ്യദിനമായി പരിഗണിക്കപ്പെട്ടു. "റോഷ് ഹഷനാ" (വർഷത്തിന്റെ തുടക്കം എന്ന് വാച്യാർത്ഥം) എന്ന പേരിൽ ആ ദിവസം അറിയപ്പെട്ടു. അന്നേ ദിവസം ഇസ്രായേൽ രാജാവിന്റെ സിംഹാസനാരോഹണദിനമായി പരിഗണിച്ച് ആഘോഷിച്ചുവന്നു. പുതുവർഷാഘോഷത്തിന്റെ ഒരു വിശദീകരണമാണിത്. ഇതുപോലെ ബൈബിളിനുള്ളിലും പുറത്തും, ഇസ്രായേൽ ജനങ്ങളുടെയും ഇതര ജനതകളുടെയും ഇടയിലും പുതുവർഷത്തെ സംബന്ധിച്ച പല കഥകളും ഐതിഹ്യങ്ങളും നിലവിലുണ്ട്. അനേകം വർഷ ഗണനകളും ഇന്ന് നിലവിലുണ്ടെങ്കിലും ജൂലിയസ് സീസർ ബി.സി. 45ൽ രൂപം കൊടുത്തതും എ.ഡി. 1582ൽ ഗ്രിഗറി XIII മാർപാപ്പ പരിഷ്ക്കരിച്ചതുമായ ഗ്രിഗോറിയൻ കലണ്ടറാണ് ഇന്ന് ലോകമാകമാനം പൊതുവേ ഉപയോഗത്തിലിരിക്കുന്നത്. ആദ്യത്തേത് ജൂലിയൻ കലണ്ടർ എന്നും രണ്ടാമത്തേത് ഗ്രിഗോറിയൻ കലണ്ടർ എന്നും അറിയപ്പെടുന്നു. ഈ കലണ്ടർ പ്രകാരം ആദ്യമാസം ജനുവരി എന്ന പേരിൽ അറിയപ്പെടുന്നു. ഇതിനുപിന്നിൽ ഒരു കഥയുണ്ട്.

ബഹുദൈവാരാധകരായിരുന്ന റോമാക്കാരുടെ ദേവന്മാരുടെ പട്ടികയിൽ വളരെ പ്രാധാന്യമുള്ള ഒരാളാണ് ജാനുസ് ദേവൻ. 'വാതിൽ' എന്നർത്ഥമുള്ള 'ജാനുവാ' എന്ന വാക്കിൽ നിന്നാണ് ജാനുസ് എന്ന പേരിന്റെ ഉത്ഭവം. 'പുതുവർഷത്തിലേക്ക് വാതിൽ തുറക്കുന്നവൻ' എന്നായിരിക്കും പേരിന്റെ സൂചന. എന്നാൽ അതുമാത്രമല്ല, ഈ ദേവന്റെ ചിത്രം പ്രത്യേക ശ്രദ്ധയർഹിക്കുന്നു. അയാൾക്ക് തുല്യമായ രണ്ടുമുഖങ്ങളുണ്ട്; ഒന്ന് മുന്നിലേക്കും മറ്റേത് പിന്നിലേക്കും തിരിഞ്ഞിരിക്കുന്നു.

സുപ്രധാനമായ ഒരു കാര്യമാണ് ഈ ചിത്രം പഠിപ്പിക്കുന്നത്. പുതുവർഷത്തെ പുണരാനായി മുന്നോട്ടുനോക്കുമ്പോൾ പഴയ

വർഷത്തിൽ ലഭിച്ച അനുഗ്രഹങ്ങളും ഉണ്ടായ നേട്ടങ്ങളും വന്ന പിഴവുകളും ഒന്നും മറക്കരുത്; പഴയതിൽനിന്ന് പാഠങ്ങൾ പഠിച്ച്, പ്രത്യാശയോടെ, കൂടുതൽ ശക്തിയോടെ, മുന്നോട്ടു പോകണം എന്ന് ഈ പുതു വർഷചിത്രം പഠിപ്പിക്കുന്നു. ജാനുസ് എന്ന പേരും നല്കുന്നുണ്ട് ഒരു പാഠം. വാതിൽ തുറക്കാനും അടയ്ക്കാനും കഴിയും. പുതിയതിലേക്ക് തുറക്കുമ്പോൾ പഴയത് അടയ്ക്കുന്നു. കഴിഞ്ഞ കാലത്തിലേക്ക് തിരിച്ചു പോകാനല്ല, പാഠങ്ങൾ ഉൾക്കൊണ്ട് മുന്നോട്ടു പോകാനാണ് ശ്രമിക്കേണ്ടത്. വന്നുപോയ വീഴ്ചകളെക്കുറിച്ചുള്ള അമിതദുഃഖം നിരാശയിലേക്ക് നയിക്കും; നഷ്ടപ്പെട്ട നല്ലകാലത്തിന്റെ ഓർമ്മകളുടെ അമിത സ്വാധീനം ശക്തി ചോർത്തിക്കളയും. അതിനാൽ മുറിപ്പെടുത്തുന്ന, നിരാശരാക്കുന്ന കയ്പു നിറഞ്ഞ ഓർമ്മകളോട് വിടപറഞ്ഞ് ജീവിതം ദൈവകരങ്ങളിൽ സമർപ്പിച്ച്, പ്രത്യാശയോടെ മുന്നോട്ടു പോകാൻ ഈ ചിത്രം ആഹ്വാനം ചെയ്യുന്നു.

ഇതുതന്നെയല്ലേ ബൈബിളിൽ ഉടനീളം മുഴങ്ങുന്ന ആഹ്വാനം? കഴിഞ്ഞകാലത്ത് ദൈവം നല്കിയ നന്മകൾ ഓർമ്മിക്കണം എന്നു പറയുമ്പോഴും പഴയതിനോട് വിടപറഞ്ഞ്, പുതുജീവിതം ആരംഭിക്കാൻ ദൈവവചനം ആവശ്യപ്പെടുന്നു. കഴിഞ്ഞ കാര്യങ്ങൾ നിങ്ങൾ ഓർക്കുകയോ പരിഗണിക്കുകയോ വേണ്ടാ. ഇതാ ഞാൻ പുതിയ ഒരു കാര്യം ചെയ്യുന്നു (ഏശ. 43:18-19; 48:6). അതിനാൽ ഉണർന്നെഴുന്നേല്ക്കുക, ശക്തി സംഭരിക്കുക (ഏശ 52:1). പുതിയ ഗീതം ആലപിക്കുക (ഏശ 42:10; സങ്കീ. 96:1;98:1). കാരണം **കർത്താവിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല; അവിടുത്തെ കാരുണ്യം അവസാനിക്കുന്നില്ല. ഓരോ പ്രഭാതത്തിലും അത് പുതിയതാണ്** (വിലാ. 3:22-23).

ഈ സത്യം മനസ്സിലാക്കി സ്വജീവിതത്തിൽ പകർത്തുന്നവരാണ് ക്രിസ്തുശിഷ്യർ. അവരിൽ അഗ്രഗണ്യനായ പൗലോസ് തന്റെ ജീവിതത്തിൽനിന്ന് നല്കുന്ന ഒരു വലിയ പാഠം ഇവിടെ ശ്രദ്ധേയമാകുന്നു. ഒരു കാര്യം ഞാൻ ചെയ്യുന്നു: **എന്റെ പിന്നിലുള്ളവയെ വിസ്മരിച്ചിട്ട്, മുമ്പിലുള്ളവയെ ലക്ഷ്യമാക്കി ഞാൻ മുന്നേറുന്നു** (ഫിലി 3:13). തന്റെ എല്ലാ ലേഖനങ്ങളിലും അപ്പസ്തോലൻ ഈ യാഥാർത്ഥ്യം അനുസ്മരിപ്പിക്കുന്നുണ്ട്. മുന്നിലുള്ളത്

മറ്റാരുമല്ല, മരണത്തെ കീഴടക്കി ഉയിർത്തെഴുന്നേറ്റ യേശു ക്രിസ്തുവാണ്. യേശുവിനെ അനുഗമിക്കുന്നവരാണ് ക്രിസ്തുശിഷ്യർ. **ക്രിസ്തുവിൽ ആയിരിക്കുന്നവൻ പുതിയ സൃഷ്ടിയാണ്. പഴയത് കടന്നുപോയി. ഇതാ പുതിയത് വന്നു കഴിഞ്ഞു** (2 കോറി.5:17). ബാഹ്യാനുഷ്ഠാനങ്ങളിൽ ശ്രദ്ധ ചെലുത്തുകയല്ല, **പുതിയ സൃഷ്ടിയാവുക എന്നതാണ് പരമ പ്രധാനം** (ഗലാ 6:15). അതിനായി യഥാർത്ഥ വിശുദ്ധിയിലും നീതിയിലും ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ നിങ്ങൾ ധരിക്കുവിൻ **(എഫേ. 4:24);** ആത്മാവിന്റെ പുതുമയിൽ ശുശ്രൂഷ ചെയ്യാൻ (റോമാ 7:6) ദൈവം നമ്മെ ശക്തിപ്പെടുത്തുന്നു.

പുതുവർഷദിനത്തിൽ കിഴക്കു നിന്നുവന്ന ഉദയരശ്മി ജറുസലെം ദേവാലയത്തിന്റെ അതിവിശുദ്ധ സ്ഥലത്തെ കൃപാസനത്തിൽ പതിച്ചത് കർത്താവായ ദൈവത്തിന്റെ സിംഹാസനാരോഹണത്തിന്റെ അഥവാ ദൈവരാജ്യസ്ഥാപനത്തിന്റെ അടയാളമായി ഇസ്രായേൽ ജനം കരുതി. പുതുവത്സരദിനത്തിൽ നമ്മുടെ ഹൃദയത്തിന്റെ സിംഹാസനത്തിൽ ദൈവത്തെ ഉപവിഷ്ഠനാകാൻ അനുവദിക്കുക, അഥവാ ദൈവരാജ്യത്തിനായി, ദൈവഭരണത്തിനായി ഹൃദയ കവാടം തുറക്കുക. അപ്പോൾ നിത്യനൂതനമായ ദൈവസ്നേഹത്തിന്റെ ആർദ്രതയും ഊഷ്മളതയും അനുഭവവേദ്യമാകും.

സൂര്യന്റെ ഉത്തര-ദക്ഷിണായനങ്ങളെ അടിസ്ഥാനമാക്കിയാണ് പുതുവർഷം നിശ്ചയിക്കുന്നത്. ഭൂമധ്യരേഖയ്ക്ക് വടക്ക് വസിക്കുന്നവർക്ക് ഏറ്റം ദീർഘമായ രാത്രി ഡിസംബർ 21 നാണ്. ഏറ്റം ദീർഘമായ പകൽ ജൂൺ 21നും. അതിനുശേഷം പകൽ കുറഞ്ഞുവരും. അന്ധകാരം കൂടുതൽ കൂടുതൽ ശക്തിയാർജ്ജിക്കുന്നു. അന്ധകാരത്തോടുള്ള പോരാട്ടത്തിൽ ശക്തി ക്ഷയിച്ച് സൂര്യൻ ഡിസംബർ 21-ാം തിയതി മരിക്കുന്നു; അഥവാ മരണത്തിന്റെ തടവറയിൽ പ്രവേശിക്കുന്നു. എന്നാൽ പ്രകാശത്തെ പിടിച്ചുനിർത്താൻ ഇരുട്ടിന് സാധിക്കുകയില്ല. അടുത്തദിവസം മുതൽ ദിവസത്തിന്റെ ദൈർഘ്യം വർദ്ധിക്കുന്നത് സൂര്യന്റെ മരണത്തിൽനിന്നുള്ള ഉയിർത്തെഴുന്നേല്പ്പായി കരുതപ്പെട്ടു. അങ്ങനെ അജയ്യ സൂര്യന്റെ ഉത്ഥാനം ആഘോഷിച്ചിരുന്ന ദിവസമാണ് ഡിസംബർ 25. തുടർന്ന്

ജനുവരി ഒന്നാം തിയതി പുതുവർഷാഘോഷം. ഇതിനുമുണ്ട് പ്രതീകാത്മകമായ പ്രാധാന്യം.

ജീവിതത്തിൽ പലപ്പോഴും അന്ധകാരം വ്യാപിക്കുക യും മനസ്സിൽ ദുഃഖവും നിരാശയും കടന്നുകൂടുകയും ചെയ്യാം. എന്നാൽ ഭയംവേണ്ടാ, അന്ധകാരശക്തികളുടെമേൽ വിജയം വരിച്ച നീതി സൂര്യനായ ദൈവപുത്രൻ തന്റെ പ്രകാശം നമ്മുടെമേൽ ചൊരിയും. അപ്പോൾ ഹൃദയത്തിൽ പ്രത്യാശയും സന്തോഷവും നിറയും. ഇത് വെറും ഒരു തോന്നലോ ഭീരുവിന്റെ ദിവാസ്വപ്നമോ അല്ല. ദൈവം തന്നെ ഉറപ്പുതന്നിരിക്കുന്ന സത്യമാണ്. ഈ സനാതന സത്യമാണ് വെളിപാടുഗ്രന്ഥകാരൻ ദൈവദത്തമായ ഒരു ദർശനത്തിന്റെ രൂപത്തിൽ അവതരിപ്പിച്ചിരിക്കുന്നത്! ഒരു പുതിയ ആകാശവും പുതിയ ഭൂമിയും ഞാൻ കണ്ടു! അതേ ഞാൻ വേഗം വരുന്നു (വെളി. 22:20) എന്ന യേശുവിന്റെ വാഗ്ദാനത്തോടെ സമാപിക്കുന്ന ബൈബിൾ പ്രത്യാശയും അതിനുള്ള അടിസ്ഥാനവും വെളിപ്പെടു ത്തുന്നു. വെളിപാട് ഗ്രന്ഥകാരനോടൊപ്പം നമുക്കും പറയാം **കർത്താവായ യേശുവേ, വരണമേ** (വെളി.22:20).



ദൈവാനുഗ്രഹത്തിന്റെ വചനസ്പർശം

# വചനോത്സവം

## കുടുംബത്തിന്റെ വചനവിളക്ക്

**ഏഷ്യയിലെ ഏറ്റവും പ്രചാരമുള്ള കത്തോലിക്കാ പ്രസിദ്ധീകരണം.**

**എട്ടു ഭാഷകളിൽ**

**(മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, കന്നട, തെലുങ്ക്, ബംഗാളി, മറാത്തി).**


Vachanolsavam
Potta - 680 722, Chalakudy
Thrissur, Kerala
Ph: 0480 2708314, 9447696622


**വചനോത്സവം ഒരു ശീലമാക്കുക**